KOTTAYAM PUBLIC LIBRARY

Call No ന910 Acc. No 34583

Author പുരുഷൻ

Title ഞാൻ കണ്ട ചൈന.

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

B1b

# ഞാൻ കണ്ട ചൈന

34583

വിവർത്തനം:

പുരുഷനും, ജോസഫും

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ കോട്ടയം

വില 1 ക. 8 ണ.

KOTTAYAM PUBLIC LIBRARY
KOTTAYAM.

M910

ഒന്നാംപതിപ്പ്: കോപ്പി 1000
ഫെബ്രുവരി 1954
പകൎപ്പവകാശം: സാഹിത്യപ്രവൎത്തക
സഹകരണസംഘം ക്ലിപ്തത്തിനു്

LCCPL

അച്ചടി:
ഇൻഡ്യാപ്രസ്സ്, കോട്ടയം

# സമർപ്പണം

ചൈനയിലെ ഞങ്ങളുടെ താമസക്കാലത്തു് എൻെറ കാതും നാക്കുമായിരുന്നു്, എനിക്കുവേണ്ടി വാക്കുകൾ മാത്രമല്ല ജനതയുടെ ജീവൻകൂടി വ്യാഖ്യാനിച്ചുതന്ന, അതിശയകരമാംവണ്ണം ക്ഷമാശീലരും അക്ഷീണരുമായ പെൺകുട്ടികൾ

**മിമിക്കും  മെയ്മിക്കും  മായീക്കും**

# ഉള്ളടക്കം


| | പേജ് |
| --- | --- |
| മുഖവുര | 11 |
| മദർ ചൈന | 17 |
| ദൈവത്തോട് മല്ലടിച്ച മനുഷ്യൻ | 39 |
| എൻെറ എല്ലാമക്കളേയും | 61 |
| ജീവിതം നാല്പത്തിയാറിൽ ആരംഭിക്കുന്നു | 75 |
| കൂടുവിട്ട കൊച്ചുകിളി | 91 |
| രോമക്കുപ്പായത്തിലെ കൃഷകൻ | 100 |
| പൊഴിക്കില്ലിനിക്കണ്ണുനീർഞാനൊരിക്കലും— | 112 |
| ശരീരത്തിൽ ബുള്ളററുമായികഴിയുന്നൊരുമനുഷ്യൻ | 122 |
| "ഞങ്ങളെല്ലാം ഒരുനാൾ പട്ടുടുക്കും!" | 130 |
| ചെകുത്താനെ പിടികൂടിയിരുന്ന ഒരു ബാലൻ | 143 |
| പെട്ടെന്നെടുത്ത ചില പടങ്ങൾ | 148 |

# മുഖവുര

അല്ലെങ്കിൽ മാവോ സേ–തുങ്ങുമായി ഒരു കൂടിക്കാഴ്ച നടത്തുന്നതിനേക്കാൾ മെച്ചപ്പെട്ട എന്തോ ഒന്ന് ഞാൻ എങ്ങനെ നേടിയെന്ന്!

ചൈനയിലെ * അഞ്ചു ജനകീയ സംഘടനകളുടെ ക്ഷണമനുസരിച്ച് ഇൻഡ്യൻ ഗുഡ്‌വിൽ മിഷന്റെകൂടെ ഞാൻ പീക്കിംഗിലേക്ക് തിരിച്ചപ്പോൾ എന്റെ (അപ്രധൃഷ്യമാംവണ്ണം പത്രപ്രവർത്തനപരമായ) മനസ്സിലുണ്ടായ സുപ്രധാന ചിന്ത, ചെയർമാൻ മാവോ സെ–തുങ്ങുമായി എങ്ങനെ ഒരു പ്രത്യേക കൂടിക്കാഴ്ച സാധിക്കും എന്നുള്ളതായിരുന്നു. അങ്ങനെ ഒരു കൂടിക്കാഴ്ചയെങ്ങാൻ ലഭിക്കാതെ വന്നാൽ, ഒരു പത്രലേഖകനും പംക്തികാരനുമെന്നനിലയ്ക്ക്, എന്റെ മുഴുവൻ യാത്രയും ഫലശൂന്യമായിരിക്കുമെന്നും എനിക്കു തോന്നാതിരുന്നില്ല.

ചൈനയിലെ അഞ്ചാഴ്ചക്കാലത്തെ താമസത്തിനിടയ്ക്ക് 'ഗുഡ്'

---

* The All-China Peace Committee, the All-China Federation of Labour, the All-China Democratic Women's Federation, the All-China Federation of Youth and the All-China Federation of Literature and Arts Circles.

വിൽ മിഷനിലെ ഒരംഗമെന്ന നിലയിൽ എനിക്ക് പല അനു കൃത്യങ്ങളുമുണ്ടായിരുന്നു — മാഡം സൺയാറ്റ്-സെന്നിൻെറ വസതിയിൽവച്ച് അവരുമായി ഒരു കൂടിക്കാഴ്ചയും, പ്രധാനമന്ത്രി ചൗ എൻ ലായിയുമൊരുമിച്ച് ഒരു അത്താഴവിരുന്നും പ്രസ് കോൺഫറൻസും ഉൾപ്പെടെ.

ദേശീയദിനത്തിലെ വിരുന്നിനുവേണ്ടി ചെയർമാൻ മാവോ ക്ഷണിച്ച നൂറുക്കണക്കിനു അതിഥികളിൽ കുറേപേർ മാത്രമായിരുന്നു ഞങ്ങൾ. ഞങ്ങളെ ഓരോരുത്തരേയും ചെയർമാൻ മാവോവിന് പരിചയപ്പെടുത്തിക്കൊടുക്കുകയുണ്ടായി. എന്നാൽ പത്രപ്രവർത്തനപരമായ ജിജ്ഞാസ കേവലം ഹസ്തദാനംകൊണ്ടോ,മന്ദസ്മിതംകൊണ്ടോ,അവ എത്രതന്നെ ഹൃദ്യവും അനവദ്യവുമായിരുന്നാൽ തന്നെയും, തൃപ്തിപ്പെടുന്ന ഒന്നല്ലല്ലോ. തന്നെയുമല്ല ആയിരക്കണക്കിന് മററുള്ളവരുമായി പങ്കുചേർന്നുകൊണ്ടുള്ള ഒരാനുകൂല്യം ലോകം കുലുക്കുന്നൊരു 'വാർത്ത-പിടിയ'ന് എന്തെങ്കിലും കാര്യമായി നൽകുമെന്ന് വിചാരിക്കാൻ പാടില്ല. തന്നിമിത്തം കൂടിക്കാഴ്ചയ്ക്കുവേണ്ടി എൻെറ അഭ്യർത്ഥന ഞാൻ തുടർന്നുകൊണ്ടുതന്നെയിരുന്നു. എന്നാൽ തുടർന്നുണ്ടായപരാജയ മനോഭാവം ഹേതുവായി, ഓരോരുത്തർക്കും "പ്രത്യേകം പ്രത്യേകം" കൂടിക്കാഴ്ച അനുവദിക്കുകയെന്നതു് അപ്രായോഗികം മാത്രമല്ല, അർത്ഥരഹിതവുംകൂടിയാണെന്നിരിക്കെ,ചെയർമാൻ മാവോവിന്എനിക്കുമാത്രമായി ഒരു കൂടിക്കാഴ്ച അനുവദിക്കാനും പീക്കിംഗിലെ ദേശീയ ദിനാഘോഷങ്ങളിൽ പങ്കുകൊള്ളാൻ എത്തിയിരിക്കുന്ന ഡസൻകണക്കിനുള്ള മററു പത്ര പ്രവർത്തകർക്കും ലേഖകർക്കും— അങ്ങനെ ഒരാനുകൂല്യത്തിനുവേണ്ടി അവരും ഒട്ടുംതന്നെ കുറവല്ലാത്തൊരു ഉൽക്കണ്ഠയോടുകൂടിയിരിക്കയാണു് —അതു് നിഷേധിക്കുവാനും നിവൃത്തിയില്ലെന്നുള്ള തികച്ചും ന്യായമായ വിശദീകരണം കിട്ടിയിട്ടും എനിക്ക്സംതൃപ്തിയുണ്ടായില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഞങ്ങളുടെ മേൽ തോരാതെ കോരിച്ചൊരിഞ്ഞ എല്ലാ ആ

തിഥ്യ മര്യാദകൾക്കുപോലും ഏകാന്തമായൊരു കൂടിക്കാഴ്ചയ്ക്കു പ്
ററിയ നഷ്ടപരിഹാരം നൽകാൻ കഴിഞ്ഞില്ല.

പിന്നെയാണു് ചെയർമാൻ മാവോയുടെ വിരുന്നിൽവച്ചു്
ചാങ്ങ് മാമ ("മദർ ചൈന")യെ ഞാൻ കണ്ടതു്. അവിടെവ
ച്ചുതന്നെ മററുള്ള തൊഴിലാളിവീരന്മാരെയും ഗറില്ലാപോരാളിക
ളേയും കുറിച്ചു് അറിയാനുമിടയായി. ഇവിടെ എന്നിലുള്ള പത്ര
പ്രവൎത്തകൻെറ ഷഷ്ഠേന്ദ്രിയം നിർദ്ദേശിച്ച ഒരു പ്രത്യേക കഥ
യുണ്ടു്. തീരെ ചുരുക്കം പത്രലേഖകന്മാർ മാത്രം മെനക്കെടാറു
ള്ളൊരു 'വാൎത്തപിടുത്ത'ത്തിൻെറ കഥ. അതനുസരിച്ചു് ഞാൻ
ഹോട്ടൽമുറികളിലും ഫാക്ടറികളിലുംവയലുകളിലും,പിക്കിംഗിലും
മുക്ഡനിലുംടിൻഷിനിലും ഷാങ്കായിലുംവച്ചു്,തികച്ചും വ്യത്യ
സ്ഥരായഒരുകൂട്ടം വീരപുരുഷന്മാരും വനിതകളുമായികൂടിക്കാഴ്ചന
ടത്തി—അസാധാരണമായൊരു ഉയൎത്തെഴുന്നേല്പുണ്ടായ "മദർ
ചൈന" ചാങ്ങ്സുലീൻ,ദൈവത്തോടു മല്ലടിച്ച മനുഷ്യൻ ഹോ
ചിൻസാൻ, ജനതയുടെ മോചനത്തിനുവേണ്ടി തൻെറഎല്ലാ മ
ക്കളെയും ബലി അൎപ്പിച്ച മാതാവു് ചൗ ഫെങ്ങ്,ഉപഭ്രഷ്ട പ്രവ
ണതമൂലം സിഗററുനിൎമ്മാണത്തിൽ വിപ്ലവം സൃഷ്ടിച്ച ബാലി
ക ചാങ്ങ് ഷു അങ്ങനെ ഓരോരുത്തരുമായി പുതിയ ചൈനയുടെ
പ്രാതിനിധ്യമുള്ളൊരു നേർഖണ്ഡം (Cross-Section)ഇവിടെ
യായിരുന്നു—പുനർജ്ജാതമായ പീപ്പിൾസ് റിപ്പബ്ലിക്കിൻെറ
മാംസവും അസ്ഥിയും പേശിയും. മാവോയുടെ തത്വസംഹിത
യിൽനിന്നു് പ്രചോദനം നേടി, കമ്മ്യൂണിസ്റ്റുപാർട്ടിയുടേയും
ച്യൂട്ടേയുടെ പേർ പെററ ചെമ്പടയുടേയും അച്ചടക്കം പരിശീ
ലിച്ചു്, ചിയാങ്ങ് കൈഷക്കിൻെറ അതിരുകടന്ന നാടുവാഴി
ത്ത പിന്തിരിപ്പൻനയത്തിനു മീതേ വിജയംവരിച്ച സ്ത്രീകളും പു
രുഷന്മാരും അതേ ഉശിരോടുകൂടിത്തന്നെ ഇപ്പോൾ വയലുകളി
ലും ഫാക്ടറികളിലും വൎക്ക്ഷാപ്പുകളിലും ഉല്പാദനവർദ്ധനവിനു
വേണ്ടി സമരം ചെയ്യുകയായിരുന്നു. ഇവരിൽ ഓരോരുത്തരും
നൂററിക്കണക്കിനുള്ള മററുള്ളവരോടൊപ്പം വീരപുരുഷൻ(അല്ലെ

ങ്കിൽ വീരവനിത) എന്നുള്ള അസൂയാർഹമായ പദവി നേടിക്കഴിഞ്ഞിട്ടുണ്ട്. ഓരോരുത്തരും പ്രാദേശികവും ദേശീയവുമായ പത്രങ്ങളുടെ മുൻപേജുകളിൽ (എനിക്കറിയാൻ കഴിഞ്ഞിടത്തോളം സംഹാരപരം എന്നതിനേക്കാൾ സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്ക്—കൊലപാതകങ്ങൾക്കും ആത്മഹത്യകൾക്കും കലാപങ്ങൾക്കുമല്ലാതെ എഞ്ചിനീയറിംഗ് സംബന്ധിച്ച കണ്ടുപിടുത്തങ്ങൾക്കും കാഷികറിക്കാർട്ടുകൾക്കും— കൂടുതൽ പ്രാധാന്യം നൽകി പ്രസിദ്ധീകരിക്കുന്ന പത്രങ്ങൾ ചൈനയിൽ മാത്രമാണുള്ളത്) വലിയ തലക്കെട്ടിൽ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. എന്നാൽ ഇന്നും അവരുടെ പേരുകൾ വെളിയിലുള്ളവർക്ക് അജ്ഞാതമാണ്. അവർ ച്യൂട്ടേമാരോ ചൗ എൻ ലായിമാരോ സുങ്ചിങ് ലിങ്ങുമാരോ അല്ല. അവർ മാവോ സേ-തുങ്ങുമാരുമല്ല. എന്നാൽ മാവോ സേതുങ്ങിന്റെ പ്രതിച്ഛായയിൽ വാർത്തെടുക്കപ്പെട്ടവരാണ്; നാടിന്റെ ഭാവിയിലുള്ള ഒരേ വിശ്വാസത്താൽ തീ പിടിപ്പിക്കപ്പെട്ടവരാണ്; പവിത്രമാക്കപ്പെട്ട കഷ്ടപ്പാടിന്റേയും ത്യാഗത്തിന്റേയും ഒരേ തീച്ചൂളയിൽ ഉരുക്കിയെടുക്കപ്പെട്ടവരാണ്. ലോകർ, പുതിയ ചൈനയുടെ മിത്രങ്ങളും ശത്രുക്കളും, അവരേ അറിഞ്ഞേ തീരൂ. കാരണം, അവർ അവരുടെ നേതാക്കന്മാരേക്കാൾ കൂടുതലായി പുരാതന ചൈനയുടെ ചലനാത്മകമായ പുനർജ്ജന്മത്തിന്റെ പ്രതിഭാസത്തെ പ്രതിനിധീകരിക്കുന്നുണ്ട്. ക്രമിന്താങ്ങ് സൈന്യങ്ങളെക്കൊണ്ട്, ചൈനാവൻകരയെ ആക്രമിക്കാൻ പ്ലാനിടുകയോ, നാശത്തിനുവേണ്ടി സഹായിക്കുകയോ അല്ലെങ്കിൽ സഹായിക്കാൻ ആഗ്രഹിക്കുകയോ ചെയ്യുന്ന ചൈനീസ് പീപ്പിൾസ് റിപ്പബ്ലിക്കിന്റെ എല്ലാ ശത്രുക്കളും, ചിയാങ്ങ് കൈഷക്കിന്റെ സഖ്യകക്ഷികളും രക്ഷാധികാരികളും, ഐസൻഹോവർമാരും ഡള്ളീസുമാരും, മക്കാർതൻമാരും മക്കാർത്തിമാരും, ചിയാങ്ങിന്റെ കൊലയാളിപ്രവരർ 'കൊന്നിട്ടും' ജീവിതത്തിലേക്കു മടങ്ങിവന്ന ചാങ്മാമ, ശരീരത്തിൽ ബുള്ളറ്റുമായി കഴിയുകയും പണിയെടുക്കുകയും (വേണമെങ്കിൽ പടവെട്ടാനും തയ്യാർ) ചെ

യ്യുന്ന ഫാങ്ഷ യോട്ട തുടങ്ങിയ പാത്രങ്ങളുമായി പരിചയപ്പെട്ടിരിക്കുന്നതു നല്ലതാണു്. അക്രമികളാകാൻ ആഗ്രഹിക്കുന്നവർ തങ്ങൾക്കു ഏററുമുട്ടേണ്ട പ്രതിരോധത്തിൻെറ സാമ്പിളുകൂടി അറിഞ്ഞിരിക്കുന്നതു് നന്നായിരിക്കും.

എന്നെ സംബന്ധിച്ചിടത്തോളം, പുതിയ ചൈനയിലെ ഈ വീരപുരുഷന്മാരും വീരവനിതകളുമായി കണ്ടുമുട്ടിക്കഴിഞ്ഞതപ്പോഴേക്കും, മാവോ സെ–തുങ്ങുമായി കൂടിക്കാഴ്ച ലഭിക്കാത്തതിലുണ്ടായ ആദ്യത്തെ വല്ലായ്മ പൊയ്പ്പോഴിഞ്ഞിരുന്നു. മഹാനായ മാവോയ്ക്കു് അദ്ദേഹം അർഹിക്കുന്ന വണക്കം നൽകിക്കൊണ്ടുതന്നെ, ഞാൻ തുറന്നുപറയട്ടേ, പിന്നീടു് അദ്ദേഹവുമായി ഒരു കൂടിക്കാഴ്ച നടത്തേണ്ട അത്യാവശ്യം എനിക്കുണ്ടായില്ലെന്നു്. ഒരുവിധത്തിൽ പറഞ്ഞാൽ ഞാൻ ഈ എല്ലാവരിലും കൂടി, മാവോയുമായി ഒരു കൂടിക്കാഴ്ചനടത്തിയതുപോലെയായിരുന്നു. അല്ലെങ്കിൽ ഒന്നു മാററിപ്പറഞ്ഞാൽ, കലാകാരനെ കണ്ടുമുട്ടുകയെന്നതു് തീർച്ചയായും രസകരമായിരുന്നേനെ; എന്നാൽ അദ്ദേഹത്തിൻെറ മികച്ച കൃതികളെ നിരീക്ഷണം ചെയ്തു് പഠിക്കുകയെന്നതു് അതിനേക്കാൾ പ്രധാനമായിരുന്നു.

കെ. എ. എ.



# മദർ ചൈന

**അനേക**വർഷത്തെ ആയാസത്തിന്റെയും കഷ്ടപ്പാടുകളുടെയും ചിത്രമെന്നോണം ചുളിവുകൾ വീണ മുഖം. കടുത്ത വേനൽക്കാലത്ത് വരണ്ടുകിടക്കുന്ന ഭൂമിപോലെ അതു് ഉണങ്ങിശുഷ്കിച്ചിരിക്കുന്നു. കുഴിഞ്ഞു പീളയടിഞ്ഞു് മങ്ങൽവന്ന കണ്ണുകൾ. തെറുത്ത് ഒരു നൂൽത്തൊപ്പിയിലൊതുക്കിയിരിക്കുന്ന തലമുടി. പഞ്ഞിനൂൽക്കോട്ടിൽ പൊതിഞ്ഞ ശരീരം. ഒരു കുഞ്ഞിന്റേതിനേക്കാൾ കുറുതായ തടിച്ച പാദങ്ങൾ. ആ പാദങ്ങളിൽ അവരങ്ങനെ തേങ്ങിത്തേങ്ങി നടക്കുകയാണു്. കുറിയ പാദങ്ങൾ. അവ കാണുമ്പോൾ ആ പഴയ കാലങ്ങൾ ഓർത്തുപോകും. സാമൂഹ്യവും മാനസികവുമായ അടിമത്തത്തിന്റെ ചിഹ്നങ്ങൾ.

ഇതാണു് ചാങ്ങ്സുചീന്റെ ചിത്രം. അറുപത്തിമൂന്നു വർഷങ്ങൾക്കുമുമ്പു് ഒരു കർഷകപ്പെൺകിടാവായി അവൾ ജനിച്ചു. കൃഷിഭൂമിയില്ലാത്ത ഒരു കർഷകന്റെ മകൾ. ആറാമത്തെ വയസ്സിലാണു് ആ പാദങ്ങൾ കുറുതാക്കപ്പെട്ടതു്. ഒൻപതാമത്തെ വയസ്സിൽ ഒരു സാധുകൃഷിക്കാരനുമായി അവളുടെ വിവാഹം നടന്നു. ഇരുപത്തിയഞ്ചു തികയുന്നതിനുമുമ്പു് അവൾക്കു് അരഡസനോളം കുട്ടികളുണ്ടായി. നാല്പതിലേക്കു കാലുകുത്തുന്നതിനുമുമ്പു് അവൾ ഒരു വിധവയുമായി.

അവൾക്ക് പല്ലുകളില്ല. ജാപ്പാൻകാർ ബയണാറിന്റെ ബട്ടുകൊണ്ട് മിക്ക പല്ലുകളും തല്ലിക്കളഞ്ഞിരുന്നു. ശേഷിച്ചവ ക്രമിന്താങ്ങ് രഹസ്യപ്പോലീസ്സിന്റെ മർദ്ദനമുറിയിൽവച്ച് തകർന്നു താഴെ വീണു. എങ്കിലും ഇന്നും അവർ സ്പഷ്ടമായി സംസാരിക്കുന്നു. അല്പം പൊക്കംകുറഞ്ഞു് മെലിഞ്ഞ ഒരു ശരീരപ്രകൃതിയാണവൾക്ക്. ആ നട്ടെല്ല് ഇന്നും വളഞ്ഞിട്ടില്ല. കുറിയ പാദങ്ങളിൽ ഇടറാതെതന്നെയാണവർ ഇന്നും നടക്കുന്നതു്. സംഭാഷണവേളയിൽ അവരുടെ കുറിയ കരങ്ങൾ ധാരാളം ആംഗ്യംകാണിക്കും. ഒരു കൃഷിക്കാരിയുടെ മെലിഞ്ഞ കയ്യുകളാണവ. കലപ്പയും, മൺവെട്ടിയും, കുന്താലിയും, ഗറില്ലാതോക്കും ചുമന്ന കൈകൾ!

ഇതാണ് ചാങ്ങ്-സൂ-ലീൻ. അവരുടെ നാമം ആ നാട്ടിൽ ഒരു പുരാണംതന്നെയാണ്. അമ്മമാർ, അവരുടെ കഥകളെക്കുറിച്ച് താരാട്ടുപാടി തങ്ങളുടെ കുഞ്ഞുങ്ങളെ ഉറക്കാറുണ്ട്. വിദ്യാർത്ഥികളുടെ പാഠപുസ്തകങ്ങളിൽ അവരുടെ വിപ്ലവാത്മകമായ ജീവിതത്തിന്റെ കഥകളുണ്ട്. വിമോചനസമരത്തിന്റെ അനിഷേദ്ധ്യനേതാക്കൾ ആദരസമന്വിതമാണ് അവരുടെ മുമ്പിൽ പെരുമാറുന്നതു്. തന്നെ സന്ദർശിക്കുവാൻ അവർ വരുമ്പോൾ മാവോ-സെ-തുങ്ങുപോലും എണീററുനിന്ന് അവരെ ബഹുമാനിക്കാറുണ്ട്!

അവരുടെ വിപ്ലവകരമായ ജീവിതത്തിന്റെ കഥകൾ എനിക്കറിഞ്ഞാൽകൊള്ളാമെന്നു ഞാനവരെ ഒരു ദ്വിഭാഷിമുഖാന്തിരം ധരിപ്പിച്ചു. "കുഞ്ഞേ, നിന്നോടു ഞാനെല്ലാം പറയാം." ആവേശത്തോടെ അവർ മറുപടിപറഞ്ഞു. "എന്റെകാര്യം പോകട്ടെ. കമ്മ്യൂണിസ്റ്റുപാർട്ടിയുടെ വിപ്ലവംമൂലം ജീവിതത്തിൽ പല പരിവർത്തനങ്ങളും വന്ന ആയിരക്കണക്കിനാളുകളുണ്ട്. അവരെ നിങ്ങൾ മറക്കാതിരിക്കുക."

ഒെർ-ലിഗ്രാമത്തിൽ അറുപത്തിമൂന്നുവർഷങ്ങൾക്കുമുമ്പ്

ഒരു കൃഷിക്കാരൻെറ മകളായാണു് ചാങ്ങ് സൂ ലീൻ ജനിച്ചതു്. അൻഹ്വെവെ പ്രോവിൻസിലുള്ള ചീൻകൗണ്ടിയിലാണു് സെർലിഗ്രാമം. അവരം കേവലം ഒരു ബാലികയായിരുന്നകാലത്തു തന്നെ പിതാവു് മൺമറഞ്ഞു. വിറകുവെട്ടി ചന്തയിൽകൊണ്ടു പോയി വിററാണു് അമ്മ അവളെയും കുടുംബത്തെയും പുലത്തിയതു്. ആറാമത്തെ വയസ്സിൽ അവളുടെ പാദങ്ങൾ കുറുതാക്കപ്പെട്ടു. പാദങ്ങളിലേക്ക ചൂണ്ടിക്കാണിച്ചുകൊണ്ടവർ പറഞ്ഞു. "നോക്കു! ഇന്നും അവയ്ക്കു് ആ കുട്ടിക്കാലത്തുണ്ടായിരുന്ന വലിപ്പമേയുള്ളു. ആദ്യകാലത്തു നടക്കുമ്പോൾ എന്തൊരു വേദനയായിരുന്നുവെന്നോ."

എന്തിനാണു് പാദങ്ങളിങ്ങനെ കുറുതാക്കിയതെന്നു് ഞാനവരോടു ചോദിച്ചു. "ഓ. എല്ലാവരും അവരുടെ പുത്രിമാരുടെ പാദങ്ങൾ കുറുതാക്കാറുണ്ടു്. പഴയകാലങ്ങളിൽ അതൊരു പതിവായിരുന്നു." എൻെറ ചോദ്യം വീണ്ടും ആവത്തിച്ചതുകൊണ്ടോ എന്തോ അവരുടെ ലോലാധരങ്ങളിൽ ഒരു പുഞ്ചിരിവിടന്നു. "പെൺകുട്ടികൾ ഓടിപ്പോകാതിരിക്കുവാനാണു് പാദങ്ങൾ കുറുതാക്കുന്നതെന്നെനിക്കു തോന്നുന്നു. പക്ഷെ, അവർ പറയുന്നതു് കുറിയ പാദങ്ങൾ കൂടുതൽ സുന്ദരങ്ങളാണെന്നാണു്."

"കേവലം ഒമ്പതുവയസ്സുള്ള ഒരു പിഞ്ചുബാലികയായിരുന്ന കാലത്താണു് ചാങ്ങ് എന്ന സാധുകൃഷിക്കാരനുമായി അവളുടെ വിവാഹം നടന്നതു്. അങ്ങനെ അമ്മ എന്നെ പുറത്തുകടത്തി. വളൎന്നുവരുന്ന ഒരു മകളെ തീററിപ്പുലത്തുന്നതിനുള്ള ശക്തി അമ്മക്കില്ലായിരുന്നു." ആ ചുണ്ടുകളിൽ വീണ്ടും ഒരു പുഞ്ചിരി വിടന്നു. "എനിക്കു തോന്നുന്നു. കുട്ടിക്കാലത്തു് ധാരാളം ആഹാരം വേണ്ട ഒരു പെണ്ണായിരുന്നു ഞാനെന്നു്."

ചാങ്ങ്മായുള്ള ജീവിതത്തെക്കുറിച്ചവർ സംസാരിച്ചു. കഷ്ടതകൾതിങ്ങിനിന്നിരുന്ന ഒരു ദരിദ്രജീവിതമായിരുന്നു അതു്. ജന്മിയിൽനിന്നും നിലം പാട്ടത്തിനെടുത്താണവർ കൃഷിചെയ്തി

രുന്നതു്. കഴുതകളെ വാങ്ങുവാൻ വേണ്ട പണമില്ലാതിരുന്നതു കൊണ്ടു് അവർ രണ്ടുപേരുംകൂടി നുകം പേറിയാണു് കലപ്പവലി ച്ചിരുന്നതു്. പരിശ്രമശീലനായ ചാങ്ങിനു് കൃഷിക്കുപുറമെ പ ന്നിവളർത്തലും പട്ടുനൂൽപ്പുഴു വളർത്തലുമുണ്ടായിരുന്നു. എന്നിട്ടും അവർക്കും അവരുടെ പന്നികൾക്കും ജീവിക്കുവാൻ മാത്രം ആഹാ രം സമ്പാദിക്കുവാൻ കഴിഞ്ഞിരുന്നില്ല. വിളയുന്ന ധാന്യം മുഴു വനും പാട്ടമായും പലവിധത്തിലുള്ള കരമായും പിരിച്ചെടുക്കുക ജന്മിയുടെയും സർക്കാരിൻെറയും പതിവായിരുന്നു. "അതിനുമി തിനുമൊക്കെ കരംചുമത്തിയിരുന്നതുകൊണ്ടു് എത്രതരം കരമു് ണ്ടെന്നുകൂടി അറിഞ്ഞുകൂടായിരുന്നു. കരങ്ങൾ കൊടുത്തുകഴി ഞ്ഞാൽ മിച്ചം ഒന്നുംതന്നെ കാണുകയില്ല. അതുകൊണ്ടു് ദിവ സത്തിലൊരുപ്രാവശ്യം മാത്രം ആഹാരംകഴിച്ചാണു് ഞങ്ങൾ ജീ വിച്ചിരുന്നതു്. അതും മില്ലറ്റും ഗ്രൂവലും മാത്രം. പൊട്ടക്കുള ങ്ങളിൽനിന്നും കണ്ട സസ്യങ്ങളൊക്കെശേഖരിച്ചാണു് ഞങ്ങൾ ഞങ്ങളുടെ പന്നികളെ തീററിയിരുന്നതു്."

തൻെറ ജീവിതത്തേക്കാൾ ഒട്ടുംതന്നെ ഭേദമായിരുന്നില്ല, മററുകൃഷിക്കാരുടെ ജീവിതവും എന്നവർ പറഞ്ഞു. "അധിക മൊന്നും പറയുവാനില്ല കുഞ്ഞേ, അത്രക്കു് കുറച്ചുമാത്രമേ ഞങ്ങളു ടെ ജീവിതത്തിൽ സംഭവിച്ചിട്ടുള്ളു. നിലവും വിത്തുവാങ്ങുവാ നുള്ള പണവും ഞങ്ങൾ ജന്മിയിൽനിന്നു വാങ്ങിയിരുന്നു. നി ലമുഴുതു് വിത്തുവിതറി കൊയ്യുക ഞങ്ങളാണു്." കയ്യുകൊണ്ടു് അംഗ്യങ്ങൾ കാണിച്ചുകൊണ്ടവർ തുടന്നു. "വരൾച്ചയുള്ള പ്പോൾ മഴയ്ക്കുവേണ്ടി ഞങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കുക പതി വായിരുന്നു. ധാന്യങ്ങൾ കൊയ്തെടുക്കുന്നതു ഞങ്ങളാണെന്നു് പറഞ്ഞുവല്ലോ. പക്ഷേ കൊണ്ടുപോകുന്നതു് ജന്മിയും സർക്കാരു ദ്യോഗസ്ഥന്മാരുമാണു്. വിളവെടുപ്പു് മോശമായിരുന്ന കാലങ്ങ ളിൽ ജന്മിയുടെ പാട്ടംകൊടുക്കുന്നതിനുവേണ്ടി ഞങ്ങളുടെ പന്നി കളെപ്പോലും വില്ക്കേണ്ടിവന്നിട്ടുണ്ടു്. ചിലപ്പോൾ വിത്തു് കടം

വാങ്ങേണ്ടിവന്നിരുന്നു. അങ്ങനെ കടം വാങ്ങിച്ചും വിതച്ചും കൊല്ലങ്ങൾ കടന്നുപോയി. കാളത്തേക്ക് വലിക്കുന്ന കാളകളെപ്പോലെയായിരുന്നു ഞങ്ങൾ. വെള്ളം മുഴുവനും വലിച്ചുകയററുന്നതു് ആ കാളകളാണു്. പക്ഷെ, അവക്ക് ഒരു തുള്ളിയും കിട്ടുന്നില്ല. അതായിരുന്നു, കുഞ്ഞെ ജീവിതം. ഓരോവർഷവും കഴിഞ്ഞ വർഷത്തെപ്പോലെതന്നെ."

"ഞങ്ങൾക്കു കുട്ടികളുണ്ടായിരുന്നു," എൻെറ ചോദ്യത്തിനുത്തരമായി അവർ പറഞ്ഞു. "ധാരാളം കുട്ടികൾ. അവർ ജനിച്ചതോടെ ഞങ്ങളുടെ പ്രശ്നങ്ങൾ വർദ്ധിച്ചുവന്നു. കുട്ടികൾ വളന്നുവന്നാൽ വയലുകളിൽ വേലചെയ്തു് അവക്ക് മാതാപിതാക്കളെ സഹായിക്കാം. പുത്രന്മാരും അവരുടെ ഭാര്യമാരും കുട്ടികളുമായി ധാരാളം അംഗങ്ങളുള്ള ഒരു വീടായിരുന്നു ഞങ്ങളുടേതു്. ഭത്താവുമരിച്ചപ്പോൾ അവരുടെ സംരക്ഷണം എൻെറ ഭാരമായിത്തീന്നു. എനിക്കതൊരു വലിയ ഉത്തരവാദിത്വമായിതോന്നിയിരുന്നു."

"അങ്ങനെയിരിക്കുമ്പോളാണു് നാലാംപട ഞങ്ങളുടെ ഗ്രാമത്തിലേക്കു വന്നതു്. അതോടുകൂടി ഗ്രാമത്തിൽ ഒരു വലിയ വിപ്ലവം തന്നെയുണ്ടായി." ഇതു പറയുമ്പോൾ ഒരു പുതിയവെളിച്ചം അവരുടെ കുഴിഞ്ഞ കണ്ണുകളിൽ പ്രകാശിക്കുന്നുണ്ടായിരുന്നു. ആവേശത്തള്ളൽകൊണ്ടു് അവരുടെ സ്വരം പതറിയിരുന്നു.

മലവെള്ളപ്പാച്ചിൽ പോലെയായിരുന്നു അവരുടെ സംസാരം. ആ പ്രവാഹത്തെ തടഞ്ഞുകൊണ്ടാണെൻെറ ചോദ്യം. ചെമ്പടയെക്കുറിച്ചു് അവർ എന്നു മുതലാണു് കേട്ടുതുടങ്ങിയതെന്നായിരുന്നു എൻെറ ചോദ്യം. ആ ഗ്രാമത്തിലേക്കു അവർ വരുന്നതുവരെ ചാങ്ങ് സൂ ലീനു് കമ്മ്യൂണിസ്ററുകാരെപ്പററി ഒന്നുംതന്നെ അറിഞ്ഞുകൂടായിരുന്നു. പാട്ടം കുറയ്ക്കലിനും പലിശ കുറയ്ക്കലിനുംവേണ്ടി ശബ്ദമുയത്തിക്കൊണ്ടിരുന്ന ഒരു പുതിയതരം പട്ടാളം. നാലാം പടയെക്കുറിച്ചു് ഷ്യൂ ച് വാനിൽനിന്നും ആ ഗ്രാമ

ത്തിൽക്കൂടി കടന്നുപോയ പച്ചരും പറയുന്നതു് അവർ കേട്ടിട്ടുണ്ടു്. "കുഞ്ഞേ, ആദ്യമായി കേട്ടപ്പോൾ ഞാനതു വിശ്വസിച്ചില്ല. ഈ ഗ്രാമത്തിലുള്ള ആരുംതന്നെ അതു വിശ്വസിച്ചില്ല. ജന്മിമാൎക്കെതിരായി പാവപ്പെട്ട കൃഷിക്കാരുടെ ഭാഗത്തുചേരുവാൻ പട്ടാളക്കാൎക്കു കഴിയുമോ? ഞങ്ങൾ സംശയിച്ചു. പക്ഷെ, നാലാം പട വന്നപ്പോൾ അസംഭവ്യമെന്നു കരുതിയിരുന്ന അതു് സംഭവിക്കുകയാണുണ്ടായതു്. പാട്ടം വെട്ടിക്കുറക്കപ്പെട്ടു. ഞങ്ങളിൽ ഭരിദ്രരായിരുന്നവരാരുംതന്നെ പാട്ടം കൊടുത്തിരുന്നില്ല. പട്ടാളക്കാർ ഞങ്ങളുടെ സഹായത്തിനുണ്ടായിരുന്നതുകൊണ്ടു് ജന്മിമാർ ഞങ്ങളോടു കയൎക്കാതെ ശ്വാസമടക്കി കഴിച്ചുകൂട്ടി.

ഇതാണു ചെമ്പടയെക്കുറിച്ചു് മുഖവുരയായി അവർ പറഞ്ഞതു്. ഈ പരിവൎത്തനങ്ങൾ അവരുടെ 'ഉൾക്കണ്ണു്' തുറന്നു. അതോടെ നാലാംപടയുടെ കൊടിക്കീഴിൽനിന്നു് ജാപ്പാൻകാരെ എതിൎത്തു തുരത്തുന്നതിനു് കൃഷിക്കാരെ സംഘടിപ്പിക്കുന്നതിൽ അവർ വ്യാപൃതയായി. മക്കളെയും, മക്കളുടെ മക്കളെയും സഹോദരിയെയും, സഹോദരി ഭൎത്താവിനെയും അവർ അവരോടൊപ്പം സമരമുഖത്തേക്കു കൊണ്ടുവന്നു. ജാപ്പ് പ്രതിരോധത്തിനുവേണ്ടി അവർ ഒരു കുടുംബത്തെതന്നെ മുന്നണിയിലേക്കു കൊണ്ടുവന്നു. അതു പറയുവാൻ വിനയം അനുവദിച്ചിരുന്നില്ലെങ്കിലും—അവർ ഒരു നല്ല സംഘാടകയും വിപ്ലവകാരിയുമായി വളൎന്നു. കാലക്രമേണ പ്രതിരോധവകുപ്പിലെ വനിതാവിഭാഗത്തിന്റെ ആദ്ധ്യക്ഷയായി അവർ തിരഞ്ഞെടുക്കപ്പെട്ടു.

"നിങ്ങളുടെ സംഘടനയുടെ പ്രധാന പ്രവൎത്തനമെന്തായിരുന്നു?" ഞാൻ ചോദിച്ചു.

"ജാപ്പാനെതിരായുള്ള പ്രതിരോധത്തിനുവേണ്ടി, ബഹുജനങ്ങളെ അണിനിരത്തുകയും, മുറിവേററ പട്ടാളക്കാരെ ശുശ്രൂഷിക്കുകയും."

ആയിരത്തിത്തൊള്ളായിരത്തിമുപ്പത്തിഒമ്പതിൽ ആ ഗ്രാമ

ത്തിൽ താവളമുറപ്പിച്ചിരുന്ന പുതിയ നാലാംപടയുടെ ഒരു വിഭാഗത്തെ 1500 ഓളം വരുന്ന ഒരു ജാപ്പ് പട്ടാളസംഘം കടന്നാക്രമിക്കുകയുണ്ടായി. കൃഷിക്കാർ കുന്തം, കൈക്കോടാലി, നാടൻ തോക്ക് തുടങ്ങിയ ആയുധങ്ങൾകൊണ്ട് ജാപ്പ് പട്ടാളസംഘത്തെ ധീരമായി എതിർത്തു. ചാൻ-സൂ-ലീൻെറ നേതൃത്വത്തിലുള്ള വനിതാവിഭാഗംപോലും ആ സമരത്തിൽ സജീവമായി പങ്കെടുക്കുകയുണ്ടായി. അവർ കല്ലുകൾ വാരി ജാപ്പ്പട്ടാളത്തിനെതിരെ വർഷിച്ചു.

ജാപ്പാൻകാരെ അവിടെനിന്നും തുരത്തിയതിനുശേഷമാണു "1941-ലെ സൗത്ത് ആൻഹ്വൈ സംഭവം" എന്നറിയപ്പെട്ടുന്ന ആ കപടനാടകം നടന്നത്. ഒരു കനത്ത ദേശീയവഞ്ചനയായിരുന്നു ആ സംഭവം. പൊതുശത്രുവായ ജാപ്പാനെ ഒന്നിച്ചു നേരിടുന്നതിനുവേണ്ടി കമ്മ്യൂണിസ്റ്റുകാരും ക്രമിന്താങ്ങും തമ്മിൽ ചെയ്തിരുന്ന സഖ്യത്തെ നിർലജ്ജംലംഘിച്ചുകൊണ്ട് ക്രമിന്താങ്ങ് നാലാംപടയെ പെട്ടെന്നാക്രമിക്കുവാൻ തുടങ്ങി. പുതിയ നാലാംപടയ്ക്കു ജനങ്ങളുടെ വിശ്വാസം നേടുവാനും, പിന്തുണ സമ്പാദിക്കുവാനും കഴിഞ്ഞിരുന്നു. പക്ഷെ, ക്രമിന്താങ്ങിൻെറ മിന്നലാക്രമണവും സംഖ്യാബലവും നിമിത്തം ചെമ്പടയ്ക്കു പർവ്വതനിരകളിലേക്കു പലായനം ചെയ്യേണ്ടിവന്നു. തൻെറ ജീവൻതന്നെ അർപ്പിക്കുവാൻ തക്ക സന്നദ്ധതയോടെ ചാങ്ങ് സൂ ലീൻ നാലാംപടയിൽ ചേർന്നു. മഞ്ഞുരുകി കിടന്നിരുന്ന ആ പർവ്വതനിരകളിലേക്കു ഓടി രക്ഷപ്പെടുക ക്ഷിപ്രസാദ്ധ്യമായിരുന്നില്ല. കുറിയ പാദങ്ങളിൽ അവർ തേങ്ങിത്തേങ്ങി നടക്കുന്നതു കണ്ടിട്ടു പട്ടാളത്തലവന്മാർ അവരെ ഉപദേശിക്കുകയുണ്ടായി, ശ്രമാവഹമായ ഈ സംരംഭത്തിനു അവരുടെ വാർദ്ധക്യം അനുയോജ്യമല്ലെന്ന്. വിപ്ലവത്തിനുവേണ്ടിയുള്ള സേവനത്തിൽ വാർദ്ധക്യമെന്നോ യുവത്വമെന്നോ ഉള്ള വ്യത്യാസം ഇല്ല എന്നായിരുന്നു അവരുടെ ധീരമായ മറുപടി. "ചെമ്പടയാണെൻെറ

മാതാവും പിതാവും. അതെവിടെ പോകുന്നുവോ അവിടെ ഞാനും പോകും." ശത്രുക്കളുടെ പിടിയില്ലാത്ത പ്രദേശങ്ങളിലെ ബഹുജനങ്ങളെ സംഘടിപ്പിക്കുവാനാണു് പിന്നീടവരോടു കമാൻററന്മാർ 'ഉത്തര'വിട്ടതു്.

"എൻെറ കുടുംബത്തിൻെറ സുരക്ഷിതത്വത്തെപ്പററി ഓർത്തപ്പോൾ വല്ലാത്ത ഒരു വേദന തോന്നിയെങ്കിലും, പട്ടാളത്തിലായിരുന്നതുകൊണ്ടു് ഞാനവരുടെ ഉത്തരവുകൾ അനുസരിക്കുവാൻ നിർബന്ധിതയായിരുന്നു." അവർ തുടൎന്നു. "ആ ജാപ്പു് പ്രതിരോധത്തിൽ പരാജയമടഞ്ഞു് പൎവ്വതനിരകളിലേക്കു അഭയമന്വേഷിച്ചു് ഓടിയ കാലത്താണു് എൻെറ മകൾ പ്രസവിച്ചതു്. അതും ഒരു പൎവ്വതത്തിൻെറ മുകളിൽവച്ചു്. അക്കാലത്തു് ജനറൽ യി-ടീൻ എന്നോടു പറയാറുണ്ടു് 'മദർചാങ്ങ്, നിങ്ങളൊന്നുകൊണ്ടും വിഷമിക്കേണ്ട. നിങ്ങളുടെ കുട്ടികൾ എൻെറ കുട്ടികളെപ്പോലെയാണു്. അവരെ ഞാൻ രക്ഷിച്ചുകൊള്ളാം.'"

ഗ്രാമത്തിലും പട്ടാളക്കാരുടെയിടയിലും ചാങ്ങ്സുചിൻ മദർചാങ്ങ് എന്നാണറിയപ്പെട്ടിരുന്നതു്. ജാപ്പാനീസ്പോലീസും ക്വമിന്താങ്ങ്പോലീസും സൂക്ഷിച്ചിരുന്ന കറുത്ത രേഖകളി (ബ്ളാക്ക്ലിസ്റ്റ്സ്)ൽ അവരുടെ പേരും ഉൾപ്പെട്ടിരുന്നു. ആ രേഖകളിൽ അവർ "അപകടകാരിയായ ചുവപ്പു്" പെണ്ണായിരുന്നു. അതുകൊണ്ടു് അക്കാലത്തു് അവർ പേരു് മാഡാചിങ്ങ് എന്നു മാററുകയും, തലമുടിയുടെ ഫാഷൻ പരിഷ്കരിക്കുകയും ചെയ്തു. മുഖത്തു് ഏതോ ചില കൃത്രിമസാധനങ്ങൾ ഉപയോഗിച്ചു് ഏതാണ്ടൊരു ഭ്രാന്തിയെപോലെയാണവർ നടന്നിരുന്നതു്.

അന്നുമുതലാണു് അവരുടെ ജീവിതത്തിലെ അപകടകരവും നാടകീയവുമായ രംഗങ്ങളാരംഭിക്കുന്നതു്. ആ "ഭ്രാന്തിപ്പെണ്ണു്" അവളുടെ കീറിയ പാദങ്ങളിൽ തേങ്ങിത്തേങ്ങി നടന്നു് ഗ്രാമങ്ങളിലെല്ലാം ചെറുത്തുനില്പിൻെറയും വിപ്ലവത്തിൻെറയും സന്ദേശം പരത്തി. പകൽമുഴുവൻ അവർ വല്യ കുന്നുകളിലും

34583

ഒളിവിലായിരിക്കും. അതുകൊണ്ടു് രാത്രികാലങ്ങളിലാണവർ ഗ്രാമങ്ങളിൽ സമരപ്രചരണം നടത്തിയിരുന്നതു്.

ആ സാഹസികകഥകളുടെ ഏടുകൾ അവർ നിവർത്തിവച്ചപ്പോൾ വല്ലാത്തൊരനുഭവമാണെനിക്കുണ്ടായതു്. അവർ ഒളിവിൽ കഴിഞ്ഞുകൂടിയ വലിയ കുന്നുകളുടെയും, തണുപ്പേറിയ ഗുഹകളുടെയും രൂപങ്ങൾ എന്റെ [illegible] അവർ തിന്ന കാട്ടുപഴങ്ങൾ! അവർ [illegible]നിടയായ [illegible] വിശപ്പും കനത്ത ഏകാന്തതയും [illegible] എല്ലാം എനിക്കനുഭവപ്പെട്ടു. ശത്രുവിന്റെ ആക്രമണത്തെക്കുറിച്ചുള്ള ഭയം മനസ്സിൽ എല്ലായ്പോഴും ഉണ്ടായിരിക്കും. ഒരടി തെറ്റിയാൽമതി [illegible] ങ്ങളുടെ ഭ്യോ ക്രമിന്താങ്ങ് ശത്രുക്കളുടെയോ [illegible] വീഴാൻ. അവരെ പിടിച്ചുകൊടുക്കുന്നവർക്കു് ശത്രുകക്ഷികൾ ഒരുവലിയ പ്രതിഫലം വാഗ്ദാനംചെയ്തിട്ടുണ്ടു്.

"വല്ലാത്ത ഏകാന്തത. എന്നും ഭയത്തിന്റെ നിഴലിൽ. സ്ഥിരമായ ഒരു താമസസ്ഥലംപോലുമില്ല. എന്തു ദുരിതങ്ങൾ നിറഞ്ഞ ജീവിതമായിരുന്നു അതു്?" ഞാൻ ചോദിച്ചു.

"അതെ, അന്തമില്ലാത്ത കഷ്ടപ്പാടുകൾ നിറഞ്ഞ ഒരു ജീവിതമായിരുന്നു അതു്." സാവധാനത്തിൽ, വളരെയേറെ ആലോചിച്ചിട്ടെന്നപോലെ അവർ പറഞ്ഞു. "പലതും ആ ജീവിതത്തിൽ അനുഭവിക്കേണ്ടിവന്നിട്ടുണ്ടു്: സൂര്യാസ്തമനത്തിനുശേഷം ഭൂമിയിൽ ഇരുട്ടുപരന്നുതുടങ്ങുമ്പോൾ ഞാൻ ഒളിവിലിരിക്കുന്ന കുന്നുകളിൽനിന്നും ഗ്രാമങ്ങളിലേക്കിറങ്ങും. അതാണു് ഏറ്റവും പറ്റിയ സമയം. പ്രത്യേകിച്ചു സൂര്യാസ്തമയത്തിനും ചന്ദ്രോദയത്തിനുമിടയ്ക്കുള്ള സമയം. കൂരിരുട്ടിൽ ഞാൻ മുകളിലേക്കു നോക്കുമ്പോൾ ആകാശം നിറയെ നക്ഷത്രങ്ങളായിരിക്കും. ആ നക്ഷത്രങ്ങളുടെയിടയിൽ ഞാൻ മാവോവിന്റെ മുഖം കാണും. പിന്നെ എനിക്കു ഏകാന്തതയില്ല."

അവരുടെ കണ്ണുകളിൽ അഭിമാനത്തിന്റെയും വിശ്വാസ

14503

ത്തിൻേറയും കതിരുകൾ തെളിഞ്ഞു. ആ സംസാരം ഒരു കവിതതന്നെയായിരുന്നു. നിശയുടെ നിറഞ്ഞ ഏകാന്തതയിൽ ആ കാശത്തേക്കു നോക്കി അവിടെ "ചൈനക്കുമീതെയുള്ള ചുവപ്പുനക്ഷത്ര"ത്തെ കാണുവാൻ സാധിച്ച ആ സാധുകൃഷിക്കാരിയിൽ എനിക്കത്യത്ഭുതംതോന്നി.

ചാങ്ങ്മാമയെ പിടികൂടുന്നതിനുവേണ്ടി ക്ൂമിന്താങ്ങ് ഏജൻറന്മാർ നാടുമുഴുവൻ വേട്ടയാടാൻ തുടങ്ങി. ഏറെനാൾ പിടികൊടുക്കാതെ ഒളിവിൽ നടന്നെങ്കിലും, അവസാനം 1941-ൽ അവർ ക്ൂമിന്താങ്ങ്കെണിയിൽ വീണു. 'അപകടകാരിയായ ആ കൊള്ളക്കാരിപ്പെണ്ണിനെ' പിടികൂടിയതിൽ ക്ൂമിന്താങ്ങിൻെറ 52-ാം പടയണിയിൽ വലിയ ആഹ്ലാദപ്രകടനങ്ങളുണ്ടായി. അവർ നാലാംപടയിൽപെട്ടതാണെന്നും, അവരിൽനിന്നും ക്ൂമിന്താങ്ങ്പ്രദേശങ്ങളിലുള്ള കമ്മ്യൂണിസ്റ്റുസംഘടനയുടെ ഒളിപ്രവത്തനങ്ങളുടെ സകല രഹസ്യങ്ങളും കിട്ടുമെന്നും ക്ൂമിന്താങ്ങുകാർ വ്യാമോഹിച്ചു.

"അവർ എന്നോടു രാപകലില്ലാതെ ചോദ്യങ്ങൾ ചോദിച്ചു." ചാങ്ങ് എന്നോടുപറഞ്ഞു. "ആ പ്രദേശങ്ങളിലുള്ള ഗറില്ലകളുടെ പേരുകൾ അവർ എന്നോടാവശ്യപ്പെട്ടു. കഴിഞ്ഞകൊല്ലം ക്ൂമിന്താങ്ങ്പട്ടാളക്കാരിൽനിന്നും ഞങ്ങൾ പിടിച്ചെടുത്ത 24 തോക്കുകൾ എവിടെയാണ് ഒളിച്ചുവച്ചിരിക്കുന്നതെന്നവർ എന്നോടുചോദിച്ചു. അടുത്തചോദ്യം പവ്വതനിരകളിലേക്ക് ഓടിരക്ഷപ്പെട്ട നാലാംപടയുടെ പുതിയ താവളത്തെക്കുറിച്ചായിരുന്നു. ഞാൻ ഒരു പെണ്ണായതുകൊണ്ടു് എല്ലാം തുറന്നുപറയുമെന്നാണവർ ധരിച്ചതു്." പല്ലില്ലാത്ത ആ മോണകൾ ഒന്നു പുഞ്ചിരിച്ചു. "ആ ധാരണ വെറും തെററിദ്ധാരണമാത്രമായിരുന്നു, കുഞ്ഞെ. ഞാനൊരു പെണ്ണാണ്. ശരിതന്നെ. പക്ഷെ ഞാൻ നാലാംപടയിലുള്ളവളാണ്. ഏതു കഠിനമർദ്ദനത്തിനു വിധേയരായാലും നാലാംപടയിൽപെട്ട ഒരു കുഞ്ഞുപോലും ഒരു രഹസ്യ

വും പുറത്തുപറയാറില്ല. എന്നിൽനിന്നവക്ക ഒരു ചുക്കും കിട്ടിയില്ല."

"അതുകൊണ്ടവർ നിങ്ങളെ കഠിനമായി, മർദ്ദിച്ചു. ഇല്ലേ?"

അവർ തലകുലുക്കി. പല്ലുകളില്ലാത്ത ആ വായ് തുറന്നു. "ജാപ്പാൻകാർ എന്നിൽ അവശേഷിപ്പിച്ചിരുന്ന പല്ലുകൾ അവർ തല്ലിക്കളഞ്ഞു." അവരുടെ മുഖത്തു് കുറെപൈശാചികമായ ഒരു ചിരി പ്രത്യക്ഷപ്പെട്ടു. "എന്റെ കുറെ പല്ലുകൾ ജാപ്പാൻകാർ തല്ലിത്താഴെയിട്ടു. ബാക്കിയുള്ളതു ക്രമിന്താങ്ങും. ജാപ്പാനും ക്രമിന്താങ്ങും! രണ്ടും ഒന്നുതന്നെ."

ക്രമിന്താങ്ങുകാർ എങ്ങനെയാണു് തല്ലിച്ചതച്ചതെന്നും, കെട്ടിയിട്ടു ചുററികയ്ക്കടിച്ചതെന്നും ആംഗ്യഭാഷയോടുകൂടി എന്നെ അവർ മനസ്സിലാക്കി. ആ ഭീകരസംഭവങ്ങളെപ്പററിയുള്ള ഓർമ്മകൾ അവരിൽ ആവേശംകൊള്ളുത്തി. അവരുടെ സ്വരം തന്നെ ഉയൻു. "വളരെ വളരെ കൊല്ലങ്ങൾക്കമുമ്പു് ഞാൻ എന്റെ കണ്ണീരുമുഴുവൻ കുടിച്ചുകഴിഞ്ഞു." ഇതുപറയുമ്പോൾ അവരുടെ കണ്ണുകളിൽ ഒരുതുള്ളി കണ്ണുനീർ പോലുമുണ്ടായിരുന്നില്ല. ട്രൌസർ തെറുത്തുകയററി സ്റ്റോക്കിംങ്സ് അഴിച്ചു് നഗ്നമായ കാലു് അവർ എന്നെ കാണിച്ചുതന്നു. കാലുനിറയെ വലിയ കറുത്ത പാടുകളായിരുന്നു. ഇരുമ്പു് പഴുപ്പിച്ചുവച്ചതിന്റെ പാടുകൾ! ആ ഭാഗത്തു് മാംസത്തിനിപ്പോൾ വേദനതന്നെ അനുഭവപ്പെടുന്നില്ലെന്നു കാണിക്കുവാൻവേണ്ടി തലയിൽ നിന്നും ഒരു സൂചി(പിൻ) ഊരിഅവർ കാലിൽ തറച്ചുകാണിച്ചു. "കുഞ്ഞെ, ഇന്നു് എനിക്കു വേദനതോന്നുന്നില്ല." അവർ ഒന്നുചിരിച്ചു. കനത്ത ഒരു പൊള്ളച്ചിരി. "ക്രമിന്താങ്ങുകാർ എന്നെന്നേക്കുമായി എന്റെ വേദനകളെ നശിപ്പിച്ചിട്ടുണ്ടു്." ഷർട്ടിന്റെ കയ്യ് തെറുത്തുകയററി കയ്യിൽ നിറയെയുള്ള കറുത്ത പാടുകൾ ചൂണ്ടിക്കാണിച്ചുകൊണ്ടവർ തുടൻു. "അവർ മുനകൂർത്ത ഈററക്കഷണങ്ങൾ കുത്തിയിറക്കിയതിന്റെ പാടുകളാണിതെല്ലാം. ഈററ

ക്ഷണങ്ങൾ മാംസത്തിൽ കുത്തിയിറക്കിയതിന്റെ അംശങ്ങൾ ശരീരത്തിൽ ഇരിക്കത്തക്കവണ്ണം ബാക്കി അവർ മനപൂർവ്വം ഒടിച്ചുകളയും. അങ്ങനെ ഈററക്കഷണങ്ങൾ മാംസത്തിലിരുന്നു് ചലമൊലിപ്പിച്ചു് പഴുത്ത പാടുകളാണിവ."

സഹിക്കുവാൻ വയ്യാത്ത ഓർമ്മകളായിരുന്നു അവ. ശബ്ദം ഇടക്കിടറിപ്പോയി. കണ്ണുനീരില്ലെങ്കിലും കണ്ണുകളവർ തുടച്ചു. ഉണർച്ച കിട്ടുന്നതിനുവേണ്ടി ഒരു കവിൾ ചായ അവർ കുടിച്ചു. ഒരുമിനിട്ടിനുള്ളിൽ അവർ ആഹ്ലാദചിത്തയും ശാന്തയുമായി കാണപ്പെട്ടു. "ക്രൂരമായ ഈ മർദ്ദനമുറകളൊക്കെ പ്രയോഗിച്ചിട്ടും ക്രിമിന്താങ്ങ് കൊലയാളികൾക്ക് ഞാനൊരു വിവരവും നൽകിയില്ല." തെല്ലൊരഭിമാനത്തോടെ അവർ തുടന്നു. "ഒന്നുമറിഞ്ഞുകൂടാ എന്നുമാത്രമായിരുന്നു എന്റെ ഉത്തരം. ചോദ്യങ്ങൾ ചോദിച്ച് അവർതന്നെ വിഷമിച്ചു. അതിനുശേഷം ചോദ്യങ്ങളില്ലാത്തദിവസവും മർദ്ദനമുറകൾമാത്രമായി. എന്നെ സംബന്ധിച്ചിടത്തോളം ഒരനുഗ്രഹമുണ്ടായിരുന്നു. വ്രണങ്ങളുടെ ദുർഗ്ഗന്ധംകൊണ്ടു് ക്രിമിന്താങ്ങ് ചെകുത്താന്മാക്ക് എന്റെ അടുത്തു് വരാൻ നിവൃത്തിയില്ലായിരുന്നു." വ്രണങ്ങളുടെ ദുർഗ്ഗന്ധത്തിന്റെ തീവ്രത കാണിക്കുവാൻവേണ്ടി അവർ ഘ്രാണിച്ചു കാണിച്ചു. "അതുകൊണ്ടു് ദൂരെമാറിനിന്നു് നീളമുള്ള ഈററക്കോലുകൾകൊണ്ടു് തൊഴിക്കുകയായിരുന്നു അവർ ചെയ്തിരുന്നതു്. അങ്ങനെ ആ മർദ്ദന സംവിധാനങ്ങൾ ഒരുവർഷത്തിൽ കൂടുതൽ നീണ്ടുനിന്നു."

ഒരു നിമിഷത്തെ നിശ്ശബ്ദതയ്ക്കുശേഷം പ്രശാന്തമായ ഉറച്ച സ്വരത്തിൽ അവർ പറഞ്ഞു. "കുഞ്ഞേ, അങ്ങനെ ഞാൻ മരിച്ചു!"

ഈ വിവരങ്ങൾ കേട്ട ഞാൻ അവരുടെ മുഖത്തേയ്ക്കു് സാശ്ചര്യം നോക്കി. മൃഗീയമായ മർദ്ദനമനുഭവിച്ചു്, വികൃതമായ അവരുടെ മുഖത്തിന്റെ രൂപം ഏതോ ആന്തരികമായ ഒരു ചൈതന്യത്തിന്റെ ശക്തി പ്രവൎത്തനത്തിലെന്നവണ്ണം മാറിവരുന്നതായി എനിക്കു തോന്നി.

പത്തുവർഷങ്ങൾക്കുമുമ്പ് ചൈനീസ് വിപ്ലവത്തിനുവേണ്ടി 'മരിക്കുകയും' ആ മരണയാതനകളുടെ കഥകൾ എന്നോട് ഉദ്വേഗപൂർവ്വം പറയുകയും ചെയ്ത ആ സാധുകൃഷിക്കാരിയിൽ ആ നിമിഷം ഞാൻ ചൈനീസ് ജനതയുടെ അനശ്വരമായ ആത്മവീര്യത്തിന്റെ ചൈതന്യം നിറഞ്ഞ രൂപം കണ്ടു!

* * * *

'മരണ'ത്തെക്കുറിച്ചുള്ള ആ കഥ കുറേശെകുറേശെയാണവർ എന്നോടു പറഞ്ഞതു്. കൂമിന്താങ്ങ് കൊലയാളികളുടെ ക്രൂരമായ മർദ്ദനത്തിനിരയായി തളർന്നു് മൂർഛിച്ചു് വീണ അവസ്ഥയെയാണവർ 'മരണം' എന്നു പറഞ്ഞതു്. ജയിലറയിൽവച്ചു് ബോധംകെട്ടു് അവർ വീണപ്പോൾ ദുർബ്ബലമായ അവരുടെ നാഡിചലനം ഏറെക്കുറെ നിന്നപോലെയായി. ഇതുകണ്ട ജയിൽവാർഡ്ഡറന്മാർ ധരിച്ചതു് അവർ വാസ്തവത്തിൽ മരിച്ചുപോയെന്നാണു്. അതുകൊണ്ടവർ അവരെ എടുത്തു് അവിടെ ഒരു ഭാഗത്തു കിടന്നിരുന്ന ശവക്കൂട്ടത്തിലേക്കെറിഞ്ഞു. ശവശരീരങ്ങളുടെ ഒരു കൂമ്പാരം. രാവിലെ നടന്ന നരഹത്യയുടെ വിളവെടുപ്പാണതു്! അങ്ങനെ പോലീസ് രേഖകളിൽനിന്നും അവരുടെ പേരു തിരോധാനം ചെയ്തു. ഭയങ്കരിയായ ആ കൊള്ളക്കാരിപ്പെണ്ണു് മരിച്ചുവെന്നും ഹൃദ്രോഗമാണു് മരണഹേതുവെന്നും ജയിൽ വാർഡ്ഡറന്മാർ യഥാകാലം മുറപോലെ മേലധികാരികളെ അറിയിച്ചു.

ശവശരീരങ്ങൾ അങ്ങനെ കുന്നുകൂടി കിടക്കുകയാണു് ഒന്നിച്ചായാൽ കുഴിച്ചുമൂടാൻ എളുപ്പമുണ്ടല്ലോ എന്നാണു കൂമിന്താങ്ങ് ആരാച്ചാരന്മാരുടെ വിചാരം. ചാങ്ങ്മാമയെ കൊന്നുവെന്നും, അവരുടെ ശവശരീരം ജയിലറയ്ക്കു പിന്നിൽകിടക്കുകയാണെന്നുമുള്ള വാർത്ത പെട്ടെന്നു ഗ്രാമത്തിൽ പരന്നു. ദേശാഭിമാനികളായ ഗ്രാമീണർ ആ രാത്രി ചാങ്ങ്സൂചിന്റെ ശവശരീരം മോഷ്ടിച്ചെടുത്തു് അവരുടെ സഹോദരിയുടെവീട്ടിലേക്കു കൊണ്ടുപോയി. അത്ഭുതമെന്നു പറയട്ടെ. അവിടെവച്ചാണു മനസ്സി

ച്ചായത്ത് അവർ മരിച്ചിട്ടില്ലെന്ന്. ജീവിതത്തിൻെറ ദീപനാളം മർദ്ദനംമൂലം അവശയായ അവരുടെ ശരീരത്തിൽ മങ്ങിമങ്ങി നിന്നിരുന്നു.

"അങ്ങനെ എൻെറ സഹോദരിയും ആ ഗ്രാമീണരുംകൂടി അവരുടെ സ്നേഹവും ശുശ്രൂഷയുംകൊണ്ടു് എനിക്കു വീണ്ടും ജീവൻ തന്നു." അഞ്ചുദിവസങ്ങൾക്കുശേഷമാണവൎക്കു് ബോധം തന്നെ വീണതു്. എന്നിട്ടുപോലും കുറേനേരത്തേക്കു് അവൎക്കു തോന്നിയിരുന്നു അവർ പരലോകത്താണെന്നു്. അവരുടെ എല്ലാ കാൎയ്യങ്ങളിലും വ്യക്തിപരമായി ഇടപെട്ടു് അനാഥയായ ഒരു കുഞ്ഞിനെപ്പോലെ അവരെ ശുശ്രൂഷിച്ച സഹോദരിയെ അവർ കൃതജ്ഞതാപൂൎവ്വം സ്മരിച്ചു. "എനിക്കു കയ്യോ കാലോ അനക്കുവാൻ വയ്യായിരുന്നു. ഞാനത്രമാത്രം ക്ഷീണിച്ചുപരവശയായിരുന്നു. കുറച്ചുനാളത്തേയ്ക്കു് എനിക്കു ശരിയായ കാഴ്ചതന്നെ ഉണ്ടായിരുന്നില്ല. നീരു വന്നു വീങ്ങിയ താടികൾ അനക്കി എനിക്കു ഭക്ഷണംകഴിക്കാൻ വയ്യായിരുന്നു. സഹോദരി ധാന്യപ്പൊടികൊണ്ടു് സൂപ്പുണ്ടാക്കി ഒരു കുഞ്ഞിനെന്നപോലെ എനിക്കു കോരിത്തരേണ്ടിവന്നു. ശരീരത്തിൽ അവശേഷിച്ചിരുന്ന ഈററക്ഷതങ്ങൾ മൂലം വ്രണമുണ്ടായി പഴുത്തു് ദുർഗ്ഗന്ധം അസഹനീയമായിത്തീർന്നു. അതുകൊണ്ടു് ഇടയ്ക്കിടയ്ക്കു് മുറി സുഗന്ധദ്രവ്യങ്ങൾ കത്തിച്ചു പുകയ്ക്കുക സഹോദരിയുടെ ഒരു ഭാരമായിത്തീൎന്നു. ആ പുകയില്ലെങ്കിൽ എനിക്കുതന്നെ മുറിയിൽ നിന്നും പുറപ്പെടുന്ന ദുർഗ്ഗന്ധം സഹിക്കുവാൻ വയ്യായിരുന്നു." നമ്മെ ചിരിപ്പിക്കത്തക്ക വിധത്തിൽ മൂക്കുകൊണ്ടു് അംഗ്യം കാട്ടി തള്ളിച്ചിരിച്ചുകൊണ്ടാണവർ ഇതു പറഞ്ഞതു്.

ചാങ്ങ്മാമയെ ചികിത്സാൎത്ഥം ആശുപത്രിയിലേക്കു് മാററണമെന്നു സഹോദരിക്കു വലിയ ആഗ്രഹമുണ്ടായിരുന്നു. പക്ഷെ അവർ അതൊരിക്കലും സമ്മതിച്ചില്ല. "ഞാൻ മരിച്ചുപോയി എന്നുള്ള ക്രമിന്താങ്ങ് ധാരണ മാററരുതെന്നു് എനിക്കു നിർബന്ധ

KOTTAYAM PUBLIC LIBRARY KOTTAYAM

മുണ്ടായിരുന്നു. ആശുപത്രിയിലേക്കു നീങ്ങുമ്പോൾ സമ്പ്രതികൾ കുഴപ്പത്തിലാകും. അപായകരമായ ഇത്തരം അവസരങ്ങളിൽ ഉപയോഗിക്കുന്നതിനു് നാലാംപട്ടാളത്തിലെ ജനറൽ 'ഡി' എനിക്കൊരു മരുന്നു തന്നിട്ടുണ്ടായിരുന്നു. എനിക്കു സംസാരിക്കാറായപ്പോൾ സഹോദരിയെ വിളിച്ചു മുററത്തു മണ്ണിനടിയിൽ കുഴിച്ചിട്ടിരുന്ന ആ മരുന്നു തെരഞ്ഞെടുക്കുവാൻ ഞാൻ പറഞ്ഞു." ഈ മരുന്നും, സഹോദരിയുടെ ശുഷ്കാന്തിപൂർവ്വകവും സ്നേഹമസൃണവുമായ ശുശ്രൂഷയും, ചുവപ്പുപടയുടെ അന്ത്യവിജയത്തിലുള്ള സീമാതീതമായ ശുഭാപ്തിവിശ്വാസവുമാണു് അവരെ ആ 'മരണ'ത്തിൽനിന്നും അത്ഭുതകരമാംവണ്ണം ജീവിപ്പിച്ചതു്. രണ്ടു വർഷം കഴിഞ്ഞു് നടക്കാനും പ്രവർത്തിക്കുവാനുമായതോടെ അവർ വീണ്ടും രംഗത്തു വന്നു. ഇരുട്ടും ഏകാന്തതയും നിറഞ്ഞ നിശാവേളകളിൽ ആ കുറിയ പാദങ്ങളിൽ തേങ്ങിത്തേങ്ങി നടന്നവർ ഗ്രാമങ്ങളിൽ വിപ്ലവത്തിന്റെ സന്ദേശം പരത്താൻ തുടങ്ങി.

അതോടെ ക്രമിന്താങ്ങുകാർക്കു് ഒരു കാര്യം മനസ്സിലായി. തങ്ങളുടെ പോലീസ് രേഖകളിൽ കാണുന്നതുപോലെ ചാങ്ങ്മാമ മരിച്ചിട്ടില്ല. ഇന്നും ജീവനോടെയിരിക്കുന്ന അവർ ഉഷാറായി പ്രവർത്തിക്കുകയാണു്. ഗ്രാമത്തിൽതന്നെ ജീവിച്ചിരുന്ന അവരുടെ ഒരു മകളെവിളിച്ചു ക്രമിന്താങ്ങ്കാർ ചോദ്യംചെയ്തു. "അനീണ്ട രോഗത്തിനുശേഷം അമ്മയ്ക്കു ഭ്രാന്തുപിടിച്ചിരിക്കുകയാണു്. അവർ വീടുപേക്ഷിച്ചു കുന്നിൻപുറങ്ങളിൽ അലഞ്ഞുനടക്കുകയാണു്. ഇനിയവർ മടങ്ങിവരുകയില്ല." ഇതായിരുന്നു മകളിൽനിന്നും കിട്ടിയ മറുപടി. "ഞാനവളെ പറഞ്ഞേല്പിച്ചിരുന്നതുപോലെതന്നെയവൾ പറഞ്ഞു. ഞാൻ ഭ്രാന്തിയാണു്. ശരിതന്നെ. പ്രേതാവേശത്തിന്റെയോ, പിശാചിന്റെയോ ഭ്രാന്തല്ല. വിപ്ലവത്തിനുവേണ്ടിയുള്ള ഭ്രാന്തു്! ക്രമിന്താങ്ങുകാരെ തുരത്തി ഭൂമി കൃഷിക്കാർക്കു കിട്ടിയിട്ടേ ഗ്രാമത്തിലേക്കു മടങ്ങുകയുള്ളുവെന്നു ഞാൻ ശപഥം ചെയ്തിരുന്നു."

ഉഷാറായി പ്രവർത്തിച്ചുകൊണ്ടിരുന്ന ഒരു ഗറില്ലാസംഘത്തിൽ അവർ ആയിടയ്ക്കു് അംഗമായി. ആ പ്രദേശങ്ങളിലുള്ള ഗ്രാമീണരെയെല്ലാം സംഘടിപ്പിച്ചു ക്രമിന്താങ്ങു് പട്ടാളക്കാരെയും സിവിൽ ഉദ്യോഗസ്ഥന്മാരെയും ആക്രമിക്കുന്നതിനു് അവർ നേതൃത്വം നൽകി. മൂന്നു ക്രമിന്താങ്ങു് പട്ടാളക്യാമ്പുകൾക്കു് കൃഷകഗറില്ലകൾ തീ കൊളുത്തിയ കഥ അവർ സാഭിമാനം സ്മരിച്ചു. “കുഞ്ഞേ, അതൊക്കെ വളരെഎളുപ്പമായിരുന്നു.” അവർ ആ സംഭവം വിസ്തരിക്കുവാൻ തുടങ്ങി; “കട്ടിയുള്ള നനച്ച തുണിയും ധരിച്ചു കയ്യിൽ മണ്ണെണ്ണയും വയ്ക്കോലുമായി ഞങ്ങളിലൊരാൾ ശത്രുക്യാമ്പിലേക്കു ചെല്ലും. ശരിക്കു് മണ്ണെണ്ണ തളിച്ചു വേണ്ടിടത്തെല്ലാം വൈക്കോലിട്ടാൽപിന്നെ ഒരു തീപ്പെട്ടിക്കോൽമാത്രം മതി മുഴുവനും വെന്തുവെണ്ണീറാക്കാൻ. കട്ടിയുള്ള നനച്ചകോട്ടു ധരിക്കുന്നതുകൊണ്ടു് തീ കൊളുത്തിയയാൾക്കു് ആപത്തുണ്ടാകുകയുമില്ല.”

ഞങ്ങളിലൊരാൾ എന്നു പറഞ്ഞതിൽ അവർ പെടുമോ എന്നു ഞാനെടുത്തുചോദിച്ചു. അനൗദ്ധത്യയായ ആ വൃദ്ധസ്ത്രീ ഒരു കീർത്തിയും അവകാശപ്പെട്ടില്ല.' 'ഞാനോർക്കുന്നില്ല . ഞങ്ങൾ ധാരാളംപേരുണ്ടായിരുന്നു. ഓരോരുത്തരും അവരവർ ചെയ്യേണ്ടതു ചെയ്തിരുന്നു.” തെല്ലൊരു നിശ്ശബ്ദതയ്ക്കുശേഷം കുറെ ഗഹനമായ ഒരു മറുപടിയവർ പറഞ്ഞു. അതിൽ ഒരു തത്വശാസ്ത്രംതന്നെ ഉൾക്കൊണ്ടിരുന്നു. “കുഞ്ഞേ, കർമ്മത്തിനാണു പ്രാധാന്യം; കർമ്മം ചെയ്യുന്ന വ്യക്തിയുടെ നാമത്തിനല്ല. ഞാനും മറ്റൊരാളും തമ്മിൽ ഇക്കാര്യത്തിൽ എന്തു വ്യത്യാസമാണുള്ളതു്.”

ഗറില്ലാജീവിതത്തിലെ അനന്തമായ കഷ്ടപ്പാടുകൾ വിവരിച്ചുപറയുന്നതു് അവർക്കു രസമായിരുന്നു. “ക്ലേശഭൂയിഷ്ഠമായ ഒരു ജീവിതമാണതു്. ചില ദിവസങ്ങളിൽ ആഹാരത്തിനൊന്നും കിട്ടിയെന്നുവരുകയില്ല. വെയിലിൽനിന്നോ, മഴയിൽനിന്നോ, മഞ്ഞിൽനിന്നോ രക്ഷപ്പെടുന്നതിനു് ഒരു മാർഗ്ഗവുമുണ്ടായിരിക്കുകയില്ല. എന്തിനു് രാത്രിതന്നെ കഴിച്ചുകൂട്ടുവാൻ ഒരു അഭയസ്ഥാ

നം ലഭിക്കുക പ്രയാസമാണു്. ഉടുത്തിരിക്കുന്ന വസ്ത്രങ്ങൾ നനഞ്ഞുപോയാൽ അവ ഉണക്കിഎടുക്കുന്നതിനു സമയമുണ്ടാകുകയില്ല. ദേഹത്തു ധരിച്ചുതന്നെ അവ ഉണക്കിക്കൊള്ളണം......"

ഈ വിവരണം ശ്രദ്ധിച്ചപ്പോൾ, അവരുടെ സംഭാഷണത്തിനു് തടസ്സംവരുത്തിക്കൊണ്ടിരുന്ന വരണ്ട കിറുകിറുപ്പൻ ചുമയുടെ കാരണമെനിക്കു മനസ്സിലായി. ആ ചുമ ഇപ്പോൾ ഒരു രോഗമായിത്തീൎന്നിട്ടുണ്ടു്. അഭിമുഖസംഭാഷണം ആ വൃദ്ധസ്ത്രീയെ വളരെ ക്ഷീണിപ്പിക്കുന്നുണ്ടെന്ന വസ്തുത ദ്വിഭാഷി എന്നെ ഓൎമ്മപ്പെടുത്തി. ക്ഷീണം തോന്നുന്നുണ്ടെങ്കിൽ സംഭാഷണം ഇനിയൊരു ദിവസത്തേക്കു മാററിവയ്ക്കാമെന്നു ഞാനവരെ ധരിപ്പിക്കുകയും ചെയ്തു. പക്ഷെ, അവർ അതിനു വിസമ്മതിക്കുകയാണുചെയ്തതു്.

കൂടുതൽ ബുദ്ധിമുട്ടിക്കേണ്ട എന്നു വിചാരിച്ചു് പിന്നീടവരുടെ വിപ്ലവകരമായ ജീവിതത്തെക്കുറിച്ചു ഞാനൊന്നും ചോദിച്ചില്ല. പകരം മററുള്ളവരോടൊപ്പം അവരുംകൂടിച്ചേൎന്നു് നടത്തിയ ആ മഹാവിപ്ലവം നാട്ടിൽ വരുത്തിയ പരിവൎത്തനങ്ങളെക്കുറിച്ചുവരുടെ വാസ്തവമായ അഭിപ്രായം ഞാനാരാഞ്ഞു.

---

"കുഞ്ഞേ, ഞങ്ങളിതാ അവസാനം സ്വതന്ത്രരായിരിക്കുന്നു. കൃഷിക്കാൎക്കു് ഭൂമി കിട്ടിയിട്ടുണ്ടു്. എനിക്കും എന്റെ കുടുംബത്തിനും ഞങ്ങളുടെ ഓഹരി ലഭിച്ചുകഴിഞ്ഞു. ഉല്പാദനം വൎദ്ധിപ്പിക്കുവാനും, തരിശുനിലങ്ങൾ കൃഷിനിലങ്ങളാക്കി മാററുവാനും എല്ലാ ഗ്രാമങ്ങളിലും ബഹുജനങ്ങൾ അദ്ധ്വാനിക്കുകയാണു്. ഞങ്ങളുടെ ഗ്രാമത്തിൽതന്നെ ധാരാളം തരിശുനിലം ഇന്നു് കൃഷി ചെയ്യപ്പെടുന്നുണ്ടു്. ഇതെല്ലാം വിപ്ലവത്തിന്റെ നേട്ടങ്ങളാണു്. ജനങ്ങൾ ജാപ്പാനെയും, ക്വമിന്താങ്ങിനെയും തുരത്തുന്നതിൽ കാണിച്ച അതേ ആത്മവീൎയ്യം ഉല്പാദനം വൎദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള തീവ്രശ്രമങ്ങളിലും പ്രദൎശിപ്പിക്കണമെന്നാണു് ചെയർമാൻ മാവോ പറയുന്നതു്. നിങ്ങൾ ഒരു പുതിയ ജീവിതത്തിന്റെ പുലരി ഞങ്ങളിൽ കാണുന്നില്ലേ? പണ്ടു് തുന്നിപ്പിടിപ്പി

ച്ച കീറവസ്ത്രങ്ങൾ ധരിച്ചിരുന്ന ഞങ്ങൾക്ക് ഇന്നു നല്ല വസ്ത്ര ങ്ങളുണ്ട്." അവർ ധരിച്ചിരുന്ന വസ്ത്രങ്ങളിലേക്കവർ ചൂണ്ടി ക്കാണിച്ചു. ചുളുക്കു വീണിട്ടുണ്ടെങ്കിലും അവ പുതിയതായിരുന്നു. "ഞങ്ങളുടെ കുട്ടികൾ ഇപ്പോൾ സ്ക്കൂളിൽപോകുന്നു. വാർദ്ധ ക്യമായവർപോലും എഴുത്തും വായനയും അഭ്യസിക്കുന്നു." പല്ലി ല്ലാത്ത ആ മോണകൾ ഒന്നു തെളിഞ്ഞു. "എനിക്കുതന്നെ ഇന്നു് എഴുതാനും വായിക്കുവാനും അറിയാം." അവരുടെ അക്ഷരജ്ഞാ നം പ്രദർശിപ്പിക്കുന്നതിനുവേണ്ടിയും എൻെറ പേരു കുറിച്ചെടു ക്കുന്നതിനുമായി അവർ പോക്കററിൽനിന്നും ഡയറി വലിച്ചെടു ത്തു. ചൈനീസ് അക്ഷരങ്ങളിൽ ഞാൻ എൻെറ ഒപ്പിട്ടപ്പോൾ അവർ അത്ഭുതപ്പെട്ടുപോയി.

ആ ധീരവനിതയോടു എനിക്കുള്ള ഉപചാരങ്ങൾ ചെയ്യുന്ന തിനും ആ സന്ദർഭം ഞാനുപയോഗിച്ചു. അവരുടേതുപോലുള്ള ദൃഢ ഹസ്തങ്ങളിൽ ചൈനയുടെ സ്വാതന്ത്ര്യവും പുരോഗതിയും എക്കാ ലത്തും സുരക്ഷിതമായിരിക്കുമെന്നു ഞാനുറപ്പിച്ചു പറഞ്ഞു.

ബലമായി തലകുലുക്കിക്കൊണ്ടവർ പറഞ്ഞു. "പ്രായംചെ ന്നവരല്ലെ ഞങ്ങൾ. ഞങ്ങൾ ഒന്നുംതന്നെ ചെയ്തിട്ടില്ല. യൗവ്വന യുക്തരായവർ—യുവതികളും യുവാക്കളുമാണ്—നവീനചീനയെ സൃഷ്ടിക്കുവാൻ പോകുന്നതു്. അവരുടെ കരങ്ങൾക്ക് അതിനു വേണ്ട കരുത്തുണ്ടു്. യുവത്വംനിറഞ്ഞ മാംസപേശികളുടെ ശ ക്തി കാണിക്കുവാൻവേണ്ടി അവർ അവരുടെ മെലിഞ്ഞ അസ്ഥി മാത്രമായ കൈ ഉയർത്തിക്കാട്ടി. "അവക്ക് വേണ്ടത്ര വിജ്ഞാന വും യന്ത്രോപകരണങ്ങളുമുണ്ടു്. എല്ലാത്തിലുമുപരിയായി അവ ക്കു വെളിച്ചം നൽകുന്നതിനു് മാവോവിൻെറ നേതൃത്വവുമുണ്ടു്. പിന്നെയെന്തുവേണം? വിസ്തൃതമായ രാജ്യവും, ധാരാളം ജന ങ്ങളും, പ്രതിഭാശാലികളായ നേതാക്കന്മാരും സോവിയററുയൂണി യനെപ്പോലെയുള്ള ഉത്തമ സുഹൃത്തുക്കളും ഞങ്ങൾക്കുണ്ടു്." എ ൻെറ മുഖത്തു് ദൃഷ്ടിയുറപ്പിച്ചുകൊണ്ടവർ തുടർന്നു. "പിന്നെ

ഞങ്ങൾക്ക് നിങ്ങളുമായുള്ള സൗഹാർദ്ദബന്ധമുണ്ട്. ഇന്ത്യൻ ജനതയുമായുള്ള സുഹൃത്ബന്ധം. അതൊരു മഹാനേട്ടമായിതന്നെ ഞങ്ങൾ കരുതുന്നു. ഞങ്ങളെപ്പോലെ നിങ്ങളും സമാധാനം കാംക്ഷിക്കുന്നവരാണ്. സോവിയററുയൂണിയനും സമാധാനപ്രേമിയാണ്. ഒരിക്കൽ നമ്മളൊരുമിച്ചാൽ പിന്നെ യുദ്ധം ഉണ്ടാകുകയില്ല.

അവരിൽ ആവേശം തിളച്ചുയരുകയായിരുന്നു. ആ വൃദ്ധയെ കൂടുതൽ ബുദ്ധിമുട്ടിപ്പിക്കുന്നതിൽ എനിക്കു വിഷമംതോന്നി. അതുകൊണ്ട് ഏതാണ്ടു രണ്ടുമണിക്കൂർ നീണ്ടുനിന്ന ഈ അഭിമുഖസംഭാഷണം അവസാനിപ്പിക്കുവാൻ ഞാൻ തീർച്ചപ്പെടുത്തി. എൻെറ ഹോട്ടൽമുറിയിൽവന്ന് എനിക്ക് ഇത്തരം ഒരു സന്ദർഭം നൽകിയതിനു ഞാനവരോടു നന്ദിപറഞ്ഞു. "ഞാൻ നിങ്ങളുടെ മകനെപ്പോലെയാണ്. നിങ്ങളെ സന്ദർശിക്കുകയും ബഹുമാനിക്കുകയും എൻെറ കടമയായിരുന്നു."

ഞാൻ ഹസ്തദാനം ചെയ്തപ്പോൾ എൻെറ കരമവർ ബലമായി അമർത്തി. മലവെള്ളപ്പാച്ചിൽപോലെ അവരിൽനിന്നും പുറപ്പെട്ട വാചകങ്ങൾ എന്നെ മനസ്സിലാക്കുക ദ്വിഭാഷിക്കുതന്നെ വിഷമമായിരുന്നു.

"അല്ല. ഞാനാണ് നിങ്ങളുടെ അടുത്തേക്കു വരേണ്ടത്. നിങ്ങളുടെ ഭാഷ മനസ്സിലാക്കി, ആ ഭാഷയിൽ നിങ്ങളോടു നേരിട്ടു സംസാരിക്കാൻ കഴിഞ്ഞെങ്കിൽ എന്ന് ഞാൻ ആശിക്കുകയാണ്. എനിക്കു നിങ്ങളോടു വളരെ വളരെ പറയുവാനുണ്ട്. ചൈനയും ഇന്ത്യയും രണ്ടു മഹത്തായ രാജ്യങ്ങളാണ്. ക്രമിന്താങ്ങ് പിശാചുക്കളെ തുരത്തി ഞങ്ങൾ ഒരു മഹാവിജയംതന്നെ നേടിയിരിക്കുകയാണ്. യുദ്ധമെല്ലാമവസാനിച്ച് ലോകത്തിൽ ശാശ്വതസമാധാനം ഉണ്ടായി ജനങ്ങൾ സന്തോഷത്തോടുകൂടി ജീവിതം തുടങ്ങുമ്പോൾ മാത്രമെ ഞങ്ങളുടെ യജ്ഞം പൂർത്തിയാകയുള്ളൂ. അതിനുവേണ്ടി നമ്മളിരുവരും—ഇന്ത്യയും ചൈനയും—ഇതുപോ

ളെ കൈകോർത്തു നീങ്ങണം." ഇന്ത്യാചൈനീസ് സൗഹാർദ്ദ ത്തിന്റെ ചിഹ്നമെന്നോണം ഞങ്ങളുടെ കരങ്ങൾ പരസ്പരമാ ശ്ലേഷിച്ചു. അവർ എന്റെ കയ്യ് വാത്സല്യപൂർവ്വം ബലമായി അ മർത്തി.

വൃദ്ധയായ ഈ സ്ത്രീ എന്തിനെന്നെ വന്നു സന്ദർശിച്ചുവെ ന്നും,എന്നോട് എന്തിനധികം സംസാരിച്ചുവെന്നും ഓക്കുമ്പോൾ നിങ്ങളത്ഭുതപ്പെട്ടും. അവരുടെ നിശ്ശബ്ദത എന്നിൽ ആകാംക്ഷ നിറച്ചു. "നിങ്ങളെ ഞാൻ ആദ്യമായിട്ടല്ല കാണുന്നതു്." ആ പ്രസ്താവനയുടെ അത്ഭുതം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഒരു കു ഞ്ഞിനെപ്പോലെയവർ ഒരു കുസൃതിച്ചിരി ചിരിച്ചു. "മാവോ പീ ക്കിങ്ങിൽവച്ചു് ഞങ്ങൾക്കു് നല്കിയ വിരുന്നുസല്ക്കാരവേളയിൽ ഞാൻ നിങ്ങളേയും നിങ്ങളുടെ സംഘത്തിലുണ്ടായിരുന്ന മററംഗ ങ്ങളേയും കാണുകയുണ്ടായി. മാവോ–സെ–തുങ്ങിനു് ഹസ്ത ദാനം ചെയ്യുവാൻ നിങ്ങൾ എണീററുനടന്നപ്പോൾ ഞങ്ങൾ ചി യേർസ് വിളിച്ചു നിങ്ങളെ ഉത്സാഹഭരിതനാക്കിയ രംഗം ഓക്കു ന്നുണ്ടോ? അതിനു പ്രത്യേകകാരണമുണ്ടു്. ഞങ്ങളുടെ ഈ ആഹ്ലാ ദ ദിനത്തിൽ പങ്കുകൊള്ളുവാൻ പല ബുദ്ധിമുട്ടുകളും സഹിച്ചു് ഇന്ത്യയിൽനിന്നും വന്നവരാണു് നിങ്ങൾ. ഞങ്ങൾക്കെല്ലാം ഒരു സുദിനംതന്നെയായിരുന്നു അന്നു്. മാവോയെ കാണുവാനുള്ള സ ന്തോഷം ഞങ്ങളിൽ ഓളംതല്ലിനിന്നിരുന്നു. അതിനുമുപരിയാ യിരുന്നു നിങ്ങളെക്കാണുവാനുള്ള സന്തോഷം. ഞങ്ങൾ തനി യെയല്ലെന്നും ഞങ്ങൾക്കു മിത്രങ്ങളുണ്ടെന്നും നിങ്ങളുടെ പെരുമാ ററം കാണുമ്പോൾ തോന്നിപ്പോവുകയാണു്. കൂടുതൽ ശക്തിയും അഭിമാനവും ഉണ്ടായതുപോലെ ഞങ്ങൾക്കു് തോന്നുന്നു. പക്ഷെ, ഇനിയുമാണു് ബോധപൂർവ്വം പ്രവർത്തിക്കേണ്ട സന്ദർഭം. ഞങ്ങളു ടെ മിത്രങ്ങൾ ഞങ്ങളുടെ പുരോഗതിയെ ആകാംക്ഷയോടെ നോ ക്കിനില്ക്കുകയാണു്......"

ആവേശപൂർവ്വം ഉറച്ചസ്വരത്തിൽ സംസാരിച്ചതുകൊണ്ടു്

അവരുടെനാക്കുകുഴഞ്ഞു. എങ്കിലും, ഞങ്ങൾകൊടുത്ത ചായപോലും കുടിക്കാതെ ഒരു ചെറിയ നിശ്ശബ്ദതയ്ക്കുശേഷം അവർ തുടൎന്നു.

"കെങ്കേമമായ ആ സല്ക്കാരത്തിനുശേഷം മാവോ ഞങ്ങളിൽ പത്തിരുപതു പേരെ അദ്ദേഹത്തിന്റെ വസതിയിൽവച്ചു നടത്തിയ മറെറാരു സൽക്കാരത്തിന് ക്ഷണിച്ചിരുന്നു. പഴയ സഖാക്കൾ ഇടക്കിടക്ക് പരസ്പരം കണ്ടുമുട്ടി പഴയതുപോലെ സംസാരിക്കേണ്ടതാണെന്ന് ആ അവസരത്തിൽ മാവോ ഓൎമ്മിപ്പിക്കുകയുണ്ടായി. പെട്ടെന്ന്, അദ്ദേഹം എന്റെ സമീപത്തേയ്ക്ക് ഓടിവന്നുപറയുകയാണ് 'സഖാവ് ചാങ്ങ്സ്വലീൻ, സ്വന്തം ദേശീയ പ്രശ്നങ്ങളെപ്പററി പഠിക്കുവാനാണ് ഞാനിന്നുവരെ നിങ്ങളോടാവശ്യപ്പെട്ടിരുന്നതു്. ഇനി നിങ്ങൾ ഇന്ത്യയേയും ഇന്ത്യൻ ജനതയേയും പററി പഠിക്കേണ്ടിയിരിക്കുന്നു. അവർ നമ്മുടെ മിത്രങ്ങളാണ്. നമ്മുടെ മാൎഗ്ഗമാണവരുടേതും. ഇന്ത്യാചൈനീസ് സൗഹാർദ്ദബന്ധത്തിന് ആയിരമായിരമാണ്ടത്തെ പഴക്കമുണ്ട്. സാമ്രാജ്യവാദികൾ നമ്മുടെ ഇടയിൽവീണ് നമ്മെ പരസ്പരം അകത്തുകയാണു ചെയ്തതു്. ഇന്നിതാ നാം ആ ബന്ധം വീണ്ടും പുതുക്കുന്നു. ഇന്ത്യ നമ്മുടെ മിത്രമായതുകൊണ്ടാണ് ഇന്ത്യയെപ്പററി പഠിക്കണമെന്നു ഞാനാവശ്യപ്പെടുന്നതു്.' അതാണ് മാവോവിന്റെ അഭിപ്രായം. അദ്ദേഹം പറയുന്നതെന്തും വിജ്ഞയവും ഞങ്ങളുടെ നന്മയെ ലക്ഷ്യമാക്കിയുമായിരിക്കും."

അവർ സൂചിപ്പിച്ച വിരുന്നുസല്ക്കാരം നടന്നതു് 1951 സെപ്തംബർ 30-ാംതീയതിയാണ്. ജനകീയസൎക്കാരിന്റെ പേരിൽ മാവോ നടത്തിയ ഒരു ഗംഭീരസൽക്കാരമായിരുന്നു അതു്. ഫാക്റ്ററികളിൽനിന്നും, വയലുകളിൽനിന്നും മററു വിപ്ലവകേന്ദ്രങ്ങളിൽനിന്നും വന്ന രണ്ടായിരംപേർ അതിൽ പങ്കുകൊള്ളുകയുണ്ടായി. ആ ആഘോഷത്തിൽ പങ്കെടുക്കുന്നതിനുവേണ്ടിയാണ് ഞങ്ങളെപ്പോലുള്ള നയതന്ത്രപ്രതിനിധികളെയും, ഗുഡ്വിൽമിഷൻ അംഗങ്ങളെയും ക്ഷണിച്ചിരുന്നതു്.

അവർ സംഭാഷണമവസാനിപ്പിച്ചു. എൻെറ മുഖത്തുനോക്കി അവർ പുഞ്ചിരിതൂകിയപ്പോൾ ആ കണ്ണുകളിൽ ഒരു മാതൃഭാവം കളിയാടിയിരുന്നു. എൻെറ കൈകൾ അമർത്തിക്കൊണ്ടവർ ചോദിച്ചു. "ഭാരതീയൻ എഴുത്തുകാരൻ എന്നെ കാണുവാൻ ആഗ്രഹിക്കുന്നുവെന്നറിഞ്ഞപ്പോൾ ഞാൻ എന്തിനാണ് ഇവിടെ ഓടിയെത്തിയതെന്ന് ഇപ്പോൾ മനസ്സിലായോ?" ദ്വിഭാഷിയുടെ നിർദ്ദേശം വകവയ്ക്കാതെ കസേരയിലേക്ക് ചരിഞ്ഞുകൊണ്ടവർ പറഞ്ഞു. "ഞാൻ വളരെയധികം സംസാരിച്ചുകഴിഞ്ഞു: ഇനി നിങ്ങളുടെ സന്ദർഭമാണ്. നിങ്ങളുടെ നാടിനെയും ജനതയെയുംപററി എന്നോടു വിശദമായി പറയൂ."

KOTTAYAM PUBLIC LIBRARY
KOTTAYAM.

# ദൈവത്തോട് മല്ലടിച്ച മനുഷ്യൻ

ആ വിലക്കപ്പെട്ട നഗരത്തിലെ സുന്ദരങ്ങളായ പുൽത്തകിടികളിൽക്കൂടി ആയിരക്കണക്കിനുള്ള സാധാരണക്കാരുടെ പൊടിനിറഞ്ഞ പാദങ്ങൾ നീങ്ങിയപ്പോൾ മഞ്ചുരാജാക്കന്മാരുടെ പ്രേതങ്ങൾ അവരുടെ ശവക്കല്ലറകളിൽ കിടന്നു് ബഹളം കൂട്ടിക്കാണും. ശരിയാണു്. ഒരു കാലത്തു് ഇതൊരു വിലക്കപ്പെട്ട നഗരിതന്നെയായിരുന്നു. അന്നു് അറിയാതെ ആരെങ്കിലും ആ രാജപാതയിലൂടെ പോകാനിടയായാൽ ആ ദൗർഭാഗ്യവാനു് ശിരച്ഛേദമാണു ശിക്ഷ. പക്ഷെ, ഇന്നവിടെ ഒരു മനുഷ്യമഹാസമുദ്രം ഇരമ്പിമറിയുകയാണു്. അതിൽ സിങ്കിയാംഗിൽനിന്നും വന്ന വെള്ള യൂണിഫോറം ധരിച്ച കൃഷിക്കാരും, ഷാംങ്ങായിലെ തുണിമില്ലുകളിൽനിന്നും മുഗ്ഡനിലെ ഉരുക്കുഫാക്റ്ററികളിൽനിന്നും വന്ന നീല യൂണിഫോറം ധരിച്ച തൊഴിലാളികളും ഉണ്ടു്. വിമോചനസേനയിൽപെട്ടവരുടെ യൂണിഫോറം ഇളംമഞ്ഞയാണു്. ചീനയിലെങ്ങുമുള്ള വിപ്ളവകേന്ദ്രങ്ങളിൽനിന്നും വന്ന ദൃഢഗാത്രരായ ഗറില്ലകളും അക്കൂട്ടത്തിലുണ്ടു്. സ്കൂളുകളിൽനിന്നും വന്ന പീക്കിംഗ് തൊഴിലാളികളുടെകുട്ടികൾ യൗവ്വനത്തള്ളലോടെ ആ പുൽത്തകിടിയിൽ തുള്ളിച്ചാടി നടക്കുകയാണു്. എങ്ങും ഉത്സാഹഭരിതമായ ഒരന്തരീക്ഷം. ഇന്നു് ഒക്ടോബർ ഒന്നാംതീയതിയാണു്. പുതിയ റിപ്പബ്ളിക്കിന്റെ വാർഷികാഘോഷദിനം. അതിൽ പങ്കുകൊള്ളുന്നതിനുവേണ്ടി ആ

യിരമായിരം നാഴികകൾ പിന്നിട്ട് പീക്കിംഗിൽ എത്തിയിട്ടുള്ള വരാണ് അവിടെ കൂടിയിരുന്നവരിൽ ഭൂരിഭാഗം ജനങ്ങളും.

ഡെലിഗേഷനംഗങ്ങളെ നയിക്കുന്നതിന് വഴികാട്ടികളും ദ്വിഭാഷികളുമുണ്ടായിരുന്നു. ഉപചാരമര്യാദത്തോടും ബഹുമാനത്തോടും കൂടിയാണവർ പെരുമാറിയിരുന്നതെങ്കിലും, ആ പെരുമാററം അദ്ധ്യാപകരുടേതുപോലെയായിരുന്നു. കൊട്ടാരം കാഴ്ചബംഗ്ലാവിൽ സൂക്ഷിച്ചിരുന്ന മഞ്ചുരാജാക്കന്മാരുടെ കിരീടങ്ങൾ, രത്നങ്ങൾ മററു കൗതുകവസ്തുക്കൾ, കുതിരകൾ, ആനക്കൊമ്പുകൾ, മിങ്ങ്പാത്രങ്ങൾ, മൺപാത്രങ്ങൾ തുടങ്ങിയവ കാണുവാനാണ് ഡെലിഗേഷനംഗങ്ങൾ ആദ്യമായി ഉദ്ദേശിച്ചത്. ഇത്തരം കലാവസ്തുക്കളിൽ വലിയ കമ്പമില്ലാത്തതുകൊണ്ടും കാഴ്ചബംഗ്ലാവിൽ വലിയ കൗതുകമില്ലാത്തതുകൊണ്ടും ഈ തീരുമാനം എനിക്ക് തീരെ ബോറായിത്തോന്നി. അതുകൊണ്ട് ഞാൻ അവരിൽനിന്നും കൂട്ടംതെററി തിരക്കിൽമറഞ്ഞതിൽ അത്ഭുതത്തിനവകാശമില്ല. ദ്വിഭാഷി എന്നെ കണ്ടുപിടിച്ചപ്പോഴേക്കും മററംഗങ്ങൾ കാഴ്ചബംഗ്ലാവിലെത്തി ചില്ലുകൂടുകളിൽ സൂക്ഷിച്ചിരുന്ന അത്ഭുതവസ്തുക്കൾ സകൗതുകം നോക്കിത്തുടങ്ങിയിരുന്നു.

"നിങ്ങൾക്ക് കാഴ്ചബംഗ്ലാവു കാണണമെന്നില്ലേ?" ദ്വിഭാഷി എന്നോടു ചോദിച്ചു.

"നിവൃത്തിയുണ്ടെങ്കിൽ വേണമെന്നില്ല." ഞാൻ വാസ്തവം പറഞ്ഞു.

"ഈ പാർക്കിൽ കൂടിയിരിക്കുന്ന ആനന്ദതുന്ദിലരായമനുഷ്യരുമായി ഇടപെട്ട് സമയം കഴിക്കാമെന്നുള്ളപ്പോൾ എന്തിനാണു മൺമറഞ്ഞ രാജാക്കന്മാരുടെ അവശിഷ്ടങ്ങൾ നോക്കിനടന്ന് സമയം കളയുന്നത്."

അങ്ങനെയാണതു സംഭവിച്ചത്. ഹോപ്പെയിൽനിന്നും വന്ന വിപ്ലവകാരിയായ ആ കൃഷിക്കാരനെ ഞാൻ കണ്ടുമുട്ടി. മുപ്പത്തിയാറു വയസ്സുള്ള ആ കൃഷിക്കാരന്റെ വിരിമാറിൽ ആറു

മുറിവുകളുടെ പാടുകളും, അയാൾ ധരിച്ചിരുന്ന കോട്ടൺ ട്യൂണിക്കിൽ ആറു മെഡലുകളും ഉണ്ടായിരുന്നു. രണ്ടുദിവസം കഴിഞ്ഞാണു് ഞാനാ മുറിവുകളെപ്പറ്റി അറിഞ്ഞതു്. മാറിൽ കിടന്നിരുന്ന ആ മെഡലുകളും, ആ മുഖത്തെ ഘനഭാവവുമാണു് അയാളുമായി പരിചയപ്പെടുന്നതിനു് എന്നെ പ്രേരിപ്പിച്ചതു്. എനിക്കാ മനുഷ്യനോടു സംസാരിച്ചാൽകൊള്ളാമെന്നുണ്ടെന്നു ഞാൻ ദ്വിഭാഷിയെ അറിയിച്ചു.

"ഇദ്ദേഹം ഇന്ത്യയിൽനിന്നുമുള്ള ഒരു സുഹൃത്താണു്." ഹോപ്പെയിലെ കൃഷിക്കാരുടെയിടയിലൂടെ നടന്നുകൊണ്ടയാൾ പറഞ്ഞു. "അദ്ദേഹത്തിനു നിങ്ങളോടു സംസാരിച്ചാൽകൊള്ളാമെന്നുണ്ടു്."

ചുളിവുകൾ നിറഞ്ഞതും രോമാവൃതവുമായ ഹൊപ്പിൻഡാൻെറ മുഖത്തു് ഒരു സൗഹൃദസ്മിതം വിരിഞ്ഞു. ആ ദന്തനിരയുടെ ധവളിമയും സൂര്യപ്രകാശത്തിൽ വെട്ടിത്തിളങ്ങിയ മെഡലുകളുടെ തെളിച്ചവും ഒരുപോലെ ചേർച്ചയുള്ളവയായിരുന്നു. കലപ്പയും ഗറില്ലാതോക്കും ചുമന്നു് തഴമ്പുവീണ നീണ്ട കയ്യ് നീട്ടി അയാൾ എനിക്കു ഹസ്തദാനംചെയ്തു.

"അദ്ദേഹം വളരെ അകലെനിന്നല്ലെ വരുന്നതു്. ഇത്രയും ദൂരം വരണമെങ്കിൽ നമ്മുടെ ഒരുത്തമസുഹൃത്തായിരിക്കണം," ദ്വിഭാഷിയോടയാൾ പറഞ്ഞു.

മൂന്നാമത്തെ ദിവസം ഒരഭിമുഖസംഭാഷണം നടത്തിക്കളയാമെന്നു ഞങ്ങൾ തീരുമാനിച്ചു. അടുത്തദിവസം ഒക്ടോബർ ഒന്നാംതീയതിയാണു്. അന്നു് ആഘോഷദിവസമായതുകൊണ്ടു് എല്ലാവർക്കും തിരക്കായിരിക്കും.

ഹോപ്പിൻഡാൻ അയാളുടെ പ്രതിജ്ഞ കൃത്യനിഷ്ഠയോടെ പാലിച്ചു. ഞാൻ കാത്തിരുന്ന മുറിയിൽ വന്നു് ഒരു ചെറിയ പോക്കറ്റുവാച്ചിലേക്കു ചൂണ്ടിക്കൊണ്ടദ്ദേഹം പറഞ്ഞു. "ഞാൻ കൃത്യസമയത്താണു് എത്തിയതു്. കൃഷിക്കാരായ ഞങ്ങൾക്കു സമയനിഷ്ഠ ഇല്ലെന്നു നിങ്ങൾക്കു പറയുവാൻ കഴിയുമോ?"

ഫോപ്പിൻഡാൻെറമുഖത്തു് അകാലമായ ചുളിവുകൾ വീണിരുന്നു. നീണ്ട കനംമേറിയ അയാളുടെ കയ്യുകൾ പരുപരുത്തവയായിരുന്നു. അല്പം ഉയരം കൂടിയ അയാൾ ഒരു കോട്ടൺ ട്യൂണിക്കുംധരിച്ചു് ടവ്വൽകൊണ്ടു് തലയിൽ ഒരു കെട്ടുമായാണു് മുറിയിലേക്കു വന്നതു്. പ്രസിദ്ധമായ പീക്കിംഗ് ഹോട്ടലിലെ പരിഷ്കൃതമായ സ്വീകരണമുറിയിൽ ആ കൃഷിക്കാരൻ ഒരു പൊരുത്തക്കേടായിത്തോന്നി. അയാൾക്കു് 36 വയസ്സു പ്രായമുണ്ടായിരുന്നുള്ളു. എൻെറ പ്രായംതന്നെ. എനിക്കത്ഭുതംതോന്നി. ആ ഹോട്ടൽമുറിയിലെ ബൂഷ്വാപരിതസ്ഥിതികളിൽ അയാൾക്കു് അധഃകൃതബോധമോ ആത്മവിശ്വാസക്കുറവോ തോന്നിയിരുന്നില്ല. ആ പരിസരങ്ങളുമായി വളരെ പരിചയമുള്ളതുപോലെയാണു് അയാൾ പെരുമാറിയതെങ്കിലും ആ പെരുമാററത്തിൽ വെറുപ്പു് ജനിപ്പിക്കുന്ന ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. ഇതെല്ലാം കണ്ടിട്ടു് "കൊള്ളാം കൊള്ളാം" എന്നയാൾ സ്വയം പ്രഖ്യാപനം നടത്തുന്നതുപോലിരുന്നു ആ നോട്ടവും പെരുമാററവും. അവിടത്തെ ബൂഷ്വാഅന്തരീക്ഷത്തോടു് ഒരു കപടവിപ്ലവകാരിയുടെ വെറുപ്പു് അയാൾ കാണിക്കുമെന്നു് ഞാൻ വിചാരിച്ചിരുന്നെങ്കിൽ എനിക്കു തെററിപ്പോയിരുന്നേനെ. അഞ്ചാറു മെഡലുകൾ ധരിച്ചിരുന്ന ആ മനുഷ്യൻ അല്പനോ, അശിക്ഷിതനോ വിരൂപനോ ആയിരുന്നില്ല. തൻെറ നിലയെക്കുറിച്ചുള്ള അഭിമാനം അയാൾക്കു് ആവശ്യത്തിനുണ്ടായിരുന്നു. അയാൾ ധരിച്ചിരുന്ന കോട്ടൺട്യൂണിക്കിലുള്ള ബാഡ്ജുകളിൽ ഒരെണ്ണം സൂചിപ്പിച്ചിരുന്നതുപോലെ അയാൾ ഹൊപ്പെയിലെ പീപ്പിൾസ് കൺസൾട്ടേററീവു് അസംബ്ളിയിലെ ഒരംഗമാണു്. നമ്മുടെ നാട്ടിലെ എം. എൽ. എ. യേപോലുള്ള ഒരംഗം.

ഒരു കൃഷിക്കാരൻ ഒരു നിയമസഭാംഗമാകുക! വിപ്ലവകരമായ ഒരു വ്യതിയാനമായിരുന്നു ആ ജീവിതത്തിലുണ്ടായതു്. അതിൻെറ പൂർണ്ണചിത്രം കിട്ടുന്നതിനുവേണ്ടി എനിക്കയാളുടെ ഭൂത

കാലജീവിതത്തിന്റെ ഏട്ടുകൾ കാണേണ്ടിയിരുന്നു. വിവരം ഞാനയാളെ ധരിപ്പിച്ചു. എനിക്കറിയണമെന്നുള്ള എന്തും പറയുവാൻ തനിക്ക സന്തോഷമാണുള്ളതെന്ന് ഒരുകവിൾ ചായകുടിച്ചുകൊണ്ടയാൾ പറഞ്ഞു.

"ഞാൻ എന്നെപ്പററിയും, എന്റെ കുടുംബത്തെപ്പററിയും, എന്റെ ഗ്രാമത്തെപ്പററിയും പറയണമെന്നല്ലെ നിങ്ങളാവശ്യപ്പെടുന്നതു്. ശരിതന്നെ. പക്ഷെ, ഒന്നുണ്ടു്. അതു് വളരെ അപരിചിതമോ, ദുഷ്കരമോ ആയ ഒരു കഥയല്ല. എനിക്ക സംഭവിച്ചിട്ടുള്ളതെല്ലാം മററനവധിപേക്കും സംഭവിച്ചിട്ടുണ്ടു്. ഞങ്ങളുടെ നാട്ടിലെ ബഹുഭൂരിഭാഗം ജനങ്ങൾക്കും സംഭവിച്ചിട്ടുണ്ടു്."

ആ സംഭവങ്ങൾ കേൾക്കുന്നതിൽ എനിക്കു് താല്പര്യമുണ്ടെന്നു് ഞാനയാളോടുറപ്പിച്ചു പറഞ്ഞു. അതാണു് ഞാനയാളുടെ ജീവിതത്തെപ്പററി ആരായാനുള്ള കാരണവും.

"അഞ്ചുമൗ (ഒരുമൗ=0·154 ഏക്കർ) ഭൂമിയുള്ള ഒരിടത്തരം കൃഷിക്കാരന്റെ മകനായി ഞാൻ മുപ്പത്തിയാറു വർഷംമുമ്പു് ഹൊപ്പെപ്രവിശ്യയിലുള്ള ട്ടു ഗ്രാമത്തിൽ ജനിച്ചു. ഉദ്ദേശം എഴുന്നൂറോളം ജനങ്ങളുള്ള ഒരു ചെറിയ ഗ്രാമമാണു് ട്ടു. ചെറുതാണെങ്കിലും സുന്ദരമായ ഒരു പ്രദേശമാണതു്. എനിക്കതു തോന്നുവാൻ പ്രത്യേക കാരണമുണ്ടു്. എന്റെ ജന്മദേശമാണതു്. ജന്മസ്ഥലങ്ങളോടു് ഒരു പ്രത്യേക പ്രതിപത്തിതോന്നുക സഹജമാണല്ലോ. സമതലത്തിലാണു് ഗ്രാമമെങ്കിലും, വയലുകളിൽനിന്നു നോക്കിയാൽ അങ്ങകലെ പടിഞ്ഞാറെ ചക്രവാളത്തിൽ തലയെടുത്തുനില്ക്കുന്ന കുന്നുകളെ കാണാം. ഗ്രാമത്തിന്റെ സമീപത്തുടെ നോത്തുടാങ്ങ്നദി ഒഴുകുന്നു. നോത്തുടാങ്ങ് തീരെ ചെറുതോ, അത്ര വലുതോ ആയ ഒരു നദിയല്ല. കുന്നുകളിൽ ശക്തിയായി മഴപെയ്താൽ നദി കരകവിഞ്ഞൊഴുകും. അപ്പോൾ ഗ്രാമത്തിൽ വെള്ളപ്പൊക്കമുണ്ടാകുക പതിവാണു്. ഇങ്ങനെയുള്ള ഒരു സ്ഥലത്താണു് ഞാൻ ജനിച്ചതും ഇതുവരെ ജീവിച്ചതും. സ

ക്കാരിൻെറ അതിഥിയായി ഞങ്ങൾ പീക്കിംഗ് സന്ദർശിക്കാൻ പോയപ്പോൾ വലിയ പട്ടണങ്ങൾ ഞാൻ കണ്ടിട്ടുണ്ട്. എങ്കിലും ഏതു സ്ഥലമാണ് ഏററവും കൂടുതൽ ഇഷ്ടപ്പെട്ടതെന്ന് നിങ്ങൾ ചോദിച്ചാൽ ഞാൻ പറയും ഹോപ്പെപ്രവിശ്യയിലെ നോത്ത്ടാങ് നദീതീരത്തുള്ള ടു ഗ്രാമമെന്ന്."

"കുട്ടിക്കാലത്ത് ഞാൻ എഴുത്തും വായനയും അഭ്യസിച്ചിട്ടില്ല. സമീപത്തുള്ള വലിയ ഒരു ഗ്രാമത്തിൽ ഒരു സ്കൂളുണ്ടായിരുന്നു. പക്ഷെ ജന്മിമാരുടെയും പണക്കാരായ കൃഷിക്കാരുടെയും കുട്ടികൾക്ക മാത്രമെ അവിടെപോയി അഭ്യസനം നടത്തുവാൻ കഴിഞ്ഞിരുന്നുള്ളു. ഫീസ്സ്കൊടുത്ത് പഠിപ്പിക്കുവാൻ എൻെറ പിതാവിൻെറ കയ്യിൽ പണമുണ്ടായിരുന്നില്ല. ജന്മിയുടെ പക്കൽനിന്നും കടം വാങ്ങിച്ച സംഖ്യ തിരിച്ചുകൊടുക്കുന്നതിനുവേണ്ടി അക്കാലങ്ങളിൽ എൻെറ പിതാവ് കഠിനാദ്ധ്വാനം ചെയ്യുകയായിരുന്നു. വയലിൽ ഞാനാണ് അദ്ദേഹത്തെ സഹായിച്ചിരുന്നതു്. പണം കടംകൊടുക്കുന്നവർ ഞങ്ങളുടെ ഗ്രാമങ്ങളിലുണ്ടായിരുന്നില്ല. ആവശ്യമാകുമ്പോൾ പണം കടംതന്നിരുന്നതു് ജന്മിയാണ്.

'ജന്മി കൃഷിക്കാരെ പീഡിപ്പിച്ചിരുന്നോ' എന്നു നിങ്ങൾ ചോദിക്കുന്നു. സഹോദരാ, ആശ്ചര്യകരമാണ് നിങ്ങളുടെ ചോദ്യം. ജന്മി, കൃഷിക്കാരെ പീഡിപ്പിക്കുന്നില്ലെങ്കിൽ പിന്നെ അയാൾ ജന്മിയാണോ? വാസ്തവത്തിൽ ജന്മിയെ ഞങ്ങൾക്ക് ഭയമായിരുന്നു. വസ്തു ഒഴിപ്പിച്ചേട്ടുത്തെങ്കിലോ എന്ന ഭയംകൊണ്ട് അയാളോട് എതിർവാക്കു പറയുവാനോ, അയാളുടെ മുഖത്തു നോക്കുവാൻപോലുമോ ഞങ്ങൾ ധൈര്യപ്പെട്ടിരുന്നില്ല.

എൻെറ ബാല്യകാലത്തു് ഞങ്ങളുടെ ഗ്രാമത്തിലെ മനുഷ്യജീവിതമതായിരുന്നു. സമുദായജീവിതത്തിൽ മുഴുത്ത ജന്മികൾക്കാണ് പ്രാമാണ്യം. ഞങ്ങളെപ്പോലുള്ള കൃഷിക്കാർ ഏററവും താഴത്തെ. തട്ടിലായിരുന്നു. ജ്ഞണബാദ്ധ്യതകൾകൊണ്ട്

വസ്തു, ഞങ്ങളുടെ കയ്കളിൽനിന്നും കുറേശ്ശെക്കുറേശ്ശെയായി ജന്മിയുടെ സമ്പാദ്യങ്ങളിലേക്കു പോയി. അക്കാലത്തു ഞങ്ങളുടെ പ്രായത്തിൽ വലിയ താടിയുള്ള ഒരു നീണ്ടുമെലിഞ്ഞ വൈദികനുണ്ടായിരുന്നു. കാഴ്ചയിൽ അദ്ദേഹം പേടിപ്പിക്കുന്ന ഒരുജാതി കാക്കയെപ്പോലിരുന്നു. ആ വൈദികൻ മററുള്ളവരെ അനുകരിക്കുന്നതിൽ അതിസമർത്ഥനായിരുന്നു. സംഭാഷണവേളയിൽ കൊഴുത്ത ജന്മിയേയും, പാവപ്പെട്ട കൃഷിക്കാരനെയും വൈദികനെയുമെല്ലാം അദ്ദേഹം അംഗ്യങ്ങളിലൂടെ കാണിക്കും. ദിവസവും വൈകിട്ട് ഒരു പിച്ചളത്തകിടിൽ ഉറക്കെയടിച്ച് സ്വരമുണ്ടാക്കി ഗ്രാമീണരെയെല്ലാം തൻെറ ക്ഷേത്രത്തിലേക്ക് ക്ഷണിക്കുക അദ്ദേഹത്തിൻെറ പതിവായിരുന്നു. കുട്ടിക്കാലത്ത് അമ്മ എന്നെ ഈ ക്ഷേത്രത്തിൽ കൊണ്ടുപോയി അവിടെയുള്ള ഭീകരദേവന്മാരെ കാണിച്ചുതന്നിട്ടുണ്ട്. കർത്തവ്യബോധവും അനുസരണശീലവും ഇല്ലെങ്കിൽ ദൈവകോപമുണ്ടാകുമെന്ന് അമ്മ പറഞ്ഞിരുന്നു. എങ്കിലും പ്രായമായതോടെ ഞാൻ ക്ഷേത്രസന്ദർശനം ഉപേക്ഷിച്ചു. എന്തോ എനിക്കത്തരം കാര്യങ്ങളിൽ വലിയ വിശ്വാസമൊന്നും തോന്നിയില്ല. പണ്ട് ദൈവങ്ങളിലും പിശാചുകളിലുമൊക്കെ എനിക്കുണ്ടായിരുന്ന വിശ്വാസം പാടെ നഷ്ടപ്പെട്ടു.

അന്നെനിക്ക് ഒരു പതിനാറുവയസ്സ് പ്രായംകാണും. അക്ഷരാഭ്യാസമില്ലാത്ത ഒരു പതിനാറുകാരൻ പയ്യന് വലിയ ബുദ്ധിയൊന്നുമുണ്ടായിരിക്കയില്ലെന്നു നിങ്ങൾക്കറിയാമല്ലോ. ഇന്നാണെങ്കിൽ സ്ക്കൂളുകളിൽ പഠിക്കുന്ന കൊച്ചുകുട്ടികൾക്ക് ലോകത്തെപ്പററി പലതും അറിയാം. അന്നത്തെ സ്ഥിതി പറയാനുണ്ടോ. പുരോഹിതനിലോ അല്ലെങ്കിൽ അദ്ദേഹം പറയുന്ന ദൈവകോപത്തിലോ എനിക്ക് വിശ്വാസമില്ലെന്നാലോചിച്ചപ്പോൾ വാസ്തവത്തിൽ എൻെറ ഉള്ളിൽ തോന്നിയതു് പിശാചുക്കളെക്കുറിച്ചുള്ള ഭയമായിരുന്നു. പിതാവ് പെട്ടെന്നു മരിച്ചതുകൊണ്ടു് കുടുംബഭാരം എൻെറ ചുമലിലായി. ഒരിക്കൽ കുറെ പച്ചക്കറിസാമാനങ്ങൾ വില്ക്കുന്നതിനുവേണ്ടി തീവണ്ടികയറി

പട്ടണത്തിൽപോയ കാര്യം ഞാനോക്കുന്നു. ഗ്രാമത്തിൽനിന്നും മൂന്നുമൈലകലമുണ്ടു് ഏറ്റവും അടുത്ത തീവണ്ടിയാപ്പീസിലേക്കു്. സന്ധ്യയോടുകൂടിയെ എനിക്കു പട്ടണത്തിൽനിന്നു് മടങ്ങുവാൻ കഴിഞ്ഞുള്ളു. ആ സമയത്തു ഏകനായി നടന്നാൽ ആർക്കും ഭയംതോന്നും. ഗ്രാമത്തിലേക്കുള്ള വഴി ഒരു ശ്മശാനമദ്ധ്യത്തിലൂടെയായിരുന്നു. ഒരുകൊല്ലം മുമ്പു് എന്റെ പിതാവിനെ ആ ശ്മശാനത്തിൽ സംസ്കരിക്കുന്നതു ഞാൻ കണ്ടതാണു്. ഞാൻ ശ്മശാനത്തിന്റെ കല്ലറകളിലെത്താറായപ്പോഴേക്കും എന്റെ ഹൃദയം പറയുവാൻതുടങ്ങി. 'ദേവന്മാരുടെ കോപത്തെക്കുറിച്ചു് നിനക്കു സംശയമായിരുന്നില്ലേ. അവരുണ്ടു്. ദാ, അവർ നിന്റെ കഴുത്തിൽപിടിച്ചു ഞെക്കുന്നു.' കല്ലറകളുംകയറി ഞാൻ ശ്മശാനമണ്ണിലൂടെ നടക്കുകയാണു്. കൂരിരുട്ടായതുകൊണ്ടു് പാദങ്ങൾ ഒന്നിൽ കൂടുതൽ തവണ ശ്മശാനശിലകളിൽ തട്ടി. ഒരുതവണ ഞാനൊരു ശവക്കുഴിയിലേക്കു വീഴാൻതന്നെപോയി. പ്രേതങ്ങളിൽനിന്നു് രക്ഷപ്രാപിക്കുന്നതിനുള്ള ഏതെങ്കിലും മന്ത്രങ്ങൾ അറിയാമായിരുന്നെങ്കിൽ എന്നു് ഞാൻ വിചാരിച്ചു. ദേവന്മാരുമായി രമ്യപ്പെടാമായിരുന്നു. ചുറ്റും അന്ധകാരവും ഏകാന്തതയും. എന്റെ ഹൃദയംനിറയെ ഭയവും സംശയങ്ങളും. ഞാനാലോചിച്ചു. ശവക്കുഴിയിൽനിന്നും ഒരു ദേവൻ എണീറ്റുവന്നു് എന്റെ കൊങ്ങക്കു പിടിച്ചാൽ ഞാനെന്തു ചെയ്യും.

"ഇരുട്ടിൽനിന്നും പ്രേതത്തെപ്പോലുള്ള ഒരു രൂപം ഉയർന്നു് എന്റെ മുഖത്തു പെട്ടെന്നു് അടിച്ചു. എന്റെ കഴുത്തിൽ ആ രൂപത്തിന്റെ മെലിഞ്ഞ കൈവിരലുകൾ മുറുകിയിരിക്കുന്നതുപോലുള്ള ഒരനുഭവം.'' ആ രംഗത്തിന്റെ ഭയാനകത കാണിക്കുന്നതിനുവേണ്ടി അയാൾ ആ രംഗം അഭിനയിച്ചുതന്നെ കാണിച്ചു. "അവസാനം എനിക്കുതോന്നി അവ ദേവന്റെ വിരലുകളായിരിക്കുമെന്നു്. പക്ഷെ പിന്നെയും ഒരു സംശയം. ഒരു ദേവനു് എന്നോടു ചെയ്യാവുന്ന ഏറ്റവും വലിയ കഷ്ട് എന്നെ അങ്ങു്

കൊന്നുകളയുക എന്നതാണ്. കുതറി രക്ഷപ്പെട്ടാലെന്താ. ഒരാലോചന. ഞാൻ കയ്യുയർത്തി എൻെറ കഴുത്തിൽ മുറുകെപിടിച്ചിരിക്കുന്ന ആ രൂപത്തിൻെറ കയ്യുകൾ തട്ടിനീക്കി. ഉടനെ കണ്ട കാഴ്ച! എൻെറ മുമ്പിലുള്ള ഒരു കുഴിമാടത്തിൻെറ മുകളിൽ ഒരുണങ്ങിയ മരക്കൊമ്പും അതിലൊരു വലിയ കടലാസ്സും. മരത്തിൻെറ കൊമ്പ് ആരോ ശവത്തെമൂടി മീതെ കുഴിച്ചിട്ടിരുന്നതാണ്. പ്രാർത്ഥനകളെഴുതിയ ഒരു വലിയ കടലാസ്സാണ് അതിൽ തൂക്കിയിട്ടിരുന്നത്.'' ഇരുപതുകൊല്ലംമുമ്പ് നടന്ന ആ സംഭവത്തിൻെറ തമാശയോർത്ത് അയാൾ പൊട്ടിച്ചിരിച്ചു. "സാധാരണയായി പ്രാർത്ഥനകൾ കടലാസ്സിലെഴുതി ഒരുവഴിയിൽ തൂക്കുകയാണു പതിവ്. പക്ഷെ അവിടെ കുത്തിയിരുന്നത് ഒരു മരത്തോളംതന്നെ വലിപ്പമുള്ള ഒരു വലിയ മരച്ചില്ലായിരുന്നു."

ആ സംഭവത്തിൽനിന്നും ഒരുകാര്യം ഞാൻ പഠിച്ചു. അന്ധവിശ്വാസങ്ങൾ നിറഞ്ഞ ഒരു മനുഷ്യൻ ഇരുട്ടിലൂടെ നടക്കുന്നുവെന്നു വിചാരിക്കുക. അയാളെ ഭയപ്പെടുത്താൻ ഒരു കടലാസ്സുകഷണം മാത്രംമതി. പക്ഷെ ധൈര്യത്തോടെ ചെന്നാൽ അതൊരു മരച്ചില്ലിയും കടലാസ്സുമാണെന്നു എളുപ്പത്തിൽ മനസ്സിലാകും. ദേവനുമല്ല, പ്രേതവുമല്ല. ദേവന്മാരെയും പ്രേതങ്ങളെയുംകുറിച്ച് ധാരാളം കഥകൾ ഞങ്ങളുടെ ഗ്രാമത്തിൽ പ്രചാരത്തിലുണ്ട്. ആ രാത്രി ഞാൻ ഭയന്നോടിയെങ്കിൽ അത്ഭുതകരമായ ഒരു പ്രേതകഥ തൊനം പറഞ്ഞേനെ. ഇതെല്ലാം ശുദ്ധ അബദ്ധങ്ങളാണ്. ക്ഷേത്രങ്ങളിലെ ദേവന്മാരെല്ലാം മനുഷ്യഹസ്തനിർമ്മിതങ്ങളാണ്. അവരുടെ ആകൃതിയും മനുഷ്യരുടേതുപോലെതന്നെ. പിന്നെയെങ്ങനെയാണവരെ സ്വർഗ്ഗത്തുനിന്നും വന്ന ദേവന്മാരായി കണക്കാക്കുന്നത്? ഞങ്ങളുടെ ഗ്രാമം വിമോചിതമായ ഉടനെ ക്ഷേത്രത്തിലേക്കോടി അവിടെയുണ്ടായിരുന്ന ബിംബങ്ങളത്രയും, ദേവന്മാരുടെ ചിത്രങ്ങളും ദൂരെവലിച്ചെറിഞ്ഞത് ഞാനായിരുന്നു. ഞാൻ അവരോട് പറഞ്ഞു. 'നിങ്ങൾ

ദേവന്മാരാണെങ്കിൽ ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. എന്നെ നിങ്ങൾ തടയുക.' പക്ഷെ അവ ശിലകളായിരുന്നു. വെറും ശിലകൾ. എന്നെ ഒന്നുംതന്നെ ചെയ്യുവാൻ അവക്ക് കഴിഞ്ഞില്ല. ഒന്നുംതന്നെ ചെയ്യാൻ......"

ഭൂതകാലചരിത്രത്തിൻെറ വിശദാംശങ്ങളിലേക്കു ഇറങ്ങിച്ചെല്ലണ്ട. നിങ്ങളുടെ വിപ്ലവജീവിതത്തിൻെറ ഏടുകൾ മറിച്ചാൽമതി. ദൈവങ്ങളോടു മല്ലടിച്ച ആ മനുഷ്യനോടു ഞാൻ പറഞ്ഞു.

"നിങ്ങളുടെ ചോദ്യമിതാണല്ലൊ. എന്നിലും എന്നെപ്പോലുള്ള മററു കൃഷിക്കാരിലും ഈ വിപ്ലവകരമായ പരിവത്തനം എങ്ങനെയുണ്ടായി? കമ്മ്യൂണിസ്ററുകാരുടെയും ചുവപ്പുപടയുടെയും ശിക്ഷണമാണോ അതിനു കാരണം? അല്ല. വാസ്തവത്തിൽ ജാപ്പാൻകാരും അവരുടെ മൃഗീയ വാഴ്ചയുമാണു് ഞങ്ങളിൽ വിപ്ലവത്തിൻെറ ആദ്യവിത്തുകൾ പാകിയതു്. ജാപ്പാൻകാരുടെ ചൂഷണം വർദ്ധിച്ചുവന്നതോടെ ഞങ്ങളുടെ ജാപ്പ്‌വിരോധവും വർദ്ധിച്ചുവന്നു. ജാപ്പ് ചൂഷണത്തിൽനിന്നും മോചനം നേടുന്നതിനെക്കുറിച്ചായി ഞങ്ങളുടെ ചിന്തകൾ. തീരെ രാഷ്ട്രീയബോധമില്ലാത്ത സാധാരണകൃഷിക്കാർകൂടി ജാപ്പ്‌ശത്രുക്കളെ തുരത്തുന്നതിനെപ്പററി സംസാരിക്കുവാൻതുടങ്ങി. കഷ്ടപ്പാടുകളിൽനിന്നും അവശതകളിൽനിന്നുമാണു് ആ ആശയങ്ങൾ രൂപം കൊള്ളുന്നതു്. അത്തരം ഒരാശയമാണു് ഞങ്ങളെ കമ്മ്യൂണിസ്റ്റനുഭാവികളാക്കിയതും, ചെമ്പടയിൽ ചേരാൻ പ്രേരിപ്പിച്ചതും. സാമ്രാജ്യദുർമ്മോഹികളെ ഓടിക്കുന്നതിനുമാത്രമല്ല, ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനുവേണ്ടിയും പാടുപെടുന്ന ഒരേ ഒരുകൂട്ടർ അവർ മാത്രമാണെന്നു് ഞങ്ങൾക്കു എളുപ്പം മനസ്സിലായി.

"1937ആഗസ്റ്റിലാണെന്നു തോന്നുന്നു, ജാപ്പാൻകാർ ഞങ്ങളുടെ ഗ്രാമം കീഴടക്കിയതു്. ജാപ്പ്‌പട്ടാളത്തിൻെറ ആഗമനവാ

ത്ത അറിയുന്നതോടെ എല്ലാവരും വിളഞ്ഞുനില്ക്കുന്ന ധാന്യങ്ങളും ഗ്രാമങ്ങളും ഉപേക്ഷിച്ച് ഓടുക പതിവാണ്. സമ്പന്നന്മാരെല്ലാം ഉൾഭാഗങ്ങളിലുള്ള പട്ടണങ്ങളെ അഭയംപ്രാപിക്കും. സാധാരണ കൃഷിക്കാരും ജീവനുവേണ്ടി ഓടും. പക്ഷെ, അവർ എവിടേക്കോടും? കുറച്ചോടിക്കഴിഞ്ഞ്, തിരിച്ചുവന്നവർ വയലുകളിൽ പതുങ്ങിക്കഴിയുന്നു. ധാന്യങ്ങൾ വളർച്ചയെത്തി വിളഞ്ഞുനില്ക്കുന്നതുകൊണ്ട് വയലുകളിൽ ഒളിച്ചുകഴിയുന്നതിനു നല്ല സൗകര്യമുണ്ടായിരിക്കും. പക്ഷെ അവിടെയും രക്ഷയില്ല. കുഴപ്പം ആരംഭിക്കുകയാണ്. ജാപ്പാൻകാർ വെട്ടുകിളികളെപ്പോലെ ധാന്യം കൊയ്തെടുക്കുവാൻ തുടങ്ങുന്നു. പിന്നെ ഒളിക്കുവാൻ സങ്കേതമുണ്ടോ? വേറെ രക്ഷാമാർഗ്ഗമൊന്നുമില്ലാത്തതുകൊണ്ട്, എന്തെങ്കിലും വരട്ടെയെന്നു പൊറുപൊറുത്തുകൊണ്ട് ഞങ്ങൾ പുറത്തേക്കു വരുന്നു. അതോടെ ജാപ്പ്കാട്ടാളന്മാർ ഞങ്ങളിൽ ചാടിവീണ് മർദ്ദനമാരംഭിക്കുകയായി. ഞങ്ങളുടെ വീട്ടുമൃഗങ്ങളെ അവർ പിടിച്ചുകൊണ്ടുപോകും. ഒരൊററ പെണ്ണിനുപോലും അതകാലന്മാരുടെ കയ്യിൽനിന്നും രക്ഷയില്ല. നാട്ടിലുള്ളത്ര ആഹാരസാധനങ്ങളും, തടിമിടുക്കുള്ള ചെറുപ്പക്കാരെയും ജപ്പാൻകാർ കൊണ്ടുപോകും. ഞങ്ങളുടെ ചെറുപ്പക്കാരെകൊണ്ടവർ സാമാനം ചുമപ്പിക്കുകയും, ടഞ്ചുകൾ കുഴിപ്പിക്കുകയും ചെയ്യും. ഗ്രാമത്തിൽ ശേഷിക്കുന്നവർ പട്ടിണിയാണ്. ഇലയും പുല്ലുംതിന്ന് മാസങ്ങൾതന്നെ ഞങ്ങൾ ജീവിക്കും. ഞങ്ങളെ ക്രൂരമായി മർദ്ദിക്കുകയും നിസ്സാര കാരണങ്ങൾക്കായി വെടിവയ്ക്കുകയും ചെയ്യും. വയലുകളിൽ അവിടവിടെയായി വിത്തിറക്കി പഴയതുപോലെ കൃഷിതുടങ്ങി ജീവിതം രണ്ടാമത് ആരംഭിക്കുമ്പോഴേക്കും ജാപ്പാൻകാർ വെട്ടിക്കിളികളെപ്പോലെ വീണ്ടും വരികയായി. അവർ ഞങ്ങളിൽനിന്ന് അമിതമായി ധാന്യമാവശ്യപ്പെടുകയും, ഞങ്ങളുടെ കുടിലുകളിൽ കയറി കൊള്ളയിട്ട് കരംപിരിക്കുകയും ചെയ്യുന്നു. പഴയതുപോലെ പിന്നെയും പെൺകിടാങ്ങളെ മോഷ്ടിക്കുകയും

ബലാൽസംഗം ചെയ്യുകയും ചെയ്യുന്നു. അതിൽ പ്രായമാകാത്ത കൊച്ചുപെൺകുട്ടികളും പെട്ടുപോകാറുണ്ടു്. ഞങ്ങളുടെ യാതനകളങ്ങനെ എണ്ണമററു വർദ്ധിച്ചതോടെ ഞങ്ങളുടെ ചിന്തകൾ ചുവപ്പുപടയെക്കുറിച്ചായി. ജനങ്ങൾ പരസ്പരം മന്ത്രിക്കുവാൻ തുടങ്ങുന്നു. 'ചെമ്പട വരുന്നതുവരെ കാത്തിരിക്കാം. അപ്പോൾ നമ്മൾക്കു രക്ഷയായി.' "

അദ്ദേഹം സംസാരിച്ചു തീരുന്നതിനുമുമ്പുതന്നെ ഞാൻ വീണ്ടുമൊരു ചോദ്യം ചോദിച്ചു. ശക്തിയായി തലകുലുക്കിക്കൊണ്ടദ്ദേഹം മറുപടി പറഞ്ഞു. "അല്ലഅല്ല, ഞങ്ങൾ ചെമ്പടയെപ്പററി കേൾക്കുന്നതു് ആദ്യമായിട്ടല്ല. പണ്ടുമുതലെ ഞങ്ങളവരെപ്പററി കേട്ടിട്ടുണ്ടു്; അതിന്റെ വിഭാഗങ്ങളെ കണ്ടിട്ടുമുണ്ടു്. അതിങ്ങനെയാണു സംഭവിച്ചതു്. 1938-ലാണു്. അന്നെനിക്കു പത്തൊമ്പതു വയസ്സു പ്രായമാണു്. അക്കൊല്ലം വലിയ വരൾച്ച ഉണ്ടായിരുന്നതുകൊണ്ടു് വേണ്ട ധാന്യങ്ങൾ ഉല്പാദിപ്പിക്കാൻ ഞങ്ങൾക്കു കഴിഞ്ഞില്ല. അതുകൊണ്ടു് സയാനിൽ റോഡുപണി ലഭിക്കുന്നതിനുവേണ്ടി ഒരു സംഘം റോഡുപണിക്കാരുടെകൂടെ ഞാനും പോയി. പഴയ റോഡുകൾ നന്നാക്കുന്നതിനുപുറമെ ക്രമിന്താങ്ങിനുവേണ്ടി അവിടെ പുതിയറോഡുകൾ പണിയുകയും ചെയ്തുകൊണ്ടിരുന്നു. ചുവപ്പു പ്രദേശങ്ങളിലുള്ള കമ്മ്യൂണിസ്ററുകാരെ ആക്രമിക്കുന്നതിനുവേണ്ടിയാണു് ഗവണ്മെൻറുസേനകൾക്കുവേണ്ടി ഈ പുതിയ റോഡ് വേഗം പണിയുന്നതെന്നു് ഞങ്ങളെയറിയിക്കുകയുണ്ടായി. അന്നാണു് ഞാനാദ്യമായി അവരെപ്പററി കേൾക്കുന്നതു്. ജനങ്ങളെ കൂട്ടക്കൊല ചെയ്യുകയും, ഗ്രാമങ്ങൾ കൊള്ളയടിക്കുകയും, വിളവുകൾ തീയിട്ടു നശിപ്പിക്കുകയും ചെയ്യുന്നവരാണു് കമ്മ്യൂണിസ്ററുകൾ എന്നാണു സർക്കാരുദ്യോഗസ്ഥന്മാർ പറഞ്ഞിരുന്നതു്. ചെമ്പട കൊള്ളക്കാരുടെ സംഘടനയായിരുന്നതുകൊണ്ടു് ഞങ്ങൾക്കാദ്യം വെറുപ്പും വിദ്വേഷവും തോന്നി. സർക്കാരുദ്യോഗസ്ഥന്മാർ അവർ പറയുന്ന കൊള്ളക്കാ

രെക്കാരം ഒട്ടുംതന്നെ ഭേദപ്പെട്ടവരല്ല. അതുകൊണ്ടു് അവർ പറയുന്നതു മുഴുവനും വിശ്വസിച്ചുകൂടാ.

"യാത്രാമദ്ധ്യേ ചെമ്പടയെ കാണുമെന്നു് ഞാൻ വാസ്തവത്തിൽ സയാനിലേക്കു പുറപ്പെട്ടപ്പോരം വിശ്വസിച്ചിരുന്നില്ല. യാദൃഛികമായിട്ടാണതു സംഭവിച്ചതു്. അങ്ങു് വടക്കുകിഴക്കുഭാഗത്താണു് സയാൻ. പിന്നീട് ഇവിടെ വച്ചാണു് യങ്ങ്മാർഷൽ ചിയാങ്ങ്കൈഷക്കിനെപിടികൂടി ജാപ്പാനോടു പൊരുതുന്നതിനായി കമ്മ്യൂണിസ്റ്റുകാരുമായിഒരൈക്യമുന്നണിയുണ്ടാക്കുവാൻ നിർബന്ധിച്ചതു്. ചുററുപാടുമുള്ള പ്രദേശങ്ങരം കമ്മ്യൂണിസ്റ്റുപട വളഞ്ഞിരിക്കുകയാണെന്നും അവിടെനിന്നും ഞങ്ങരംക്കിനി രക്ഷപ്പെടാൻ പ്രയാസമാണെന്നും ഹാങ്ങ്ചാങ്ങിനു സമീപമുള്ള പാഓ ചെങ്ങ് എന്ന സ്ഥലത്തു് എത്തിയപ്പോരം ഞങ്ങരംക്കു മനസ്സിലായി. ഒരു കൂട്ടക്കൊലയായിരിക്കും ഫലമെന്നു ഞങ്ങളിൽ ചിലർ തീച്ചപ്പെടുത്തി. മററുചിലക്കൊരു സംശയം. നമ്മരം പാവപ്പെട്ട തൊഴിലാളികളല്ലേ. അവർ നമ്മെ കൊല്ലുമോ, നമ്മളെ കൂട്ടക്കൊലചെയ്തിട്ടവക്കെന്തുകിട്ടാനാ? ഏറെതാമസിയാതെതന്നെ ഞങ്ങരം പാട്ടളകമാൻഡറുടെ മുമ്പിൽ ഹാജരാക്കപ്പെട്ടു. അവിടെവച്ചു് ഞങ്ങരം ചുവപ്പുപടയിലെ അംഗങ്ങളെകണ്ടു. അത്ഭുതമെന്നു പറയട്ടെ അവരിൽ സ്വല്പംപോലും 'ചുവപ്പ്' ഉണ്ടായിരുന്നില്ല. അവരുടെ തൊപ്പികളിൽ കണ്ടിരുന്ന ആ ചുവപ്പു് നക്ഷത്രചിഹ്നമില്ലായിരുന്നെങ്കിൽ അവർ ഞങ്ങളെപ്പോലെതന്നെയുള്ള സാധാരണ കൃഷിക്കാരായിരുന്നേനെ. ഒരു വ്യത്യാസമാത്രം. അവരുടെ എല്ലാവരുടെയും കയ്യുകളിൽ തോക്കുകളുണ്ടായിരുന്നു. ഞങ്ങരം തോക്കുകരം ചുമന്നിട്ടില്ല. യൂണിഫാറവും കണ്ണടയും ധരിച്ചിരുന്ന പട്ടാളക്കമാൻഡർ ശാന്തവദനനായിരുന്നു. ഒരു പട്ടാളക്കാരന്റേതിനേക്കാരം കൂടുതലായി ഒരു പണ്ഡിതന്റെ ഭാവമാണു് അദ്ദേഹത്തിനുണ്ടായിരുന്നതു്. ഞങ്ങളെ വെടിവയ്ക്കാൻ ഉത്തരവിടുന്നതിനുപകരം സ്ഥലത്തെ ജന്മിയുടെ പശുവിനെകൊന്നു് ഞങ്ങരംക്കു ആഹാരം തരാനാണദ്ദേഹം ആദ്യമായി ഉത്തരവിട്ടതു്.

അതൊരു സദ്യതന്നെയായിരുന്നു. ആചാരങ്ങളിലും കീഴ്‌വഴക്കങ്ങളിലുമുള്ള വിശ്വാസംകൊണ്ടു് ഞങ്ങളിൽ പലക്കും ആ ഭക്ഷണം കഴിക്കുവാൻ മടിയായിരുന്നു. ഞങ്ങൾക്കാഹാരം തന്നതിനുശേഷം ഞങ്ങളെ വിളിച്ചുകൂട്ടി അദ്ദേഹം കമ്മ്യൂണിസത്തെക്കുറിച്ചു സംസാരിക്കുവാൻ തുടങ്ങി......''

"കമ്മ്യൂണിസത്തെപ്പററി എന്താണദ്ദേഹം പറഞ്ഞതു്." മാർക്സിസ്റ്റ് തത്വസംഹിത സങ്കീർണ്ണവും ദുർഗ്രഹവുമാണു്. ചെമ്പടയിലെ ഒരു പട്ടാളത്തലവന്നു് അക്ഷരജ്ഞാനംപോലുമില്ലാത്ത കൃഷിക്കാരെ അതു് പറഞ്ഞു മനസ്സിലാക്കത്തക്ക കഴിവുണ്ടോ, സംശയത്തോടെ ഞാൻ ചോദിച്ചു.

"ഞാനതു് ശരിക്കു് ഓക്കുന്നു. അതെപ്പററി ഞാൻ പിന്നീടു് പലപ്പോഴും ആലോചിച്ചിട്ടുണ്ടു്. അദ്ധ്വാനിക്കുന്നവരെ ഒരു ശോഭനമായ ജീവിതം പടുത്തുയത്താൻ സഹായിക്കുന്ന ഒരു പുതിയ ചിന്താഗതിയും പ്രവത്തനമാർഗ്ഗവുമാണു് കമ്മ്യൂണിസം എന്നാണദ്ദേഹം പറഞ്ഞതു്. ചെമ്പട ജയിക്കുകയാണെങ്കിൽ എല്ലാ കൃഷിക്കാക്കും സ്വന്തമായ കൃഷിഭൂമി ഉണ്ടാകും. ജന്മിമാർ വസ്തു ഉടമകളായിരിക്കുകയില്ല. അദ്ധ്വാനിക്കുന്ന എല്ലാവക്കും ആഹാരം ലഭിക്കും. മറെറാരുത്തൻെറ അദ്ധ്വാനഫലത്തിൽ ജീവിക്കുവാൻ ആരെയും അനുവദിക്കുന്നതല്ല. ഇതാണദ്ദേഹം പറഞ്ഞതു്. ഞങ്ങൾക്കതു ശരിക്കും മനസ്സിലാകുന്നതായിരുന്നു. വിദേശികളായ സാമ്രാജ്യക്കൊതിയന്മാരെ ആട്ടിപ്പായിക്കുകയാണു് നാടിനെ സ്നേഹിക്കുന്ന ഓരോ ചൈനക്കാരൻെറയും പ്രഥമ കത്തവ്യമെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുകയുണ്ടായി. അതും ഞങ്ങൾക്കു മനസ്സിലാകുന്നതായിരുന്നു. കമാൻഡറുടെ വാക്കുകൾ കേട്ടു ഞങ്ങളറിയാതെതന്നെ കയ്യടിച്ചുപോയി. പെട്ടെന്നു്, ജന്മിമാരും ഉദ്യോഗസ്ഥന്മാരും, ക്രമിന്താങ്ങ് പട്ടാളക്കാരും ഓർമ്മയിൽ വന്നു! ക്രമിന്താങ്ങ് പട്ടാളത്തിനുവേണ്ടി റോഡു വെട്ടുവാൻ വന്നവരാണു് ഞങ്ങൾ. സാമ്രാജ്യക്കാരുടെ ഗൺബോട്ടുകൾ ഞങ്ങളോ

ത്തു. അതൊക്കെ, ഒരിക്കലും യാഥാർത്ഥ്യമാകാൻപോകുന്നില്ലാത്ത ഒരു സുന്ദര സ്വപ്നമായി ഞങ്ങൾക്കു തോന്നി. ചെമ്പടയോടു ഞങ്ങൾക്കു വെറുപ്പ് എന്നിട്ടുംതോന്നിയില്ല. സയാനിലേക്കു പോകാനുള്ള തീരുമാനം റദ്ദുചെയ്തു് സ്വഗൃഹങ്ങളിലേക്ക് മടങ്ങുകയെന്ന കമാൻററുടെ ഉപദേശം ഞങ്ങൾ സ്വീകരിച്ചു. ക്രമിന്താങ്ങ് പട്ടാളം മാർച്ചുതുടങ്ങി. ശത്രുവ്യൂഹത്തിൽ നിന്നും രക്ഷകിട്ടണമെങ്കിൽ സംഖ്യാബലം കുറഞ്ഞ ചെമ്പട വല്ല പർവ്വതനിരകളിലും പോയി അഭയം പ്രാപിക്കണമെന്ന വാർത്ത പിറെറദിവസം പൊട്ടിപ്പുറപ്പെട്ടു. ഞങ്ങൾ തീരുമാനിച്ചു. ഇതുകഴിഞ്ഞാൽ ഞങ്ങൾക്ക് ഈ പുതിയ സുഹൃത്തുക്കളിൽ നിന്നും അകലാം. സയാനിൽ പോകാം. ജോലി നോക്കാം. എങ്കിലും ഒരു വിഷമം. ചെമ്പടയെ ആക്രമിക്കുന്നതിന് സഹായിക്കുന്ന റോഡുകൾ പണിയുവാൻ ഞങ്ങൾക്കു മനസ്സുണ്ടായില്ല. അങ്ങനെ ഞങ്ങൾ മടങ്ങി. ആയാസംനിറഞ്ഞ നീണ്ട യാത്ര. ആ യാത്രക്കാലത്തു് ആഹാരത്തിനുവേണ്ടി എത്രതവണ യാചിക്കേണ്ടിവന്നിട്ടുണ്ടെന്നു് ഞാനിന്നും ഓർക്കുന്നു."

"ചെമ്പടക്കാർനിങ്ങളെവളരെ ആകർഷിച്ചുഇല്ലേ? 'ഞാൻ ചോദിച്ചു. "നിങ്ങളതിൽ ചേരുവാനാഗ്രഹിച്ചോ? ഇല്ലെങ്കിൽ എന്താണു കാരണം.'' പാർലമെൻറിലെ സംസാരം ശൈലിയിൽ ഞാൻ ചോദിച്ചു.

"പരമാർത്ഥംതന്നെ പറയാം. ചെമ്പടയെ എനിക്കിഷ്ടമായിരുന്നു. പക്ഷെ അതിൽ ചേരാൻ ഞാനാഗ്രഹിച്ചില്ല. എന്തൊക്കെയായാലും ഞാനൊരു കൃഷിക്കാരനല്ലെ പട്ടാളക്കാരനല്ലല്ലോ. തന്നെയല്ല......" അയാൾ മൌനമവലംബിച്ചു. സൂര്യരശ്മിയേററു പൊള്ളിയ ആ മുഖത്തു് ബാലിശമായ ഒരു പുഞ്ചിരിചുവപ്പു വീശി. "തന്നെയല്ല എൻെറ വിവാഹം തീർച്ചപ്പെടുത്തിയിരുന്നതിനാൽ ഞാൻ പ്രതീക്ഷകളോടെ കഴിഞ്ഞുകൂട്ടുന്ന ഒരവസരമായിരുന്നു അതു്."

ജാപ്പ വിരുദ്ധസമരം ചൈനക്കാരെ എങ്ങനെ കമ്മ്യൂണിസ്റ്റുകാരും ചെമ്പടയുമായി കൂടുതൽ അടുപ്പിച്ചുവെന്ന് പിന്നീടയാൾ വിവരിച്ചു.

ജാപ്പാൻകാർക്കെതിരായുള്ള സമരങ്ങളിൽ ജനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും, പിടിച്ചടക്കിയ സ്ഥലങ്ങളിലെ ജീവിതനിലവാരം ഉയർത്തുവാനും കഴിയുന്നവരാണ് കമ്മ്യൂണിസ്റ്റുകാരെന്ന ഹാങ്ങ്ചാങ്ങിൽവച്ച് ധരിച്ചിരുന്നതിൽ കൂടുതലായി ആദ്യകാലങ്ങളിൽ അവരെപ്പററി ഒന്നും തന്നെ ഞങ്ങൾക്കറിഞ്ഞുകൂടായിരുന്നു. എന്നാലും, ജാപ്പാൻകാരോടുള്ള പക വർദ്ധിച്ചപ്പോൾ, അടുത്തുള്ള കുന്നുകളിൽ എവിടെയോ താവളമടിച്ചിരുന്ന എട്ടാം പടയുമായി ബന്ധം പുലത്തണമെന്ന് ഞങ്ങളിൽ ചിലർ പരസ്പരം പറയാൻ തുടങ്ങി. ഗ്രാമത്തിൽ ഒരു ജാപ്പപട്ടാളകേന്ദ്രം തന്നെയുണ്ടായിരുന്നതുകൊണ്ട് ജനങ്ങൾക്ക വളരെ സൂക്ഷിക്കേണ്ടിയിരുന്നു. ആരെങ്കിലും എട്ടാംപടയുടെ പേരുപറയുന്നതു് ഒരു ജാപ്പാൻകാരനോ, അവൻെറ പിണിയാളോ കേട്ടാൽ മതി പറഞ്ഞവൻെറ കഥകഴിക്കാൻ. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ രാത്രികാലങ്ങളിൽ മുറിക്കകത്തിരുന്നാണ സംസാരിച്ചിരുന്നതു്. അതും വാതലടച്ചിട്ട്." ഒളിവിൽ നിന്നുകൊണ്ടുള്ള ജാപ്പ വിരുദ്ധപ്രക്ഷോഭണത്തെക്കുറിച്ചയാൾ വളരെ താണസ്വരത്തിലാണ സംസാരിച്ചതു്. പൊറുപൊറുക്കുന്നതു പോലെ. "എൻെറ ഹൃദയത്തിൽ ശത്രുവിദ്വേഷത്തിൻെറ അഗ്നി ആളിക്കത്തി. എന്നെപ്പോലുള്ള മററു ചിലരെക്കൂടി കണ്ടുമുട്ടിയപ്പോൾ ഞങ്ങളൊന്നിച്ചുചേന്ന് എട്ടാംപടയുമായി ബന്ധം പുലത്തുവാൻ തുടങ്ങി. ചില ഇരുട്ടുള്ള രാത്രികളിൽ ഞാൻ ഷെൽട്ടറുകളിൽനിന്നമിറങ്ങി സൂത്രത്തിൽ അവരുടെ സങ്കേതത്തിലെത്തും. ചിലപ്പോൾ കർഷകൻെറയോ, ആട്ടിടയൻെറയോ, യാചകൻെറയോ വേഷമണിഞ്ഞു് അവരിൽ ചിലർ ഞങ്ങളുടെ സമീപത്തേയ്ക്കുവരും. ജാപ്പ്പടയുടെപ്രവത്തനരഹസ്യങ്ങൾ ഞങ്ങള

വരെ അറിയിക്കുകയും, പകരം ശത്രുപക്ഷത്താക്രമണം നടത്തുന്നതിനുവേണ്ട വിദഗ്ദ്ധോപദേശവും ആയുധസാമഗ്രികളും ഞങ്ങൾക്കവർ തരുകയും ചെയ്തിരുന്നു. ജാപ്പാൻകാരുടെ മൂക്കിനുമുമ്പിൽവച്ചാണിതെല്ലാംതന്നെ നടന്നത്. ഓ. ആ പിശാചുക്കൾ ക്രൂരന്മാരും അതുപോലെതന്നെമണ്ടന്മാരുമായിരുന്നു....." അയാളുടെ പൊട്ടിച്ചിരിയിൽ അവജ്ഞയുടെ അപസ്വരമുണ്ടായിരുന്നു.

"അക്കാലങ്ങളിൽഞങ്ങളുടെ പ്രവർത്തനമെന്തായിരുന്നു. നിങ്ങൾക്കറിയേണ്ടേ? എൻെറ ധാരണ എല്ലാവർക്കും അറിയാവുന്ന ഒരു കഥയാണതെന്നാണ്. ശത്രുപക്ഷത്തുള്ള പട്ടാളക്കാരുടെ വഴി തടയുവാൻവേണ്ടിഞങ്ങൾ തീവണ്ടിപ്പാളങ്ങൾതകർക്കുകയുംവൈദ്യുതക്കമ്പികൾ മുറിക്കുകയും, ശത്രുക്കളുടെ ട്രക്കുകളും ടാങ്കുകളും ചാടുവാൻ റോഡിൽ കിടങ്ങുകൾ താഴ്ത്തുകയും ചെയ്തിരുന്നു. ഗറില്ലകളുടെ ഈശ്ശ്രപ്രവർത്തനങ്ങളെക്കുറിച്ചുകേട്ട്പ്പോൾ ജനങ്ങൾ സന്തോഷിക്കുകയാണുചെയ്തത്. പരസ്യമായി സംസാരിക്കാൻ വയ്യെങ്കിലും രഹസ്യമായി അവർ അതെപ്പററി സംസാരിച്ചു. ആ സംസാരത്തെ തടയുന്നതിന് ജാപ്പ്തോക്കുകൾക്കോ, വിമാനങ്ങൾക്കോ, ടാങ്കുകൾക്കോ കഴിഞ്ഞില്ല."

"ഈ ഗറില്ലാസമരത്തിൽ ഞാൻമററുള്ളവരെയപേക്ഷിച്ച് കൂടുതൽ പങ്കുകൊണ്ടു. അതുകൊണ്ടുതന്നെയാണെന്നുതോന്നുന്നു കമ്മ്യൂണിസ്ററുപാർട്ടിയിൽ ചേരാൻ എനിക്കിഷ്ടമാണോ എന്നൊരു സന്ദേശം എനിക്കു ലഭിച്ചത്. ചോദിക്കാനുണ്ടോ. ഞാനുടനെതന്നെ സമ്മതിച്ചു. ജാപ്പവിരുദ്ധസംഘങ്ങളിൽഞങ്ങൾക്കാവേശം നൽകിയ പേരുകളാണ് മാവോ യുടേതും ചൂട്ടേയുടേതും. അവരുടെ പാർട്ടിയിൽ അംഗമാകുകയെന്നത് അഭിമാനാർഹമായ ഒരു സംഗതിയായിരുന്നു. പ്രത്യേകിച്ച് ഇന്നെനിക്ക് ഈവസ്തുത കൂടുതൽ അഭിമാനത്തിനു വകതരുന്നുണ്ട്.

"ഏതുവിഭാഗത്തിലാണ് ഞാൻ പ്രത്യേകമായി പ്രവർത്തി

ച്ചതെന്നു നിങ്ങൾ ചോദിക്കുന്നു എല്ലാ സംഭവങ്ങളും ഞാനോ ക്കുന്നില്ല. എങ്കിലും ചിലതൊക്കെ പറയാം." കയ്യുകൾ ഉയർത്തി ക്കാണിച്ചുകൊണ്ടയാൾ തുടൻ. "അനവധി ജാപ്പാൻകാരെയും ഒന്നിലധികം ദേശസ്നേഹികളുടെ മരണത്തിനുത്തരവാദിയായ ജാപ്പ് ഏജൻറിനേയും കൊന്ന കൈകളാണിതു്. ആരോ ആ ജാപ്പ് ഏജൻറിനു് എന്തൊക്കെയോ കുടിക്കുവാൻ കൊടുത്തു. ഞാൻ ഓറഞ്ചുപിഴിയുന്നതുപോലെ അവൻെറ കഴുത്തു് ഞെക്കി."കൈകൾ കൊണ്ടു് സ്വന്തം കഴുത്തു് ഞെക്കിക്കാണിച്ചുകൊണ്ടയാൾ തുടൻ. "മനുഷ്യരെ കൊല്ലുന്നതിൽ എനിക്കു് പ്രത്യേകരസമൊന്നുമുണ്ടെന്നു് വിചാരിക്കേണ്ട. എങ്കിലും കുറച്ചുവെള്ളിക്കാശിനു വേണ്ടി സ്വന്തം നാട്ടിനെ ഒരു ശത്രുവിനു വിററ ഒരു ദേശദ്രോഹിയെ കൊല്ലുന്നതിൽ എനിക്കു തീരെ മടിയുണ്ടായിരുന്നില്ല. ശത്രുവിനുവേണ്ടി ചാരവൃത്തി ചെയ്തിരുന്ന യാങ്ങ് എന്ന ഒരുജാപ്പ് അനുഭാവിയിൽ നിന്നും മററൊരവസരത്തിൽ ഞാനൊരു തോക്കു് പിടിച്ചെടുക്കുകയുണ്ടായി.

"കൂടുതൽ രസകരമായ മററൊരു സംഭവം പറയാം. ഞങ്ങളുടെ ഗ്രാമത്തിനു സമീപം ഒരു ജാപ്പനീസ് സങ്കേതമുണ്ടായിരുന്നു. അതിൻെറ അടുത്തുകൂടി നടക്കുന്നതിനുപോലും ആരെയും അനുവദിച്ചിരുന്നില്ല. ഒരു ദിവസം അതിലെ കടന്നുപോകാനിടയായ ചില കൃഷിക്കാരെ ജാപ്പുകാലന്മാർ വെടിവെച്ചുവെന്ന വാർത്ത ഞങ്ങൾ കേട്ടു. ഞാൻ ഞെട്ടിപ്പോയി. പിറേറദിവസം തന്നെ തക്കതായ പ്രതികാരം ചെയ്യണമെന്നു ഞാൻ തീർച്ചപ്പെടുത്തി. യൂണിഫോറവും, ബൂട്ട്സും, മെഡലുകളും കണ്ണടയും ധരിച്ചു് ഞാനൊരു ജാപ്പ് ഓഫീസരുടെ വേഷം ചമഞ്ഞു. ഇതെല്ലാം എവിടെനിന്നു കിട്ടിയെന്നു നിങ്ങൾക്കത്ഭുതം തോന്നും. ഗറില്ലാഗ്രൂപ്പുകൾ കൊന്നുകളഞ്ഞ ജാപ്പാൻകാരിൽനിന്നുമാണു ഞാനിതെല്ലാം സമ്പാദിച്ചതു്. പ്രച്ഛന്നവേഷനായി ഞാൻജാപ്പ്സങ്കേതത്തിൽ ചെന്നു കയറി. എന്തിനുപറയുന്നു അന്നവർ പരി

KOTTAYAM PUBLIC LIBRARY KOTTAYAM.

പൂൎണ്ണമായി വഞ്ചിതരായി. ഞാൻ ചെന്നാളുടനെ പട്ടാളക്കാർ, എണ്ണീററുനിന്നു് എന്നെ സല്യൂട്ടുചെയ്തു. അവർ അഞ്ചുപേരുണ്ടായിരുന്നു. പാറാവുകാരന്റെ കയ്യിൽ ഒരു തോക്കും ഉണ്ടായിരുന്നു. അടുത്തുവന്നു തോക്ക തട്ടിപ്പറിച്ചു ഞാനവന്റെ മാറിലേക്കു നിറയൊഴിച്ചു. തൽക്ഷണം അവൻ മരിച്ചുവീണു. മറെറാരുത്തൻ ഓടിവന്നു് അവന്റെ തോക്കെടുത്തു് എന്നെ വെടിവച്ചു. പരിഭ്രമംകൊണ്ടവന്റെ കൈ വിറച്ചതുനിമിത്തം ഉന്നം പിഴച്ചു് വെടിയുണ്ട എന്നെ തൊടാതെപോയി. പക്ഷെ എന്റെ ഉന്നം തെററിയില്ല. അതു തെററിയിരുന്നെങ്കിൽ ഞാനിന്നിതുപോലെ നിങ്ങളോടു സംസാരിക്കുമായിരുന്നില്ല." എന്നെനോക്കി ചിരിച്ചുകൊണ്ടയാൾ തുടൎന്നു. "രണ്ടുപേർ വെടിയുണ്ടയ്ക്കിരയായി. ബാക്കി മൂന്നുപേരെ ഞാനറസ്ററുചെയ്തു. എന്നിട്ടും സ്വന്തം ഭടന്മാരുടെ നേരെ ഈ ജാപ്പ് ഓഫീസർ എന്താണു വെടിവയ്ക്കുന്നതെന്നവർ അത്ഭുതപ്പെടുകയായിരുന്നു. അത്രയ്ക്കുമുണ്ടവരുടെ മണ്ടത്തരം."

വേഷംമാററം അത്രയ്ക്കു് തന്മയത്വമായിരുന്നതുകൊണ്ടാണു് അവർക്കു മണ്ടത്തരം പിണഞ്ഞതെന്നു ഞാനഭിപ്രായപ്പെട്ടു. "നിങ്ങൾ ഒരു നടനാകേണ്ടതായിരുന്നു." ഒരു റിമാൎക്കുപോലെ ഞാൻ പറഞ്ഞു.

അതുകേട്ടപ്പോൾ ഹോചിൻസാനു രസം തോന്നി. "അതു തന്നെയാണു് അന്നെന്റെ സഖാക്കളും പറഞ്ഞതു്. എട്ടാംപടയിലെ ജനകീയകലാകാരന്മാർ ഈ സംഭവത്തെ ഒരു നാടകമാക്കി പലസ്ഥലങ്ങളിലും അഭിനയിച്ചിട്ടുണ്ടു്. 'ധവളകേശി' എന്ന ചിത്രത്തെപ്പോലെതന്നെ ഞാനും പ്രശസ്തനാണെന്നു് സുഹൃത്തുക്കൾ എന്നെ കളിയാക്കാറുണ്ടായിരുന്നു.

"ജാപ്പ് സാമ്രാജ്യവാദികൾക്കെതിരായ സമരം തുടൎന്നുകൊണ്ടേയിരുന്നു. ഞാൻ ഒരു ചെറിയ ഗറില്ലായൂണിററിന്റെ നേതാവായി. ആദ്യം പത്തംഗങ്ങൾമാത്രമുണ്ടായിരുന്ന ഈ യൂണിററിന്റെ അംഗസംഖ്യ രണ്ടുവർഷം കഴിഞ്ഞപ്പോഴേയ്ക്കും എഴുപതായി വർ

ഡിച്ചു. ഒരിക്കൽ എൻെറ പ്രവൎത്തനങ്ങളെക്കുറിച്ചു ജാപ്പാൻ കാർ അറിയുവാനിടയായി. അവർ എന്നെ രഹസ്യമായി പിന്തുടൎന്നതുകൊണ്ടു് എനിക്കു് ആയിടയ്ക്കു് ഒളിവിൽ താമസിക്കേണ്ടി വന്നു. എൻെറ തലയ്ക്കുവർ രണ്ടു മില്ല്യൺഃഡാളർ വാഗ്ദാനംചെയ്തു. ജീവനുള്ള തലയോ മരിച്ച തലയോ മതി. എങ്കിലും മരിച്ച തല കിട്ടുവാനായിരിക്കണം അവർആഗ്രഹിച്ചിരുന്നതു്. ജാപ്പാൻ കാരെയോ, അവരുടെ നാടൻ കളിപ്പാവകളെയോ കിട്ടിയാൽ ഉടനെതന്നെ കൊന്നുകളയുന്ന പതിവു ഞങ്ങൾക്കുണ്ടായിരുന്നില്ല. പിടികൂടിയാൽഉടനെ എട്ടാംപടയുടെതാവളസ്ഥലത്തേക്കു് അയച്ചുകൊള്ളണമെന്നായിരുന്നു ഞങ്ങൾക്കുള്ളനിർദ്ദേശം. ഒരുസ്ഥലത്തുനിന്നും മറെറാരുസ്ഥലത്തേക്കു് ഇടയ്ക്കിടയ്ക്കു നീങ്ങിക്കൊണ്ടിരുന്ന ഹെഡ്ക്വാർട്ടേഴ്സ് കണ്ടുപിടിക്കുക പ്രയാസമാണെങ്കിലും ആ നിർദ്ദേശമനുസരിക്കുവാൻ ഞങ്ങൾ നിർബന്ധിതരായിരുന്നു.

"ജാപ്പ്സമരത്തിനുശേഷം ക്ഷമിന്താങ്ങുകാരോടും ഇതുപോലെതന്നെയാണു ഞങ്ങൾ പടപൊരുതിയിരുന്നതു്. രണ്ടു ശത്രുക്കളുംതമ്മിൽ വലിയ വ്യത്യാസമൊന്നുമുണ്ടായിരുന്നില്ല. ജാപ്പ് സംഘട്ടനം അവസാനിപ്പിച്ച ഉടൻതന്നെ ക്ഷമിന്താങ്ങ്കാർ ഞങ്ങളുടെ ഗറില്ലകളുടെമേൽ ഭീകരമായ ഒരാക്രമണം അഴിച്ചുവിട്ടു. ഒരു പുതിയ സമരം അങ്ങനെ വീണ്ടും പൊട്ടിപ്പുറപ്പെട്ടു. പത്തുവർഷം നീണ്ടുനിന്ന ജാപ്പ്സംഘട്ടനംകൊണ്ടു ഞങ്ങളാകെ തളൎന്നിരിക്കുകയായിരുന്നു. എങ്കിലും ക്ഷമിന്താങ്ങുകൾ ഞങ്ങളെ നിർബാധം കൊലചെയ്യാൻ തുടങ്ങിയപ്പോൾ, ഗറില്ലാവിഭാഗങ്ങളെ ശക്തിപ്പെടുത്തി വീണ്ടും യുദ്ധംചെയ്യേണ്ടതായി വന്നുകൂടി. കൈ നീട്ടിക്കാണിച്ചുകൊണ്ടയാൾ തുടൎന്നു. "ഇതുനോക്കു! ഒരു ജാപ്പാനീസ്കൈബോംബു് തറച്ചതാണിവിടെ." കൈപ്പത്തിയിലുണ്ടായ കറുത്ത പാടു ഞാൻ കണ്ടു. അസ്ഥികൾക്കു് എന്തോ ഹാനിസംഭവിച്ചിരുന്നതിനാൽ വിരലുകൾ സ്വല്പം വളഞ്ഞിരുന്നു. കാലിലെ ട്രൌസർ തെറുത്തുകയററിക്കാണിച്ചുകൊണ്ടു യാൾ വീണ്ടും പറഞ്ഞു, "ഇതു ക്ഷമിന്താങ്ങു ബുള്ളററുകൾ കയറി

യതാണു്. കറുത്ത വലിയ പാടുകൾ. ജാപ്പാനും ക്രമിന്താങ്ങും തമ്മിൽ വലിയ വ്യത്യാസമില്ല. ജാപ്പാനെ ആട്ടിയോടിച്ചതുപോലെതന്നെ ഞങ്ങൾ ക്രമിന്താങ്ങിനെയും തുരത്തി. ആ ജാപ്പ്സംഘട്ടനകാലത്തുതന്നെ ഞങ്ങളിൽ പുതിയ ചിന്താഗതികൾ വേരുറച്ചിരുന്നു. പണ്ടത്തെ അക്ഷരജ്ഞാനമില്ലാത്ത കൃഷിക്കാരല്ല ഇന്നു ഞങ്ങൾ. ജനകീയവിമോചനസേന ക്രമിന്താങ്ങിനെ ആക്രമിക്കുവാൻ തയ്യാറായപ്പോൾ ഞങ്ങളുടെ ഗറില്ലകൾ സഹായഹസ്തവുമായി പടയണിയിലേക്കു ചെന്നു. ശത്രുവിന്റെ അടവുകളും മാർഗ്ഗങ്ങളും ഞങ്ങൾക്കു് നന്നായി അറിയാമായിരുന്നു. പഴയ സംഘട്ടനത്തോടു താരതമ്യപ്പെടുത്തുമ്പോൾ ഒരു വ്യത്യാസം മാത്രമെയുണ്ടായിരുന്നുള്ളു. ഈ പ്രാവശ്യത്തെ ശത്രു വിദേശിയായിരുന്നില്ല. രാജ്യത്തിനകത്തുതന്നെയുള്ള ഒരു ശത്രു!

"വിമോചനസമരത്തിൽ വിമോചനസേനയോടൊപ്പം ഞാനും പൊരുതി. പീക്കിംഗ്ഹാങ്കോ റെയിൽവേയിലെ ആദ്യത്തെ സ്റ്റേഷൻ വിമോചിപ്പിക്കപ്പെട്ടപ്പോൾ ഞാനവിടെ ഉണ്ടായിരുന്നു. ഞങ്ങളുടെ ഗ്രാമം മുഴുവനും വിമോചനസേനയെ സഹായിച്ചുകൊണ്ടിരുന്നു. യുദ്ധംചെയ്യാൻപാടില്ലാത്ത വൃദ്ധന്മാർ മഞ്ചൽ ചുമന്നും, സ്ത്രീകൾ പട്ടാളക്കാർക്കു് ആഹാരസാധനങ്ങൾ പാകംചെയ്തുകൊടുത്തും വിമോചനസേനയെ സഹായിച്ചു. ആ സമരത്തിലാണു് എനിക്കു് എന്റെ ആറാമത്തെ മുറിവു് കാലിൽ പാറിയതു്. ഏഴുമാസക്കാലത്തേക്കു് വടികുത്തിയാണു ഞാൻ നടന്നിരുന്നതു്. എന്നാലെന്താ?

"1947 ഫെബ്രുവരി ഏഴാംതീയതി. ആ ദിനം അവിസ്മരണീയമാണു്. അന്നാണു് ഞങ്ങളുടെ ഗ്രാമം മോചിപ്പിക്കപ്പെട്ടതു്. വിമോചനാനന്തരം രണ്ടു കൊല്ലം കഴിഞ്ഞപ്പോൾ ഭൂമി പരിഷ്കരണനിയമമുണ്ടായി. മറ്റുള്ളവരെപ്പോലെ എനിക്കും ഭൂമി കിട്ടി. തോക്കു് ഒരു മൂലയിൽ ഉപേക്ഷിച്ചു വയലിൽ ഇറങ്ങി ഞാനും പണിചെയ്യാൻ തുടങ്ങി. കലപ്പപിടിച്ച കാലങ്ങൾ മറന്നുപോയതുകൊണ്ടു് ആദ്യം എനിക്കു വലിയ പ്രയാസം തോ

ന്നി. എങ്കിലും സഹായത്തിന് എനിക്ക ഭാര്യയുണ്ട്. "ജാപ്പാൻ കൊലയാളികളെയോ ക്രമിന്താങ്ങ് കൊള്ളക്കാരെയോ വെടിവെച്ചുവീഴ്ത്തുന്നതുപോലെ അത്ര എളുപ്പമല്ല നിലം ഉഴുന്നതിന്. പക്ഷെ, സാരമില്ല. ഞാൻ പഠിപ്പിക്കാം" അവരം പറഞ്ഞു.

"എനിക്കിന്ന ഭൂമിയുണ്ട്. അഞ്ചു മുറിയുള്ള ഒരു വീടുണ്ട്. ഭാര്യയുണ്ട്. ഞങ്ങരം ഒരു പശുവിനെയും കുറെ പന്നികളെയും കോഴികളെയും വളർത്തുന്നു. ഇനി നദീതീരത്തുള്ള കാടുകളിൽ ഒളിച്ചിരുന്നു തണുത്തു വിറയ്ക്കേണ്ട. രാത്രികാലങ്ങളിൽ ഞാൻ വീട്ടിലുള്ള *കാങ്ങിൽ കിടന്ന് സുഖമായിഉറങ്ങുന്നു. ഞങ്ങളുടെ ഗ്രാമത്തിലിപ്പോരം ഒരു വലിയ സ്കൂളും, പരസ്പരസഹകരണ ഡിപ്പോയുമുണ്ട്. നിങ്ങരം ഞങ്ങളുടെ ഗ്രാമത്തിലൊന്നു വരണം. ചെറുതെങ്കിലും സുന്ദരമാണത്. നോർത്തുടാങ്ങ് അതിന്റെ സമീപത്തുകൂടെയാണ് ഒഴുകുന്നത്. തീവണ്ടിയിലാണ് വരുന്നതെങ്കിൽ സ്റ്റേഷനിൽനിന്നും മൂന്നുമൈൽ അകലമെയുള്ളു." അയാരം സന്തോഷം തുളുമ്പുന്ന ഒരു ചിരി തൂകി. "വഴി ഇന്നും ആ പഴയ ശ്മശാനത്തിലൂടെതന്നെയാണ്. പക്ഷെ, അവിടെ പ്രേതങ്ങളില്ലെന്നു ഞാൻ ഉറപ്പുപറയാം. ഇന്ത്യൻസുഹൃത്തേ! നിങ്ങരം നിശ്ചയമായും 'ട്ട'ഗ്രാമത്തിലേക്കവരണം. ഞാൻ നിങ്ങളെ എന്റെ പുതിയ കലപ്പ കാണിക്കാം. അത് സാധാരണ ഒരു കലപ്പയല്ല."

"തോക്കും. തോക്കില്ലേ?" ഞാൻ ആ പഴയ ഗറില്ലയോടു ചോദിച്ചു.

"അതെന്റെ വീടിന്റെ ഒരു മൂലയിൽ കിടക്കുകയാണ്. വിമോചനത്തിനശേഷം ഞാനിതുവരെ അത് ഉപയോഗിച്ചിട്ടില്ല. എണ്ണപുരട്ടി ഭദ്രമായി സൂക്ഷിച്ചിരിക്കുകയാണ്. ഗ്രാമത്തിൽ ചിലപ്പോരം ഞങ്ങരം കവാത്തുചെയ്യാറുണ്ട്. ചിലപ്പോരം മാത്രം.........."

---

* ഒരുതരം കട്ടിൽ. തണുപ്പുകാലത്ത് ഇതിന്റെ കീഴെ തീയിട്ട് ചൂടുപിടിപ്പിക്കാം.

# എൻെറ എല്ലാമക്കളെയും

"എനിക്കെൻെറ പ്രായം അറിഞ്ഞുകൂടാ കുഞ്ഞേ. വളരെ കൊല്ലങ്ങൾക്കുമുമ്പ് ചൈനീസ് ചക്രവത്തിമാരുടെ കാലത്താണു ഞാൻ ജനിച്ചതു്. എൻെറ പിതാവിനെപ്പോലെയുള്ള പാവപ്പെട്ട കൃഷിക്കാക്ക് അന്നു സമയം കുറിക്കുന്നതിനു് ക്ലോക്കുകളോ കലണ്ടറുകളൊ ഉണ്ടായിരുന്നില്ല. ചിലർ പറയുന്നു. എനിക്കു 77 വയസ്സായെന്നു്. ആയിരിക്കാം. അവർ പറയുന്നതു് ശരിയായിരിക്കാം.

രണ്ടു ദ്വിഭാഷികളിൽക്കൂടിയാണു് ഞാനിത്രയും മനസ്സിലാക്കിയതു്. 'രക്തസാക്ഷിയായ പെങ്ങ്ബെയ്യുടെ മാതാവു്' എന്ന പേരിലാണു് ചൈനയിൽ ഇവർ അറിയപ്പെട്ടിരുന്നതു്. ചൌഫെങ്ങ് എന്ന പേരുള്ള ഈ സ്ത്രീ കാൻറണീസ് ഉച്ചാരണത്തിലാണു സംസാരിച്ചതു്. അവരുടെ ദ്വിഭാഷി അതു് പീക്കിനീസ് ഉച്ചാരണത്തിലാക്കിയിട്ടുവേണമായിരുന്നു എൻെറ ദ്വിഭാഷിക്കു് എന്നെ മനസ്സിലാക്കുവാൻ. ദ്വിഭാഷികളെ സംബന്ധിച്ചിടത്തോളം ശ്രമാവഹമായ ഒരു നടപടിയായിരുന്നു ഇതു്. വിപ്ലവത്തിനുവേണ്ടി തൻെറ എല്ലാ മക്കളെയും ബലികൊടുത്ത ഈ കൊച്ചു ധീരവനിതയുടെ ഭാവങ്ങളും പ്രകൃതവും പഠിക്കുവാൻ എനിക്കു വേണ്ട സമയം ലഭിച്ചു.

അവരുടെ അഗാധമായ കുഴിഞ്ഞകണ്ണുകളാണു് എന്നെ അ

ദൃമായി ആകർഷിച്ചതു്. കണ്ണുനീരൊഴുകുന്നില്ലെങ്കിലും അവരുടെ തിളക്കമുള്ള ചെറിയ ഇളംപച്ച കണ്ണുകൾ കണ്ണുനീർകൊണ്ടു് നനഞ്ഞിരുന്നു. ലോകത്തിലുള്ള മററതൊരു മാതാവിൻേറതിനേക്കാൾ കൂടുതൽ കഷ്ടപ്പാടുകൾ കാണുകയും സഹിക്കുകയും ചെയ്തിട്ടുള്ള കണ്ണുകളാണവരുടേതു്. ഒന്നിനുപുറകെ ഒന്നായി അവരുടെ മൂന്നുമക്കളെയും ക്രമിന്താങ്ങ്കാർ അറസ്റ്റുചെയ്തു് മൃഗീയമായി മർദ്ദിച്ചു കൊന്നുകളഞ്ഞു. തൻെറ ജീവിതത്തിലുണ്ടായ ഈ ട്രാജഡിയെ അതിജീവിക്കുവാൻ ആന്തരികമായ ഏതോ ഒരു ശക്തി അവക്കു പ്രേരണകൊടുത്തിരുന്നു. തങ്ങളുടെ മക്കൾ ചോരചിന്തിയ വിപ്ലവത്തിൻെറ വിജയകരമായ പരിണാമം കണ്ടുകഴിഞ്ഞിട്ടും അവർ ജീവിക്കുന്നു. വിപ്ലവത്തിൻെറ ഉദ്ദേശ്യത്തെയും ലക്ഷ്യങ്ങളെയും കുറിച്ചുള്ള ശരിയായ ബോധത്തിൽനിന്നുമുണ്ടാകുന്ന വിപ്ലവിശ്വാസമല്ല അവരെ അതിനു പ്രേരിപ്പിച്ചതു്. "അതെല്ലാംതന്നെ ജനങ്ങളുടെ നന്മയ്ക്കുവേണ്ടിയാണു്. അതുമൂലം കൃഷിക്കാക്കു് കൃഷിഭൂമി ലഭിച്ചിട്ടുണ്ടു്." എന്നു മാത്രമല്ലാതെ കമ്മ്യൂണിസത്തെക്കുറിച്ചോ, ജനാധിപത്യത്തെക്കുറിച്ചോ അക്ഷരജ്ഞാനമില്ലാത്ത ചൗഫെങ്ങിനു് ഒന്നുംതന്നെ അറിഞ്ഞുകൂടായിരുന്നു. കൂടുതൽ സ്ഥായിയായ ഒരു വിശ്വാസം, ഒരമ്മയ്ക്കു തൻെറ മക്കളിലുണ്ടാകുന്ന സ്ഥായിയായ വിശ്വാസം, അവരുടെ നന്മയിലും അവർ സ്വീകരിച്ച മാർഗ്ഗങ്ങളിലുമുള്ള തീവ്രമായ വിശ്വാസം. അതാണവരെ കഷ്ടപ്പാടുകൾ നിറഞ്ഞ ജീവിതത്തിലെ പ്രതിസന്ധിഘട്ടങ്ങൾ തരണം ചെയ്യാൻ സഹായിച്ചതു്. ആ ജീവിതത്തിൻെറ മഹത്തായ കഥയാണു് അവർ എന്നോടു പറയാൻ തുടങ്ങിയതു്.

"ഡ്റാഗൺസ് ടങ്ഗ്രാമത്തിലുള്ള ഒരു സാധു കാർഷിക കുടുംബത്തിലാണു് ഞാൻ ജനിച്ചതു്. തെക്കൻ കാൻറൺ പ്രവിശ്യയിലെ ഹെയ്ഫോങ്ങ്കൗണ്ടിയിലാണു് ഈ ഗ്രാമം." ചുളിവുകൾ വീണു് അലങ്കോലമായ മുഖത്തു് ഒരു പുഞ്ചിരിയുടെ പ്രകാശം പരത്തിക്കൊണ്ടവർ തുടന്നു. "അതുകൊണ്ടാണു് പീ

ക്കിംഗിലെ ആക്കുംതന്നെ മനസ്സിലാകാത്ത കാൻറണീസ് ഉച്ചാരണത്തിൽ ഞാൻ സംസാരിക്കുന്നതു്."

"എൻെറ പിതാവിനു് ഒരു ചെറിയതുണ്ടു് ഭൂമിമാത്രമാണുണ്ടായിരുന്നതു്. അതിലെ വിളവിൽ ഭൂരിഭാഗവും ജന്മിയുടെ പത്തായത്തിലേക്കു് പോയിരുന്നതിനാൽ ഞങ്ങൾക്കു് പലപ്പോഴും വിശന്നുവലയുന്ന വയറുമായി ഉറങ്ങേണ്ടിവന്നിട്ടുണ്ടു്. അതുകൊണ്ടു് എൻെറ പിതാവും മററു പലരെപ്പോലെ എന്തെങ്കിലും സമ്പാദിക്കുന്നതിനായി സഹഗ്രഹമുപേക്ഷിച്ചു് മറുനാട്ടിലേക്കു പോയി. പിതാവു് മറുനാട്ടിലായിരിക്കുമ്പോളാണു് അമ്മ മരിച്ചതു്. അന്നെനിക്കു അഞ്ചുവയസ്സു പ്രായംകാണും. ലോകത്തിൽ ഞാൻ മാത്രമായി. അമ്മയുടെ ശവശരീരം മറവുചെയ്യുന്നതിനു വീട്ടിൽ പണമുണ്ടായിരുന്നില്ല. എന്തെങ്കിലും എടുത്തു വില്ക്കാമെന്നുവച്ചാൽ ആവശ്യത്തിനു് പണംകിട്ടത്തക്ക ഒന്നുംതന്നെ അവിടെയുണ്ടായിരുന്നില്ല. അതുകൊണ്ടു് അയൽവക്കത്തുകാർ കുറച്ചുകലെ താമസിച്ചിരുന്ന ബന്ധുക്കൾക്കു് എന്നെ 30 ഡോളറിനു വില്ക്കുവാൻ തീർച്ചപ്പെടുത്തി. വില്ക്കുന്നതിൽ എനിക്കു് സന്തോഷമെയുണ്ടായിരുന്നുള്ളു. ശരിക്കു സംസ്കരിച്ചാൽ അമ്മയുടെ ആത്മാവു് പ്രേതങ്ങളുടെയിടയിൽ അലഞ്ഞുതിരിയേണ്ടി വരികയില്ല. മാത്രമല്ല; എന്നെ വാങ്ങുന്നവരുടെ വീട്ടിൽചെന്നാൽ എനിക്കു ശരിക്കാഹാരവും കിട്ടുമല്ലോ."

ബന്ധുക്കൾ തന്നോടു സ്നേഹപൂർവ്വം പെരുമാറിയിരുന്ന വസ്തുത അവർ ഓർത്തു. കഠിനമായ ഗൃഹജോലികളുണ്ടായിരുന്നെങ്കിലും അവക്കു ശരിക്കാഹാരം ലഭിച്ചിരുന്നു. "ഭാരമേറിയ ജോലികൾ ചെയ്യുന്നതിൽ എനിക്കു മടിയുണ്ടായിരുന്നില്ല. ഒരടിമയ്ക്കു അതിൽനിന്നും പല ഗുണങ്ങളുമുണ്ടാകാം." ധരിച്ചിരുന്ന ഗൗണിൻെറ കീഴ്ത്തല തെറുത്തുകയററി തൻെറ വലിയ പാദങ്ങൾ കാണിച്ചുകൊണ്ടവർ പറഞ്ഞു. "എൻെറ പാദങ്ങൾ കുറുതാക്കേണ്ട എന്നു് യജമാനൻ തീരുമാനിച്ചു. അടിമപ്പെണ്ണു ശക്തിയും

ച്ചുന്നയുമുള്ളവളുമായിരിക്കണം. തറവാട്ടുപെണ്ണുങ്ങളെപ്പോലെ കാലുകൾ കുറുതാക്കി കുലീനജീവിതമൊന്നും നയിക്കേണ്ട." അവരുടെ വാടിയമുഖത്തു് ഒരു മന്ദസ്മിതം വീശി'

പതിനെട്ടാമത്തെ വയസ്സിലാണവളുടെ വിവാഹം നടന്നതു്. ഹെയ് ഫോങ്ങ് കൗണ്ടിയിലെ പട്ടണപ്രദേശത്തുള്ള ഒരു കച്ചവടക്കാരനാണു് വിവാഹം കഴിച്ചതു്. ഭർത്തൃകുടുംബത്തെ മുഴുവൻ പരിചരിക്കുകയെന്നതു് ഒരു മരുമകളുടെ കർത്തവ്യമായിരുന്നു. "അക്കാലത്തു് എന്റെ ചിന്തകൾ എന്തൊക്കെയായിരുന്നെന്നു് നിങ്ങൾ ചോദിക്കുന്നു. ഒരു സാധാരണ കുടുംബമായിരുന്നു ഞങ്ങളുടേതു്. സ്ത്രീകൾക്കു പിടിപ്പതു് ജോലിയുണ്ടായിരുന്നു. ഒന്നിനുംതന്നെ ഞങ്ങൾക്കു് സമയം ലഭിച്ചിരുന്നില്ല. എങ്കിലും എന്റെ ജീവിതത്തിനു് ചില സന്തോഷവേളകളുണ്ടായിരുന്നു. എനിക്കു് ഏതാണ്ടു് ഇരുപതുവയസ്സായിരുന്നപ്പോളാണു് ആദ്യത്തെ മകനെ പ്രസവിച്ചതു്. ഒരാൺ കുഞ്ഞിനെ പ്രസവിക്കുകയെന്നതു് അന്നൊരു മഹാഭാഗ്യംതന്നെയായിരുന്നു. പെൺകുഞ്ഞുങ്ങൾ അശുഭലക്ഷണക്കാരികളായാണു് കരുതപ്പെട്ടിരുന്നതു്." പ്രഥമസന്താനത്തിനു് പിതാവു് പെങ്ങ്ഹാൻലീൻ എന്നു പേരിട്ടു. പിന്നീടു് രണ്ടുവർഷം കഴിഞ്ഞാണു് രണ്ടാമത്തെ മകനായ പെങ്ങ്പൈയ്‌യെ പ്രസവിച്ചതു്. പെങ്ങിന്റെ കഥ ഭാവിയിലെ ഒരിതിഹാസംതന്നെയാണു്.

അവരുടെ കുടുംബജീവിതം ഒന്നുകൊണ്ടും ക്ലേശകരമായിരുന്നില്ല. ചൗഫെങ്ങ് ഭർത്തൃകുടുംബത്തേക്കു് സൗഭാഗ്യവുംകൊണ്ടാണു ചെന്നതു്. ഭർത്താവിന്റെ വ്യാപാരം അഭിവൃദ്ധിപ്രാപിച്ചു. കൗൺടിയുടെ ഭരണനിർവ്വഹണത്തിൽ അയാൾക്കൊരു സ്ഥാനവും ലഭിച്ചു. താൻ ധരിച്ചിരുന്ന നീളമുള്ള തൊപ്പിയിൽ തന്റെ പ്രാമാണ്യത്തിന്റെ ചിഹ്നമെന്നോണം ഒരു ചെറിയ നീലമണിയും തൂക്കി അയാളങ്ങനെ പത്രാസ്സിൽ നടന്നു!

മൂന്നാൺകുട്ടികളും നാലുപെൺകുട്ടികളും ഉൾപ്പെടെ ഏഴുകു

ട്ടികളാണവക്കുണ്ടായതു്. രണ്ടാമത്തെ മകൻ ബാല്യകാലംമുതലെ വളരെ സമത്ഥനായിരുന്നു. "പെങ്ങ് സുമുഖനായിരുന്നു. യക്ഷിക്കഥകളിലെ രാജകുമാരന്മാരെപ്പോലെ സുന്ദരനാണവനെന്നു് എല്ലാവരും പറഞ്ഞിരുന്നു. സംസാരിക്കുന്നതിലും പഠിക്കുന്നതിലും അവൻ വലിയ സാമത്ഥ്യം പ്രകടിപ്പിച്ചു." മൂന്നാമത്തെവയസ്സിൽ അവൻ അക്ഷരമാല പഠിച്ചുതുടങ്ങി. നാലുവയസ്സായപ്പോഴേക്കും അവന് അക്ഷരങ്ങൾ നല്ല പരിചയമായിരുന്നു. രണ്ടുകൊല്ലംകൂടി കഴിഞ്ഞവൻ പള്ളിക്കൂടത്തിൽ ചേന്നു് അഭ്യസനം ആരംഭിച്ചു. അത്ര സമത്ഥനായ ഒരു മകൻ മാതാപിതാക്കളുടെ കണ്ണിലുണ്ണിയും, നാട്ടുകാരുടെ കണ്ണിലെ കരടുമാകുന്നതിൽ അത്ഭുതമില്ലല്ലോ. പെങ്ങ്ഷീൻെറ മകൻ രാജകീയപരീക്ഷയും പാസ്സായി ഒരു മഹാപ്രഭുവായി ഉയന്നു ലോകത്തിൽ തന്നെ ഒരു ശ്രേഷ്ഠസ്ഥാനം നേടുമെന്നു് നഗരവാസികൾ പറയാറുണ്ടായിരുന്നു. വാസ്തവത്തിൽ അവനുണ്ടാകുവാൻ പോകുന്ന വിലയും നിലയും പ്രശസ്തിയും ഏതുതരത്തിലുള്ളതാണെന്നു് അന്നവർ അറിഞ്ഞിരുന്നില്ല. പെങ്ങിൻെറ കൗമാരകാലം ആഹ്ലാദപൂണ്ണമായിരുന്നെങ്കിലും ഉൽക്കണ്ഠാജനകമായിരുന്നു. ഹെയ് ഫോങ്ങ് തീരപ്രദേശമായിരുന്നതുകൊണ്ടു് കടൽകൊള്ളക്കാരുടെ ശല്യം ക്രമാതീതമായിരുന്നു. അവരുടെ കൊള്ളകൾമൂലമുണ്ടായ അരാജകാവസ്ഥ നിമിത്തം പെങ്ങിൻെറ വിദ്യാഭ്യാസത്തിന് പല പ്രതിബന്ധങ്ങളുമുണ്ടായി. കൊള്ളക്കാരുടെ കയ്യുകളെ ഭയപ്പെടേണ്ടിയിരുന്നു. പെങ്ങിൻെറ കുടുംബനിലയെപ്പറ്റി കേൾക്കാനിടയായ കൊള്ളക്കാക്കു് അവനെ എങ്ങനെയെങ്കിലും മോഷ്ടിച്ചുകൊണ്ടു പോകണമെന്നുണ്ടായിരുന്നു. പണക്കാരനായ പെങ്ങിൻെറ പിതാവു് മകനെ തിരിച്ചുകിട്ടുന്നതിനുവേണ്ടി ഒരു നല്ല സംഖ്യ അവക്കു് കൊടുക്കുമെന്നായിരുന്നു അവരുടെ ധാരണ. മാതാപിതാക്കൾക്കു് പെങ്ങിൻെറ സുരക്ഷിതത്വത്തിൽ വലിയ ആകാംക്ഷയുണ്ടായിരുന്നതുകൊണ്ടു് അപകടസന്ദർഭങ്ങളിൽ അവനെ കട്ടിലിൻെറ അടിയിൽ ഒളിപ്പിക്കുക പതിവായിരുന്നു.

അവരുടെ വിവരണത്തിൽനിന്നും പെങ്ങ്ബെയ്യുടെ ഒരു രൂപം എൻെറ മുമ്പിൽ തെളിഞ്ഞുവന്നു. സമ്പന്നരായ മാതാപിതാക്കളുടെ സമത്ഥനായ ഒരു മകൻ. അവൻ ഒരു നിത്യവിപ്ലവകാരിയായിത്തീന്നതിൽ എനിക്കത്ഭുതംതോന്നി. ശാന്തമായി ഒഴുകിക്കൊണ്ടിരുന്ന അവൻെറ ജീവിതത്തിൽ എങ്ങനെനെയാണ് വിപ്ലവത്തിൻെറ അലയടികളുണ്ടായതെന്നറിയുവാൻ എനിക്ക ആഗ്രഹമുണ്ടായി. കുട്ടിക്കാലത്തു് പെങ്ങ് വിപ്ലവമനോഭാവം പ്രകടിപ്പിച്ചിരുന്നോ എന്നു് ഞാൻ ചൗഫെങ്ങിനോടാരാഞ്ഞു.

ഒരുനിമിഷനേരത്തേക്കവർ ആലോചനയിലാണ്ടു. "കുഞ്ഞേ, രാജാക്കന്മാരുടെ ക്രൂരതയാണു് മനുഷ്യരെ വിപ്ലവകാരികളാക്കുന്നതു് എന്നൊരു ചൊല്ലുണ്ടു്. അതു വളരെ വാസ്തവമാണു്. അങ്ങനെയാണു് എൻെറ മകനും വിപ്ലവകാരിയായതു്. ഒരു നാല്പതുകൊല്ലം മുമ്പാണതു സംഭവിച്ചതു്. അന്നവൻ മിഡിൽ സ്കൂളിലാണു്. ഒരിക്കൽ സക്കാരുദ്യോഗസ്ഥന്മാർ പട്ടാളക്കാരോടുകൂടി ഞങ്ങളുടെ ഗ്രാമത്തിൽവന്നു് കുറെ സ്ഥലം പിടിച്ചെടുത്തു. അതിൽ ഞങ്ങളുടെ കുടുംബശ്മശാനവും ഉൾപ്പെട്ടുപോയി. പൂവ്വികന്മാരുടെ അവശിഷ്ടങ്ങളോടു് എല്ലാവക്കും വലിയ ബഹുമാനമുണ്ടു്. സക്കാരുദ്യോഗസ്ഥന്മാരുടെ ഈ പ്രവൃത്തി നാട്ടുകാരുടെയിടയിൽ വെറുപ്പും വിദ്വേഷവും ഉളവാക്കി. പക്ഷെ, സക്കാരുദ്യോഗസ്ഥന്മാക്ക് ദൈവത്തെപ്പോലെ ശക്തിയുണ്ടായിരുന്നതുകൊണ്ടു് അവരോടു് എതിക്കുവാൻ ആരും ധൈയ്യപ്പെട്ടില്ല." ഏകദേശം അരനൂററാണ്ടുമുമ്പു നടന്ന മകൻെറ ധീരകൃത്യം മാതാവു് അഭിമാനത്തോടെ സ്മരിച്ചു. "പെങ്ങ് തന്നെപ്പോലെയുള്ള വിദ്യാത്ഥികളെയെല്ലാം സംഘടിപ്പിച്ചു് സക്കാരുദ്യോഗസ്ഥന്മാരും പോലീസുകാരും താമസിച്ചിരുന്നിടത്തേക്കുചെന്നു. അവരിൽ പ്രധാനിയുടെ മുഖത്തേക്കു് നിർഭയം നോക്കിക്കൊണ്ടവൻ പറഞ്ഞു. 'ഈ സ്ഥലം ഞങ്ങൾക്കു പരിശുദ്ധമാണു്. ഞങ്ങളുടെ

പൂർവ്വികന്മാരുടെ അവശിഷ്ടങ്ങൾ കിടക്കുന്നതിവിടെയാണു്. അതുകൊണ്ടു് നിങ്ങൾ ഇവിടെനിന്നും പിൻവാങ്ങണം.' അവൻ ഇത്രയും പറഞ്ഞതോടെ മററു വിദ്യാർത്ഥികൾ ഉച്ചത്തിൽ ആർത്തുവിളിച്ചു. തങ്ങളുടെ മക്കളുടെ പ്രവൃത്തികണ്ടപ്പോൾ പ്രായംചെന്നവക്കു് ആവേശവും ധൈര്യവും തോന്നി. അവർ ഉദ്യോഗസ്ഥന്മാരെ വളഞ്ഞു. അവസാനം ഉദ്യോഗസ്ഥന്മാക്കു് അവിടെനിന്നും പിന്മാറേണ്ടിവന്നു. അന്നെനിക്കു മനസ്സിലായി അവൻ വളർന്നുവരുമ്പോൾ ജനങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുമെന്നു്. രാജാവിനോ, രാജാവിന്റെ ഉദ്യോഗസ്ഥന്മാക്കോ വേണ്ടിയല്ല. ജനങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുമെന്നു്."

ആ അമ്മയെ സംബന്ധിച്ചിടത്തോളം വേദനകരങ്ങളായ ഓർമ്മകളാണവ. എങ്കിലും അവയത്രയും അഭിമാനംകൊള്ളത്തക്കതാണു്. ആ ഓർമ്മകളിൽനിന്നുതന്നെ പെങ്ങിന്റെ ഒരു ജീവിതചിത്രം ലഭിക്കും. സമ്പന്നമായ ഒരു കുടുംബത്തിലെ ഒരു യുവാവു് ബുദ്ധിപരമായ ജിജ്ഞാസകൊണ്ടും ആദർശത്തിലുള്ള അടിയുറച്ച വിശ്വാസംകൊണ്ടും എങ്ങനെ ഒരു വിപ്ലവമാർഗ്ഗം സ്വീകരിക്കുന്നുവെന്നു് ആ ഓർമ്മകളിൽനിന്നു പഠിക്കാം.

പെങ്ങിനു് പതിനൊന്നുവയസ്സുള്ളപ്പോൾ അവന്റെ പിതാവു് മരിക്കുകയും, മൂത്ത സഹോദരൻ കുടുംബനായകനാകുകയും ചെയ്തു. ഇക്കാലമായപ്പോഴേക്കും വ്യാപാരം അസാധാരണമായ അഭിവൃദ്ധി പ്രാപിച്ചിരുന്നു. ഏകദേശം അമ്പതു് ഏക്കറോളം വസ്തുവും അവർ സമ്പാദിച്ചു. ഈ വസ്തുവെല്ലാം പട്ടാളക്കാരെ ഏല്പിച്ചിരിക്കുകയായിരുന്നു. വസ്തുവിൽനിന്നുള്ള ആദായവും വ്യാപാരത്തിൽനിന്നുമുള്ള വരുമാനവുംകൊണ്ടു് ജീവിതം സുഖകരമായിരുന്നു. പക്ഷെ, പെങ്ങിനു് ഈ ജീവിതം തൃപ്തികരമായിത്തോന്നിയില്ല. ഹെയ്ഫോങ്ങു് അവനൊരു ലോകപ്പോലെതോന്നി. കോളേജുവിദ്യാഭ്യാസത്തിനുവേണ്ടി കാൻറണിൽ പോകുവാൻ അപ്പൂപ്പൻ അവനെ അനുവദിച്ചില്ല. നിഷ്ക്കളങ്ക

ഹൃദയരായ യുവാക്കളെ നഗരജീവിതം അധഃപതിപ്പിക്കുമെന്നായിരുന്നു പാവപ്പെട്ട വൃദ്ധൻെറ വിശ്വാസം. ജ്യേഷ്ഠനെ വ്യാപാരകാര്യങ്ങളിൽ സഹായിക്കുകയും, വിവാഹംചെയ്തു് പൂർവ്വികന്മാരുടെ ആത്മാക്കൾക്കു പ്രാർത്ഥിക്കുന്നതിനു് സന്തതികളെ ഉല്പാദിപ്പിക്കുകയുമായിരുന്നു അവനു ചെയ്യാനുണ്ടായിരുന്നതു്. ആ കൺഫ്യൂഷ്യൻപാരമ്പര്യം പുലർത്തുകയായിരുന്നു ഓരോ ചീനക്കാരൻെറയും കർത്തവ്യം.

പക്ഷെ, ഇതു് ഇരുപതാംനൂററാണ്ടാണു്. കൺഫ്യൂഷ്യസിൻെറ ശബ്ദം അകലത്തുനിന്നുള്ള ഒരു പ്രതിദ്ധ്വനിമാത്രമായിക്കഴിഞ്ഞു. പടിഞ്ഞാറൻകാററിനോടൊപ്പം നവീനാശയങ്ങളും വീശുവാൻതുടങ്ങി. അക്ഷമരായ യുവാക്കൾക്കു് കുടുംബബന്ധങ്ങൾ ചങ്ങലക്കെട്ടുകളായി തോന്നി. ആ ചങ്ങലക്കെട്ടുകളെ ആദ്യമായി പൊട്ടിച്ചതു് പെങ്ങായിരുന്നു. അവൻ സ്വന്തം നാടുപേക്ഷിച്ചു് വിദേശത്തേക്കുപോയി. ജാപ്പാനിലേക്കു പോകുന്ന ഒരു കപ്പലിൽ അവനൊരു ജോലിക്കാരനായിക്കൂടി.

"എൻെറ ഭർത്തൃപിതാവു് ഇതുകേട്ടു കോപാന്ധനായി. പെങ്ങ് അവരുടെ കുടുംബത്തിൻെറ സൽപേരിൽ ചെളി വാരിയെറിഞ്ഞു എന്നദ്ദേഹം കുററപ്പെടുത്തി. പണ്ടു് ഒരു അടിമപ്പെണ്ണുമാത്രമായിരുന്ന ഞാനാണു് അവനെ അധഃപതിപ്പിച്ചതെന്നുകൂടി അദ്ദേഹം പറഞ്ഞു.'' ചുളിവുകൾ വീണ ആ വൃദ്ധമുഖത്തു് അസാധാരണമായ ഒരു മന്ദസ്മിതം വിടർന്നു. "എൻെറ പെങ്ങ്, കുടുംബത്തിനു് എന്തു കീർത്തിയുണ്ടാക്കിയെന്നു കാണുവാൻ അദ്ദേഹം ജീവിച്ചിരിക്കേണ്ടതായിരുന്നു എന്നു് എനിക്കു തോന്നുന്നു.''

മററു പല വിപ്ലവകാരികളെപ്പോലെ (ഡോ. സൺയാററ്സെൻ ഉൾപ്പെടെ) പെങ്ങും വിദേശത്തുനിന്നുമാണു് വിപ്ലവതത്വശാസ്ത്രം ഗ്രഹിച്ചതു്. ലോകത്തെയാകമാനം വിറപ്പിക്കുവാൻ തുടങ്ങിയ കമ്മ്യൂണിസ്ററു സോഷ്യലിസ്ററു തത്വസംഹിതകളെക്കുറിച്ചു ജാപ്പാനിലെ കോളേജിൽ പഠിക്കുന്നകാല

ത്താണ് അവൻ ആദ്യമായി കേട്ടതു്. ജാപ്പാനിൽനിന്നു കോളേജ് വിദ്യാഭ്യാസവും കഴിഞ്ഞവൻ നാട്ടിലേക്കു മടങ്ങി. അമ്മയ്ക്കും സഹോദരീസഹോദരന്മാർക്കുമായി അവൻ കൊണ്ടുവന്ന എണ്ണമററ സമ്മാനങ്ങളുടെകൂട്ടത്തിൽ സോഷ്യലിസത്തെക്കുറിച്ചുള്ള ഒരു പുസ്തകത്തിൻെറ ചൈനീസ് തർജ്ജിമയുമുണ്ടായിരുന്നു. വായിച്ചു ചർച്ചകൾ നടത്തുവാനായി അവൻ അതു സഹോദരന്മാർക്കും തൻെറ പഴയ കൂട്ടുകാർക്കും കൊടുത്തു. എല്ലാ മനുഷ്യരും തുല്യരാണെന്നും, ലോകത്തിൽ അടിമയും ഉടമയുംതമ്മിലുള്ള വ്യത്യാസമുണ്ടായിരിക്കുകയില്ലെന്നുമുള്ള അപരിചിതവും അത്ഭുതമയം ആകർഷണീയവുമായ തത്വങ്ങൾ അങ്ങനെ അവൻെറ അമ്മയ്ക്കും കേൾക്കാനിടയായി.

ഹെയ്ഫോങ്ങ്കൗണ്ടി അന്നു് അധികാരദുർമ്മോഹിയായ ഒരു ഇടപ്രഭുവിൻെറ അധീനതയിലായിരുന്നു. സ്ഥലത്തെ യുവാക്കളെയെല്ലാം സംഘടിപ്പിച്ചു് ഒരു പട്ടാളത്തെ സജ്ജീകരിച്ചു് അതിൻെറ സഹായത്തോടുകൂടി ഒരു തെക്കൻസാമ്രാജ്യംതന്നെ സ്ഥാപിക്കണമെന്നായിരുന്നു അയാളുടെ രാഷ്ട്രീയവ്യാമോഹം. പുറംനാട്ടിലെ വിദ്യാഭ്യാസംകൊണ്ടും, ധീരപ്രവൎത്തനങ്ങൾ കൊണ്ടും പ്രസിദ്ധനായിരുന്നപെങ്ങിനെ ഈ പട്ടാളത്തിൽചേൎന്നു സംഘടനാപരമായി പ്രവൎത്തിക്കുവാൻ അയാൾ ക്ഷണിച്ചു. തൻെറ വിപ്ലവപരമായ ലക്ഷ്യങ്ങൾക്കുവേണ്ടി ഈ സന്ദൎഭത്തിൽനിന്നും മുതലെടുക്കുന്നതിനു് പെങ്ങും തീരുമാനിച്ചു. സമൎത്ഥനായ ഈ ലഫ്റെറനൻറു് തൻെറ പട്ടാളക്കാൎക്കു് ആധുനികരീതിയിലുള്ള പരിശീലനങ്ങൾ കൊടുക്കുന്നുണ്ടെന്നു് ആ ഇടപ്രഭു വിചാരിച്ചപ്പോൾ വാസ്തവത്തിൽ പെങ്ങു് അവരെ കമ്മ്യൂണിസ്ററുസിദ്ധാന്തങ്ങൾ പഠിപ്പിക്കുകയായിരുന്നു. ആധുനികവിപ്ലവചിന്താഗതികളെ പ്രചരിപ്പിക്കുന്ന 'ചിഷിൻ'(ചുവപ്പ്ഹൃദയം)എന്ന ഒരാഴ്ചപ്പതിപ്പും, ന്യൂ ഹെയ്ഫോങ്ങ് എന്ന ഒരു മാസികയും പെങ്ങ് പ്രസിദ്ധീകരിച്ചു. വിപ്ലവപ്രസ്ഥാനത്തിൻെറ അടിത്തറയായി പെങ്ങ് വിദ്യാൎത്ഥിസംഘടനകളെയും സൃഷ്ടിച്ചു. പെങ്ങിനെ പിടി

കൂട്ട് അവിടെനിന്നും പുറത്താക്കുന്നതിന് വളരെമുമ്പുതന്നെ ആ പ്രദേശത്ത് വിപ്ലവത്തിൻെറ കളമൊരുക്കുന്നതിന് അയാൾക്കു സാധിച്ചു.

വിപ്ലവകാരിയായ തൻെറ മകൻെറ പൂർവ്വകാലജീവിതത്തിലെ രസകരമായ ചില സംഭവങ്ങൾ ചൗഫെങ്ങ് വിവരിച്ചു. പ്രാരംഭകാലങ്ങളിൽ അയാൾക്കു തൻെറ പ്രസ്ഥാനത്തിലേക്കു വിദ്യാർത്ഥികളെമാത്രമെ ആകർഷിക്കുവാൻ കഴിഞ്ഞുള്ളു. ബഹുഭൂരിപക്ഷം വരുന്ന കൃഷിക്കാരുടെ വിശ്വാസവും സഹകരണവും നേടുന്നതിന് അയാൾക്കു വളരെ ബുദ്ധിമുട്ടുകൾ സഹിക്കേണ്ടിവന്നു. അയാളുടെ വിദേശരീതിയിലുള്ള പെരുമാററങ്ങളും വസ്ത്രധാരണങ്ങളും കൃഷിക്കാർക്കു വെറുപ്പായിരുന്നു. ലോകത്തിലെ മിക്ക വിപ്ലവകാരികളായ ബുദ്ധിജീവികളും ഇനിയും പഠിക്കേണ്ട ഒരു തത്വം അയാൾ അവരിൽനിന്നും പഠിച്ചു. ചിന്താഗതിയിലും വിശ്വാസപ്രമാണങ്ങളിലും മാത്രമല്ല, വസ്ത്രധാരണസമ്പ്രദായം, ജീവിതരീതി തുടങ്ങിയ ബാഹ്യചര്യകളിലും അവർ ബഹുജനങ്ങളുമായി സമനിലയിൽ എത്തിച്ചേരുന്ന തീരു. വിദേശവസ്ത്രങ്ങളുപേക്ഷിച്ച് കൃഷിക്കാരുടെ പരുപരുത്ത വസ്ത്രങ്ങൾ ധരിക്കുവാനും അവർ കഴിക്കുന്ന ആഹാരം കഴിച്ചു ജീവിക്കുവാനും അയാൾ പരിചയിച്ചു. അപ്പോൾ മാത്രമാണ് അയാളുടെ ആശയങ്ങൾക്കും വാക്കുകൾക്കും അവർ ചെവികൊടുക്കുവാൻ തുടങ്ങിയതു്.

അങ്ങനെ ഒരു ബുദ്ധിജീവിയായി കഴിഞ്ഞുകൂടിയിരുന്ന അയാൾ ഒരു നിതാന്തവിപ്ലവകാരിയായി മാറി. ചൈനീസ്നാട്ടിൻപുറങ്ങളിൽ അയാൾ വിപ്ലവത്തിൻെറ ആദ്യബീജങ്ങൾ വിതറി. അയാൾ മുക്കുട്ടുക്കവലകളിൽ കൂടിയ കാർഷികസമ്മേളനങ്ങളിൽ പ്രസംഗിച്ചിരുന്നതായും, നാടൻരംഗങ്ങളിൽ പുതിയ ഉള്ളടക്കത്തോടുകൂടിയ പാട്ടുകൾ രചിച്ചിരുന്നതായും ചൗഫെങ്ങ് പറയുകയുണ്ടായി. കൃഷിക്കാരുടെയിടയിൽ തൻെറ ആശയഗതി

കർഷകർക്ക് വേഗം പ്രചാരം ലഭിക്കുന്നതിനായി അയാൾ ലഘുലേഖ കളും ആകർഷകങ്ങളായ കാർട്ടൂണുകളും തയ്യാറാക്കി വിതരണം ചെയ്തു. അങ്ങനെയാണു പെങ്ങ് തെക്കൻചൈനയിലെ ആദ്യ ത്തെ കർഷകസംഘടന രൂപീകരിച്ചതു്.

മകൻെറ ചിന്താഗതികളൊന്നും തനിക്കു മനസ്സിലാകാറി ല്ലെന്നു ചൌഫെങ്ങ് തുറന്നുപറയുകയുണ്ടായി. "പക്ഷെ, ഒരു കാ ര്യം എനിക്കു ശരിക്കും മനസ്സിലായി. പെങ്ങ് എന്തൊക്കെ ചെ യ്തുവോ അതെല്ലാം ജനങ്ങൾക്കുവേണ്ടിയായിരുന്നു."

• പോലീസുമായുള്ള പലഏററുമുട്ടലുകൾക്കുംശേഷം സൺയാ ററ്സെനും അദ്ദേഹത്തിൻെറ നേതൃത്വത്തിലുള്ള ക്വമിന്താങ്ങും അ ഴിച്ചുവിട്ട ആഭ്യന്തരപ്രക്ഷോഭണത്തിലേക്ക് പെങ്ങ് തൻെറ പ്ര സ്ഥാനത്തെയും കൊണ്ടുവന്നു. (ക്വമിന്താങ്ങ് അന്നു വിപ്ലവകര മായ ഒരു സംഘടനയായിരുന്നു.) കാൻറണിൽവച്ച് 1925-ൽ പെങ്ങ് കമ്മ്യൂണിസ്ററുപാർട്ടിയിൽ അംഗമായി ചേർന്നു. ആഭ്യ ന്തരസമരത്തിനുവേണ്ടി കമ്മ്യൂണിസ്ററുക്വമിന്താങ്ങ് ഐക്യമു ന്നണിയുണ്ടായിരുന്നതുകൊണ്ട് പാർട്ടിഅംഗത്വം, സൺയററ് സെന്നിൻെറകൂടെ പ്രവർത്തിക്കുന്നതിനു് ഒരുതടസ്സമായിരുന്നില്ല. ചെൻഎന്ന ഒരു അക്രമി 1925-26ൽ സൺയാററ്സെന്നിൻെറ പട്ടാളത്തെ കടന്നാക്രമിച്ചപ്പോൾ പെങ്ങ് തൻെറ കാർഷികസം ഘടനയിലൂടെ ഒരു ജനകീയസേനയെ സംഘടിപ്പിച്ച് ചെന്നി നെ പരാജയപ്പെടുത്തി. പെങ്ങിൻെറ ഈ വിജയം മാവോയുടെ യും ചൂട്ടേയുടേയും കീഴിലുള്ള ചെമ്പടയുടെ പിൽക്കാലവിജയങ്ങ ളുടെ നാന്ദിയായിരുന്നു. സൺയററ്സെൻ മരിച്ചതോടെ ചി യാങ്ങ് രാജ്യദ്രോഹവും പ്രതിവിപ്ലവകാരിയുമായി കാലുമാറി. 1927-ൽ ഷാംങ്ങായ്തൊഴിലാളികളെ അയാൾ ഭീകരമായി കൂട്ട ക്കൊലചെയ്തു. അക്കൊല്ലംതന്നെ പെങ്ങ് ഹെയ്ഫോങ്ങിൽ ഒ രു കർഷകതൊഴിലാളിസർക്കാർ സ്ഥാപിച്ചു. മാവോയുടെ മഹാ പ്രസ്ഥാനത്തിൻെറ മുന്നോടിയായിരുന്നു ആ സർക്കാർ. ചിയാങ്ങിൻെറ പട്ടാ

ളും വീണ്ടും ഉഷാറായി ആക്രമണമാരംഭിച്ചപ്പോൾ പെങ്ങിന് കുന്നുകളിലേക്ക് ഓടി രക്ഷപ്പെടേണ്ടിവന്നു. എങ്കിലും നാലു മാസങ്ങൾക്കുശേഷം അയാൾ തിരിച്ചുവരികയും ഹെയ്ഫോങ്ങ്, ലോഫോങ്ങ് തുടങ്ങിയ പ്രദേശങ്ങളിൽ സോവിയറ്റുകൾ സ്ഥാപിക്കുകയുംചെയ്തു. പക്ഷെ, ഇതൊരു താല്ക്കാലികവിജയം മാത്രമായിരുന്നു. ഏറെത്താമസിയാതെ ഈ സോവിയറ്റുകളെല്ലാം ചിയാങ്ങിന്റെ പട്ടാളം ആക്രമിച്ചധീനതയിലാക്കി. തന്റെ അമ്മയെയും കുടുംബത്തെയും പോർട്ടുഗീസ് മക്കോയിലേക്ക് അയച്ചിട്ട് ആത്മരക്ഷാർത്ഥം പെങ്ങ് ഒളിവിൽ പോയി.

അന്ത്യരംഗം ഷാങ്ങായിലാണ്. പെങ്ങിനുവേണ്ടി ചിയാങ്ങ് ചൈനമുഴുവൻ വേട്ടയാടി. പെങ്ങ് അന്ന് ഒരു പുരാണകഥാനായകനെപ്പോലെ പ്രശസ്തനായിരുന്നു. ഒരു ഭീമമായ സംഖ്യയാണയാളുടെ തലയ്ക്കു് ചിയാങ്ങ് വിലപറഞ്ഞതു്. ഒരു യൂദാസ്സിന്റെ ഒററിക്കൊടുക്കൽ കാരണം പെങ്ങ് ഒരുദിവസം അറസ്ററു ചെയ്യപ്പെട്ടു. ചിയാങ്ങ് ആ വിപ്ളവകാരിയുടെമേൽ ഏററവും നീചമായ മർദ്ദനമുറകളഴിച്ചുവിട്ടു. അയാളുടെ ചെവിയും, നാക്കും പാദങ്ങളും കാലുകളും ഓരോന്നായി അവർ മുറിച്ചുകളഞ്ഞു. അവസാനം അയാളുടെ ഹൃദയത്തിലൂടെ ചിയാങ്ങിന്റെ തോക്ക നിറയൊഴിച്ചു.

മക്കോയിലുള്ള ചിയാങ്ങിന്റെ ഏജൻറന്മാരും പിണിയാളുകളും പെങ്ങിന്റെ മരണമാഘോഷിക്കുന്നതു കണ്ടപ്പോളാണു് മകന്റെ ഭീകരമരണത്തെക്കുറിച്ചു് അമ്മ അറിയുന്നതു്. "പകൽസമയത്തു് എനിക്കു ഉച്ചത്തിൽ കരയുവാൻകൂടി പാടില്ലായിരുന്നു. ചിയാങ്ങിന്റെ കൊലയാളിപ്പട നാടുമുഴുവൻ ഞങ്ങളെ വേട്ടയാടുകയായിരുന്നു. എന്റെ ദുഃഖപ്രകടനം അവരറിയാനിടയായാൽ കൂടുതൽ ആപത്തുണ്ടാകും."

ഏററവുംപൈശാചികമായ പ്രതീകാരമാണു് പെങ്ങിന്റെ കുടുംബാംഗങ്ങളുടെമേൽ ചിയാങ്ങ്സർക്കാർ അഴിച്ചുവിട്ടതു്. ക്രൂ

AYAM PUBLIC LIBR

മിന്താങ്ങ് ഏജന്റന്മാർ മുക്കത്തിൽവച്ചയാളുടെ സഹോദരന്മാരെ പിടികൂടി നിർദ്ദയം കൊന്നുകളഞ്ഞു. അയാളുടെ ഭാര്യയുടെ വിധിയും അതുതന്നെയായിരുന്നു. അയാളുടെയും സഹോദരന്റെയും ഏഴുകുട്ടികളെ ക്വമിന്താങ്ങ് ലോക്കപ്പിൽ പട്ടിണിയിട്ടു കൊന്നുകളഞ്ഞു. പെങ്ങിണോട്ട് ബന്ധമുണ്ടായിരുന്നു എന്ന കാരണത്താൽ മററു കുടുംബങ്ങളും ഈ പൈശാചികപ്രതീകാരത്തിനിരയായി. ഹെയ്മോങ്ങിലുള്ള അവരുടെ വസ്തുവകകൾ കണ്ടുകെട്ടുകയും, അവരുടെ വീടിനു തീയിടുകയും ചെയ്തു.

ഈ വേദനകളും യാതനകളും സഹിച്ച ആ സ്ത്രീയാണ് ശാന്തസ്വരത്തിൽ എന്നോട്ട സംസാരിച്ചുകൊണ്ട് പീക്കിംഗ് ഹോട്ടലിൽ ഇരുന്നിരുന്നത്. ഇടയ്ക്കിടയ്ക്ക് മുഖംതുടയ്ക്കുവാനുപയോഗിച്ചിരുന്ന തുവാല അവരുടെ കയ്യിൽകിടന്ന് ഞെങ്ങി ഒരു പന്തുപോലെ ചുരുണ്ടിരുന്നു. അവരുടെ കഴിഞ്ഞ കണ്ണുകളുടെ അഗാധനീലിമയിൽ കണ്ണീരിന്റെ നനവുമുണ്ടായിരുന്നു.

"മക്കളുടെ മരണത്തെപ്പററികേൾക്കുമ്പോൾ എനിക്കു ഭ്രാന്തു പിടിക്കുമെന്നോ, ഞാനാത്മഹത്യക്കൊരുങ്ങുമെന്നോ അവരെല്ലാം വിചാരിച്ചിരുന്നു. നോക്കു! ഞാനിന്നും ജീവിച്ചിരിക്കുകയാണ്. എനിക്ക് ഭ്രാന്തില്ല. ഉണ്ടോ? വിമോചനസമരം പൂർത്തിയാകുന്നതുവരെ എന്റെ നിത്യാവശ്യങ്ങൾ നടത്തുന്നതിനുവേണ്ടി എനിക്ക് ഒരു ലോഹക്കമ്പനിയിൽ ജോലിചെയ്യേണ്ടിയിരുന്നു."

ജനാലയുടെ താഴെക്കൂടി ഒരു ദേശീയദിനാഘോഷയാത്ര നീങ്ങിക്കൊണ്ടിരുന്നു. അവരുടെ ഗാനാലാപവും മുദ്രാവാക്യംവിളിയുംനിമിത്തം ഞങ്ങളുടെ സംഭാഷണം നിർബാധംതുടരുക പ്രയാസമായിത്തീന്നു. ഉച്ചത്തിൽ ഞാനെന്റെ അവസാനചോദ്യം ചോദിച്ചു. "അമ്മെ, നിങ്ങളെങ്ങനെ ആ അഗ്നിപരീക്ഷണങ്ങളെ അതിജീവിച്ചുവെന്നു പറയൂ. ഏതൊരാദർശമാണ് ഇക്കാലമത്രയും ജീവിക്കുവാൻ നിങ്ങൾക്കു പ്രേരണനൽകിയത്?"

"എനിക്കൊരാദർശങ്ങളുമറിഞ്ഞുകൂടാ. പക്ഷെ എന്റെ മ

കൻ പെങ്ങ് തുടങ്ങിയ സംരംഭം എനിക്കു പൂർത്തിയാകുന്നതു കാണേണ്ടിയിരുന്നു. അതുകൊണ്ടു് ഞാൻ ജീവിച്ചു."

"ഇപ്പോളോ?" ഞാൻ ചോദിച്ചു.

അവർ എണീററു് ആ വൃദ്ധപാദങ്ങളിൽ ഉറച്ചുനിന്നു. കൂടെയുണ്ടായിരുന്ന സുഹൃത്തിൻെറ സഹായത്തോടെയവർ ജനാലയിലേക്ക് നീങ്ങി, താഴെക്കൂടി നീങ്ങിക്കൊണ്ടിരുന്ന ഘോഷയാത്രയിലേക്ക് നിന്നിമേഷയായി നോക്കി. ചെങ്കൊടികൾ. സൺയററ് സെന്നിൻെറയും, മാവോയുടേയും, ചൂട്ടെയുടെയും പെങ്ങ്ബൈയ്യുടെയും ചിത്രങ്ങളുള്ള ചെങ്കൊടികൾ ആ ഘോഷയാത്രയിലവർ കണ്ടു!

"ദാ" താഴെ ഒഴുകിക്കൊണ്ടിരുന്ന ജനപ്രവാഹത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു് ആഃവശത്താൽ പതറിയസ്വരത്തിൽ അവർ പറഞ്ഞു. "എൻെറ മക്കളാണാപോകുന്നതു്."

# ജീവിതം നാൽപ്പത്തിയാറിൽ ആരംഭിക്കുന്നു

"എനിക്ക് എത്ര വയസ്സായി എന്നു് നിങ്ങൾ ചോദിക്കുന്നു. അവർ പറയുന്നു എനിക്കു 50 വയസ്സായെന്നു്; 1902–ലാണു് ഞാൻ ജനിച്ചതെന്നു്. പക്ഷെ എനിക്കു തോന്നുന്നു എനിക്ക് നാലുവയസ്സേയായിട്ടുള്ളുവെന്നു്. 1948 മുതൽ മാത്രമാണെൻെറ ശരിയായ ജീവിതമാരംഭിക്കുന്നതു്. മനുഷ്യനെപ്പോലുള്ള ജീവിതം. 1948–ലാണു ചുവപ്പുപട വടക്കുകിഴക്കൻ പ്രദേശങ്ങൾ വിമോചിപ്പിച്ചതു്."

അയാളുടെ മുഖം ഒററക്കല്ലിൽനിന്നും കൊത്തിയെടുത്തതു പോലിരുന്നു. കരുത്തേറിയ അയാളുടെ ശരീരത്തിൽ ഏറെനാളത്തെ അദ്ധ്വാനഫലമായി ചുളിവുകൾ വീണിട്ടുണ്ടു്. ഷിഹ് യുഹെയ് ഒരു കൽക്കരിഖനി തൊഴിലാളിയാണു്. മൂന്നു വർഷങ്ങൾക്കുമുമ്പു് ഒപ്പിടാനോ, ഒരക്ഷരം വായിക്കുവാനോ അയാൾക്കറിഞ്ഞുകൂടായിരുന്നു. ഇന്നയാളുടെ പടം എല്ലാ പത്രങ്ങളിലും കാണാറുണ്ടു്. ചൈനപിക്ടോറിയൽ എന്ന പത്രത്തിൻെറ മുഖചിത്രം അയാളുടെ കളർപടമായിരുന്നു. ചൈനക്കുപുറമെ, സോവിയററു്യൂണിയനിലും ഹങ്കറിയിലും അയാൾ പ്രസിദ്ധനാണു്. അയാൾ ധരിച്ചിരിക്കുന്ന നീല ജാക്കററിൽ കാണുന്ന പതിനാലു

മെഡ്ലുകളിൽ, വിളക്കിൻെറ ചിത്രമുള്ള ഒരെണ്ണം അയാൾക്ക് ബുഡാപെസ്റ്റിൽനിന്നും അയച്ചുകൊടുത്തതാണു്. ഹംഗറിയിലെ തൊഴിലാളികളുടെ ട്രേഡ്യൂണിയനാണതു നൽകിയതു്. അ ദ്ധ്വാനിച്ചു പൊളിപോയ കയ്യുകളും കുഴിഞ്ഞ കണ്ണുകളുമാണയാൾക്കുള്ളതു്. അയാളുടെ സ്വരം ന്യൂമാററിക് ഡ്റില്ലിൻേറതിനാക്കാൾ ഉയന്നതാണു്. ഉയരംകുറടിയ ഈ മെലിഞ്ഞ മനുഷ്യൻ അയാളുടെ പ്രവിശ്യയിലെ ഒരു മാതൃകാതൊഴിലാളിയാണു്. ഒക്ടോബർ ഒന്നാംതീയതി വൈകിട്ടു് പീക്കിങ്ങിലുണ്ടായ ആഘോഷങ്ങളോടനുബന്ധിച്ചു നടന്ന സൽക്കാരങ്ങളിൽ 'ലേബർ ഹീറോ'കളിൽ ഒരാളായാണു ഷിഢ് പങ്കുകൊണ്ടതു്.

സോവിയററുയൂണിയനിലെ തൊഴിലാളികളെപ്പോലെ തന്നെ സമത്ഥനല്ലെങ്കിലും, ബ്രിട്ടനിലെയും അമേരിക്കയിലെയും ഖനിത്തൊഴിലാളികളേക്കാൾ അയാൾ സമത്ഥനാണു്. കൽക്കരി ഖനനത്തിൽ അഭിമാനിക്കത്തക്ക പലതും അയാൾ ചെയ്തിട്ടുണ്ടു്.

1948-ൽ വിമോചനത്തിനുശേഷം മാത്രമാണയാൾ അക്ഷരാഭ്യാസവും രാഷ്ട്രീയവിദ്യാഭ്യാസവും നേടിയതെന്നതു് അയാളുടെ ഒരു പ്രത്യേകതയാണു്. അതിനുശേഷമാണു തൻെറ തൊഴിലിലും അയാൾ സമർത്ഥനായതു്.

ഒരു കൃഷിക്കാരനായാണയാൾ ജനിച്ചതു്. വളന്നുവളന്നു് അയാൾ വിദഗ്ദ്ധനായ ഒരു കൽക്കരിതൊഴിലാളിയായിക്കഴിഞ്ഞു. നിറഞ്ഞ ആത്മവിശ്വാസത്തോടെയാണയാൾ തൻെറ തൊഴിലിൻെറ സാങ്കേതികവശങ്ങളെപ്പററി സംസാരിക്കുന്നതു്. ക്രമിന്താങ്ങിൻെറ തകർച്ചക്കുശേഷം പുതിയ ചൈനയിലെ സാധാരണ ജനങ്ങളിലുണ്ടായ ദൂരവ്യാപകങ്ങളായ പരിവത്തനങ്ങളുടെ ഒരു പ്രതിരൂപമാണയാൾ.

"മധുരസ്മരണകൾക്കിടനൽകുന്ന സന്ദർഭങ്ങളൊന്നും എൻെറ പൂവ്വകാലജീവിതത്തിലുണ്ടായിട്ടില്ല. എന്നെപ്പോലെയുള്ള

ആയിരക്കണക്കിനാളുകളുണ്ടായിരുന്നു. ഇന്നു്, അവക്കെല്ലാംതന്നെ എന്നെപ്പോലെ സന്ദർഭങ്ങൾ കിട്ടിയിട്ടുണ്ടു്. ഹൊപ്പെ'പ്രവിശ്യയിലുള്ള ടങ്ങ്കപാങ്ങ് കൗണ്ടിയിലെ ടങ്ങ്ഗ്രാമത്തിലാണു ഞാൻ ജനിച്ചതു്. യുൻലിയാങ്ങ് നദീതീരത്താണു ഈ ഗ്രാമം. 'യുൻലിയാങ്ങ്' എന്നാൽ ധാന്യവാഹിനി എന്നാണത്ഥം. പണ്ടുകാലത്തു ചക്രവത്തിമാർ ഇരുകരകളിലുമുള്ള ധാന്യങ്ങളത്രയും കൊണ്ടുപോയിരുന്നതു് ഈ നദിയിലൂടെയാണു്. അതാണു് ഈ പേരുണ്ടാകുവാൻ കാരണം. എന്റെ പിതാവു ഒരു സാധുകൃഷിക്കാരനായിരുന്നു. എന്റെ പത്താമത്തെ വയസ്സിൽ അദ്ദേഹം മരിച്ചുപോയി. രണ്ടു മൗ ഭൂമി മാത്രമാണു വിധവയായ അമ്മയ്ക്കും എന്റെ സഹോദരന്മാക്കുമായി കിട്ടിയ പിതൃസ്വത്തു്. സഹോദരന്മാരിൽ ഒരാൾ എന്നെക്കാൾ മൂത്തവനായിരുന്നു. ഒരാൾക്കു ആഹാരത്തിനുവേണ്ട ധാന്യങ്ങൾ ഈ രണ്ടു മൗ ഭൂമിയിൽ വിളയുകയില്ല. പിന്നെയെങ്ങനെ നാലംഗങ്ങളുള്ള ഞങ്ങളുടെ കുടുംബം കഴിയുന്നതു്! കൊയ്ത്തുകാലങ്ങളിൽപ്പോലും വയറുനിറയെ ആഹാരം കഴിക്കുവാൻ ഞങ്ങൾക്കു കഴിഞ്ഞിരുന്നില്ല. കണ്ട കാട്ടുപഴങ്ങളും മരത്തിന്റെ വേരുകളും തിന്നാണു് ഞങ്ങൾ ജീവിച്ചതു്. കുട്ടിക്കാലത്തു മാവുപൊടിയും കാട്ടുപഴങ്ങളും കൂട്ടിക്കുഴച്ചു് ധാരാളം തിന്നിരുന്നതുകൊണ്ടു് ഞാനൊരു കുടവയറനായി. വഷകാലങ്ങളിൽ വഴികളിൽനിന്നും പറക്കിയെടുത്ത കീറിപ്പറിഞ്ഞ തുണികൾ ധരിച്ചാണു് ഞങ്ങൾ കഴിഞ്ഞതു്. വല്ലപ്പോഴും ജന്മിയുടെ വീട്ടിൽചെന്നു് ആഹാരം യാചിച്ചാൽ അവരുടെ ഭാര്യമാരും കുട്ടികളും വേലക്കാരും ഞങ്ങളെ ഉപദ്രവിക്കുകയും, പട്ടികളെ അഴിച്ചുവിട്ടു് ഓടിക്കുകയും ചെയ്തിരുന്നു. ജന്മിയുടെ കണ്ണിൽ ഞങ്ങൾ പട്ടികളേക്കാൾ—കോഴികളേയും പന്നികളെയുംകാൾ—നികൃഷ്ടരായിരുന്നു. അനേകദിവസം പട്ടിണികിടന്നു വലഞ്ഞവർ ചെന്നു യാചിച്ചാലും ഉച്ഛിഷ്ടങ്ങൾ അവർ പട്ടികൾക്കേ കൊടുക്കൂ. അക്കാലത്തു്, കഷ്ടപ്പാടുകൾകൊണ്ടു് ചെറുപ്പക്കാർ നാടുവിട്ടുപോകുക പതിവായിരുന്നു. ജന്മിമാരെയും അവ

രുടെ കൊട്ടാരങ്ങളെയും കാത്തു സൂക്ഷിച്ചിരുന്ന ഉദ്യോഗസ്ഥന്മാരോടു ഞങ്ങൾക്കുണ്ടായിരുന്ന വെറുപ്പ് നിങ്ങൾക്കൂഹിക്കാമല്ലൊ. ഞങ്ങളുടെ വെറുപ്പിനും പകയ്ക്കും കണക്കില്ലായിരുന്നു. പക്ഷെ പേടികൊണ്ടു എന്തുചെയ്യും? ജന്മിയുടെയും കുടുംബത്തിൻെറയും, എന്തിന് കുട്ടികളുടെയും മുമ്പിൽ ഞങ്ങൾ തലയുംകുനിച്ചു വായും പൊത്തി നടന്നുകൊള്ളണമായിരുന്നു.

"ഭയപ്പെടേണ്ട പല സംഗതികളുമുണ്ടു്. ജന്മിയെയും അയാളുടെ, വേലക്കാരെയും, അവിടെ ചെന്നാൽ പിന്നാലെ പാഞ്ഞുവരുന്ന പട്ടിയെയും ഭയപ്പെടണം. ഞങ്ങളെ ജയിലിലാക്കാൻ കഴിവുള്ള മജിസ്ത്രേട്ടുണ്ടു്. കൃഷിക്കാർ കുററം ചെയ്തിട്ടില്ലെന്നെത്ര പറഞ്ഞാലും അയാൾ വിശ്വസിക്കുകയില്ല. അയാളെ ഭയമായിരുന്നു. പിന്നെ ഭയപ്പെടേണ്ട മറെറാരു കൂട്ടരുണ്ടു്. ഞങ്ങളെ ബലമായി പിടിച്ച് പട്ടാളത്തിൽചേർക്കുന്ന ഉദ്യോഗസ്ഥന്മാർ. ഇതിനെല്ലാം പുറമെ ദൈവങ്ങളും അവരുടെ പ്രതിനിധികളായ പുരോഹിതന്മാരും. രോഗങ്ങളെയും മരണത്തെയുമായിരുന്നു ഏററവും കൂടുതൽ ഭയം. രോഗികളെ ചികിത്സിക്കുന്നതിനു ഡോക്ടറന്മാരോ ആശുപത്രികളോ ഞങ്ങൾക്കുണ്ടായിരുന്നില്ല. വീടുകളിൽ മരണങ്ങളുണ്ടാകുന്നതു എപ്പോളാണെന്നറിയുകയില്ല. കുടുംബനായകനാണു് മരിച്ചതെങ്കിൽ മററുള്ളവർ പിന്നെ തെണ്ടിയതു തന്നെ.

"അന്നെനിക്കു പത്തുവയസ്സു പ്രായമുണ്ടു്. ഒരു നാല്പതുകൊല്ലം മുമ്പാണു്. എങ്കിലും പിതാവു് മരിച്ചപ്പോൾ അമ്മ പൊട്ടിക്കരഞ്ഞ രംഗം ഞാനിന്നും ഓർക്കുന്നു. ഗ്രാമത്തിലെ ഏററവും പാവപ്പെട്ടവർ ഞങ്ങളായിരുന്നു. പിതാവിൻെറ മരണത്തോടെ ഈ ലോകത്തിലുള്ള ജീവിതാന്തമെന്ന അവസാനിച്ചതായി അമ്മയ്ക്കു തോന്നി. അന്നു് ഞാനമ്മയോടു പറഞ്ഞിരുന്നു. 'അമ്മെ, കരയേണ്ട. ഞങ്ങളൊക്കെ ഒന്നു വളരട്ടെ. നമ്മൾക്കു തീർച്ചയായും സുഖമായി ജീവിക്കാം.' അമ്മ പറയും 'മകനെ, അതിനി എത്ര

നാറം കഴിയണം.' ഞാൻ സമാധാനിപ്പിക്കും. 'കാലം എന്നും ഒരു പോലെയല്ലയമ്മ. ചില മാററങ്ങളൊക്കെയിടക്കുണ്ടാകും.' എങ്കിലും അമ്മ പറഞ്ഞതുപോലെയാണു് സംഭവിച്ചതു്. ഞങ്ങളെപ്പോലുള്ളവരെ സംബന്ധിച്ചിടത്തോളം ഒരു പരിവർത്തനമുണ്ടാകുന്നതിനു മുപ്പതുകൊല്ലം തന്നെ വേണ്ടിവന്നു.

"ജീവിതം ദുരിതങ്ങൾ നിറഞ്ഞതായിരുന്നു. ആ ചെറിയ തുണ്ടു ഭൂമിയിൽ ഞങ്ങളെല്ലുമുറിയെ പണിചെയ്തു. വിറകുവെട്ടി വില്ക്കുന്നതിൽനിന്നും തുഛമായ ഒരാദായവും ലഭിച്ചിരുന്നു. എന്നിട്ടും ഞങ്ങൾക്കു ജീവിക്കാൻ കഴിഞ്ഞില്ല. ഒരുദിവസം—അന്നെനിക്കു് 15വയസ്സുണ്ടു്—അമ്മ സങ്കടം പറയുന്നതിനു് ജന്മിയുടെ ബംഗ്ലാവിൽചെന്നു കുറച്ചുകൂടി ഭൂമിതരണമെന്നു് അമ്മ അയാളുടെമുമ്പിൽ താണുവീണു കേണപേക്ഷിച്ചു. വിളവിന്റെ പകുതിതന്നെ പാട്ടംകൊടുക്കാമെങ്കിൽ കുറച്ചു ഭൂമിതരാമെന്നായിരുന്നു അയാളുടെ മറുപടി. ജന്മിയുടെ ബംഗ്ലാവിലെ അലക്കും തയ്യൽപണിയും അമ്മ ചെയ്യുന്നമായിരുന്നു. അതിനു് ഒരു പ്രതിഫലവും നൽകിയിരുന്നില്ല.

"ജീവിതം വല്ലാതെ വെറുത്തുതുടങ്ങി. രാവിലെമുതൽ കലപ്പയും ചുമന്നു് ഒരു കഴുതയെപ്പോലെ അന്തിവരെ പണിഎടുത്തിട്ടും ആഹാരത്തിനു കാട്ടുപഴങ്ങൾ മാത്രമാണു കിട്ടിയതു്. പട്ടണത്തിൽപോയി വല്ല പണക്കാരുടെയും വീട്ടിൽ ഭൃത്യനായാലെന്തെന്നു് എനിക്കു തോന്നി. പട്ടണമാണെങ്കിൽ 15 മൈൽ ദൂരെയാണു്. കണ്ണിൽനിന്നു് മറയുവാൻപോലും ഒരുസമയവും അമ്മ അനുവദിക്കുകയില്ല. പതിനെട്ടുവയസ്സാകുന്നവരെ ഞാൻ എന്റെ ഗ്രാമംവിട്ടു പുറത്തുപോയിട്ടില്ല.

"പതിനെട്ടു വയസ്സു പ്രായമുള്ളപ്പോൾ നടന്ന ഒരു സംഭവം പറയാം. അന്നു ഞാൻ ജന്മിയുടെ ഭൃത്യനായിരുന്നു. ഞാനയാൾക്കുവേണ്ടി സാമാനങ്ങൾ ചുമക്കുകയും, വീട്ടുവേലകൾ ചെയ്യുകയും വിറകുവെട്ടുകകൂടി ചെയ്തിരുന്നു. പ്രതിവർഷം എനിക്കു ത

ന്നിരുന്ന ശമ്പളം 15 ഷ്യോ(ഏതാണ്ട് 15രൂപ)മാത്രമാണ്. അടുത്ത മഴക്കാലം വന്നപ്പോൾ ശമ്പളം 20 ഷ്യോ ആയി കൂട്ടിക്കിട്ടണമെന്ന് ഞാനാവശ്യപ്പെട്ടു. പതിനെട്ട് ഷ്യോയിൽ കൂടുതൽ തരാൻ ജന്മി വിസമ്മതിക്കയാൽ സുഖമില്ലെന്ന മുടന്തൻകാരണവുംപറഞ്ഞു് ജോലി ഉപേക്ഷിച്ചു.

“പിന്നീട് ഞാനൊരു വള്ളംഊന്നുകാരനായി. യാത്രക്കാരെയും സാമാനങ്ങളും ഇറക്കിവിടുന്ന ഒരു വലിയ വള്ളത്തിലായിരുന്നു ജോലി. ആരംഭത്തിനു ശമ്പളം 20 ഷ്യോ ആണ്. പിന്നീടതു് 25 ആയി ഉയർന്നു. അഞ്ചാറുവർഷം കഴിഞ്ഞപ്പോഴേക്കും ഞാൻ വള്ളം ഊന്നുകാരിൽ പ്രധാനിയായി. ആണ്ടിൽ എനിക്കു് 56 വെള്ളി ഡാളർ ലഭിക്കുമായിരുന്നു. പക്ഷെ വള്ളമൂന്നൽ കലപ്പവലിക്കുന്നതിനേക്കാൾ പ്രയാസമായിരുന്നു. കൃഷിക്കാരന് ചിലകാലങ്ങളിൽമാത്രം ജോലി ചെയ്താൽമതി. വള്ളമൂന്നുകാരന് എന്നും പണിയാണ്. അയാൾക്കു ഒഴിവുസമയങ്ങളുണ്ടാകയില്ല. രാവിലെ കാക്കകളോടൊപ്പം ഞങ്ങളും ഉണരണം. പിന്നെ പത്തുപതിനഞ്ചുമണിക്കൂർ കഠിനമായി ജോലിചെയ്യണം. മനുഷ്യരാണെന്ന വസ്തുത തന്നെ ഞങ്ങൾ വിസ്മരിച്ചുപോയി. വള്ളത്തിൽ എന്തു ചരക്കുകളാണു കയററിയിരുന്നതെന്നു നിങ്ങൾ ചോദിക്കുന്നു. ധാന്യങ്ങൾ, വളങ്ങൾ, തടികൾ മുതലായ ചരക്കുകളാണധികവും. ചിലപ്പോളൊക്കെ സിഗററു് തീപ്പട്ടി തുടങ്ങിയ സാമാനങ്ങളുമുണ്ടായിരിക്കും. സിഗററുണ്ടെങ്കിൽ തീപ്പട്ടിയും വേണമല്ലൊ!”

കേട്ടുവന്ന മഞ്ഞച്ച പല്ലുകൾ പുറത്തുകാണിച്ചുകൊണ്ടയാൾ ചിരിച്ചു. പോക്കററിൽനിന്നും സിഗററുപാക്കററെടുത്തു നീട്ടി. ഞങ്ങൾ രണ്ടുപേരും സിഗററിന് തീകൊളുത്തി. ഈ സിഗററു്തന്നെയായിരുന്നു മാഓവാ സേ തുങ്ങും വലിച്ചിരുന്നതു്.

സിഗററു് കത്തിക്കുന്നതിനിടയ്ക്കു് ഞാനയാളുടെ വിവാഹക്കാര്യത്തെപ്പററിയും തിരക്കി.

"അതുപറയാൻ പാടില്ലാത്തതാണു്." പുക വിട്ടുകൊണ്ടു സന്തോഷത്തോടെ അയാറം തുടൎന്നു. "ഞാൻ പ്രായാതെറതിയാണു വിവാഹം ചെയ്തതു്. എന്റെ ഇരുപത്തിഏഴാമത്തെ വയസ്സിൽ. ഭാൎയ്യയുടെ തന്ത എന്നെപ്പോലെതന്നെ ഒരു വള്ളംഊന്നുകാരനായിരുന്നു. ഞങ്ങളൊരുമിച്ചാണു് ജോലിചെയ്തിരുന്നതു്. മൂപ്പിലേയ്ക്കു് എന്നെ വലിയ കാൎയ്യമായിരുന്നു. മകളെ വിവാഹം ചെയ്വാൻ സമ്മതമുണ്ടോ എന്നു് മൂപ്പില ഒരു മൂന്നാംകാരനെ വിട്ടു് എന്നോടു ചോദിച്ചു. പെട്ടെന്നൊരുമറുപടിയും ഞാൻ പറഞ്ഞില്ല. എനിക്കു് കിട്ടുന്ന ചുരുങ്ങിയ വരുമാനംകൊണ്ടു് ഒരു കുടുംബത്തെ പുലൎത്തേണ്ടവനാണു ഞാൻ. മൂത്തസഹോദരൻ ഒളിച്ചോടി ക്രമിന്താങ്ങു് പട്ടാളത്തിൽ ചേൎന്നിരുന്നതുകൊണ്ടു് കുടുംബഭാരം എനിക്കായിരുന്നു. ആ പരിതസ്ഥിതികളിൽ വിവാഹത്തെപ്പററി ചിന്തിക്കുകകൂടി വയ്യായിരുന്നു. ഏതായാലും ആ വൃദ്ധനെയും അയാളുടെ മകളെയും എനിക്കു വളരെ പിടിച്ചു. അവൾക്കന്നു പതിന്നാലുവയസ്സു പ്രായമുള്ള. അവരും ഞങ്ങളെപ്പോലുള്ള തൊഴിലാളികളായതുകൊണ്ടു് അമ്മയ്ക്കു് ആ ബന്ധം സമ്മതമായിരുന്നു. ഗൃഹജോലിയിൽ അമ്മയെ സഹായിക്കുന്നതിനു് ഒരു മരുമകളെയും കിട്ടുമല്ലൊ. ഞാനും സമ്മതിച്ചു. താമസിക്കാതെ ഞങ്ങളുടെ വിവാഹംനടന്നു. അടുത്തവൎഷത്തിൽ ഞങ്ങളുടെ ആദ്യത്തെ കുഞ്ഞുപിറന്നു.

"ഇക്കാലമത്രയും ഗ്രാമത്തിനുവെളിയിൽ നാട്ടിൽ എന്തൊക്കെയാണു നടന്നിരുന്നതെന്നു നിങ്ങൾ ചോദിക്കുന്നു. സൺയാററ്സെന്നെക്കുറിച്ചും, മഞ്ചുരാജാക്കന്മാരുടെ വീഴ്ചയെക്കുറിച്ചും, ഒരു പുതിയ വംശംഅധികാരം പിടിച്ചു പററുന്നതിനെക്കുറിച്ചുമൊക്കെ ഞങ്ങൾ ഇടക്കിടക്കു് കേട്ടിരുന്നു. ആ വാൎത്തകളൊന്നുംതന്നെ വ്യക്തമായിരുന്നില്ല. അവയൊക്കെ ഞങ്ങളെ സംബന്ധിച്ചിടത്തോളം സൂൎയ്യചന്ദ്രഗ്രഹണങ്ങൾപോലെയായിരുന്നു. ഞങ്ങളുടെ ജീവിതവുമായി അവക്കു് വലിയ ബന്ധമൊന്നുമു

ണ്ടായിരുന്നില്ല. ഗ്രാമത്തിൽ ജന്മിയും, മജിസ്ട്രേട്ടും, ഉദ്യോഗസ്ഥന്മാരും പഴയതുപോലെതന്നെ പ്രാഭവത്തോടെ വാണിരുന്നു. നാങ്കിങ്ങിലോ പീക്കിങ്ങിലോ ഒരു പുതിയ കൂട്ടർ അധികാരത്തിൽ വന്നാൽ ഞങ്ങൾക്കെന്തു ഗുണമാണു കിട്ടുന്നതു്. വളരെവളരെ നാൾ കഴിഞ്ഞാണു് ചെമ്പടയെയും കമ്മ്യൂണിസ്റ്റുപാർട്ടിയെയും കുറിച്ചു് ഞങ്ങൾ കേൾക്കുന്നതു്. അവർ ഒരു പുതിയ മനുഷ്യവർഗ്ഗംതന്നെയാണെന്നും, എവിടെയെല്ലാം അവർ ചെന്നോ അവിടെയെല്ലാം അവർ കൃഷിഭൂമി വീതിച്ചുകൊടുക്കുമെന്നും ഞങ്ങൾ കേട്ടു. പക്ഷെ, അതൊക്കെ അപ്പാടെ വിശ്വസിക്കാൻ പ്രയാസമായിരുന്ന സംഗതികളായതുകൊണ്ടു് ഞങ്ങളത്ര ഗൗനിച്ചില്ല.

"ഞങ്ങളുടെ ടങ്ങ് ഗ്രാമത്തിനു് ബാഹ്യലോകവുമായി ഒരു ബന്ധവുമുണ്ടായിരുന്നില്ല. ബാഹ്യലോകം സൂര്യചന്ദ്രന്മാരെപ്പോലെ ഞങ്ങളിൽനിന്നും വിദൂരമായിരുന്നു. പക്ഷെ ആ ജാപ്പുപിശാചുക്കൾ ആക്രമണം തുടങ്ങിയപ്പോൾ അവർ ഞങ്ങളുടെ ഗ്രാമത്തിലും വന്നു. അതോടുകൂടിയാണു് ചുററുപാടുമുള്ള ലോകവുമായി ഞങ്ങളിടപെടുന്നതു്. ഇടപെടാതെ രക്ഷയില്ല എന്ന നിലയായി.

"ജാപ്പാൻകാർ ഞങ്ങളുടെ ഡിസ്ട്രിക്റ്റ് പിടിച്ചകാലത്തു് എനിക്കു 35 വയസ്സായിരുന്നു. അവരുടെ ആഗമനം ഒരു വമ്പിച്ച വിപത്തുതന്നെയായിരുന്നു. ഗ്രാമീണജീവിതം ഒരു സ്തംഭനാവസ്ഥയിലായി. യുദ്ധംമൂലം കച്ചവടത്തിനു മാന്ദ്യംവന്നതുകൊണ്ടു് ഞങ്ങളെപ്പോലുള്ള വള്ളക്കാൎക്കു തൊഴിലില്ലാതായി. പെട്ടെന്നൊരു വെള്ളപ്പൊക്കവും അതെതുടൎന്നു് പിറെറയാണ്ടിൽ ഒരു വരൾച്ചയും പിടിപെട്ടു. പാടങ്ങളിൽ കൊയ്തെടുക്കുവാൻ ഒന്നുംതന്നെ ഉണ്ടായിരുന്നില്ല. എങ്കിലും ഇടക്കിടക്കു് കരമീടാക്കി ജാപ്പാൻകാർ ഞങ്ങളെ ശല്യപ്പെടുത്തിക്കൊണ്ടിരുന്നു. ആ ഭീകരദിവസങ്ങളിൽ ഞങ്ങൾ എന്തെന്തു് യാതനകൾ സഹിച്ചിട്ടുണ്ടെന്നോ!

"അമ്മ സുഖക്കേടുപിടിപെട്ടു് കിടപ്പിലായി. അവക്കു് ആഹാരമോ, പാലോ, മരുന്നുകാംവാങ്ങാൻ പണമോ ഉണ്ടായില്ല. പിതാവുമരിച്ചിട്ടും പത്തിരുപത്തഞ്ചുകൊല്ലം ഞങ്ങളെ കഷ്ടപ്പെട്ടുവളത്തിയ അമ്മ ഒരു രാത്രിയിൽ ശാന്തയായി ഞങ്ങളെവിട്ടു പിരിഞ്ഞു. അതോടെ ആ ഗ്രാമവുമായുള്ള എന്റെ ബന്ധത്തിന്റെ അവസാനകണ്ണിയും തകന്നു. ആയിടക്കു് കിഴക്കൻമലകളിലുള്ള ഖനികളിൽ പണിയെടുക്കുന്നതിനു് ജാപ്പാൻകാർപുതിയആളുകളെതിരഞ്ഞെടുത്തിരുന്നു. ആ വാത്തകേട്ട ഉടനെതന്നെഞാൻ ഭാൎയ്യയെയും കുട്ടികളെയും ഗ്രാമത്തിലുപേക്ഷിച്ചുകൊണ്ടു് അങ്ങോട്ടു ചെന്നു. അവരെക്കൂടി വേഗം എന്റെ അടുത്തെത്തിക്കുവരുത്തുന്നതിനു് ജാപ്പാൻകാരിൽനിന്നും എനിക്കു് താമസിയാതെ അനുവാദം കിട്ടി. അതിൽപിന്നീടു് ഞങ്ങളൊരുമിച്ചാണു് താമസിച്ചതു്.

"ജാപ്പാൻകാരുടെ ഖനികളിലുള്ള ജീവിതം ഗ്രാമത്തിലെ ജീവിതത്തേക്കാരം ഒട്ടുംതന്നെ ഭേദമായിരുന്നില്ല. തണുപ്പിൽനിന്നും രക്ഷനേടുന്നതിനുള്ള പുതപ്പുകളോ കമ്പിളിവസ്ത്രങ്ങളോ ഇല്ലാതെ ഉഗ്രമായ മലങ്കാറേററു് എന്റെ കുട്ടികാംക്കു് രോഗം പിടിപെട്ടു. സുഖക്കേടുവന്നു് മകനും, ആഹാരം ശരിയായി ലഭിക്കാതെ മകളും മരിച്ചു. ചീഞ്ഞ കയോളിയാങ്ങു് (ബജറാപോലുള്ള ഒരുതരം ധാന്യം) ധാന്യമാണു് അവർ ഞങ്ങാംക്കാഹാരത്തിനു തന്നിരുന്നതു്. ദുർഗ്ഗന്ധവും ദുസ്വാദുംകൊണ്ടു് അതു ഭക്ഷിക്കുക പ്രയാസമായിരുന്നു. ജീവൻ നിലനില്ക്കണമെന്നു കരുതി കുറെയൊക്കെ ഒരുകണക്കിനു് അകത്താക്കുമെന്നുമാത്രം. അത്രതന്നെ. ഒരുജോഡി ട്രൗസറും ഒരു ഷർട്ടും മാത്രമായിരുന്നു ഞങ്ങളുടെ വസ്ത്രം. അലക്കിയെടുക്കുവാൻ ഇണവസ്ത്രങ്ങളില്ലാതെ അവയൊക്കെ ചളിപുരണ്ടു് മുഷിഞ്ഞു നാറിയിരുന്നു.

"ഖനികളിലെ ജീവിതം നരകതുല്യമായിരുന്നു. സൂര്യോദയത്തിനുമുമ്പു് ഖനിയിലേക്കിറങ്ങുന്ന ഞങ്ങാംഇരുട്ടുവീഴുന്നതിനുശേഷംമാത്രമാണു് പുറത്തുവരുന്നതു്. ഖനിയിൽ ഇറങ്ങിയാൽപി

ന്നെ സമയംകൂടി അറിയാൻവയ്യ. അനേകമാസങ്ങളോളംതന്നെ സൂര്യപ്രകാശം കാണാതെ ഞങ്ങൾ ജീവിക്കുന്നു. കൽക്കരി കഴിച്ചെടുക്കാൻ ജാപ്പാൻ തിരക്കുകൂട്ടിയിരുന്നതിനാൽ അപകടങ്ങൾ ധാരാളമായിരുന്നു. ഞങ്ങളുടെ ജീവന്ന് അവർ ഒരു വിലയും കല്പിച്ചില്ല. ഖനിയിൽ രക്ഷാനടപടികളൊന്നുംതന്നെ ചെയ്തിരുന്നില്ല. ദിവസംതോറും തൊഴിലാളികൾ മരിക്കുകയും അപായകരമായ വിധത്തിൽ മുറിവേല്ക്കുകയും ചെയ്തിരുന്നു. ജാപ്പ് ഉദ്യോഗസ്ഥന്മാർക്കതൊക്കെ നിസ്സാരമായിരുന്നു. അവരുടെ കീഴിൽ ധാരാളം തൊഴിലാളികളുണ്ട്. ഒരുത്തൻ മരിച്ചാൽ വേറൊരുത്തനെതള്ളിവിടാം. ഓരോ ദിവസവും വൈകിട്ട് എത്ര ശവശരീരങ്ങളാണ് മുകളിൽ കൊണ്ടുവന്നിരുന്നത്! ഭൂഗർഭത്തിലെ ചില ഭാഗങ്ങൾ കൂടുതൽ അപായകരമായ മേഖലകളാണ്. പരിചയമുള്ള തൊഴിലാളികളാരും അത്തരം അപകടമേഖലകളിൽ ജോലി ചെയ്യുകയില്ല. പുതിയപുതിയ തൊഴിലാളികളെ ജാപ്പാൻകാർ അപകടത്തിൻെറ വായിലേക്കു തള്ളിവിട്ടു. നിരാശനായിത്തീർന്ന ഞാൻ ഇതെപ്പററി ഒന്നും ചിന്തിച്ചില്ല. മരിച്ചേക്കാനിടയുണ്ട് എന്നെനിക്കറിയാമായിരുന്നു. വൈകിട്ട് തിരിച്ചുകയറുമെന്ന വിശ്വാസത്തോടെയല്ല രാവിലെ താഴോട്ടിറങ്ങുന്നത്. ഏതു നിമിഷത്തിലും മരണം സംഭവിക്കാം. ചെമ്പട സമീപപ്രദേശത്തൊക്കെ എത്തിക്കഴിഞ്ഞുവെന്ന വാത്തകേട്ടതോടെ എൻെറ ഹൃദയത്തിൽ പ്രതീക്ഷകളുയന്നു. മരണം എന്നെ പിടികൂടുന്നതിനു മുമ്പുതന്നെ അവരിങ്ങെത്തണേഎന്ന് ഞാൻപ്രാത്ഥിച്ചു."

"ചെമ്പടയെപ്പററി നിങ്ങൾക്കൊന്നുംതന്നെ അറിഞ്ഞുകൂടെന്നാണ് ഞാൻ വിചാരിച്ചിരുന്നത്." ഞാൻ ഇടക്കുകയറി പ്പറഞ്ഞു.

"ഓ. ഞാനതുപറയുവാൻ മറന്നുപോയി. ഞാൻ ഗ്രാമത്തിൽനിന്നും പുറത്തുപോകുന്നതിനു മുമ്പുതന്നെ എട്ടാംപടയെ കാണുന്നതിന് ഒരിക്കൽ ഒരു സന്ദർഭമുണ്ടായി. ചെമ്പടയെ

അന്ന് എട്ടാംപട എന്നാണു വിളിച്ചിരുന്നതു്. ചെമ്പടക്കാർ വേഷംമാറി ജാപ്പാൻകാരുടെ മൂക്കിന്റെ മുമ്പിലൂടെ ഞങ്ങളുടെ ഗ്രാമത്തിൽ വരും. ശത്രുപക്ഷത്തെപ്പററി അറിയാവുന്നവിവരങ്ങളൊക്കെ ഞങ്ങളവർക്ക് പറഞ്ഞുകൊടുക്കും. മറുനാടൻ മേധാവിത്വത്തിനെതിരായി യഥാർത്ഥത്തിൽ സമരംനടത്തുന്നതു് അവർമാത്രമാണെന്നറിയാവുന്ന ഞങ്ങൾ എന്തു സഹായംനൽകുവാനും സന്നദ്ധരായിരുന്നു. ജാപ്പാൻകാരെപ്പോലെതന്നെ ജന്മികളും അവരുടെ ശത്രുക്കളാണെന്നും, അവരുടെ പ്രവർത്തനങ്ങളെല്ലാം ജനങ്ങൾക്കുവേണ്ടി മാത്രമാണെന്നും ഞങ്ങൾക്കു മനസ്സിലായി. ഗ്രാമത്തിൽ വരുമ്പോഴൊക്കെ അവർ ഞങ്ങളെ സ്വ സഹോദരങ്ങളെപ്പോലെസഹായിച്ചിരുന്നു. അത്തരം ഒരു പടയേയോ പട്ടാളക്കാരേയോ ഞങ്ങൾ കണ്ടിട്ടില്ല. രാത്രി ആരും കേൾക്കാതെ ഞാൻ ഭാര്യയോടു പറഞ്ഞിട്ടുണ്ടു്. 'കുഞ്ഞു വളർന്നുവരുമ്പോൾ അവനെ നമുക്കു് എട്ടാംപടയിൽ ചേർക്കണം.' കഷ്ടം. മകൻ മരിച്ചുപോയി. ഞങ്ങൾക്കുണ്ടായ എട്ടുകുട്ടികളിൽ മൂന്നു പെൺകുട്ടികൾ മാത്രമെ ഇപ്പോൾ ജീവിച്ചിരിപ്പുള്ളു.''

ചെമ്പടയിൽ ചേരേണ്ടിയിരുന്ന ആ മകനെക്കുറിച്ചോർത്തപ്പോൾ അയാളുടെ കണ്ണുകൾ നിറഞ്ഞു. ഞാൻ പെട്ടെന്നു വിഷയം മാററിക്കളഞ്ഞു. ജാപ്പ് വിരുദ്ധപ്രക്ഷോഭണത്തെ സഹായിക്കുന്നതിന്നു് ഖനിത്തൊഴിലാളികളുടെയിടയിൽ എന്തെങ്കിലും സംഘടിതശ്രമങ്ങളുണ്ടായോ? ഞാൻ ചോദിച്ചു.

ഇല്ലെന്ന അർത്ഥത്തിൽ അയാൾ തല കുലുക്കി. "ഒരു സംഘടിതശ്രമവും ഉണ്ടായില്ല. ഖനികൾ അങ്ങകലെയുള്ള മലകളിലാണു്. അവിടെ ഞങ്ങൾക്കു് ഒരു ജയിലിലെപ്പോലെ ഏകാന്തജീവിതമാണുണ്ടായിരുന്നതു്. ചുററുപാടുമുള്ള ജനങ്ങളുമായി ഒരുസമ്പർക്കവുമുണ്ടായിരുന്നില്ല. പതിനാലും പതിനാറും മണിക്കൂർ ഭൂഗർഭത്തിൽ പണിചെയ്തു് രാത്രി മുകളിൽ വരുമ്പോൾ ഞങ്ങൾ ജീവച്ഛവങ്ങളായിരുന്നു. തളർന്നുകുഴഞ്ഞ ഞങ്ങൾക്കു് ചിന്തിക്കുന്നതിന്നുപോലും ശക്തിയുണ്ടായിരുന്നില്ല. എങ്കിലും, ഞങ്ങളുടെ

ക്ഷീണിച്ച അവയവങ്ങളിൽ ഒരസ്വാസ്ഥതയും ഹൃദയങ്ങളിൽ ജാപ്പ്‌വിദ്വേഷവും നീറി പുകഞ്ഞുകൊണ്ടിരുന്നു.

"ജാപ്പാൻകാരെ പരാജയപ്പെടുത്തി ക്രമിന്താങ്ങുകാർ ഖനികരം പിടിച്ചെടുത്തുവെന്നറിഞ്ഞപ്പോരം ഞങ്ങരം സന്തോഷിച്ചു. സന്തോഷിക്കേണ്ട സമയം ഇനിയും ആയിട്ടില്ലെന്നു പിന്നീടാണു മനസ്സിലായതു്. ജാപ്പ് ഏജൻറന്മാരായി ജോലിചെയ്തിരുന്ന അതേ രാജ്യദ്രോഹികളെയാണു് ക്രമിന്താങ്ങുകാർ ഖനികളിൽ നിയമിച്ചതു്. അങ്ങനെ ജാപ്പാൻകാർ പോയി ക്രമിന്താങ്ങുകാർ വന്നു. ശരിതന്നെ. പക്ഷേ ഞങ്ങളുടെ ജീവിതത്തിലൊരു വ്യത്യാസവും ഉണ്ടായില്ല. മാനേജരുടെ ആഫീസിൽ തൂക്കിയിരുന്ന കൊടിമാത്രം മാറിയിരുന്നു.

"അഞ്ചെട്ടു മാസങ്ങരംക്കുശേഷം 1947ൽ വടക്കുകിഴക്കൻ പ്രദേശങ്ങളെല്ലാം ചെമ്പട പിടിച്ചെടുത്തു. ഖനികളെല്ലാം കമ്മ്യൂണിസ്റ്റുകാർ കൈവശപ്പെടുത്തി. 'ദേശീയഗവണ്മെൻറായ' ക്രമിന്താങ്ങിൻെറ അനുഭവങ്ങരം മുമ്പിയുണ്ടായിരുന്നതുകൊണ്ടു് ആദ്യകാലത്തു കമ്മ്യൂണിസ്റ്റുകാരെ ഞങ്ങരം ബലമായി സംശയിച്ചിരുന്നു. പക്ഷേ, ഒരു പുതിയ ഭാഷതന്നെയാണു് കമ്മ്യൂണിസ്റ്റുകാർ സംസാരിച്ചിരുന്നതു്. ജനാധിപത്യം. യോഗങ്ങരം വിളിച്ചുകൂട്ടി ഖനിയിലെ നിലകളെക്കുറിച്ചു ചർച്ചകരം നടത്തുവാൻ അവർ ഞങ്ങളോടാവശ്യപ്പെട്ടു. 'തൊഴിലാളികളായ നിങ്ങരംതന്നെയാണു് ഈ ഖനികളുടെഉടമസ്ഥന്മാർ. നിങ്ങരംക്കിതു നിങ്ങളുടെ ഗൃഹങ്ങരംപോലെ നടത്താം.' അവർ ഞങ്ങളോടു പറഞ്ഞു. ഞങ്ങരംക്കെന്നിട്ടുമൊരു സംശയം. ഇതു വെറും വാക്കുകളല്ലെ. നടക്കുവാൻപോകുന്ന കാര്യങ്ങളാണോ? ജാപ്പാൻെറയും ക്രമിന്താങ്ങിൻെറയും കീഴിൽ ഞങ്ങളെ പീഡിപ്പിച്ച ഉദ്യോഗസ്ഥന്മാരെക്കുറിച്ചു ഞങ്ങരം ചർച്ചകരം നടത്തി. അപ്പോളാണു കാര്യം ബോദ്ധ്യമായതു്. കുററക്കാരായ ഉദ്യോഗസ്ഥന്മാ

രെ പിരിച്ചുവിടുകമാത്രമല്ല, അവരിൽ കൂടുതൽ കുററംചെയ്തിരുന്നവരെ ജനകീയകോടതിയിൽ വിസ്തരിക്കുകയും ശിക്ഷിക്കുകയുംചെയ്തു. ഇതൊരു പുതിയ ഗവണ്മെൻറാണു്; തൊഴിലാളികളുടെ ഗവൺമെൻറാണു് എന്നു് ഞങ്ങൾക്കു് ഉടനെ ബോദ്ധ്യമായി. അന്നുമുതൽ ആ ഖനിയിൽ ഒരു പുതിയ ജീവിതമാരംഭിച്ചു. ഞാനും, ഞങ്ങളെല്ലാവരുംതന്നെ ഒരു പുതിയ ജീവിതത്തിലേക്കു നീങ്ങി.

"പുതിയ എൻജിനീയറന്മാരും കമ്മ്യൂണിസ്ററുകേഡറുകളും ഖനികൾ സന്ദർശിച്ച ഉടനെ ആദ്യമായി പറഞ്ഞതു് ഖനികളിൽ തൊഴിലാളികൾക്കു വേണ്ട രക്ഷാനടപടികൾ കൈക്കൊള്ളണമെന്നായിരുന്നു. അതനുസരിച്ചു ഖനിയെ രണ്ടു വിഭാഗങ്ങളാക്കി തിരിച്ചു. അപായകരങ്ങളായ സ്ഥലങ്ങളെ പ്രത്യേകം അടയാളപ്പെടുത്തി. ഭൂമി ഇടിഞ്ഞുവീണു് അപകടമുണ്ടാകാതിരിക്കാൻ വേണ്ട ഏർപ്പാടുകൾ ചെയ്തു. താമസിയാതെ ഞങ്ങൾക്കു് ഇലക്ട്രിക്ഡ്രില്ല് തുടങ്ങിയ ഉപകരണങ്ങളും മനുഷ്യപ്രയത്നത്തെലഘൂകരിക്കുന്ന പുതിയയന്ത്രങ്ങളും സോവിയററുയൂണിയനിൽനിന്നും ലഭിച്ചു.

"പണ്ടുകാലത്തു് ഖനിയിലിറങ്ങുമ്പോൾ ഞങ്ങൾ ഭയന്നിരുന്നു. ആരാണു മരിക്കുന്നതെന്നു നിശ്ചയമില്ലായിരുന്നു. ഒരുദിവസം കഴിച്ചുകൂട്ടിയാൽ അത്രയുമായി എന്നുമാത്രം. ജോലിചെയ്യാത്ത അവസരങ്ങളിൽപോലും മരണത്തെക്കുറിച്ചുള്ള ഓർമ്മ ഒരു പ്രേതത്തെപ്പോലെ ഞങ്ങളെ പേടിപ്പെടുത്തി. അതിൽനിന്നും രക്ഷപ്പെടുവാൻവേണ്ടി മാത്രമാണു് ഞങ്ങൾ ചൂതുകളിക്കുകയും കുടിക്കുകയുംചെയ്തിരുന്നതു്. കഴിഞ്ഞ നാലുകൊല്ലമായിഖനികളിൽ ഒരൊററ അപകടംപോലും സംഭവിച്ചിട്ടില്ല.

"ദിവസത്തിൽ ഞങ്ങൾക്കു് എട്ടുമണിക്കൂർ ജോലിചെയ്താൽ മതി. പണ്ടത്തെ ജോലിസമയത്തിൻെറ വെറും പകുതിമാത്രം.

എങ്കിലും ഉല്പാദനം ഇന്നു കൂടുതലാണ്. ഖനികളെല്ലാം ഞങ്ങളുടെ സ്വന്തമുതലുകളാണെന്ന വിശ്വാസത്തോടെയാണു ഞങ്ങൾ കഠിനാദ്ധ്വാനംചെയ്യുന്നതു്. ഞങ്ങൾക്കിന്നു പുതിയ രീതികളും ആധുനിക ഉപകരണങ്ങളുമുണ്ടു്. സുരക്ഷിതബോധത്തോടെ ഞങ്ങൾക്കു ഖനിയിലിറങ്ങി ജോലിചെയ്യാം. പുതിയ എൻജിനീയറന്മാർ ഞങ്ങളെ പുതിയ പുതിയ സാങ്കേതികസമ്പ്രദായങ്ങൾ അഭ്യസിപ്പിക്കുന്നു. കൂടുതൽ കൽക്കരി ഉല്പാദിപ്പിക്കുന്നതിനെക്കുറിച്ചു ഗവേഷണംനടത്തുന്നതിനു പ്രത്യേകവിദഗ്ദ്ധന്മാരുണ്ടു്. ഖനികൾക്കു കേടുവരാതെയും, തൊഴിലാളികൾക്കു ജീവഹാനി സംഭവിക്കാതെയും കൂടുതൽ കൽക്കരി ഉല്പാദിപ്പിക്കുകയെന്നതാണു ഞങ്ങളുടെ ലക്ഷ്യം."

അയാളുടെ മാറിൽ കിടന്നിരുന്ന ആകർഷണീയമായ മെഡലുകളിലേക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു് ഞാൻ പറഞ്ഞു. "ഇനി വ്യക്തിപരമായി കുറച്ചു സംസാരിക്കു. നിങ്ങൾ എങ്ങനെ ഒരു 'ലേബർഹീറോ' ആയി?"

വിനീതഭാവത്തിൽ അയാൾ തോളുകൾ ചലിപ്പിച്ചു. "അതെനിക്കു് അറിഞ്ഞുകൂടാ. മറ്റുള്ളവരെയപേക്ഷിച്ചു ഞാൻ കൂടുതൽ ജോലിചെയ്യുന്നുവെന്നും, സാങ്കേതികസമ്പ്രദായങ്ങൾ വേഗത്തിൽ അഭ്യസിക്കുന്നുവെന്നും അവർ പറയുന്നു. ഖനികളിലെ സ്ഥിതിഗതികൾ ഭേദപ്പെടുത്തുന്നതിനും, ഉല്പാദനം വർദ്ധിപ്പിക്കുതിനും ഞാൻ വേണ്ട നിർദ്ദേശങ്ങൾ നൽകിയെന്നാണവർ പറയുന്നതു്. വാസ്തവത്തിൽ ഞാനല്ല; എന്റെകൂടെ ജോലിചെയ്തിരുന്നവരാണിതർഹിക്കുന്നതു്. പണ്ടു് ഒരുദിവസത്തെ ഉല്പാദനം 1·6 ടൺ കൽക്കരിമാത്രമായിരുന്നു. ഇന്നു്, ഞങ്ങൾ പ്രതിദിനം 3 ടൺ ഉല്പാദിപ്പിക്കുന്നു. എനിക്കു പ്രായക്കൂടുതലുള്ളതുകൊണ്ടും, എന്നെ അവർ കൂടുതലായി ആദരിക്കുന്നതുകൊണ്ടുമാണു് ഈ ബഹുമതി എനിക്കുനൽകിയതു്. കൽക്കരി കുഴിച്ചെടുക്കുന്നതിന്റെ ആധുനികസമ്പ്രദായങ്ങളെക്കുറിച്ചു പഠിക്കുന്നതിനായി കല്ക്കരി

ഖനിത്തൊഴിലാളികളുടെ ഒരു പ്രതിനിധിസംഘം ഈയിടെ ഹങ്കറി സന്ദർശിക്കുകയുണ്ടായി. അവിടെവച്ച് നടന്ന സംഭാഷണങ്ങളുടെകൂട്ടത്തിൽ അവർ എന്റെ ഗ്രൂപ്പിന്റെ നേട്ടങ്ങളെക്കുറിച്ചും സംസാരിക്കുകയുണ്ടായി. അതുകൊണ്ടാണ് ഹങ്കറിയിലെ കൽക്കരിഖനിത്തൊഴിലാളികൾ ഈ മെഡലും, പ്രത്യേകരീതിയിലുള്ള ഒരുജോഡി ബൂട്ട്സും, ഖനിയിൽ ഉപയോഗിക്കുന്ന ഒരു വിളക്കും എനിക്കു കൊടുത്തയച്ചത്.

"ഈ പുതിയ ജീവിതത്തിൽ ഞാനാഹ്ലാദിക്കുന്നു. ഭാര്യയും പുത്രിമാരും സംതൃപ്തരാണ്. പ്രതിമാസം ഞാൻ 700,000 യുവാൻ (200 രൂപ) സമ്പാദിക്കുന്നു. കല്ലുകൊണ്ട് പുതുതായിപണിത ഒരു ഭംഗിയുള്ള വീട്ടിലാണു ഞാൻ താമസിക്കുന്നത്. എന്റെ പുത്രിമാർ സ്കൂളിൽ പോകുന്നുണ്ട്. കഴിഞ്ഞ 46 വർഷങ്ങളായി അക്ഷരജ്ഞാനമില്ലാതിരുന്ന എനിക്കിന്ന് എഴുതാനും വായിക്കാനും അറിയാം. ഭാര്യ ഈയിടെ വലിയ ജോലിത്തിരക്കിലാണ്. പണ്ട് കാട്ടുപഴങ്ങൾ പറിച്ചും, കാട്ടുവേരുകൾ കുത്തിയും സമയം കളഞ്ഞ അവളിന്നു ഖനിപ്രദേശങ്ങളിലെ വനിതാസംഘടനയിൽ പ്രവർത്തിക്കുന്നു. തൊഴിലാളിവനിതകൾക്കു ക്ലാസ്സുകളും കായികവിനോദങ്ങളും നടത്തുകയാണവളുടെ പ്രവർത്തനം. ഓ, ഇന്നവളൊരു പ്രധാന വ്യക്തിതന്നെയാണ്. പതിനെട്ടു വയസ്സ് പ്രായമുള്ള മൂത്തപുത്രി കചീലാൻ വയോജനസ്കൂളിൽ പഠിക്കുന്നു. ക്ലാസ്സിൽ അവൾ വളരെ സമർത്ഥയാണ്. അടുത്തുതന്നെ അവൾക്കെന്തെങ്കിലും ജോലി ലഭിക്കും. പതിനൊന്നു വയസ്സുള്ള രണ്ടാമത്തെ പുത്രി കചിചീൻ ഇന്നു മൂന്നാം ക്ലാസിൽ പഠിക്കുന്നു. ഇളയ പുത്രി കചീയങ്ങിന് മൂന്നുവയസ്സ് പ്രായമാണ്. ഏററവും ആരോഗ്യവതിയും സുന്ദരിയുമായ പുത്രി അവളാണ്. അതിനു കാരണവുമുണ്ട്. വിപ്ലവത്തിനുശേഷം ഒരു നവീനജീവിതത്തിലേക്കു ഞങ്ങൾ പ്രവേശിച്ചതിനുശേഷമാണ് അവളെ ഗർഭം ധരിച്ചതും പ്രസവിച്ചതും. അടുത്തയാണ്ടിൽ അവളും സ്കൂളിൽ

പോകും. വളൎന്നുവരുമ്പോൾ അവൎക്ക് ഈ നവീനജീവിതസമ്പ്രദായത്തിലെ എല്ലാ സൗകര്യങ്ങളും സന്ദൎഭങ്ങളും ലഭിക്കും. അദ്ധ്യാപികയായോ, ഡോക്ടരായോ, കമ്മ്യൂണിസ്റ്റുനേതാവായോ ജനകീയഗവണ്മെൻറിലെ മന്ത്രിയായോ അവൎക്കുയരാം. ഈ പുതിയ ചൈനയിലെ തൊഴിലാളികളുടെ സന്താനങ്ങൾക്ക് എല്ലാ കവാടങ്ങളും തുറന്നുകിടക്കുകയാണു്."

ഷിഹ് യു ഹെയുടെ കവിളുകളിൽ അഭിമാനബോധത്തിന്റെ അരുണിമ പരന്നു. നാല്പത്തിയാറിൽമാത്രം ജീവിതമാരംഭിച്ച ഒരു കൽക്കരിഖനിത്തൊഴിലാളിയാണയാൾ. അയാളുടെവാക്കുകളിൽ ആശയുടെ ചിലമ്പൊലി മുഴങ്ങി.

34583

# കൂടുവിട്ട കൊച്ചുകിളി

മഞ്ചൂറിയായിലെ മുമ്പിലത്തെ സന്ധിത്തുറമുഖങ്ങളിലൊന്നായ ടീൻഷിനിൽ ഞങ്ങൾ, കണ്ട വ്യാവസായിക പ്രദർശനത്തിൽ ശ്രദ്ധിക്കാനും ആവേശം കൊള്ളാനും വളരെ അധികം വസ്തുക്കൾ ഉണ്ടായിരുന്നു. ഉദാഹരണത്തിന്, പരിപൂർണ്ണമായും ചൈനയിൽത്തന്നെ നിർമ്മിക്കപ്പെടാനിരിക്കുന്ന (കൂട്ടിച്ചേർക്കാനല്ല) ഒരു മോട്ടോർകാർ. ഒരു ചൈനീസ് എഞ്ചിനീയർ സാഭിമാനം പറഞ്ഞതുപോലെ "പിന്നിലെ വിളക്കു മുതൽ മുമ്പിലെ ബമ്പറുവരെ." ടീൻഷിനിലെ ഒരു ഫാക്ടറിയാൽ നിർമ്മിക്കപ്പെട്ട ഒരു ട്രോളികാറും (ക്യാനഡായിൽനിന്നും രണ്ടാംകയ്യായി ഇറക്കുമതി ചെയ്തുവിടുന്ന ബോംബെയിലെ ട്രാംകാറുകളോടൊപ്പമുള്ളവ) പ്രദർശനത്തിലുണ്ടായിരുന്നു. വിമോചനത്തിനുശേഷം മഞ്ചൂറിയൻ വ്യവസായത്തിനുണ്ടായിട്ടുള്ള അത്ഭുതാവഹമായ പുരോഗതിയെ വിളിച്ചറിയിക്കുന്ന ചാർട്ടുകളും ഡയാഗ്രങ്ങളും ഗ്രാഫുകളും കലാപരമായി മനസ്സിൽ പതിയത്തക്കവണ്ണം അവിടെ ശരിപ്പെടുത്തിവച്ചിരുന്നു. എന്നാൽ മാനുഷികതാല്പര്യങ്ങളുടെ വീക്ഷണകോടിയിൽക്കൂടി നോക്കുമ്പോൾ ഏററവും ആകർഷകങ്ങളായ പ്രദർശനവസ്തുക്കൾ ഫാക്ടറികളിലും വർക്ക്ഷാപ്പുകളിലും പണിയെടുക്കുന്ന തൊഴിലാളികളെ കാണിക്കുന്നതും, ഉല്പാദനവർദ്ധനവിനു സഹായകമായിട്ടുള്ള അവരുടെ ജോലിയുടെ

ക്രമസമ്പ്രദായങ്ങളെ വിശദമാക്കുന്നതുമായ ഒട്ടനവധി ഫോട്ടഗ്രാഫുകളും ചായംതേച്ച ചിത്രങ്ങളുമായിരുന്നു.

ആ ചിത്രമണ്ഡപത്തിൽ—അക്കൂട്ടത്തിൽ അധികവും, ഭീകരമായ അനുപാതത്തിൽ പ്രതിരൂപാത്മകമെന്നോണം ഊക്കൻ ചുററികയും ഓങ്ങിനില്ക്കുന്ന ഉറച്ച കായബലമുള്ള ഉരുക്കു ഫാക്റ്ററിത്തൊഴിലാളികളും, ബോയ്ലർ ഉണ്ടാക്കുന്നവരും ഇഷ്ടികപ്പണിക്കാരും കൊല്ലന്മാരുമായിരുന്നു—തികച്ചും വ്യത്യസ്തമായി, വിളറിവെളുത്ത ഭാവങ്ങളോടുകൂടി നില്ക്കുന്ന, ഫാക്ടറിത്തൊഴിലാളിയായ ചിങ്ങ് ഷുയിൻ എന്ന ഇരുപത്തിമൂന്നു വയസ്സുള്ള ഒരു പെൺകുട്ടിയുടെ പടംകൂടി ഉണ്ടായിരുന്നു. സിഗററുനിർമ്മാണത്തിൽ വിപ്ലവകരമായ മാററം വരുത്തിയതിനു്, ബഹുമതി നല്കപ്പെട്ട പെൺകുട്ടിയാണു് അവൾ! വേറെയും പെൺകുട്ടികളുടെ ചിത്രം അക്കൂട്ടത്തിൽ പ്രദർശിപ്പിച്ചിരുന്നുവെങ്കിലും, സിഗററു ചുരുട്ടിക്കൊണ്ടു നില്ക്കുന്ന ഇവളുടെ ചിത്രത്തിനു് എന്തോ ഒരാകർഷകത്വം തോന്നി. ഞങ്ങൾ, തന്നിമിത്തം, അവളുടെ ഫാക്ടറി സന്ദർശിക്കാനും അവളെ നേരിട്ടുകാണാനും ആഗ്രഹിച്ചു. പക്ഷേ അവളെ അങ്ങനെ പെട്ടെന്നു കാണാനും സാദ്ധ്യമല്ലായിരുന്നു; ജോലിസമയത്തു് അവൾ ആർക്കും സന്ദർശനം അനുവദിച്ചിരുന്നില്ല—മാനേജർ സമ്മതിച്ചാൽപ്പോലും. ഞങ്ങൾക്കു കിട്ടിയ അറിവു് ഒരതാണു്. അപ്പോൾ, കാണണമെങ്കിൽ ഷിഫ്ററു തീരുന്നതുവരെ കാത്തുനില്ക്കണം. ഞങ്ങൾ കാത്തുനിന്നു.

നീലനിറത്തിലുള്ള തൊഴിൽക്കുപ്പായത്തിന്റെ കൈച്ചുരുൾകൾ തെറുത്തുകയററി, കൈകഴുകുന്ന മുറിയിൽനിന്നും അവൾ സാവധാനം നടന്നടുത്തുവന്നു. നീളംകുറഞ്ഞ മുടിത്തുമ്പുകളിൽ വെള്ളത്തുള്ളികൾ ഇരുന്നു മിന്നുന്നുണ്ടായിരുന്നു; പതിഞ്ഞ മൂക്കിന്റെ തുമ്പിൽ കുട്ടിത്തം വിട്ടുമാറിയിട്ടില്ലാത്ത യൗവ്വനത്തിന്റെ ഭാവം കൊടുത്തുകൊണ്ടു് ഒരു സോപ്പുതരി ഇരുന്നു തിളങ്ങുകയും, അവളെ ഞങ്ങൾക്കു പരിചയപ്പെടുത്തി. മനോജ്ഞമായ

മന്ദഹാസത്തോടുകൂടി അവർ അഭിവാദനം ചെയ്തു. തുടർന്നൊരു ഹസ്തദാനവും. അവളുടേതു് "ഷാലിമാറിനരികിലെ വിളറിയ കരങ്ങ"ളായിരുന്നില്ല. ആ വിരലുകൾക്കു് കവികൾ പാടാറുള്ള ലില്ലിപ്പൂവിൻെറ നേർമ്മയും ഉണ്ടായിരുന്നില്ല. വേലയെടുക്കുന്നൊരു പെൺകുട്ടിയുടെ കരങ്ങളായിരുന്നു അവ. പക്ഷെ ഒരിക്കലെങ്കിലും കറപിടിച്ചു് അഴുക്കുനിറഞ്ഞിരുന്നില്ല. നഖങ്ങൾ എല്ലാം ശരിക്കു വെടിപ്പാക്കിയിരുന്നു. മാദകമായ സുഗന്ധദ്രവ്യത്തിൻെറ വാസനയ്ക്കു പകരം ഒന്നാംതരം കാർബോളിക്കു് സോപ്പിൻെറ മണമായിരുന്നു കൈകൾക്കു്.

"നിങ്ങളെ കാത്തിരുത്തിയതിൽ ക്ഷമിക്കണേ," അവർ ഇരുന്നതോടെ പറയാൻ തുടങ്ങി. ദ്വിഭാഷിക്കു അവളുടെ ദ്രുതഗതിയിലുള്ള വാക്കുകളോടൊപ്പമെത്താൻ അല്പം വിഷമം അനുഭവപ്പെട്ടു. "മററു സിഗററു് ഫാക്ടറികളുമായി ഞങ്ങളൊരു *'പാട്രിയോട്ടിക് എമുലേഷ'നിൽ ഏർപ്പെട്ടിരിക്കയാണു്. ഈ മത്സരത്തിൽ ഞങ്ങൾ വിജയിച്ചെങ്കിൽ മാത്രമെ എൻെറ പുതിയ പദ്ധതി അവസാനമായി ശരിയെന്നു തെളിയുകയുള്ളു."

അങ്ങനെ സംഭാഷണം സ്വാഭാവികമായി അവളുടെ വിശ്രുതമായ പദ്ധതിയിലേക്കു തിരിഞ്ഞു. ടീൻഷിൻ പത്രങ്ങളുടെ മുൻ പേജുകളിലെല്ലാം കുറേ മാസങ്ങൾക്കു മുൻപു് ആ വാർത്ത പ്രത്യക്ഷപ്പെട്ടിരുന്നു. ഒട്ടുമിക്ക ദേശീയപത്രങ്ങളും അതിനെക്കുറിച്ചു് അഭിപ്രായങ്ങളും എഴുതിയിരുന്നു. "വാസ്തവത്തിൽ അതിനു വലിയ പ്രത്യേകതയൊന്നുമില്ല." സവിനയം അവർ തുടർന്നു, "അല്ലെങ്കിൽ, അതു പ്രത്യേകിച്ചു് എൻെറ പദ്ധതിയുമല്ല. സിഗററു് ഫാക്ടറിയിലെ ഞങ്ങളുടെ വേലയ്ക്കു് സോഷ്യലിസ്റ്റു് സഹകരണത്തിൻെറ തത്വം ഉപയോഗപ്പെടുത്തണമെന്ന ഒരാശയം ഒരുദിവസം എനിക്കു തോന്നി."

* പുതിയ ചൈനയിൽ സാധാരണ കേൾക്കാറുള്ളൊരു വാക്യമാണതു്—തൊഴിലാളികളുടെ വിവിധ ഗ്രൂപ്പുകൾ തമ്മിൽ ഉല്പാദനത്തിലുള്ള സോഷ്യലിസ്ററു മത്സരം എന്നാണു് അതിനർത്ഥം.

അവർ ആ പദ്ധതി വിവരിച്ചപ്പോൾ അതു തീരെ നിസ്സാരമായി തോന്നി—എന്നിരുന്നാലും അതു് സോഷ്യലിസത്തിന്റേയും പുതിയ ചൈനയുടെ ജീവന്റേയും മുഴുവൻ ആദർശത്തേയും സൂചിപ്പിച്ചിരുന്നു. അതുകൊണ്ടാണു് മററുള്ള ഫാക്ടറികളിലും അവളുടെ പദ്ധതിക്കു് അംഗീകാരം ലഭിച്ചതും.

ചുരുക്കത്തിൽ, ഈ സമ്പ്രദായത്തിനു് "സഹകരണാടിസ്ഥാനത്തിൽ സിഗററു് എണ്ണലും പൊതിയലും'' എന്നു പേർ പറയാം. മുൻപു്—പെട്ടെന്നു് അവളുടെ വിരലുകൾ സിഗററു നിർമ്മാണത്തിന്റെ വിവിധ പ്രക്രിയകളെ കാണിക്കുന്നമട്ടു് തിരിയുകയും പൊങ്ങുകയും ചെയ്തു—തെരുക്കുകയും പൊതിയുകയും ചെയ്യുന്ന വകുപ്പിലെ പെൺകുട്ടികൾക്കു് നാലുതരം പണി ചെയ്യേണ്ടിയിരുന്നു, അവർ വിവരിച്ചു. ആദ്യം ഇരുപതെണ്ണം വീതം എണ്ണുക, പിന്നെ പൊതിയേണ്ട കടലാസ്സിൽ അടുക്കിവയ്ക്കുക, പിന്നെ കടലാസ്സിന്റെ മൂല ചുരുട്ടുക, ഒടുവിൽ പാക്കററിലേയ്ക്കു ഇടുക. ഒരു പെൺകുട്ടിതന്നെ ഈ നാലു പണിയും ചെയ്യുന്നതിനു പകരം, നാലുപെൺകുട്ടികൾ ഓരോന്നു ചെയ്യുകയാണെങ്കിൽ വളരെവേഗം പാക്കിംഗു് നടത്താമെന്നു ചാങ് ഷ്വയിനു തോന്നി—അതായതു് ആദ്യത്തെകുട്ടി എണ്ണൽമാത്രം നടത്തി, പൊതിയാൻ രണ്ടാമത്തെ കുട്ടിയെ ഏല്പിക്കുക, രണ്ടാമത്തെകുട്ടി മൂന്നാമത്തെ കുട്ടിയേയും, മൂന്നാമത്തേതു് നാലാമത്തേതിനേയും. ഓരോരുത്തരും ഓരോ പ്രത്യേക കൈവഴക്കത്തിൽ തഴക്കംനേടുകയും അതുവഴി കൂടുതൽ വേഗമുള്ള ഒരു പരിചയം സമ്പാദിക്കുകയും. ചാങ് ഷ്വയിന്റെ കണക്കുപ്രകാരം, പഴയ സമ്പ്രദായത്തിൽ 20 സിഗാററു എണ്ണാൻ 7 സെക്കൻറു് എടുത്തിരുന്ന ഒരു പെൺകുട്ടി 4 സെക്കൻറാണു് ഇപ്പോൾ എടുക്കുന്നതു്. പൊതിച്ചിൽ സമയം ഒരു സെക്കൻറിൽനിന്നും അരസെക്കൻറായി കുറയുകയും ചെയ്തിരിക്കുന്നു. നാലുവിധം പണിയിൽനിന്നും മൊത്തം ലാഭംകിട്ടുന്ന സെക്കൻറു് 5 ആണു്. അപ്പോൾ ഉല്പാദന

നിരക്ക് ഇരട്ടിക്കുകയും ചെയ്യുന്നു. സ്വാനുഭവത്തിൽനിന്നും സമയലാഭവും തൊഴിൽലാഭവും നേടാൻ വേറെയും പല മാർഗ്ഗങ്ങൾ അവർ നിർദ്ദേശിക്കുകയുണ്ടായി. (ഉദാഹരണത്തിന്, സിഗററുപൊതി പാക്കററിലേയ്ക്കു വയ്ക്കുമ്പോൾ കട്ടിക്കടലാസ്സ് ഒന്നു താഴ്ത്തികൊടുക്കുക) അതു് നിർമ്മാണവേഗം പിന്നെയും വർദ്ധിപ്പിച്ചു. ഈ പുതിയ ആശയങ്ങളെല്ലാം അവർക്കു പഴയ തൊഴിലാളികളിൽനിന്നും കിട്ടിയവയാണെന്ന് അവർ തുറന്നു പറഞ്ഞു. അവളുടെ രണ്ടാംപേരു് വിനയം എന്നായിരിക്കണം.

"പക്ഷെ, നിങ്ങൾ എങ്ങനെ, എന്തിന്, ഈ പുതിയ പദ്ധതിയെക്കുറിച്ചു് ചിന്തിക്കാനിടയായി?" ഞങ്ങളിൽ ഒരാൾ ചോദിച്ചു്. അപ്പോഴേക്കും വേറൊരാൾ ഇങ്ങനെയുംകൂടി: "എല്ലാ സിഗററുപാക്കററിന്റേയും നിർമ്മാണത്തിൽ കുറച്ചു സെക്കന്റുകൾ ലാഭിക്കുന്നതു് വാസ്തവത്തിൽ വലിയ പ്രാധാന്യം അർഹിക്കുന്നുണ്ടോ?"

"തീർച്ചയായും" അവർ ശരിക്കുത്തരം നൽകി. "നിങ്ങൾക്കറിയാമോ, ചെയർമാവോയുടെ നിർദ്ദേശം, ഉല്പാദനവർദ്ധനവിനുവേണ്ടി ഓരോരുത്തരുംനല്ലപോലെ പണിയെടുക്കണമെന്നാണ്. എന്റേതായ എളിയ മാർഗ്ഗത്തിൽകൂടി, ഉല്പാദനനിരക്ക് വർദ്ധിപ്പിക്കണമെന്ന് എനിക്കുതോന്നിയതും അതുകൊണ്ടുതന്നെയാണ്. അങ്ങനെ, ജോലിസമയത്തിനുശേഷം, കൂട്ടംകൂട്ടമായി പെൺകുട്ടികളെ സംഘടിപ്പിച്ചു് പാക്കിങ്ങിന്റെവിവിധതുറകളിൽ ഞാൻ പരീക്ഷണം നടത്തിനോക്കി. എന്റെ പേരിനോട് ബന്ധപ്പെടുത്തിയിരിക്കുന്ന ഇപ്പോഴത്തെ പദ്ധതിയിൽ അങ്ങനെയാണ് ഞങ്ങൾ എത്തിയിരിക്കുന്നതു്. എന്നാൽ അതിനുള്ള ബഹുമതി മുഴുവൻ എന്റെ ഗ്രൂപ്പിനു മൊത്തമായാണ്."

ചൈനയിലെ പുതിയ ജീവന്റെ രണ്ടു സ്വഭാവ പ്രത്യേകതകൾ ഇവിടെകാണാം—മാവോ സേ തുങ്ങിൽ നിന്നു ലഭിച്ച പ്രചോദനവും, വ്യക്തിപരമായ അഹന്തയേക്കാൾ കൂട്ടതലായി കൂട്ടായ മതിപ്പും.

വ്യക്തിപരമായ ബഹുമതി, ഗ്രൂപ്പിനു പങ്കുവയ്ക്കുന്നതിൽ ചാങ്ങ്ഷുയിന് സന്തോഷമേ ഉണ്ടായിരുന്നുള്ളു പക്ഷേ ഫാക്റ്ററി മാനേജരും എഞ്ചിനീയർമാരും അവളുടെ സംഘടനാപരമായ കഴിവിനേയും, നേതൃത്വത്തിൻെറ സഹജമായ ഗുണഗണങ്ങളേയും പററി പുകഴ്ത്തുകയായിരുന്നു. വാസ്തവത്തിൽ അവളുടെ നേതൃത്വം ഫാക്റ്ററിത്തൊഴിലാളികളുടെ ഭാവനയെ തീ പിടിപ്പിച്ചിരുന്നു. ശാസ്ത്രീയവും ബോധപൂർവ്വകവുമായജോലിവിതരണംമൂലം, ഉല്പാദനവർദ്ധനവിൽ തൊഴിലാളികളുടെ ആത്മാർത്ഥവും ആവേശപൂർവ്വകവുമായ സഹകരണം നേടിക്കൊടുത്തതു് ആ നേതൃത്വം തന്നെയായിരുന്നു! വലിയ അമേരിക്കൻഫാക്ടറികളിൽ കൂട്ടുല്പാദനത്തിനുവേണ്ടി ഉപയോഗിക്കുന്ന കൺവെയർ—ബെൽററ് (Conveyor-belt) പദ്ധതിപോലെ യായിരുന്നു അതു്. പക്ഷേ ഒരു വ്യത്യാസമുണ്ടായിരുന്നുവെന്നു മാത്രം. കൺവയർ—ബെൽററ് പദ്ധതി, തൊഴിലാളികളിൽ ആത്മാവില്ലാത്ത, യന്ത്രപ്പാവയുടെ കണക്കുള്ള, വാസനകളെ—ചാർളി ചാപ്ലിൻെറ “Modern Times” എന്ന പ്രസിദ്ധ ഇംഗ്ലീഷ്പടത്തിൽ ചിത്രീകരിച്ചതുപോലെ—വളത്തുമ്പോൾ ചാങ്ങ് ഷു യിൻ പദ്ധതി തൊഴിലാളികളുടെ ആവേശപൂർവ്വവും ബുദ്ധിപൂർവ്വവുമായ സഹകരണത്തെയാണ് ആശ്രയിക്കുന്നതു്. തന്നെയുമല്ല, അവരുടെ സാങ്കേതിക സാമർത്ഥ്യത്തേയും സാമൂഹ്യബോധത്തെയും വളത്തുന്നതിനും അതു് സഹായിക്കുന്നു. സിഗററ് പാക്കിങ്ങിനുള്ള ഈ പുതിയ പദ്ധതിയുടെ കണ്ടുപിടുത്തം,തൊഴിലാളികളുടെ സാംസ്കാരിക മാനദണ്ഡത്തെ ഗണനീയമായി ഉയത്തിയെന്നതു് കേവലം ആകസ്മികമല്ലായിരുന്നു.

ചാങ്ങ് ഷു യിൻെറ സ്വന്തം ചരിത്രത്തെക്കുറിച്ചു് ഞങ്ങൾക്ക ജിജ്ഞാസയുണ്ടായി—അവളുടെ ഗാർഹിക പശ്ചാത്തലം ബാല്യം, ഫാക്ടറി അനുഭവങ്ങൾ മുതലായവയെക്കുറിച്ചു് പ്രസ്താവയോഗ്യമാംവണ്ണം അവൾ തുറന്ന മനസ്ഥിതിക്കാരിയായിരുന്നു.

KOTTAYAM PUBLIC LIBRARY KOTTAYAM

എന്നാൽ അതിനേക്കാരം പ്രസ്താവയോഗ്യമാംവണ്ണം ഭയം പൊങ്ങച്ചത്തിൽനിന്നും അവർ അകന്നുനിന്നിരുന്നു. "എന്റേതു് തീരെ ചെറിയ, തീരെ നിസ്സാരമായൊരു കഥയാണു്," അവർ പറഞ്ഞു: "ആയിരക്കണക്കിനുള്ള മററു ചൈനീസ് പെൺകുട്ടികളുടെ കഥയിൽനിന്നും വ്യത്യസ്തമല്ല അതു്."

വടക്കൻചൈനയിലെ ഹോറപ്പപ്രവിശ്യയിലുള്ള ചെങ്ങ് ഡിസ്ത്രിക്ടിൽ 1928-ലാണു് അവളുടെ ജനനം. മൂന്നാമത്തെ വയസ്സിൽ അച്ഛൻ മരിച്ചു. ജന്മിയുടെ നിലത്തിൽ പണിയെടുത്തുകൊണ്ടിരുന്ന അമ്മയും അമ്മൂമ്മയുമാണു് ആ അനാഥക്കുട്ടിയെ വളർത്തിയതു്. അവരുടെ ജീവിതനില തീരെ മോശമായിരുന്നു. ആയിരക്കണക്കിനുള്ള പട്ടിണിക്കാരായ കർഷകരെപ്പോലെ അവരും ഗ്രാമംവിട്ടു് നഗരത്തിലേക്കുപോകാൻ നിർബ്ബന്ധിതരായി. അമ്മയുമൊത്തു ടീൻഷിനിൽ എത്തിയ അവൾക്കു് അന്നു് പത്തുവയസ്സുപ്രായമായിരുന്നു. ഉയരംകൂടിയ കെട്ടിടങ്ങളും, നിരനിരയായ ഫാക്റ്ററികളും വിലപിടിച്ച സാമാനങ്ങൾ നിരത്തിവച്ചിട്ടുള്ള ഷാപ്പുകളും—ജാപ്പനീസ് ആക്രമികാരികൾക്കും അവരുടെ ചൈനീസ് പാവകൾക്കും മാത്രം വാങ്ങാൻകഴിയുന്ന സാമാനങ്ങൾ—നിറഞ്ഞ പ്രധാനനഗരത്തിൽ എത്തിയ അവൾ ഒരുകൊച്ചുകുട്ടിയുടെ അത്ഭുതഭാവങ്ങളോടെ മിഴിച്ചുനിന്നു. പതിനൊന്നാമത്തെ വയസ്സിൽ അവൾ ഈസ്റ്റ് ഇൻഡ്യാ ടുബാക്കോ ഫാക്റ്ററിയുടെ ഒരു സിഗററുകമ്പനി—ഒരു ജാപ്പനീസ് സ്ഥാപനം—യിൽ ചേർന്നു. ദിവസം പന്ത്രണ്ടുമണിക്കൂർവീതം ഒരു പുരുഷന്റെ വേല എടുത്തിരുന്ന അവൾക്കു കിട്ടിയിരുന്നതു് ഒരു കുട്ടിയുടെ പകുതി കൂലിയായിരുന്നു.

"അതൊരു ജീവിതമൊന്നുമായിരുന്നില്ല," അവൾ തുടർന്നു: "വിശപ്പും പട്ടിണിയും നിറഞ്ഞ ഒരു നീണ്ട കാലഘട്ടം. ഒരു മൃഗത്തിന്റെ ജീവിതമായിരുന്നു അതു്. ജോലി, ജോലി, കൂടുതൽ ജോലിയായിരുന്നു." അവളുടെ ചലിക്കുന്ന കരങ്ങൾ, വട്ടത്തിൽ വട്ടത്തിൽഒരാട്ടുകല്ലു വലിക്കുന്ന കഴുതയുടെ നടത്തംവ്യക്തമാക്കി.

വൈകുന്നേരം വേലകഴിഞ്ഞുവരുമ്പോൾ എനിക്കയാതൊന്നും ചിന്തിക്കാൻ സമയംകിട്ടിയിരുന്നില്ല. ക്ഷീണംകൊണ്ടുള്ള ഉറക്കംമാത്രം. അക്കാലങ്ങളിൽ ഞാൻ എത്രമാത്രം ഭീരുവായിരുന്നെന്നോ! ആ! നാലുകൊല്ലംമുമ്പാണു് നിങ്ങൾ ഇവിടെ വന്നിരുന്നതെങ്കിൽ, ഇങ്ങനെ ഒരുകൂട്ടം വിദേശികളോടു സംസാരിക്കാൻ എനിക്ക ധൈര്യംവരുമെന്നു തോന്നുന്നുണ്ടോ?—-ഓ! ഇല്ല, ഇല്ല, ഒരിക്കലുമില്ല.''

ജാപ്പാൻകാരിൽനിന്നു് അവർക്കും മററു പെൺകിടാങ്ങൾക്കും സഹിക്കേണ്ടിവന്ന നാണക്കേടുകളെക്കുറിച്ചും അവർ വിവരിക്കുകയുണ്ടായി. "ആ ക്രൂരജന്തുക്കൾ ഈ മഞ്ചൂറിയാ മാത്രമല്ല, ലോകം മുഴുവൻ സ്വന്തമെന്നപോലെയാണു് പെരുമാറിയതു്.''

ആത്മാവിനെ കൊല്ലുന്ന ആ ഞെരുക്കത്തിൽനിന്നു് അവർക്ക സ്വാതന്ത്ര്യംലഭിച്ചതു് വിമോചനത്തോടുകൂടിയാണു്. "കൂടുവിട്ട കൊച്ചുകിളിയെപ്പോലെയാണു് ഞാൻ ഇപ്പോൾ." വിപ്ലവം വർണ്ണിക്കുന്ന എന്തു കവിതാത്മകമായ രീതി! അവർ ഫാക്ടറിയിൽ തന്നെ പണിതുടൻ. പക്ഷേ ആകെ മാറിപ്പോയിരുന്നു.

ഇന്നു്, ഭാവിയിൽ അവർക്കു് ആശങ്കയില്ല. എന്തോ ചെയ്യാമെന്നൊരു ബോധമുണ്ടു്. എഴുതാനും വായിക്കാനും അവർ പഠിച്ചുപോയി. സമ്മേളനങ്ങളിലും പ്രസംഗങ്ങളിലും അവർ പങ്കെടുത്തുതുടങ്ങി. ദേശീയനേതാക്കന്മാരുടെ പ്രസംഗങ്ങൾ റേഡിയോവഴി കേട്ടറിയുകയാണു്.

1949 സെപ്റ്റംബറിൽ അവർ ജനാധിപത്യയുവജനസംഘടനയിൽ ചേൎന്നു. മൂന്നുമാസത്തിനുശേഷം, ഉല്പാദനറിക്കാർഡിന്റെ അടിസ്ഥാനത്തിൽ കമ്യൂണിസ്ററുപാർട്ടിയിൽ ചേരാൻ അവർ ക്ഷണിക്കപ്പെട്ടു. ജീവിതത്തിലെ മകുടംചാൎത്തിയ്യ ന്നൊരു നേട്ടമായി അവർ അതു് കണക്കാക്കി. തൊഴിലാളിനായിക (അല്ലെങ്കിൽ മാതൃകാതൊഴിലാളി)യെന്ന ബിരുദലബ്ധിപോലും അ

ത്രമല്ല വലുതല്ല. "നിങ്ങൾക്കറിയാമോ എല്ലാവൎക്കും ചേരാൻ കഴിയുന്നൊരു പാർട്ടിയല്ല, മാവോ സെ തൂങ്ങിൻേറതു്." സാഭിമാനം അവൾ പ്രസ്താവിച്ചു.

"ഇനി, ദയവായി ക്ഷമിക്കണം." റിസ്റ്റുവാച്ചിലേക്കു നോക്കി അവൾ അറിയിച്ചു. അതൊരു പരിഷ്ക്കാരിപ്പെൺകിടാവിൻെറ കയ്യാഭരണമായിരുന്നില്ല—ഒരു സമയമാനയന്ത്രം. "ഒരു ക്ലാസ്സുണ്ടു്. വേഗം പോയേ തീരൂ."

"ഒരു ക്ലാസ്സോ? ഇപ്പോൾ എന്താണു പഠിക്കുന്നതു്?" ഞങ്ങൾ ചോദിച്ചു.

"അഡ്വാൻസ്ഡ് മെക്കാനിക്സ്" അവൾ പറഞ്ഞു. പിന്നെ എല്ലാവൎക്കും ഒരു വട്ടംകൂടി ഹസ്തദാനം ചെയ്തിട്ടു് അവൾ പറന്നുപോയി—ആ കൂട്ടവീട്ട കൊച്ചുകിളി!

# —രോമക്കുപ്പായത്തിലെ കർഷകൻ

പററെ വെട്ടിയ മുടിയോടും പതുക്കൻ മുഖാകൃതിയോടും വെ
യിലുകൊണ്ടു കരിഞ്ഞ പുറംതൊലിയോടുംകൂടി, ഉയരംകൂടിയ,
ബൃഹത്ഭുജങ്ങളോടുകൂടിയ കൃഷിക്കാരൻ ഹാൻ ആൻ, പീക്കിം
ഗ്ഹോട്ടലിലെ ഞാൻ കാത്തുകൊണ്ടിരുന്ന മുറിയിൽ പ്രവേശി
ച്ചപ്പോൾ ആ ബാഹ്യപ്രകൃതിയിൽ എന്തോ ഒരു പൊരുത്തക്കേ
ടുണ്ടെന്നു് എനിക്കു തോന്നിപ്പോയി. എന്നാൽ അത്രപെട്ടെന്നു്
ആ പൊരുത്തക്കേടിനെ വേർതിരിക്കാനും വിവേചിച്ചറിയാനും
എനിക്കൊട്ടു കഴിഞ്ഞതുമില്ല.

പരസ്പരം പരിചയപ്പെട്ടു്, ഹസ്തദാനംചെയ്തു്, ഒരുമിച്ചിരു
ന്നു് ഒന്നാംതരം മണമുള്ള ചായകുടിക്കാൻ—ചൈനയിൽ ചായ
കുടിക്കാതെ ഒരുസംഭാഷണവും അഞ്ചുമിനിട്ടിൽകൂടുതൽ നീണ്ടുക
യില്ല—തുടങ്ങിയതിനുശേഷമാണു് ഹാൻ ആനിൽ കണ്ട ആ സ
വിശേഷത എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതു്. വളരെ ത
ണുപ്പുള്ളൊരു ദിവസമായിരുന്നു അതു്. പടിഞ്ഞാറൻ കുന്നുകളു
ടെ പുറകിലേക്കു നേരത്തേതന്നെ സൂര്യൻ വഴുതിവീഴാൻ തുടങ്ങു
ന്ന പീക്കിംഗിലെ ഒക്ടോബർ സായാഹ്നങ്ങളിൽ ഒന്നു്. ഗോബി
മണലാരണ്യത്തിൽനിന്നും അടിച്ചുകൊണ്ടിരുന്ന ശൈത്യക്കാ
റ്റു് നട്ടെല്ലിനെപ്പോലും വിറപ്പിച്ചുകൊണ്ടിരുന്നു. അപ്പോൾ എ
ന്റെ സന്ദർശകൻ ഒരു രോമക്കുപ്പായത്തിൽ പ്രത്യക്ഷപ്പെട്ടെ
ങ്കിൽ അതിൽ അത്ഭുതപ്പെടേണ്ടതില്ലല്ലോ. എന്നിരുന്നാലും ഒ

രംനാട്ടിൽനിന്നും, ഒരു കർഷകൻ രോമക്കുപ്പായവും ധരിച്ചു വരുകയെന്നതു് തികച്ചും അപ്രതീക്ഷിതംതന്നെയായിരുന്നു—വിശ്വസിക്കാമെങ്കിൽ വിശ്വസിച്ചുകൊള്ളൂ, ഒരു രോമക്കുപ്പായത്തിൽ!

ആ സമൃദ്ധിയുടെ ലക്ഷണംകണ്ടു് ഞാൻ ചോദിച്ചു, "രാഷ്ട്രത്തിന്റെ തൊഴിലാളിനായകന്മാ"രിൽ ഒരാളായതുകൊണ്ടു് അയാൾക്കുമാത്രം ലഭിച്ചിട്ടുള്ള പ്രത്യേക സമ്മാനമോ മറ്റോ ആണോ അതെന്നു്. എന്റെ ചോദ്യം ദ്വിഭാഷി തർജ്ജിമചെയ്തുകൊടുത്തപ്പോൾ ഹാൻ ആൻ ഒന്നു പുഞ്ചിരിച്ചു. എന്നിട്ടു് ആ രോമക്കുപ്പായംപോലെതന്നെ—തികച്ചും അപ്രതീക്ഷിതമായ, ഒരു കർഷകനിൽ ഒരിക്കലും കണ്ടിട്ടില്ലാത്ത ഒഴുക്കോടുകൂടി മറുപടിപറഞ്ഞു. അയാളുടെ ചൈതന്യം തുളുമ്പുന്ന ഭാവഹാവങ്ങൾ അത്രകണ്ടു് വ്യക്തവും സമർത്ഥവുമായിരുന്നതുകൊണ്ടു് ദ്വിഭാഷി ഇംഗ്ലീഷിലേക്കു ആ മറുപടി തർജ്ജമചെയ്തുതീരുന്നതിനു മുൻപുതന്നെ അതിന്റെ അർത്ഥം എനിക്കു് ഊഹിച്ചെടുക്കാൻ കഴിഞ്ഞു.

"അല്ലല്ല, എന്റെ ഗ്രാമത്തിൽ രോമക്കുപ്പായമുള്ള കർഷകൻ ഞാൻമാത്രമല്ലെന്നു് നമ്മുടെ ഇൻഡ്യാക്കാരൻ ചങ്ങാതിയോടു പറയൂ," അയാൾ വിവരിക്കുകയാണു്, "എന്തിനു് അവിടെ എല്ലാവർക്കും രോമക്കുപ്പായമുണ്ടു്—കടുത്ത ശീതകാലം കഴിച്ചുകൂട്ടാൻ രോമക്കുപ്പായം കൂടിയേ തീരൂ. മററു രാജ്യങ്ങളിൽ രോമക്കുപ്പായവും മററും വിലപിടിച്ച വേഷാഡംബരങ്ങളായിരിക്കാം. പക്ഷെ ഇവിടെ ഞങ്ങളുടെ മലകളിൽ കരടികൾ കുറച്ചൊന്നുമല്ല. ഗറില്ലാദിവസങ്ങൾ വന്നതോടെ ഞങ്ങൾക്കു തോക്കുകളും കിട്ടാൻതുടങ്ങി. അപ്പോൾ ഞങ്ങൾക്കു് ഒരു രോമക്കുപ്പായത്തിനു് എന്തു വിലവരാനാണു്? മലകളിൽ ഒരൊററദിവസത്തെ ചുററിത്തിരിയലും ഒരു വെടിയും—അതുതന്നെ." പിന്നെ ഒരു വക്രിച്ച ചിരിയോടുകൂടി അയാൾ ഇങ്ങനെയും: "ഇനി നിങ്ങൾ ഒ

രു നല്ല വെടിക്കാരൻ അല്ലെങ്കിൽ രണ്ടുണ്ടവേണമായിരിക്കാം—അല്ലെങ്കിൽ മൂന്നായിക്കൊള്ളട്ടെ.''

"പക്ഷെ നിങ്ങളുടെ നാട്ടിലെ കർഷകക്ക് ഈ രോമക്കുപ്പായം എന്നും ഉണ്ടായിരുന്നിട്ടുണ്ടോ?''—ഞാൻ ആരാഞ്ഞു.

"ഓ, ഇല്ലില്ല. ഇതു് 1946-നുശേഷം ചെമ്പട ഞങ്ങളെ മോചിപ്പിച്ചപ്പോഴാണ്. അതിനുമുൻപ്, ഹാവൂ, ഭയങ്കരമായിരുന്നു.'' ആ അസുഖകരമായ ഭൂതകാലത്തെ കെട്ടിക്കൂട്ടിയുണ്ടാക്കാൻ ശ്രമപ്പെട്ടിട്ടെന്നപോലെ അയാൾ അല്പനേരം നിശ്ശബ്ദനായിരുന്നു. "ആ കാലമെല്ലാം ഞാൻ ഓക്കുന്നുണ്ട്—ശീതകാലങ്ങളിൽ ഒരാൾപ്പൊക്കത്തിൽ മഞ്ഞുവീണുകിടക്കുമ്പോഴും കീറിപ്പറിഞ്ഞ പഴന്തുണികളുമുടുത്തു്, കാലിൽ ചെരുപ്പുകൾക്കുപകരം പഴന്തുണിയുംചുററി കുന്നുകളിൽ കയറാറുള്ള ദിവസങ്ങൾ. ആ! ആ കാലങ്ങളിൽ രോമക്കുപ്പായം സ്വപ്നംകാണാൻപോലും കഴിഞ്ഞിരുന്നില്ല. ജന്മികൾമാത്രമാണ് അവ ധരിച്ചിരുന്നതു്.''

കുറേശ്ശേ കുറേശ്ശേ, എൻെറ ചോദ്യത്തിനുത്തരമായി, ഹാൻ ആൻ തൻെറ ജീവിതകഥ എന്നോടു പറഞ്ഞു—നിലമില്ലാതെ ചുററിത്തിരിഞ്ഞ ഒരു കൃഷിപ്പണിക്കാരൻെറ നിലയിൽനിന്നും "രാഷ്ട്രത്തിൻെറ തൊഴിലാളിനായക''നായി എങ്ങനെ ഉയന്നെന്നു്; ചെയർമാൻ മാഃവാ പീക്കിംഗിലേക്കു എങ്ങനെ ക്ഷണിച്ചുവെന്നു്; എല്ലാ പത്രങ്ങളിലും തൻെറ ചിത്രങ്ങൾ എങ്ങനെ പ്രത്യക്ഷപ്പെട്ടുവെന്നു്!

യെൻറങ്ങ്മലനിരകളുടെ മദ്ധ്യത്തിൽ കിടക്കുന്ന, വടക്കുകിഴക്കൻചൈനയിൽ, ചി ലിൻപ്രവിശ്യയിലുള്ള ചിയാ ഓ താലൂക്കിലെ പാ ഒ ആൻ എന്നു വിളിക്കുന്ന ഗ്രാമത്തിൽ 39 വഷം മുമ്പാണ് അയാൾ ജനിച്ചതു്—ഒരു സാധാരണ കൃഷിക്കാരനേക്കാൾ കൂടുതലായി ബാല്യകാലത്തു് അയാൾക്കു കഷ്ടപ്പെടേണ്ടിവന്നിട്ടുണ്ട്. ഹാൻ ആന് ഏഴ വയസ്സുള്ളപ്പോഴാണു അയാളുടെ അച്ഛൻ മരിച്ചതു്. ഒൻപതുവയസ്സിൽ അയാൾ ജന്മിയുടെ

പന്നികളെ മേയ്ക്കുന്ന വേലക്കാരനായി. കൂലി, ദിവസത്തിൽ രണ്ടു പരുക്കൻ ഊണും, ഉടുക്കാൻ കുറേ പഴന്തുണികളും. പതിമൂന്നുവയസ്സിൽ അമ്മ മരിക്കുമ്പോൾ അയാൾ ചുമട്ടു ചുമക്കുന്ന കൂലിപ്പണിക്കാരനായിരുന്നു.

"ഓരോ കൊല്ലവും മറ്റു കൊല്ലങ്ങളെപ്പോലെ. ഒരു വ്യത്യാസമുണ്ടായിരുന്നതു കൊല്ലന്തോറും തണുപ്പു കൂടിക്കൊണ്ടിരുന്നു എന്നുള്ളതാണ്." അയാൾ പറഞ്ഞു. "വിശപ്പും തണുപ്പും കൂടുതലായിരുന്നു എന്നുള്ളതല്ലാതെ ആ കാലങ്ങളെക്കുറിച്ച് ഓർക്കാൻ യാതൊന്നുമില്ല."

21–ാമത്തെ വയസ്സിൽ, നിലമില്ലാത്ത മറ്റു കർഷകരെപ്പോലെ അയാളും ജന്മിയുമായി ഒരു കരാറിലേർപ്പെട്ടു—3 താന (5 മന്നിൽ കുറയാതെ) കാഃയാളിയാങ്ങിനും, ഒരു ശീതകാലക്കുപ്പായത്തിനും ഒരു വേനൽക്കാലക്കുപ്പായത്തിനും ഒരു ജോഡി ചെരുപ്പിനുംപകരം ഒരുകൊല്ലത്തെ സേവനമായിരുന്നു വ്യവസ്ഥ. ഈ കാലത്തെക്കുറിച്ച് അയാൾക്ക് ചില വേദനാത്മകമായ സ്മരണകളാണുള്ളത്. എന്തെന്നാൽ കരാറ്‌വർഷത്തിൽ രണ്ടു മാസം സുഖമില്ലാതെ കിടപ്പിലായിപ്പോയതുകൊണ്ടു പണിചെയ്യാൻ കഴിഞ്ഞില്ല. ജന്മി വിട്ടുകൊടുക്കുന്നമട്ടല്ലായിരുന്നു. ആറുമാസംകൂടി കൂടുതൽ പണിഎടുപ്പിച്ചു. ഒരു ദിവസം മഴ പെയ്തപ്പോൾ പാടത്തു പണിയെടുത്തുകൊണ്ടിരുന്ന കൃഷിക്കാരെല്ലാവരും കളപ്പുരയിൽ കയറിനിന്നതുകണ്ടു് ജന്മി ചാട്ടയുമായിവന്ന് എല്ലാവരെയും നിഷ്ഠുരണം അടിച്ച കഥയും അയാൾ അനുസ്മരിച്ചു.

"ആ കാലങ്ങളിൽ," അയാൾ ചിന്തയിലാണ്ടുകൊണ്ടു പറഞ്ഞു. "ഞങ്ങളെപ്പോലെയുള്ള തൊഴിലാളികൾക്ക് ഒരു നല്ലകാലം വരുമെന്ന് ഒരിക്കലെങ്കിലും ചിന്തിക്കാൻ കഴിഞ്ഞിട്ടില്ല."

"പക്ഷേ ചെമ്പടയെക്കുറിച്ചും അവരുടെ ഭൂപരിഷ്ക്കരണ പദ്ധതികളെക്കുറിച്ചും നിങ്ങൾ കേട്ടിരുന്നില്ലേ?"

"ഇല്ല, എനിക്കു മുപ്പതുവയസ്സാകുന്നതുവരെ കേട്ടിരുന്നില്ല. അതുവരെ ഞങ്ങളെ ഭരിച്ചിരുന്ന ഏതു സ്വേഛാധിപതിയേയും ഞങ്ങൾ അനുസരിച്ചിരുന്നു—ചിയാങ്ങിനേയും ജാപ്പാൻകാരേയും ജന്മികളെയും. എന്നാൽ ഒരു ദിവസം ഷാൻറങ്ങ് പ്രവിശ്യയിൽനിന്നും അച്ഛനമ്മമാരേയും കണ്ട് മടങ്ങുന്ന ഒരയൽക്കാരൻ ആശാരിയിൽനിന്നാണ് ചെമ്പടഗറില്ലകളെയും ജാപ്പാനെതിരായ അവരുടെ യുദ്ധരീതികളേയുംകുറിച്ച് കേൾക്കാനിടയായത്. നിലമില്ലാത്തവർക്കു നിലം നൽകുന്ന കമ്മ്യൂണിസ്റ്റുപരിപാടിയെക്കുറിച്ചും അയാൾ സംസാരിക്കുകയുണ്ടായി. എല്ലാം ഒരു സ്വപ്നംപോലെയായിരുന്നു. വാസ്തവത്തിൽ ഞങ്ങൾ അന്നു തീരെ അജ്ഞരായിരുന്നു. ഞാൻ ഒരു കൂട്ടുകാരനോടു ചോദിച്ചു: ഈ ചുമപ്പന്മാർ ചൈനാക്കാരോ വിദേശികളോയെന്ന്. പിന്നെ, അന്നാണെങ്കിൽ, ഞാൻ പെണ്ണുംകെട്ടി കുട്ടികളുമായി കഴിഞ്ഞിരുന്നതുകൊണ്ട് കുന്നുംമലയും ചവിട്ടി ചെമ്പടയിൽ ചേരാനൊട്ടു താല്പര്യമെട്ടുത്തുമില്ല."

തന്റെ ഗ്രാമത്തിലേക്ക് എട്ടാംപട മാർച്ചുചെയ്തു വന്ന 1946-ൽമാത്രമാണ് അയാൾക്കു ചുവപ്പുകളുമായി ബന്ധം പുലർത്താൻ അവസരം കിട്ടിയത്. "ഞങ്ങൾ മുമ്പു കണ്ടിട്ടുള്ള മററേതൊരു പട്ടാളക്കാരേയുംപോലെ അല്ലായിരുന്നു ഈ സൈന്യങ്ങൾ. ഉദ്യോഗസ്ഥന്മാർപോലും സദാസമയം പുഞ്ചിരിച്ചു സൗഹാർദ്ദത്തോടും മര്യാദയോടുംകൂടിയാണു പെരുമാറിയതു്. ഭൂമിവിതരണത്തെക്കുറിച്ചു സംസാരിക്കാൻ അവർ ഞങ്ങളുടെ അടുത്തു വന്നു. ഒരു തുറന്ന ജനകീയകോടതിയിൽവച്ച്, ജന്മിയെ പിടിച്ചുകൊണ്ടുവരികയാണെങ്കിൽ, അയാൾക്കെതിരായി കുററാരോപണം നടത്താൻ ഞങ്ങൾ ധൈര്യപ്പെടുമോയെന്നും അവർ ചോദിച്ചു."

"അപ്പോൾ ഈ ജന്മികളെ ഞാൻ ഭയപ്പെട്ടിരുന്നോയെന്നു നിങ്ങൾ ചോദിക്കുമായിരിക്കും. സത്യം പറഞ്ഞാൽ, ഞങ്ങൾ

ക്കെല്ലാവക്കും ജന്മികളെ പേടിയായിരുന്നു. ജന്മികൾക്കെതിരായി സംസാരിച്ച്, അവരുടെ അനീതികളും ക്രൂരതകളും എണ്ണിയെണ്ണിപ്പറയാൻ ചെമ്പടഉദ്യോഗസ്ഥന്മാർ ആവശ്യപ്പെട്ടപ്പോൾ അവരുമായി സഹകരിക്കാൻപോലും ഞങ്ങൾ മടി കാണിച്ചു. എന്നാൽ പിന്നെയാണ് സാധു കർഷകസംഘം രൂപീകരിച്ചതും യോഗങ്ങളിൽ ചെമ്പടയിലെ നായകന്മാർ വന്നു കർഷകർക്ക് നിലം കിട്ടുമെന്നും, മർദ്ദനത്തിന് ജന്മികൾ ഇനിമേൽ ഉണ്ടായിരിക്കയില്ലെന്നും, കർഷകരെ ഉപദ്രവിക്കാൻ ഉദ്യോഗസ്ഥന്മാർ മുതിരുന്നപക്ഷം അവരെ മാററാനുള്ള അവകാശം തങ്ങൾക്കുണ്ടെന്നും മററും പ്രസ്താവിച്ചതു്. ഞങ്ങളുടെ കുട്ടികൾക്കുവേണ്ടി തുറക്കാൻ പോകുന്ന പള്ളിക്കൂടങ്ങളെക്കുറിച്ചും, പണിയാൻപോകുന്ന ആശുപത്രികളെക്കുറിച്ചും, പാടത്തേക്കു വെള്ളം തിരിച്ചുവിടാൻ കിണറു കുഴിക്കുന്ന യന്ത്രങ്ങളെക്കുറിച്ചും ഞങ്ങളുടെ കുടിലുകളിൽ പ്രകാശം പരത്തുന്ന വിദ്യുച്ഛക്തിയെക്കുറിച്ചും അവർ സംസാരിച്ചു.

“ആ കാര്യങ്ങളെല്ലാം ചുമ്മാപറയുകയല്ലാതെ നടപ്പിൽവരാൻ പോകുന്നില്ലെന്നു് ചില നരച്ച തലയുള്ളവർ താടികുലുക്കി അഭിപ്രായപ്പെട്ടു. പീക്കിംഗിൽ ഏതുവംശം ഭരിച്ചാലും എല്ലാക്കാലത്തും ജന്മികളുണ്ടായിട്ടുണ്ടു്, ഉണ്ടായിരിക്കയുംചെയ്യും. എന്നാൽ ഈ ചെമ്പടക്കാർ വാഗ്ദാനംചെയ്ത കാര്യങ്ങൾ ഗൗരവമായി വീക്ഷിച്ച ചിലരും അക്കൂട്ടത്തിലുണ്ടായിരുന്നു. ഈ പ്രാവശ്യം സ്വപ്നം ചിലപ്പോൾ ഫലിച്ചെന്നുവരും. പിന്നെ എല്ലാവരും പറഞ്ഞുകൊണ്ടിരുന്ന ആ കുററാരോപണസമ്മേളനം, യഥാർത്ഥത്തിൽ, നടന്നു. ജീവിതം മുഴുവൻ മർദ്ദനമേററു കഴിഞ്ഞിരുന്ന കൃഷകരേയും മർദ്ദിച്ചു കഴിഞ്ഞിരുന്ന ജന്മികളേയും മുഖാമുഖം വരുത്തി. അതു് ആകാശം ഭൂമിയിലേക്കു ഇറങ്ങിവരുന്നതുപോലെയും ഭൂമി ആകാശത്തേക്കു ഉയർന്നുപോകുന്നതുപോലെയുമായിരുന്നു—മജിസ്ട്രേട്ടിൻെറ ആസനത്തിൽ ഒരു കൃഷകൻ കയ

റിഇരുന്നു. പകരം ജന്മികളും മജിസ്ട്രേട്ടന്മാരും തടവുകാരുടെ സ്ഥാനത്തുംനിന്നു. ഒരുകാലത്ത് അഹങ്കാരംകൊണ്ട് ഉയൻറുനിന്നിരുന്ന അവരുടെ ശിരസ്സുകൾ ഇപ്പോൾ താണുപോയി. ഒരു പുതിയ ജീവിതം, വാസ്തവത്തിൽ ആരംഭിച്ചു കഴിഞ്ഞതായി ഞങ്ങൾക്ക് അനുഭവപ്പെട്ടു. പിന്നെ........."

പുതിയ ജീവിതം വന്നതോടുകൂടി, ഗ്രാമത്തിൽ വന്ന പരിവത്തനങ്ങളെക്കുറിച്ച് വിവരിച്ചപ്പോൾ ഹാൻ ആൻെറ വാക് ചാതുരിയുടെ ചീപ്പ് തുറന്നുപോയി. ജന്മികൾക്ക് അവരുടെ നിലം മാത്രമല്ല, വീടുപോലും മററു കുടിയാന്മാരുമായി പങ്കുചേരേണ്ടിവന്നു. അവരുടെ കന്നുകാലികളെപ്പോലും വീതിച്ചു. ഓരോ സാധുകഷ്കനും 3മൗ. (അര ഏക്ര) നിലംവീതം കിട്ടി—ഏഴംഗങ്ങളുള്ള ഹാൻ ആൻെറ കുടുംബത്തിനു ആകെ 21മൗ. ($3\frac{1}{2}$ ഏക്ര) നിലം ലഭിച്ചു.

"ഒടുവിൽ ഞങ്ങൾക്കൊരു പുതിയ ജീവിതം കൈവന്നു. ഞങ്ങൾക്കു നിലംകിട്ടി ഞങ്ങൾ പണിയെടുക്കുന്നതിൻെറ അനുഭവവും ഞങ്ങൾക്കായി—ഒരു ജന്മിയും അതു തട്ടിയെടുക്കാൻ ഇല്ലാതായി. ഉല്പാദനത്തിൻെറ ആറിലൊന്ന് സക്കാരിലേക്കു കൊടുത്തു. പഴയ അടിസ്ഥാനത്തിലാണു നിരക്കു നിശ്ചയിച്ചിരുന്നതു്. ബുദ്ധിമുട്ടി പണിയെടുത്ത് വിളവു വർദ്ധിപ്പിച്ചെന്നാലും, സക്കാർ ഓഹരികൂടിയിരുന്നില്ല. ജീവിതത്തിൽ ആദ്യമായി, വയറുനിറച്ച് ഞങ്ങൾ ഉണ്ടു. എൻെറ കുട്ടികൾ ആദ്യമായി പള്ളിക്കൂടം കണ്ടു. പിന്നെ ഈ ഭാഗ്യത്തിനെല്ലാം പകരമായി, ഞാനും എന്തെങ്കിലും ചെയ്യേതീരൂ എന്ന് എനിക്കുതോന്നി. ഞാൻ അതുകൊണ്ട് രണ്ടു കാര്യം ചെയ്തു—പ്രായപൂത്തി വന്നവക്കുവേണ്ടിയുള്ള ക്ലാസ്സുകളിൽചേൻറു് എഴുതാനും വായിക്കാനും പഠിച്ചു. പിന്നെ, കമ്മ്യൂണിസ്റ്റ്പാർട്ടിയിലും ചേന്നു. ഞാൻ പാർട്ടിയിൽ ചേൻറപ്പോൾ ഞങ്ങളുടെ ഗ്രാമത്തിൽനിന്നുള്ള ഒരേ ഒരംഗം മാത്രമായിരുന്നു ഞാൻ. എന്നാൽ ഇപ്പോൾ എട്ടുപേരുണ്ട്."

"എട്ടുപേർ മാത്രമോ?" ഞാൻ ഇടയിൽ കടന്നു ചോദിച്ചു.
"പക്ഷേ നിങ്ങൾക്കറിയാൻ പാടില്ല," ഒരു മന്ദസ്മിതത്തോടുകൂടി അയാൾ തുടർന്നു: "ഞങ്ങളുടേതു് ഒരു കൊച്ചുഗ്രാമമാണു്. സ്ത്രീകളും കുട്ടികളും അടക്കം ആകെ ജനസംഖ്യ 94 ആണു്."

"പാർട്ടി അംഗമെന്നനിലയിൽ നിങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നതു് എന്താണു്?" മാർക്സിസ്റ്റ് സ്റ്റഡിക്ലാസിനേയും, പാർട്ടി സാഹിത്യത്തേയും, 'സെൽ'ചർച്ചകളേയും പൊതുയോഗങ്ങളിലെ ഗംഭീരപ്രസംഗങ്ങളേയും കുറിച്ചു് കേൾക്കാൻ ആഗ്രഹിച്ചുകൊണ്ടു് ഞാൻ ചോദിച്ചു. ഒരു കുലുക്കംപോലെ അയാളുടെ ഉത്തരം വന്നു.

"മററു ഗ്രാമീണരോടു ഈ പുതിയ ജീവിതത്തെക്കുറിച്ചു് അറിയിക്കാനാണു് എനിക്കുള്ള നിർദ്ദേശം. അങ്ങനെ പള്ളിക്കൂടത്തിന്റേയും ആശുപത്രിയുടേയും സഹകരണസ്ഥാപനങ്ങളുടേയും ഗുണങ്ങൾ അവക്കുകൂടി കിട്ടാൻ ഇടവരുത്താനും, വില്ലേജ്ഗവമ്മെൻറിന്റെ നടത്തിപ്പിൽ അവരെക്കൂടി പങ്കെടുപ്പിക്കാനും—അതേ, ഞങ്ങളുടെ ചെറിയ ഗ്രാമത്തിനുപോലും അതിന്റേതായ ഒരു ചെറിയ ഗവമ്മെൻറുണ്ടായിരുന്നു. ഉദ്യോഗസ്ഥന്മാരെയെല്ലാം ഞങ്ങൾ തന്നെയാണു് തെരഞ്ഞെടുത്തിരുന്നതു്. എന്നാൽ പ്രധാനമായും എന്നെ നിയമിച്ചിരുന്നതു് കർഷകരെ സംഘടിപ്പിച്ചു് കൂടുതൽ കൂടുതൽ ഭക്ഷണം ഉല്പാദിപ്പിക്കാൻവേണ്ടിയാണു്. ചെയർമാൻ മാവോ പറഞ്ഞിട്ടുണ്ടു്, ഓരോ കൃഷകനും അവന്റെ നിലം യുദ്ധഭൂമിയായിരിക്കണമെന്നു്. ആ നിലത്തു് കൂടുതൽ ധാന്യങ്ങളും, കൂടുതൽ അരിയും, കൂടുതൽ കായോലിയാങ്ങും, കൂടുതൽ അമരപ്പയറും, കൂടുതൽ സസ്യങ്ങളും, കൂടുതൽ പഞ്ഞിയും, കൂടുതൽ മുട്ടയും കൂടുതൽ പന്നികളും കൂടുതൽ എന്തും ഉണ്ടാക്കാതെ ഞങ്ങൾക്കു ശത്രുക്കളെ കീഴടക്കാൻ സാദ്ധ്യമല്ല. ചെയർമാൻ ഏല്പിച്ച ഈ ഭാരിച്ച കൃത്യത്തിൽ ഞങ്ങളുടെ ഗ്രാമം പിന്നിലാവരുതെന്നു് എനിക്കു ഉദ്ദേശമുണ്ടായിരുന്നു."

"എന്നിട്ടു് നിങ്ങൾ വിജയിച്ചോ?"

"പ്രതീക്ഷയിൽ കവിഞ്ഞു്. ദാ, കണക്കുകൾ നോക്കൂ." പുതിയ ചൈനയിലെ ഓരോ സ്ത്രീയും പുരുഷനുംകൊണ്ടു നടക്കാറുള്ളതോ എന്നു തോന്നിക്കുന്ന ഒരു ചുമപ്പുഡയറി അയാൾ വലിച്ചെടുത്തു." പാ ഒ ആനിൽ ഞങ്ങൾ എന്തുചെയ്തു എന്നു ചെയർ ചോദിച്ചെങ്കിലോ എന്നോർത്തു കൊണ്ടുവന്നതാണു്." അയാൾ അപ്പോഴേക്കും പേജുകൾമറിച്ചു് കണക്കുകൾഎടുത്തു. "1947-ൽ ഭൂപരിഷ്കരണകാലത്തു്—10 മൗ. നിലത്തിൽനിന്നു് 7 താന ധാന്യം കിട്ടാറുണ്ടായിരുന്നു. അക്കാലത്തു് ആണ്ടിൽ ഒരിക്കൽ മാത്രമേ വളമിട്ടിരുന്നുള്ളു. ആ വളം ആണ്ടിൽ രണ്ടുതവണ ഇടാൻ കർഷകരെ പ്രേരിപ്പിക്കയാണു് ഞാൻ ആദ്യം ചെയ്ത പ്രവൃത്തി. മറ്റൊരു കാര്യം, പണക്കാരായ കർഷകർക്കുമാത്രമേ കന്നുകാലികൾ—കാളയും പോത്തും കഴുതയും—ഉണ്ടായിരുന്നുള്ളു. പാവപ്പെട്ട കർഷകർക്കു അവരെത്തന്നെ നുകത്തിൽ പൂട്ടേണ്ടിയിരുന്നു. ജന്മിയുടെ കണ്ടുകെട്ടിയ കന്നുകാലികളെയെല്ലാം സഹകരണാടിസ്ഥാനത്തിൽ മാറിമാറി സ്വന്തമാക്കി ഉപയോഗിക്കാൻ ഞാൻ ഏർപ്പാടുചെയ്തു. സൗഹാർദ്ദപൂർവ്വമുള്ള സഹകരണത്തിന്റെ പുതൻ ജീവനോടൊപ്പംതന്നെ, പാവപ്പെട്ടവർക്കു പണക്കാരിൽനിന്നും കന്നുകാലികളെ കടംവാങ്ങാനും, അവയുടെ ഉപയോഗത്തിനു പകരമായി മനുഷ്യശക്തിനല്കാനും കഴിഞ്ഞു. 1948-ൽ സർക്കാരിൽനിന്നും ഞാൻ ഒരു പണയം ശരിപ്പെടുത്തി ഗ്രാമത്തിലേക്കു എട്ടുകാളയും നാലുവണ്ടിയും വാങ്ങി.

ഇതെല്ലാംകൊണ്ടു് 1948 ഉല്പാദനത്തിൽ വലിയൊരു വർദ്ധനവു കാണിച്ചു. 10 മൗ. നിലത്തിൽനിന്നു് 7 താന കിട്ടിയിരുന്നതു് 8 താനയായി വർദ്ധിച്ചു.

"1949-ൽ അതു് 9 താനയായി. 1950-ൽ 10 താന. ഈ വർഷം അതിലും കൂടുമെന്നു ഞങ്ങൾ കരുതുന്നു. എന്നാൽ ഇപ്പോൾതന്നെ ഞങ്ങൾ വിളവു് ഇരട്ടിപ്പിച്ചിട്ടുണ്ടു്. ഇനിയും കണക്കുകൾ വേണോ?" ഡയറിയിൽ നോക്കി അയാൾ വീണ്ടും

ചില കണക്കുകൾകൂടി നിരത്തി. "ഭൂപരിഷ്കരണത്തിനു മുൻപ് ഞങ്ങളുടെ ഗ്രാമത്തിലുണ്ടായിരുന്നത് രണ്ടു കന്നുകാലിമാത്രമാണ്. ഇപ്പോൾ ആകെ എണ്ണം 61. ഇതിൽ 53 എണ്ണം സഹകാര്യ ഉടമയുടേയും 8 എണ്ണം ഗ്രാമസർക്കാരിന്റേതുമാണ്. സസ്യങ്ങൾ, മുട്ട തുടങ്ങിയ ഞങ്ങളുടെ ഉല്പന്നങ്ങൾ ചന്തയിലേക്കു കൊണ്ടുപോകാൻ സർക്കാരിന് 8 വണ്ടികളുണ്ട്. പിന്നെ വീടു പണിയാനും, കന്നുകാലിയും വണ്ടിയും വാങ്ങാനും, തരിശുഭൂമി നന്നാക്കാനും മററുമായി കർഷകരിൽനിന്നും എത്രമാത്രം പണമാണ് ഗ്രാമസർക്കാര് പിരിച്ചെടുത്തിട്ടുള്ളതെന്ന് നിങ്ങൾക്കറിയാമോ? ങ്ഹാ, ഞാൻ പറയാം." അഭിമാനംകൊണ്ട് അയാളുടെ മുഖം വികസിച്ചു. "ശരി, 110 മില്യൺ ഡോളർ" (30,000 രൂപ) 94 പേരുള്ള ഒരുചെറിയ ഗ്രാമത്തിന് എന്തുകൊണ്ടും മതിയായൊരു തുക! "ഞാൻ ഇനിയും കുറേക്കൂടി പറയാം. ഇന്ന് ഞങ്ങളുടെ ഗ്രാമത്തിലെ ഓരോരുത്തക്കും മൂന്നുംനാലും പുതിയ വസ്ത്രങ്ങളുണ്ട്. പിന്നെ ഓരോ രോമക്കുപ്പായവുംകൂടി! നാലുവയസ്സിനു മേലുള്ള എല്ലാ കുട്ടികളും പള്ളിക്കൂടത്തിൽപോകുന്നു. ഞങ്ങളുടെ ഗ്രാമത്തിൽ ഒരു റേഡിയോ ഇല്ലെങ്കിലും, ഒരു ടെലഫോൺ ഉണ്ട്. മാസത്തിൽ ഒരിക്കൽ മാത്രമേ ഗ്രാമത്തിൽ സിനിമാപ്രദർശനമുള്ളവെങ്കിലും, ഞങ്ങൾ പാട്ടുകാരെയെല്ലാം സംഘടിപ്പിച്ച് എന്നും നൃത്തവും നാടകവും നടത്താറുണ്ട്. പാഠം ആനിൽ വന്ന പുതിയ ജീവിതത്തെക്കുറിച്ച് ഇപ്പോൾ നിങ്ങൾക്ക് ഒരേകദേശബോധമെങ്കിലും കിട്ടിക്കാണും."

ആ അത്ഭുതകരമായ പരിവത്തനത്തിൽ താൻ വഹിച്ച സപ്രധാനപങ്കിനെക്കുറിച്ച് വിവരിക്കാൻ അയാൾ കൂട്ടാക്കിയില്ല. ഞാൻ അതിനെക്കുറിച്ച് സൂചിപ്പിച്ചപ്പോഴും, വളരെ വിനയപൂർവ്വം അയാൾ,ഇങ്ങനെയാണുപറഞ്ഞത്. "ഓ, അത് അത്രയ്യൊന്നുമില്ല. ഞങ്ങളെല്ലാം കഠിനമായി അദ്ധ്വാനിച്ചു. പിന്നെ പാർട്ടീഅംഗമെന്ന നിലയിൽ എനിക്ക് ചില സംഘടനാപ്രവത്തനങ്ങൾ കൂടി നിർവ്വഹിക്കേണ്ടിയിരുന്നു." പക്ഷേ 'രാഷ്ട്

ത്തിന്റെ തൊഴിലാളിനായകൻ' എന്ന സ്ഥാനപ്പേര് എല്ലാവ ക്കുംനൽകിയിരുന്നില്ല. എന്നാൽ ഫാൻ ആൻ രണ്ടുകൊല്ലം തു ടർച്ചയായി അതായിരുന്നുതാനും. അയാളുടെ സംഘടനാപ്രവ ത്തനങ്ങൾ, നയകൗശലങ്ങൾ, ജനസേവനം മുതലായവയെ വി വരിച്ചുകൊണ്ടുള്ള വാത്തകളായിരുന്നു പത്രങ്ങളിൽ മുഴുവൻ. 1948-ൽ നാടിന്റെ തൊഴിലാളിനായകനായി അയാൾ നിർദ്ദേ ശിക്കപ്പെട്ടു. 1949-ൽ അയാൾ തന്റെ പ്രവിശ്യയുടെ തൊഴി ലാളിനായകനായി. 1950-ലും 51-ലും അയാൾ രാഷ്ട്രത്തി ന്റെ തൊഴിലാളി നായകനായിരുന്നിട്ടുണ്ട്—ചൈനയിലെ ഏ തൊരാൾക്കും കിട്ടാവുന്നതിലേക്കുവച്ച് ഏററവും ഉയന്ന ഒരുബ ഹുമതി. വിപ്ലവം, കളമൊരുക്കുകമാത്രമേ ചെയ്തിരുന്നുള്ളു. പുതി യ ചൈനയുടെ ഗോപുരമുയത്തിയതു്, വാസ്തവത്തിൽ, ഫാൻ ആനെപ്പോലുള്ളവർ ആയിരുന്നു.

ദേശീയ തലസ്ഥാനത്തുക്കുവന്ന അയാളുടെ യാത്രയുടെ ക ഥ വളരെ രസമുള്ളതാണു്. പീക്കിങ്ങിലെത്താൻ മൂന്നുദിവസ മെടുത്തു. സ്വന്തം ഗ്രാമത്തിൽനിന്നു് ഒരു റയിൽവേസ്റ്റേഷ നിലേക്കു് ആദ്യമായി എട്ടുമൈൽ നടന്നു. എന്നിട്ടു് അവിടെനി ന്നും ഒരു ജങ്ക്ഷനിലേക്കു് ഒരു ബ്രാഞ്ച്ലൈൻ വണ്ടിയിൽ കയ റി. ഒടുവിൽ ജങ്ക്ഷനിൽനിന്നാണു് പീക്കിംഗു് എക്സ്പ്രസ് കിട്ടിയതു്.

"നിങ്ങൾ ഇവിടെ കാണുന്നതിൽ ഏററവും നല്ല വസ്തു എ ന്താണു്?" ഞാൻ ഫാൻ ആനോടു ചോദിച്ചു.

താഴെ അലങ്കരിച്ചിരുന്ന തെരുവിലേക്കുനോക്കി, അല്പനേ രം ആലോചനയിലാണ്ടു് അയാൾ പറഞ്ഞു: "ഞാൻ കണ്ടതിൽ ഏററവും നല്ല വസ്തു ചെയർമാൻ മാവോയുടെ മുഖം—അദ്ദേഹം ഏറെ ബുദ്ധിമുട്ടുന്നുണ്ടു്—അദ്ദേഹത്തിനു് പൂണ്ണാരോഗ്യമുണ്ടായി ക്കാണാനാണു് എന്റെ ആഗ്രഹം. പിന്നെ മറെറാരുനല്ലവസ്തു, ആധുനികോപകരണങ്ങളോടുകൂടിയുള്ള കരവിമാനസൈന്യങ്ങള

ടെ പരേഡാണ്. ഇനി ഞങ്ങൾ ശത്രുക്കളെ ഭയപ്പെടേണ്ട എന്നാണ് ഇതിന്റെ അർത്ഥം.''

അഭിമുഖസംഭാഷണം അവസാനിപ്പിക്കാൻ നേരമായി. രണ്ടുമണിക്കൂറായി ഞങ്ങൾ സംസാരിക്കുന്നു. കാൽമണിക്കൂറിനകം എനിക്ക് വേറെ പരിപാടികളുമുണ്ടായിരുന്നു. തന്നിമിത്തം, പിരിയുന്നതിനുമുൻപ് ഫാൻ ആനോടു ഞാൻ പറഞ്ഞു, അവരുടെ ഗ്രാമത്തെ ഒന്നു വിവരിക്കാൻ. അങ്ങനെ അയാളുടെ കണ്ണിലൂടെ അതൊന്നു കാണാൻ.

"അതൊരു ചെറിയ സ്ഥലമാണ്—രണ്ടുനിര കുടിലുകൾ, കുടിലുകളുടെ നടുവിലൂടെ ഒരു വഴി. പിന്നിൽ മരങ്ങളാണ്. ഗ്രാമത്തിന്റെ പടിഞ്ഞാറാണുനദി. ശീതകാലത്ത് അതു് ഉറച്ചുപോകും. കുട്ടികൾക്ക് സ്കേറ്റിംഗിനുള്ള അവസരമാണപ്പോൾ. ഞങ്ങളുടെ വീടുകളെല്ലാം ഇപ്പോഴും ചെളികൊണ്ടുണ്ടാക്കിയവതന്നെ. എന്നാൽ മൂന്നുകൊല്ലം കഴിയുമ്പോൾ ഇഷ്ടികയാക്കാമെന്നാണ്ആശ. നിങ്ങൾ അതൊന്നു നോക്കിക്കൊള്ളൂ. അന്ന്പാ ഓ ആനിലേക്ക് ഒന്നു വരൂ. അപ്പോൾ ഒരുപുതിയ ഗ്രാമം കാണും—ചെറുതായിരിക്കും, കേട്ടോ. പക്ഷേ വെടിപ്പും, അഴകും ആരോഗ്യവുമുണ്ടായിരിക്കും. കളിപ്പുരകൾ, വിനോദരംഗങ്ങൾ, വൈദ്യുതദീപം ഓരോവീട്ടിലും, ഒരുപക്ഷെ, ഓരോ റേഡിയോ സെററും...

പാ ഓ ആനെക്കുറിച്ചുള്ള ഫാൻ ആന്റെ വീക്ഷണമാണതു്—നൂറിൽകുറഞ്ഞ ജനസംഖ്യയുള്ളൊരു കൊച്ചു ഗ്രാമം. ഈ നാട്ടിലെ ഏററവും വലിയ ഭൂപടത്തിൽ പോലും അതു് അടയാളപ്പെടുത്താൻ സാദ്ധ്യമല്ല. എന്നിരുന്നാലും ഫാൻ ആനെ ശ്രദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ, പാ ഓ ആനാണ് പുതിയ ചൈനയെന്ന് നിങ്ങൾക്കു തോന്നിപ്പോകും—രോമക്കപ്പായത്തിലെ ഈ പരുക്കൻ കർഷകൻപോലും മാവോ സെ തുങ്ങിന്റെ പ്രതിരൂപത്തിൽ വാർത്തെടുക്കപ്പെട്ടിരിക്കുമ്പോൾ.

# പൊഴിക്കില്ലിനിക്കണ്ണുനീർ ഞാൻ ഒരിക്കലും—

ടിങ്ലിങ്ങിന്റെ സ്വന്തംകഥ രസമുള്ളതും അർത്ഥവത്തുമായ ഒന്നാണ്. പാവപ്പെട്ടൊരു പെണ്ണായി ജന്മിയുടെ വീട്ടിൽ പാർക്കുമ്പോൾതന്നെ ജന്മിത്വത്തെ വെറുക്കാൻ പഠിച്ച സാധുവായ ഒരു പള്ളിക്കൂടം അദ്ധ്യാപികയുടെ മകളുടെ കഥയാണിതു്. ബുദ്ധിപ്രഭാവത്തിന്റെ ദന്തഗോപുരത്തിൽ ആ വാസം ഉറപ്പിക്കാൻ ആഗ്രഹിച്ചെങ്കിലും വിപ്ലവത്തിന്റെ ചലനശാസ്ത്രത്താൽ ഗറില്ലായുദ്ധത്തിന്റെ പൊടിപടലത്തിലേക്കും ഒച്ചപ്പാടിലേക്കും തിരിച്ചുവിടപ്പെട്ട ഒരു വിചിത്രവനിതയുടെ കഥ. ചിയാങ്കൈഷക്കിന്റെ ഗസ്റ്റാപ്പോമാരാൽ രഹസ്യമായി കട്ടുകൊണ്ടുപോയി തടവുകാരിയാക്കപ്പെട്ടെങ്കിലും, രക്ഷപ്രാപിച്ച്, ഞെട്ടിപ്പിക്കുന്ന ഒട്ടനവധി അനുഭവങ്ങൾക്കുശേഷം ചൈനയുടെ വിപ്ലവകാലസാഹിത്യനായികകളിൽ ഒരുവളായിത്തീരാൻ വടക്കുപടിഞ്ഞാറൻ ചെമ്പടയിൽച്ചേർന്നൊരു ചെറുപ്പക്കാരിയുടെ കഥ.

അതേ, ടിങ്ലിങ്ങിന്റെ കഥ വളരെയേറെ വിചിത്രമാണ്. എന്നാൽ അതിനെക്കാൾ വിചിത്രതരവും വിശിഷ്ടവുമാണ്, തലസ്ഥാനനഗരിയിൽനിന്നും മഞ്ചൂറിയായിലേക്കു തിരിക്കുന്നതിന് അല്പംമുൻപ് പീക്കിംഗിലെ റൈറ്റേഴ്സ് അസോസിയേഷനിൽവച്ച് അവൾ എന്നോടുപറഞ്ഞ കഥ.

AYAM PUBLIC LIBRARY KOTTAYAM.

ടിങ്ലിങ്ങുമായുള്ള എന്റെ ആദ്യത്തെ കാഴ്ചയായിരുന്നു ഇതു്. എന്നാൽ ഇതൊരു പഴയസുഹൃത്തുമായി കൂടിച്ചേരുന്നതുപോലെയായിരുന്നു. ഞാൻ മുൻപേതന്നെ അവളുടെ കഥകൾ വായിച്ചിട്ടുണ്ടായിരുന്നു. ഇൻഡ്യയിൽക്കൂടി അമേരിക്കയിലേക്ക് കടന്നുപോയ ടിങ്ലിങ്ങിന്റെ സുഹൃത്തായ ഒരു ചൈനീസ് യുവതിയെ, ലിങ്ങിന്റെ ഒരു ചെറുകഥാസമാഹാരം തർജ്ജമചെയ്തു് ഇൻഡ്യയിൽ പ്രസിദ്ധപ്പെടുത്തുന്നതിനു് കഴിഞ്ഞ യുദ്ധകാലത്തു ഞാൻ സഹായിച്ചിട്ടുമുണ്ടായിരുന്നു. എന്നിരുന്നിട്ടും ഞാൻ അവളെ വിഭാവനചെയ്തിരുന്നതു് തീരെ മെലിഞ്ഞു്, അരസികയായ ഒരു എഴുത്തുകാരിയായിട്ടാണു്. എന്നാൽ ഇപ്പോഴോ, തിന്നുകൊഴുത്തു്, ചുമന്ന കവിൾത്തടങ്ങളുമായി, നർമ്മബോധം മുററിയ ഒരു സുന്ദരി. ഞാൻ അത്ഭുതപ്പെട്ടുപോയി.

വർത്തമാനംപറഞ്ഞുകൊണ്ടിരുന്നതിനിടയ്ക്കു്, പത്തുപന്ത്രണ്ടുകോപ്പ ചായ ഞങ്ങൾ അകത്താക്കി; കൂടെ മേശപ്പുറത്തു പിഞ്ഞാണിയിൽ നറുക്കിയിട്ടിരുന്ന ആപ്പിൾകഷണങ്ങളും. അവൾ അധികവും സ്വന്തം ബാല്യകാലത്തെക്കുറിച്ചാണു് സംസാരിച്ചുകൊണ്ടിരുന്നതു്—പ്രത്യേകിച്ചു്, അവളുടെ അമ്മയെക്കുറിച്ചു്. ആധുനികവിദ്യാഭ്യാസം സിദ്ധിച്ച വനിതകളിൽ പ്രഥമയും അദ്ധ്യാപികവൃത്തി തൊഴിലായി സ്വീകരിച്ച ഒരുവളുമായിരുന്നു അവളുടെ അമ്മ. മകളുടെ ജീവിതത്തിൽ ആ അമ്മയ്ക്കുണ്ടായിരുന്ന സ്വാധീനശക്തി വമ്പിച്ചതായിരുന്നു. അന്നു് പുരോഗമനബുദ്ധിജീവികളുടെ കേന്ദ്രമായിരുന്ന ഷാങ്കായ് സർവ്വകലാശാലയിലെ തന്റെ വിദ്യാർത്ഥിജീവിതത്തെക്കുറിച്ചും, പിന്നെ ചിയാങ്ങിന്റെ പ്രതിവിപ്ലവത്തിന്റെ ഭീകരത, വിദ്യാർത്ഥികളിലും പ്രൊഫസർമാരിലുമുണ്ടായിരുന്ന യാഥാസ്ഥിതികന്മാരേയും ഉൽപതിഷ്ണുക്കളേയും എങ്ങനെ തച്ചുടച്ചു എന്നതിനെക്കുറിച്ചും അവർ സംസാരിച്ചു. സ്വന്തം അറസ്റ്റിനെക്കുറിച്ചും രക്ഷപെടലിനെക്കുറിച്ചും അവൾ വിവരിക്കുകയുണ്ടായി—വിശിഷ്ടവും വി

കാരഭരിതവുമായൊരു കഥ! എന്നാൽ തൻെറ ജീവചരിത്രത്തിൻെറ കെട്ടഴിക്കുന്നതിനേക്കാൾ കൂടുതലായി നാട്ടുകാരുടെ ജീവിതകഥകൾ വിടർത്തിഇടുന്നതിനാണ് അവർ താല്പര്യം പ്രകടിപ്പിച്ചതു്. ഭൂപരിഷ്കരണപ്രസ്ഥാനത്തെ സഹായിക്കുന്നതിനും, "ഷാങ്കായ് നദീതീരത്തെ സൂര്യപ്രകാശം" എന്ന തൻെറ വികാരഭരിതമായ നോവലിനുവേണ്ട വസ്തുതകൾ സംഭരിക്കുന്നതിനുമായി ഗ്രാമങ്ങളിൽ കഴിച്ചുകൂട്ടിയ ഏതാനും മാസകാലത്തു് പേരില്ലാത്തൊരു വൃദ്ധയെ കണ്ടുമുട്ടിയ കഥ അവർ വികാരവായ്പോടെ വർണ്ണിക്കുകയുണ്ടായി.

"കർഷകർക്കിടയിൽ ഭൂമി വിതരണം നടത്തിയ സംഭവഭരിതമായ അക്കാലത്തു് ചൈനയുടെ ചരിത്രത്തിൽ ഉണ്ടായതെല്ലാം എനിക്കു് ഓർക്കാൻ കഴിയുകയില്ലെങ്കിലും, ചില കഥാപാത്രങ്ങൾ എൻെറ സ്മരണയിൽ പററിപ്പിടിച്ചു നില്പുണ്ടു്." ടിങ്ങ് ലിങ്ങ് തുടങ്ങി. "അവരിലൊരാളെക്കുറിച്ചു് പറഞ്ഞാൽകൊള്ളാമെന്നുണ്ടെനിക്കു്—കാരണം, ഏതൊരു സ്ഥിതിവിവരക്കണക്കിനേയുംകാൾ കൂടുതലായി, വിപ്ലവത്തിനുശേഷം ചൈനയിലെ സാധാരണജനതയുടെ സ്ഥിതി എത്രമാത്രം മാറിയിരിക്കുന്നുവെന്നു് അതു നിങ്ങൾക്കു് വ്യക്തമാക്കിത്തരും."

രാഷ്ട്രീയമായി വളരെ പിന്നോക്കം നിന്നിരുന്ന ഒരു ഗ്രാമത്തിലാണു് അതുണ്ടായതു്. വിമോചനത്തിനുശേഷം ഒരു നാൾ ടിങ്ങ്ലിങ്ങ് അവിടെ പോകാൻ ഇടയായി. ഭൂപരിഷ്കരണം എന്താണെന്നുപോലും അവിടത്തെ കർഷകർക്കു് അറിയാമായിരുന്നില്ല. ജന്മികളുടെ നിലംപിടിച്ചെടുത്തു് അതു കർഷകർക്കിടയിൽ വിതരണംചെയ്യുന്ന ഒരു ദിനം സമാഗതമാകുമെന്നു് അവർക്കു ചിന്തിക്കാൻപോലും കഴിഞ്ഞിരുന്നില്ല. കർഷകർക്കിടയിൽ കുഴപ്പംപരത്താനും പുത്തൻ ഭരണത്തെ ചെളിവാരി എറിയാനും, ക്വമിന്താങ്ങ് ഏജൻറന്മാരും ജന്മികളും മററു പിന്തിരിപ്പൻ സാമൂഹ്യവിരുദ്ധശക്തികളും കൊണ്ടുപിടിച്ചു പരിശ്ര

മിച്ചിരുന്നു. തന്നിമിത്തം പീക്കിംഗിൽനിന്നും വന്നുചേൎന്ന ഭൂപരിഷ്കരണസേനക്ക് കർഷകൎക്കിടയിൽ വലിയ ഉത്സാഹത്തിമിർച്ചയൊന്നും കാണാൻ കഴിഞ്ഞില്ല. ഒരു യോഗം വിളിച്ചുകൂട്ടാൻ തുടങ്ങിയപ്പോൾതന്നെ പലരും ഒഴിവുകഴിവ് പറഞ്ഞ് അകന്നുപോയി. പുത്തൻഭരണത്തിൽ, കർഷകർ, സ്വാഭാവികമായി സംശയാലുക്കളായിരുന്നു. അതിന്റെ ഭദ്രതയെക്കുറിച്ചുതന്നെ അവൎക്ക് വിശ്വാസമില്ലായിരുന്നു. പഴയ വ്യവസ്ഥിതിതന്നെ വീണ്ടും വന്നു തങ്ങളുടെനേരെ പ്രതികാരനടപടികൾ എടുത്തേക്കുമോയെന്നുപോലും അവർ ഭയപ്പെട്ടു. ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കാൻ, ഒടുവിൽ ഒരു യോഗം വിളിച്ചുകൂട്ടിയപ്പോഴും ആരുടേയും നാമനിർദ്ദേശത്തിന് ആൎക്കും ഇഷ്ടമില്ലായിരുന്നു. ഒരു സുവർണ്ണയുഗം വാഗ്ദാനംചെയ്യുന്ന 'ഭൂപരിഷ്ക്കൎത്താക്ക'ളുടെ ഗുണദോഷിക്കലുകളെ വകവയ്ക്കാതെ കർഷകരും സ്ത്രീജനങ്ങളും ചുമ്മാകുത്തിയിരുന്നതേയുള്ളു.

“പിന്നെ ഒടുവിലാണ് അവർ എഴുന്നേററുനിന്നത്”—കീറിപ്പറിഞ്ഞ വസ്ത്രമുടുത്ത ചുക്കിച്ചുളിഞ്ഞ ഒരു വൃദ്ധ. തങ്ങളുടെ കഷ്ടപ്പാടുകളുടെ ജീവിതത്തിലേക്ക് ആശയുടെ കിരണങ്ങളും ആവഹിച്ചുകൊണ്ടുവന്ന ആ പുത്തൻഭരണത്തോടുള്ള കർഷകരുടെ അൎത്ഥമില്ലാത്ത അമർഷത്തിലും നിസ്സഹകരണത്തിലും ആ തള്ള അവരെ കുററപ്പെടുത്തി. 'ഇക്കാലമെല്ലാം നാം കാത്തിരുന്നദിവസം, അടിമകൾ യജമാനന്മാരായിക്കഴിഞ്ഞകാലം വന്നതു നിങ്ങൾ അറിഞ്ഞില്ലേ' അവർവിളിച്ചുപറഞ്ഞു. 'നമ്മെ സഹായിക്കാൻ ഈ നല്ല മനുഷ്യരെ പറഞ്ഞയച്ചിരിക്കുന്നതു ചെയർമാൻ മാവോയാണ്, നമുക്കവരെ സഹായിക്കാം.' ഗ്രാമത്തിന്റെ പ്രതിനിധിയായിരിക്കാൻ ആരുമാരും ധൈര്യപ്പെടുന്നില്ലെങ്കിൽ അവർതന്നെ ആ സ്ഥാനത്തേക്കു നില്ക്കുമെന്ന് ആ വൃദ്ധ വെല്ലുവിളിച്ചു. പേടിയും മടിയും കൂടാതെയാണ് അവർ സംസാരിച്ചത്. ഹൃദയത്തിൽനിന്നും നേരിട്ടുവന്ന വാക്കുകൾ. യോഗത്തിൽ സംബന്ധിച്ചിരുന്ന ആളു

കൾക്കിടയിൽ അവരുടെ വാക്കുകൾക്ക് വിദ്യുച്ഛക്തിയുടെ ഫലമുണ്ടായി. കർഷകർ, ഓരോരുത്തരായി മുമ്പോട്ടുവന്നു—കുറേപ്പേർ ജന്മികളെ പിടികൂടാൻ, മററു കുറേപ്പേർ കൃഷികസംഘടനകൾ രൂപീകരിക്കാൻ, വേറെ കുറേപ്പേർ നിലത്തിൻെറയും ജനങ്ങളുടേയും സെൻസസ് എടുക്കാൻ. ടിങ് ലിങ്ങും അവളുടെ സഖാക്കളും വിചാരിച്ചു, ആ പാവപ്പെട്ട വൃദ്ധ വില്ലേജ്കൗൺസിലിലേക്കു തെരഞ്ഞെടുക്കപ്പെട്ടേക്കുമെന്ന്. അവരുടെ ധീരതയും നേതൃത്വവും അത്രയ്ക്കു സ്തുത്യർഹമായിരുന്നു. എന്നാൽ, അത്ഭുതമെന്നേ പറയേണ്ടൂ, ഗ്രാമീണർ അവരെ തെരഞ്ഞെടുക്കുകയുണ്ടായില്ല. ചിലർ ടിങ്ലിങ്ങിൻെറ അടുത്തുകൂടി, ഉത്തരവാദപ്പെട്ട യാതൊരുദ്യോഗവും ജാതിയിൽതാണ—മുഴുവൻ ഗ്രാമവും ഭ്രഷ്ട് കൽപിച്ചിരിക്കുന്ന— ആ വൃദ്ധയ്ക്കു കൊടുത്തുപോകരുതെന്നു നിർബന്ധിച്ചു.

"എന്താണു കാരണം? ഈ പാവപ്പെട്ട തള്ളയോടു നിങ്ങൾക്ക് എന്താണ് ഇത്ര വിരോധം?" ടിങ്ലിങ് സാത്ഭുതം ചോദിച്ചു. "അവരെന്തുചെയ്തു? നിങ്ങളോടൊപ്പം നിങ്ങൾക്കു എന്തുകൊണ്ട് അവരെ സ്വീകരിച്ചുകൂടാ?"

ആ ഗ്രാമീണരുടെ മറുപടി അതിനു തികച്ചും പ്രതികൂലമായിരുന്നു. 'തങ്ങളുടെകൂട്ടത്തിൽ' പെട്ട ഒരുത്തിയല്ലാ ആ വൃദ്ധയെന്ന് അവർ പറഞ്ഞു. തുന്നൽപണിക്കുവേണ്ടി മറേറതോ ഗ്രാമത്തിൽനിന്നു വന്ന ഒരു സാധുവായിരുന്നു അവർ. അവൾക്കൊരു നാടകക്കാരൻ ഭർത്താവുണ്ടായിരുന്നു. അയാൾ അവളെ ഉപേക്ഷിച്ചു പൊയ്ക്കളഞ്ഞു. ഇപ്പോൾ തൊണ്ടിയിലും വൃത്തികെട്ട ഒരു വയസ്സനുമൊത്തുജീവിക്കയാണ്. മർദ്ദിതവർഗ്ഗത്തിനിടയിലും ഉച്ചനീചത്വങ്ങൾ ഉണ്ടെന്ന് അപ്പോഴാണു ടിങ്ലിങ്ങിനു മനസ്സിലായത്. സാധു, ആ വൃദ്ധ ചൂഷിതവർഗ്ഗത്തിൻെറ കടുത്ത പ്രതിരൂപമായിരുന്നു. "അവരെ ഉദ്ധരിച്ചു സമുദായത്തിൽ അവർക്കൊരു സ്ഥാനവും മാനവും നേടിക്കൊടുത്തെങ്കിൽ മാത്രമേ, ഭൂപരിഷ്കാരം നടപ്പിൽ വരുത്തിയെന്നും ഗ്രാമത്തിൻെറ വിമോചനം

സാധിതമായി എന്നു ഞങ്ങൾക്കു് അവകാശപ്പെടാൻപാടുള്ളൂ എന്നും എനിക്കു തോന്നി.'' ടിങ്ങ്ലിങ്ങ്' വിശദമാക്കി.

എന്നിരുന്നിട്ടും കുറേദിവസത്തേക്കു ഗ്രാമീണക്ക് ആ വൃദ്ധയുടെപേക്ഷണമായിരുന്ന മുൻവിധി കടുത്തതുതന്നെയായിരുന്നു. യാതൊരുവിധ പണിയിലും അവർ ആ തള്ളയെ പങ്കുചേർത്തില്ല. ഗ്രാമീണരെ ഒന്നടങ്കം അസുഖപ്പെടുത്തേണ്ടല്ലോ എന്നു കരുതി ടിങ്ങ്ലിങ്ങ് ആ വൃദ്ധയെ ഉടനെ കാണാനും കൂട്ടാക്കിയില്ല. എന്നാൽ കുറേദിവസം കഴിഞ്ഞപ്പോൾ ആവൃദ്ധയ്ക്കു കലശലായസുഖക്കേടു പിടിപെട്ടുവെന്നും തലയ്ക്കു സ്ഥിരമില്ലാതായെന്നും ആ ഗ്രാമംമുഴുവൻ ഒരു കിംവദന്തി പരന്നു. ടിങ്ങ്ലിങ്ങ് അവരെ കാണാൻ തീരുമാനിച്ചു.

മററുള്ള കുടിലുകളിൽനിന്നും കുറച്ചകന്നു്, ഗ്രാമത്തിൻെറ ഒരതിർത്തിയിൽ പൊളിഞ്ഞു തകന്ന ഒരു കൂരയിലാണു് ആ വൃദ്ധ പാർത്തിരുന്നതു്. അങ്ങോട്ടു പോകുന്നവഴി, എതിരെനിന്നും അവർ വരുന്നതു ടിങ്ങ്ലിങ്ങു കണ്ടു. "പേടിപ്പെടുത്തുന്നൊരു രൂപംപോലെ കാണപ്പെട്ടു അവർ—കഴിഞ്ഞ മൂന്നുദിവസമായി യാതൊന്നും കഴിച്ചിരുന്നില്ല. തലമുടിയെല്ലാം അഴിഞ്ഞുലഞ്ഞു് പൊടിപിടിച്ചുകിടന്നിരുന്നു. എന്നെ കണ്ടതോടെ ആ ശബ്ദത്തിനു് ഒരു തെളിമ വന്നു. സുഖമില്ലായിരുന്നോ എന്നു ഞാൻ ചോദിച്ചു. അവർ പറഞ്ഞു. 'ഇല്ല മോളെ, എനിക്കൊന്നുമില്ല. ഞാൻ ഓർത്തോർത്തു കഴിയുകയാണു്. മോളിലും മോളു പറഞ്ഞതിലുമെല്ലാം ഞാൻ വിശ്വസിക്കുന്നുണ്ടു്. മോളു് ആവശ്യപ്പെട്ടതെല്ലാമാണു് കമ്മ്യൂണിസ്ററുപാർട്ടിയും ചെയർമാൻ മാവോയും, ആവശ്യപ്പെട്ടതു്. അതുതന്നെയാണു് എനിക്കും വേണ്ടതു്. അന്നത്തെ ആ യോഗത്തിനും വളരെദിവസംമുൻപുമുതൽ ഞാൻ സ്വയം ചോദിക്കാറുണ്ടായിരുന്നു: എന്തുവേണം, എന്തുവേണമെന്നു്. പിന്നെയാണു വലിയ മാററം വരുന്നതിനെക്കുറിച്ചു ഞാൻ ഓർത്തതു്. പണ്ടു ശരിയായിരുന്നതെല്ലാം ഇപ്പോൾ തെററും, തെററായിരുന്നതെല്ലാം ഇപ്പോൾ ശരിയുമായി. അതുകൊണ്ടാണു്

ഞാൻ അന്ന് എഴുന്നേററുനിന്നതു്. എന്നെപ്പോലെ അഗതിയായൊരു തള്ളയ്ക്കു പണ്ടുകാലത്തു് അതുപാടില്ലായിരുന്നു. എന്നാൽ എനിക്കിപ്പോൾ തോന്നുന്നു, പണ്ടൊക്കെ തെററായിരുന്നതു് ഇപ്പോഴും തെററുതന്നെയാണെന്നു്. ഞാനാകെ കുഴഞ്ഞുമറിഞ്ഞിരിക്കയാണു്. എന്തുചെയ്യണം, എന്തു പറയണം, എന്തു വിചാരിക്കണം എന്നു് അറിഞ്ഞുകൂടാ.'''

ടിങ്ങ്ലിങ്ങ് അവരെ ആ കൊച്ചുകുരയിലേക്കുതന്നെ തിരിച്ചുകൊണ്ടുപോയി. കുരയിലെ ചെളിപൊത്തി ഉണക്കിയ * കാങ്ങിന്റെമീതെ ഇരുന്നു് അവർ അവരുടെ കഥ കേട്ടു.

"എഴുത്തും വായനയും അറിയാൻപാടില്ലായിരുന്ന ഒരു വൃദ്ധയായിരുന്നു അവർ. എന്നുവരികിലും അവരുടെ കഥാകഥനത്തിൽ വാചാലതയും അത്ഭുതാവഹമായ കവിതാ ചതുരിമയും അനുഭവപ്പെട്ടു. ആ ജീവിതകഥ അവർ ഇങ്ങനെ പാടി. ചവിട്ടിഅരയ്ക്കപ്പെട്ടവരുടേയും വഴിയാധാരമായവരുടേയും യാതനകളെ വെളിപ്പെടുത്തുന്ന ദൈന്യതയേറിയ ഒരു വിലാപഗാനമായിരുന്നു അതു്:

"കുന്നോളം തുണിതുന്നീട്ടും
കേടുകൾ പോക്കിയെടുത്തിട്ടും
പാഴ്ത്തുണിമാത്രം കിട്ടുന്നു
മഞ്ഞിലെനിക്കു പുതച്ചിടാൻ
ഞാൻ തൂകീടിന കണ്ണീരിൻ
തുള്ളികൾ നിങ്ങൾക്കൊന്നൊന്നായ്
ആവില്ലെണ്ണിത്തീർത്തീടാ-
നാറുകണക്കവെയൊഴുകുന്നു."

പാവപ്പെട്ട ഒരു ചുററിത്തിരിയുന്ന നടന്റെ ഭാര്യയായി അ ഗ്രാമത്തിലേക്കു് ആദ്യം ചെന്നപ്പോൾ ജന്മികളും, പണക്കാരും

---

* ഉറങ്ങാനുള്ളൊരു തട്ടു്. തണുപ്പുകാലത്തു് കീഴെയുള്ള അടുപ്പിൽനിന്നു് തീയിട്ടു് ചൂടു പിടിപ്പിക്കാം.

പാവപ്പെട്ടവരുമായ കൃഷകരും അവരെ അകററിനിറുത്തുകയാണു ണ്ടായതു്. വല്ലപ്പോഴും മാത്രംനാടകക്കാറുകൾകിട്ടിയിരുന്നസ്വ ന്തംഭത്താവിനു്—അയാൾ ഒരു നല്ലനടൻ ആയിരുന്നിരിക്കയി ല്ല—ചെലവിനുകൊടുക്കേണ്ട ഭാരവും അവരിൽത്തന്നെയായിരു ന്നു. തുണി തുന്നിയുംതയ്ച്ചും അവർ കുടുംബം പുലർത്തി. അവരു ടെനാല്പത്തഞ്ചാമത്തെ വയസ്സിൽആ നാടകക്കാരൻ ഭത്താവു് ഒളി ച്ചോടിക്കളഞ്ഞു. അഞ്ചുകൊല്ലം അവർ ഒററയ്ക്കായിരുന്നു. രണ്ടാം വിവാഹത്തിനു മനസ്സുണ്ടായിരുന്നില്ല. ആദ്യത്തെ ഭത്താവിൽ നിന്നും വേണ്ടിടത്തോളം കിട്ടിയിരുന്നു. ആ ഗ്രാമത്തിലെ വായാ ടികളും ചപ്പടാച്ചിക്കാരും അശരണയായ അവക്കൊരാശ്വാസ വും നൽകിയില്ല. അവക്കു് പതിനൊന്നുവയസ്സുള്ള ഒരു മകളു ണ്ടായിരുന്നു. കിടക്കാൻ ഒരു കൂരയും വീട്ടിൽ ഒരു പുരുഷനേയും അവക്കു് ആവശ്യമായി. അങ്ങനെ അൻപതുവയസ്സ് ആയപ്പോൾ എഴുപത്തഞ്ചുവയസ്സായ ഒരു ഭത്താവിനെ അവർ സ്വീകരിച്ചു. അവരുടെ പ്രയത്നഫലംകൊണ്ടു് ജീവിച്ച ആ വയസ്സന്റെ തൊഴിൽ അവരെ തല്ലലും തെറിപറയലുമായിരുന്നു. ഒരു പട്ടി യോടെന്നപോലെ അയാൾ അവരോടു പെരുമാറി.

"അങ്ങനെയായിരുന്നുഎന്റെ ജീവിതം. എന്നാൽ മാവോ സെതുങ്ങിനെയും അദ്ദേഹത്തിന്റെ പാർട്ടിയേയും ചെമ്പടയേയും കുറിച്ചു് ഞാൻ മുൻപേ കേട്ടിട്ടുണ്ടായിരുന്നു. അവർ അധികാര ത്തിൽവരുമ്പോൾ എന്റെ എല്ലാ കഷ്ടപ്പാടുകളും അവസാനിക്കു മെന്നും ഞാൻ വിചാരിച്ചിരുന്നു. എന്നിട്ട്ചെയർമാൻ മാവോ യെപ്പററി അവർ എഴുതിയ ഒരു പാട്ടുപാടി. അക്ഷരാഭ്യാസമി ല്ലാത്ത ആ പാവം വൃദ്ധയുടെ സ്വാഭാവികമായ കീത്തനത്തിൽ എനിക്കു് ഒരിക്കൽ കൂടി അത്ഭുതപ്പെടാതിരിക്കാൻ കഴിഞ്ഞില്ല:

"അരുണനുദിക്കെ ചോക്കുന്നെല്ലാം—
ചൈനയിൽ മാവോവുണ്ടല്ലോ!

വിളവുകൾ വെയിലേല്ക്കാതൊരുനാളും
വളരാ; മാവോയില്ലെങ്കിൽ
പാവങ്ങൾ, പാവങ്ങൾ
പതിനായിരമാണ്ടായാലും"

'"ഞാൻ അങ്ങനെയാണ് വിചാരിക്കുകയും ആശിക്കുകയും ചെയ്യാറുണ്ടായിരുന്നത്"' ആ വൃദ്ധ പറഞ്ഞു. എന്നിട്ട് ഒരു നിശ്വാസത്തോടുകൂടി, "എന്നാൽ ഇപ്പോൾ എന്തിനെക്കുറിച്ച് വിചാരിക്കണമെന്ന് എനിക്ക് അറിഞ്ഞുകൂടാ. പറയൂ,പുതിയചൈനയിൽപോലും എന്റെജീവിതം ഒരിക്കലുംമാറാൻപോകുന്നില്ലേ?"'

അന്നുരാത്രി ടിങ്ങ് ലിങ്ങിന് ഉറങ്ങാൻ കഴിഞ്ഞില്ല. ആ വൃദ്ധയുടെ ഗ്രാമത്തിൽ ഉണ്ടായിക്കഴിഞ്ഞിട്ടുള്ള പുതിയ ജീവിതത്തിൽ അവൾക്ക് ഒരു നല്ലസ്ഥാനം നേടിക്കൊടുക്കാൻ അവരെ എങ്ങനെ സഹായിക്കാൻ കഴിയും എന്ന ചിന്തയായിരുന്നു അവൾക്ക്.

പിറേറന്ന് അവർ ആ വൃദ്ധയുടെ വീട്ടിലേക്കു പോയി. അവരുടെ സുന്ദരിയായ 17 വയസ്സുള്ള മകൾ ഒരു കൈത്തറിയിൽ നെയ്യുകൊണ്ടിരിക്കയായിരുന്നു. ടിങ്ങ് ലിങ്ങ് അവളോട് കൃഷികസംഘടനയിൽ ചേരാൻ ആവശ്യപ്പെട്ടു; എന്നിട്ട് കൃഷകരോട്, അവളെ അല്ലെങ്കിൽ അവളുടെ അമ്മയെ എങ്കിലും സ്വീകരിക്കാനും. സംഘടനയുടെ ഒരു സജീവപ്രവർത്തകയെന്ന നിലയിൽ ഭൂമിവിതരണഘട്ടത്തിൽ, ആ മകൾ നിർവ്വഹിച്ച പങ്ക് ഗണനീയമായിരുന്നു. അത് അവളുടെ കുടുംബത്തിന്റെ പേരിലുണ്ടായ പൊതു മുൻവിധിയെ ഇല്ലാതാക്കുകയും ചെയ്തു. ഭൂപരിഷ്കരണത്തിലും, പിന്നീട് ജന്മികൾക്കെതിരായ സമരത്തിലും, സജീവമായ പങ്കുവഹിച്ച ഗ്രാമീണർ ആദർശപരവും മനശ്ശാസ്ത്രപരവുമായ ഒരു പരിവർത്തനത്തിനു വിധേയരായി. സമത്വത്തിന്റെ ആശയം മനസ്സിലാക്കിത്തുടങ്ങിയതോടുകൂടി, ഭ്രഷ്ട്കല്പിച്ചിരുന്ന ആ പാവം വൃദ്ധയെ അവർ ഗ്രാമത്തിലെ വനിതാസംഘടനയിൽ അംഗ

മാകാൻ അനുവദിക്കുക മാത്രമല്ല, അവരെ അതിന്റെ കൗൺസിലിലേക്ക് തെരഞ്ഞെടുക്കുകകൂടി ചെയ്തു. അവരുടെ മകൾ, ഇതിനിടെ ഗ്രാമത്തിലെ നല്ലൊരു ചെറുപ്പക്കാരനെ വിവാഹം ചെയ്തു —പ്രാദേശിക സൈന്യത്തിലെ നായകനായ ഒരു ചെറുപ്പക്കാരനെ. അഞ്ചുമാസത്തിനുശേഷം ടിങ്ങ് ലിങ്ങ് ആ ഗ്രാമം വിട്ടപ്പോൾ, ആ വൃദ്ധയ്ക്കു നല്ലൊരുവീട് കിട്ടിയിരുന്നു. അവർ ഗ്രാമീണരുടെ സാമൂഹ്യജീവിതത്തിൽ സ്വതന്ത്രമായി പങ്കെടുത്തിരുന്നു.

"കണ്ടോ", വേറൊരു ആപ്പിൾ മുറിച്ച് ഒരു കഷണം എന്റെ നേരേ നീട്ടിക്കൊണ്ടു് ടിങ്ങ് ലിങ്ങ് അവസാനിപ്പിച്ചു:"വിപ്ലവവും ഭൂപരിഷ്കരണവും ഞങ്ങളുടെ സാമ്പത്തിക ഘടനയെ മാത്രമല്ല, ജീവിതരീതിയെയും ചിന്താഗതിയേയും എങ്ങനെ മാററിക്കളഞ്ഞിരിക്കുന്നു!"

"ശരിയാണു്, ആ മാററം നല്ലതിനുതന്നെയാണു്!" ആ പേരില്ലാത്ത ഗ്രാമത്തിലെ പേരില്ലാത്ത വൃദ്ധയെക്കുറിച്ച് ഓർത്തുകൊണ്ടു് ഞാൻ ഹാർദ്ദമായി സമ്മതിച്ചു. അവൾക്ക് ഇനിമേൽ കണ്ണുനീരിന്റെ ഒരു പുഴ ഒഴുക്കേണ്ടിവരില്ല!

# —ശരീരത്തിൽ ബുള്ളററുമായി കഴിയുന്നൊരു മനുഷ്യൻ

(K. A. ABBAS)

സ്വന്തംഗ്രാമത്തിൽ ഹ്വാങ്ങ് ഷയോട്ടയെ ആളുകൾ വിളിക്കുന്നതു് "യിങ്ങ്ഷൺ" (നായകൻ) എന്നോ, "കെ ഹ്വാങ്ങ്"! (ഹ്വാങ്ങ്ചേട്ടൻ) എന്നോ ആണു്. എന്നാൽ തന്റെ വിപ്ലവസഖാക്കൾ വിളിക്കാൻ ഇഷ്ടപ്പെടുന്നതു് "പോ പാ സെ തെ" (മരണത്തെ നേരിടാൻ മടിക്കാത്ത മനുഷ്യൻ) എന്നാണു്. അയാൾ അതുപോലെയാണുതാനും.

ഒരു ഗുസ്തിക്കാരന്റെ പരുക്കൻനോട്ടമാണയാളുടേതു്. തുറിച്ചുനില്ക്കുന്ന മാംസപേശികളും, പററെ വെട്ടിയ, ബുള്ളററാകൃതിയിലുള്ള തലയും, തകർന്ന ചെവികളും, ചുവന്ന മുഖവും. വലത്തെ കൈത്തണ്ടു് ഒടിഞ്ഞുപോയതുകൊണ്ടു് ഒരു പേനപോലും പിടിക്കാനുള്ള ശക്തി അതിനില്ല. ഇടത്തുകൈയുടെ വിരലുകളാണെങ്കിൽ പിരിഞ്ഞുകൂടി ഇരിക്കുകയുമാണു്. ഒടിഞ്ഞ മുട്ടുകാലിന്റെ ഉള്ളിൽ ഇപ്പോഴും ഒരു ജാപ്പാനീസ് ബുള്ളററു കിടന്നുനീങ്ങുന്നുണ്ടു്. ജാപ്പുവിരുദ്ധയുദ്ധകാലത്തു് ഹ്വാങ്ങ് ഷയോട്ട പങ്കെടുത്ത ആയിരക്കണക്കിനു് ഗറില്ലായുദ്ധങ്ങളിൽനിന്നും, ഇടപ്പോരുകളിൽനിന്നും, രാത്രികാലആക്രമണങ്ങളിൽനിന്നും ലഭിച്ച ചില സ്മാരകചിഹ്നങ്ങളാണിതെല്ലാം. മുപ്പത്തിരണ്ടുവയസ്സേ അയാൾ

ക്കുപ്രായമുള്ളു. എന്നാൽ കണ്ടാൽ അതിൽക്കൂടുതൽതോന്നും. (വാർദ്ധക്യലക്ഷണം ചൈനാക്കാരിൽ കാണാറില്ലെന്നതു് ഒരത്ഭുതമാണു്.) എന്തെന്നാൽ യുദ്ധകാലങ്ങളിൽ അയാൾ ഏറെക്കാണുകയും കഷ്ടപ്പെടുകയുംചെയ്ത മനുഷ്യനാണു്. എന്നിരുന്നിട്ടും യുദ്ധം തകർത്തുകളഞ്ഞ ഈ മനുഷ്യന് ശാന്തമായ രണ്ടു കണ്ണുകളുണ്ടെന്നുള്ളതാണു് ഒരു പ്രത്യേകത. വേദനകൊണ്ടു വിങ്ങുന്നവയാണു് ആ കണ്ണുകൾ. ജാപ്പാൻകാരുടെ ക്രൂരതകൾ വിസ്തരിക്കുമ്പോൾ ആ മുഖം ഭീകരമാകാറുണ്ടെങ്കിലും, ഗ്രാമത്തിലെ ഒരു ബാർബർഷാപ്പിൽവച്ചു് അവരെ പിടികൂടി അറസ്ററുചെയ്തതുപോലെയുള്ള തമാശക്കഥകൾ പറയുമ്പോൾ അയാൾക്കു് ചിരിക്കാതിരിക്കാനും കഴിഞ്ഞിരുന്നില്ല.

"ചൈനയ്ക്കുമുകളിലെ ചുകപ്പുനക്ഷത്ര"ത്തിലോ അല്ലെങ്കിൽ ബെൽഡൻെറ "ചൈന ലോകംകുലുക്കുന്നു" പോലുള്ള പുസ്തകത്തിലൊ ഇമ്മാതിരിപാത്രങ്ങളെക്കുറിച്ചു് ഒരാൾ വായിച്ചുകാണും. എന്നാൽ ഇവ്വിധമൊരാളെ മുഖത്തോടുമുഖം കാണുകയെന്നു വന്നാൽ അതെത്രമാത്രം സന്തോഷകരമായിരിക്കും. ചൈനീസ്വിപ്ലവത്തിൻെറ ഒരു മാതൃകാസന്താനമായിരുന്നു അയാൾ—ആദ്യം ഒരു പാവം കർഷകനും പിന്നെ തികഞ്ഞ ഒരു വിപ്ലവകാരിയും. ദ്വന്ദ്വയുദ്ധത്തിൻെറ പാടുകൾ ആ പരുപരുത്ത മുഖത്തു തെളിഞ്ഞുകാണാമായിരുന്നു. കണ്ണുകളിൽ കാണുന്ന അഗാധശാന്തതയുമായി അല്പംപോലും ബന്ധമില്ലാത്ത തുള്ളിത്തുളുമ്പുന്ന വാചാലതയോടുകൂടി അയാൾ സംസാരിക്കുന്നു. പിൽക്കാലത്തു് തുരത്തിയോടിപ്പിക്കപ്പെട്ട പുരാതനചൈനയുടെ പരമ്പരാഗതമായ ശാന്തിയും, പ്രത്യാശയും ഒടുവിൽ ആ കണ്ണുകളിൽ അഭയംകണ്ടെത്തിയപോലെ തോന്നുന്നു.

ചൈനയുടെ ബാക്കിഭാഗങ്ങളേക്കാൾ മുമ്പുതന്നെ "ചുകപ്പാ"യിത്തീർന്ന വടക്കുപടിഞ്ഞാറൻ പ്രവിശ്യാപ്രദേശങ്ങളിലുള്ള ഷാൻസിയിലെ ലീ ഗ്രാമമാണു് ഹചുങ്ഷയോട്ടയുടേതു്.

ഫ്രാൻസിഭാഷയിൽ അയാൾ സ്വന്തം ജീവിതകഥ എന്നോടുപറഞ്ഞു. ഇടതടവില്ലാതെ ഒഴുകിക്കൊണ്ടിരുന്ന ആ ജീവിതകഥയെ എനിക്കുവേണ്ടി ദ്വിഭാഷിക്ക് പലപ്പോഴും തടഞ്ഞുനിർത്തേണ്ടിവന്നു.

നിലമില്ലാത്ത കർഷകരുടെ കുടുംബത്തിൽ ജനിച്ച ഹ്വാങ് ആയിരക്കണക്കിനുള്ള പട്ടിണിക്കർഷകരോടൊപ്പം പണിയന്വേഷിച്ച് പട്ടണത്തിലേക്കു പോകാൻ നിർബ്ബന്ധിതനായി. വൂ ഷാനിലെത്തിയ അയാൾക്ക് ഒരു കെട്ടിടംപണിക്കാരന്റെ ജോലികിട്ടി. ഇഷ്ടികയും കല്ലും ചുമക്കലായിരുന്നുതൊഴിൽ. പട്ടണത്തിൽ പാർത്തുകൊണ്ടിരിക്കുമ്പോഴാണ് കൂട്ടുകാരിൽനിന്നും ഒരു പുതിയ സംഭവമെന്നോണം എട്ടാംപടയെക്കുറിച്ച്—കുറെക്കൂടി വ്യക്തമാക്കിയാൽ ചെമ്പടയെക്കുറിച്ച്—അയാൾ അറിയാനിടയായത്. നാളിതുവരെ ഷിയാങ്ങിന്റെ പട്ടാളം പുറംതള്ളി പിന്തുടർന്നുകൊണ്ടിരുന്ന ചെമ്പട, വെറുക്കപ്പെട്ട ജാപ്പാനീസ് അക്രമികളുമായി പോരടിച്ചുകൊണ്ടിരിക്കുകയാണെന്നു കേട്ടപ്പോൾ അയാൾ അത്ഭുതപ്പെട്ടുപോയി. അയിടയ്ക്കു് പുതവത്സരംപ്രമാണിച്ച് വീട്ടിലേക്കു തിരിച്ചപ്പോൾ ഗ്രാമംമുഴുവൻ ചെമ്പട ക്യാമ്പുചെയ്തിരിക്കുന്നതായി അയാൾ കണ്ടു.

“എനിക്കാദ്യംതന്നെ അവരെ പേടിയായിരുന്നു.” അയാൾ പറഞ്ഞു. “കടുവായേയും പട്ടാളക്കാരെയും ഒരാൾ പേടിച്ചേതീരൂ. എന്നാൽ പിന്നീടാണ് ഈ പട്ടാളം പ്രത്യേകതരത്തിലുള്ള ഒന്നാണെന്നു് ഞങ്ങൾക്കു മനസ്സിലായത്—ക്രമിന്താങ്ങിന്റെ കപ്പായത്തിൽ വന്ന കടുത്ത അക്രമികളല്ലെന്നു്! ഗ്രാമീണരെ മർദ്ദിക്കുക, അവരിൽനിന്നു് ധനവും, ധാന്യവും ചോർത്തുക, അവരുടെ കോഴികളെ പിടികൂടുക തുടങ്ങിയവയ്ക്കുപകരം ഈ കൂട്ടർ—അവരുടെ ആഫീസറന്മാർപോലും—ഗ്രാമത്തിലെ തലവന്മാരോടു വളരെ മര്യാദയായി പെരുമാറി. കർഷകരോടുള്ള അവരുടെ പെരുമാററം ഏററവും സ്നേഹപൂർവ്വകമായ ഒന്നായിരുന്നു. വിളവു

കൊയ്യെട്ടുക്കുവാൻപോലും അവർ ഞങ്ങളെ സഹായിച്ചു. മൂന്നുമാസം കഴിഞ്ഞതപ്പോൾ അവരോടുകൂടി ചേരുവാൻതന്നെ ഞാൻ നിശ്ചയിച്ചു."

ജാപ്പുവിരുദ്ധസമരകാലത്തെ അനിശ്ചിതമായ കാലഘട്ടമായിരുന്നു അതു്, അയാൾ അനുസ്മരിച്ചു. സ്വതന്ത്രപ്രദേശങ്ങളുടേയും, അധീനപ്രദേശങ്ങളുടേയും അതിർത്തികൾ മുമ്പോട്ടും പിമ്പോട്ടും മാറിക്കൊണ്ടിരുന്നു. ജാപ്പനീസ് നിരകൾക്കു പിന്നിൽ കണക്കില്ലാതെ ഗറില്ലാപ്പടയാളികൾ പതിയിരുന്നു. ലി ഗ്രാമത്തിൽ എട്ടാംപടയിലെ ഒരു വിഭാഗം താവളമടിച്ചപ്പോൾ ജാപ്പനീസ് പട്ടാളം ഏതാനും മൈലുകൾക്കപ്പുറം മാത്രമായിരുന്നു. ഗ്രാമീണരെ ജാപ്പാനീസു് പിടിച്ചുപറിക്കാരുടെ ദയയ്ക്കു് വിട്ടുകൊടുത്തുകൊണ്ടു് ക്വമിന്താങ്ങുദ്യോഗസ്ഥന്മാർ പണ്ടേ പലായനംചെയ്തു കഴിഞ്ഞിരുന്നു. എന്നാൽ ചെമ്പട മുന്നോട്ടുനീങ്ങിയപ്പോൾ അവർ ആദ്യമായി ചെയ്തകൃത്യം ഷാൻസി—ചാഹാർ—ഹൊപെ അതിർത്തിപ്രദേശത്തെ താല്ക്കാലിക ഭരണകൂടവുമായി ബന്ധപ്പെടുത്തിക്കൊണ്ടു് ഗ്രാമത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജനങ്ങളുടെ ഒരു സക്കാർ സ്ഥാപിക്കലായിരുന്നു. ഒരുതരം "അണ്ടർഗ്രൗണ്ടു" ഗവണ്മെൻറു്! ജാപ്പാനീസ് പോരാളികൾ അങ്ങനെയുള്ള ഗറില്ലാ താവളങ്ങൾ ആക്രമിച്ചു നശിപ്പിക്കുന്നതിനു് എന്നും തയ്യാറെടുത്തിരുന്നു. അവർ കൂട്ടത്തോടെ ആക്രമിക്കുമ്പോൾ അവ്വിധമുള്ള "ഗവമ്മെൻറു്" കുന്നുകളിലേക്കു നീങ്ങുകയും, പിന്മാറുന്നതോടെ വെളിയിലേക്കു മടങ്ങിവരികയും ചെയ്തുകൊണ്ടിരുന്നു.

നാട്ടിൻപുറം മുഴുവൻ ചുററി കൊള്ളയടിച്ചുകൊണ്ടിരുന്ന ജാപ്പാനീസ്പടയുടെ ഒരു ചെറിയ യൂണിററിനെതിരായി തങ്ങളുടെ പ്രദേശങ്ങളെ സംരക്ഷിക്കാൻ ലീയിൽനിന്നും മററു മൂന്നു ഗ്രാമങ്ങളിൽനിന്നും 500 പേർ അടങ്ങുന്ന ഒരു ഗറില്ലാ യൂണിററു് സംഘടിപ്പിച്ചിരുന്നു. പ്രസ്തുത യൂണിററിൻെറ ജോലി, ഗ്രാമം സൂക്ഷിക്കുക, അട്ടിമറിക്കാരെ നോട്ടമിടുക, ജാപ്പനീസ്പട

നീക്കവിവരങ്ങൾ ഹെഡ്ക്വാർട്ടേഴ്സിൽ അറിയിക്കുക മുതലായവയായിരുന്നു; പിന്നെ തരംകിട്ടുമ്പോൾ, ആളും വെടിക്കോപ്പും വേണ്ടുവോളം ഉണ്ടെങ്കിൽ ശത്രുവിനെ ആക്രമിക്കുകയെന്നതും. "ആളുകളെ ശേഖരിച്ചുകൊണ്ട് പെട്ടെന്നാണ് ഞങ്ങളുടെ ആക്രമണം," ചൈനീസ് ഗറില്ലകളുടെ പ്രസിദ്ധമായ വേദവാക്യം അയാൾ ഉദ്ധരിച്ചു: "ശത്രുവിൻെറ ആക്രമണത്തിന് ശക്തി വർദ്ധിക്കുമ്പോൾ, ഞങ്ങൾ കുന്നുകളിലേക്കു പിൻവാങ്ങുന്നു; ശത്രു പിൻവാങ്ങുമ്പോൾ ഞങ്ങൾ ശക്തിയായി ആക്രമിക്കുന്നു. അത് അപ്രതീക്ഷിതവുമായിരിക്കും."

അയാളുടെ പരുക്കൻമുഖത്ത് മൃദുലമായൊരു മന്ദഹാസം വിരിഞ്ഞു. വെടിക്കോപ്പുകളുടെ ദൗർല്ലഭ്യത്തെക്കുറിച്ചും, ശത്രുവിൻെറമുമ്പിൽ സുശക്തരാണെന്ന് ബോദ്ധ്യപ്പെടുത്താൻ സ്വീകരിക്കേണ്ടിവന്ന അടവുകളെക്കുറിച്ചും പിന്നീട് അയാൾ സംസാരിച്ചു. ഒരവസരത്തിൽ അയാളുടെ യൂണിററിന് ഒരൊററ കൈബോംബേ ഉണ്ടായിരുന്നുള്ളു. വഴി കടന്നുകൊണ്ടിരുന്ന ഒരു ജാപ്പനീസ് കാവല്പടയുടെ നേരെ അയാൾ അത് വലിച്ചൊരേറു കൊടുത്തു. ശത്രുനിരയിൽ പെട്ടെന്നൊരു പ്രകമ്പനം." കൂട്ടംകൂട്ടമായി കൈബോംബുകൾ എറിയുന്നു" എന്നാർത്തു വിളിച്ച്, ടങ്കു നിറയെ ഉണ്ടായിരുന്ന വെടിക്കോപ്പുകൾ ഉപേക്ഷിച്ചുകൊണ്ട് അവർ ഓടിക്കളഞ്ഞു.

മറെറാരു സന്ദർഭത്തിൽ, ജാപ്പനീസ് സൈന്യത്തിൻെറ ഒരു വിഭാഗം, ഒരു വഴിത്തിരിവിൽക്കൂടി കടന്നുപോകുമെന്നുള്ള വിവരം അവക്കു ലഭിച്ചു. ഫാങ്ങ് തൻെറ യൂണിററിനെ ഒരു കുന്നിൻമുകളിൽ വഴിത്തിരിവിലേക്കു നോട്ടംകിട്ടുന്ന വിധത്തിൽ ഒരുക്കിനിറുത്തി. ശത്രുസൈന്യത്തിൻെറ വരവ് കണ്ടപ്പോൾ തന്നെ ഫാങ്ങിൻെറ ശിഷ്യന്മാർ—അവർ എണ്ണത്തിൽ കുറവായിരുന്നെങ്കിലും—ആക്രമിക്കാൻ വട്ടംകൂട്ടി. എല്ലാവരും കടന്നുപൊയ്ക്കഴിഞ്ഞിട്ടാവട്ടെയെന്ന് അയാൾ അവരെ തടഞ്ഞു. പിന്നിൽനിന്നും പെട്ടെന്നുണ്ടായ ആക്രമണത്തിൽ ജാപ്പാൻകാർ ക

ഴഞ്ഞുപോയി. ഒരു മണിക്കൂർ നീണ്ടുനിന്ന അങ്ങോട്ടുമിങ്ങോട്ടുമുള്ള നിറയൊഴിക്കലിനെ തുടൎന്നു്, ഒൻപതുപേരേയും നഷ്ടപ്പെട്ടുത്തിക്കൊണ്ടു്, അവർ ഓടിക്കളഞ്ഞു. കുറഞ്ഞുവന്ന വെടിക്കോപ്പുകൂട്ടാൻ വീണ്ടും ഒരവസരം! ചൈനയിൽ ജാപ്പവിരുദ്ധസമരം സൃഷ്ടിച്ച ജനകീയസൈന്യത്തിന്റെ ആയിരക്കണക്കിനു് നായന്ത്രപ്രതിനിധികളിൽ ഒരാൾ മാത്രമായിരുന്നു ഈ എളിയ കൃഷകൻ.

"നിങ്ങൾക്ക് ഇതുപോലെ എത്ര ഏററുമുട്ടൽ ഉണ്ടായിട്ടുണ്ടു്?" ഞാൻ ചോദിച്ചു.

ഉരത്ത ഭുജങ്ങൾ കുലുക്കിക്കൊണ്ടു് അയാൾ പറഞ്ഞു: "കൃത്യമായി ഓൎമ്മയില്ല. എങ്ങനെയും ആയിരത്തിൽ കൂടുതൽ കാണും. എന്നാൽ നാടടക്കം നടന്ന പ്രതിരോധത്തിലെ ഒരു ചെറിയ കണ്ണിമാത്രമായിരുന്നു ഞങ്ങളുടെ യൂണിററു് എന്നുകൂടി ഓൎക്കണം. ഞങ്ങളുടേതുപോലെ സദാസമയവും ശത്രുവിനെതിരായി സമരം ചെയ്തുകൊണ്ടിരുന്ന ആയിരമായിരം ഗറില്ലാ യൂണിററുകൾ ഉണ്ടായിരുന്നു."

നാലുതവണ മുറിവേററ കാര്യം അയാൾ തുറന്നുപറഞ്ഞു—

മാറിലണിഞ്ഞിരിക്കുന്ന മെഡലുകൾ തെളിയിക്കുന്നൊരു പരമാൎത്ഥം കൂടിയാണിതു്. ഒടിഞ്ഞ കൈത്തണ്ടും പിരിഞ്ഞ വിരലുകളും കാണിച്ചുകൊണ്ടു് അറേപ്പോടുകൂടി അയാൾ തുടൎന്നു: "ആ ചെകുത്താന്മാർ—അവർ എന്റെ കൈവിരലുകൾ പിരിച്ചുകളഞ്ഞു. പക്ഷേ അവൎക്കെതിരായി കാഞ്ചിവലിക്കുന്ന ലക്ഷക്കണക്കിനു് കൈവിരലുകൾ ഉണ്ടായിരുന്ന വസ്തുത അവർ മറന്നുപോയി." പിന്നെ, കാലിലെ നീളൻ കളസം വലിച്ചുപൊക്കിയിട്ടു്, സ്ഥാനംതെററിയ കാൽമുട്ടു് അയാൾ തൊട്ടുകാണിച്ചു. എക്സ്‌റേയിൽകൂടി നോക്കിയാൽ ആ മുട്ടുകാലിനുള്ളിൽ ഇപ്പോഴും ഒരു ബുള്ളററിരിക്കുന്നതു കാണാം. "ചൈനീസ് മുട്ടിനകത്താണു് ജാപ്പനീസ് ബുള്ളററിന്റെ താമസം. ആയിക്കൊള്ളട്ടെ. നീ അ

വിടെത്തന്നെ താമസിച്ചുകൊള്ളൂ. മററൊരിടത്തും നിനക്കു 'കുഴപ്പങ്ങൾ' ഉണ്ടാക്കാൻ കഴിയുകയില്ലല്ലോ.'' അസാധാരണമായൊരു പുഞ്ചിരിയോടെ അയാൾ ആരോടെന്നില്ലാതെ പറഞ്ഞു.

ആ ആനന്ദകരമായ വിധിവിശ്വാസത്തിൽ അത്ഭുതസ്തബ്ധനായ ഞാൻ ആരാഞ്ഞു: ''നിങ്ങൾ ഈ ബുള്ളററ് നീക്കംചെയ്യുന്നില്ലേ?''

ജാപ്പനീസ് പടനീക്കം നിമിത്തം വാർത്താവിതരണസാദ്ധ്യതകൾ നഷ്ടപ്പെട്ടിരുന്നതിനാൽ, ഒരു ശസ്ത്രക്രിയയ്ക്കു് അക്കാലത്തു സൗകര്യം ലഭിച്ചില്ലെന്നും, താല്ക്കാലികമായി ചില പച്ചമരുന്നുകളുടെ സഹായത്തോടെ മുറിവു ഭേദപ്പെട്ടതിനാൽ, വീണ്ടും യുദ്ധരംഗത്തേക്കുതന്നെ കുതികൊള്ളാൻ താൻ തയ്യാറാവുകയാണുണ്ടായതെന്നും അതിനു മറുപടിയായി ഹ്വാങ്ങ് പറഞ്ഞു. ''പിന്നെ അതിനുശേഷം,'' അയാൾ കൂട്ടിച്ചേർത്തു്, ''ഇതുകൊണ്ടൊരു ശല്യവുമുണ്ടായിട്ടില്ല—എന്റെ ഒരു സ്നേഹിതനായി കഴിഞ്ഞിരിക്കയാണു് ഈ ബുള്ളററ്. അതെ, വീട്ടിലെ ഒരു നിത്യാതിഥി.''

യുദ്ധകാലത്തു് അയാളുടെ ഷാൻസിപ്രവിശ്യയിൽ താവളമടിച്ചിരുന്ന ഇൻഡ്യൻ മെഡിക്കൽമിഷ്യനിലെ അംഗങ്ങളെക്കുറിച്ചു കേട്ടിട്ടുണ്ടോയെന്നു് ഞാൻ ചോദിച്ചു. എന്റെ ചോദ്യം തർജ്ജമചെയ്തുകൊടുക്കുന്നതുവരെ ഒരു നിമിഷനേരത്തേക്കു് അയാൾ ഒന്നാലോചിച്ചു. പിന്നെ ആ മുഖത്തു് ഒരു പ്രകാശം പരക്കുന്നതു കാണായി. ''ഓ, ഇൻഡ്യൻഡോക്ടർമാർ! ഉവ്വു്, അവരെപ്പററി കേട്ടിട്ടുണ്ടു്. വളരെവളരെ ദൂരെ, ഇൻഡ്യയിൽനിന്നും വന്നവരല്ല്യ. ഞങ്ങളെ സഹായിക്കാനെത്തിയ അവരെക്കുറിച്ചായിരുന്നു അന്നു ഗ്രാമത്തിലെമുഴുവൻ സംസാരവും. ഞങ്ങൾക്കു് എന്തു സന്തോഷമായിരുന്നെന്നോ അതു കേൾക്കാൻ! ഞാനവരെ നേരിട്ടു കണ്ടില്ല, കേട്ടോ—പക്ഷേ ഞങ്ങളുടെ ഗ്രാമത്തിലെ നാടകക്കാർ ഇൻഡ്യൻഡോക്ടർമാരെക്കുറിച്ചു് ഒരു നാടകം എഴുതി കളിക്കുന്നുണ്ടു്. ഞാൻ അപ്പോൾ തീർച്ചയായും അവരെയെല്ലാം രംഗത്തു കാണും.''

ഹ്വാങ്ഷ്യോട്ടു, മററുള്ള മിക്ക വിപ്ലവനേതാക്കന്മാരേയും പോലെ സ്വന്തം വീരകൃത്യങ്ങളേയും നേട്ടങ്ങളേയുംകുറിച്ച് അധികം സംസാരിക്കുന്ന പ്രകൃതക്കാരനല്ല. എന്നിരുന്നിട്ടും, പീക്കിംഗ് പത്രങ്ങളിൽ മുഴുവൻ അയാളുടെ യുദ്ധകാല ധീരകൃത്യങ്ങളുടെ വിവരണങ്ങളായിരുന്നു. "ഹ്വാങ്—ഒരു മികച്ച സംഘാടകൻ' എന്നു പത്രങ്ങൾ വാഴ്ത്തി. ഗറില്ലായൂണിററിന് നേതൃത്വം നൽകിക്കൊണ്ടിരുന്നപ്പോഴും, ഗ്രാമത്തിലെയും നാട്ടിലേയും ഡിസ്ട്രിക്ടിലെയും ജനങ്ങളെ ട്രേഡ് യൂണിയനുകളായും, കൃഷക—യുവജന—വനിതാസംഘങ്ങളായും അയാൾ കോർത്തിണക്കി. ഹ്വാങ് ഒരു മുടന്തനായിപ്പോയെങ്കിലും—വടിയൂന്നിയാണ് അയാൾ നടക്കാറുള്ളത്—സംഘടനാപ്രവർത്തനത്തിന് കുറവുവരുത്തിയിരുന്നില്ല. ഇപ്പോൾ സ്വന്തം ഡിസ്ട്രിക്ടിലെ സഹകരണസംഘങ്ങളുടെ ഡയറക്ടർകൂടിയായി നിയമിതനായിരിക്കുന്ന അയാൾ ഉല്പാദനവർദ്ധനവിനും, വിളവെടുപ്പും കായ്കറികൃഷിയും സംരക്ഷിക്കുന്നതിനുംവേണ്ടി കർഷകരെ സംഘടിപ്പിക്കുന്നൊരു യൂണിററിൻെറ ചാർജ്ജുകൂടി വഹിക്കുന്നു.

ഭൂമിയില്ലാത്ത മററു കൃഷകരോടൊപ്പം അയാൾക്ക് ഇപ്പോൾ നിലം കിട്ടിയിട്ടുണ്ട്—10മൗ (ഏതാണ്ട് 2ഏക്ര.) ശാരീരികപ്രയത്നം അസാധ്യമായതുകൊണ്ട്, മററു കർഷകരാണ് അതിൽ പണിയെടുക്കുന്നത്. "അവരെല്ലാം വളരെ നല്ലവരാണ്." അയാൾ പറഞ്ഞു: "എൻെറ കയ്യും കാലും തകരാറിലായിരിക്കുന്നതുകൊണ്ട്, അവരുടെ കയ്യും കാലും തരാമെന്നാണ് പറയുന്നത്. ജാപ്പാൻകാർക്ക് എൻെറ എല്ലൊടിക്കാൻ കഴിഞ്ഞു—അയാൾ മുട്ടിലേക്കു ചൂണ്ടിക്കാട്ടി—പക്ഷെ ചൈനീസ് ജനതയുടെ ഐക്യം തകർക്കാൻ അവർക്കു കഴിയുന്നില്ല."

അങ്ങനെ ഞങ്ങളുടെ സംഭാഷണം വീണ്ടും അയാളുടെ യുദ്ധകാലാനുഭവങ്ങളിലേക്കു തിരിഞ്ഞു. "നിങ്ങളുടെ അച്ഛനെ ശത്രുക്കൾ കൊന്നുകളഞ്ഞെന്നാണല്ലോ കേൾക്കുന്നത്." അയാളെക്കുറിച്ച് പത്രങ്ങളിൽ കണ്ട ഒരു റിപ്പോർട്ടിനെ സൂചിപ്പിച്ചുകൊണ്ടു ഞാൻ ചോദിച്ചു.

"ശരിയാണു്"—വേദന വിതുമ്പുന്ന കഴിഞ്ഞ കാലത്തേക്കു് എത്തിനോക്കാനെന്നമട്ടിൽ അയാളുടെ കണ്ണുകൾ ഒന്നു ചുളുങ്ങിയപ്പോൾ ആ പരുക്കൻമുഖത്തെ രൂക്ഷമായ വരകൾക്കു് കുറേക്കൂടി ആഴംവച്ചു.—"അവർ അദ്ദേഹത്തെ കൊന്നുകളഞ്ഞു. ഞങ്ങളുടെ വാതില്ക്കൽ ചെമ്പടയിലെ ആൾക്കാർ പാർക്കുന്ന വീടു് എന്നു് അടയാളപ്പെടുത്തിയ ചില പരസ്യക്കടലാസുകൾ പതിപ്പിച്ചു ചില വഞ്ചകർ ഞങ്ങളെ ഒററുകൊടുത്തു. സഖാക്കളുമൊത്തു ഞാൻ കുന്നുകളിൽ പതുങ്ങിയിരുന്ന സമയം, ജാപ്പനീസ് സൈന്യം ഞങ്ങളുടെ ഗ്രാമം ആക്രമിച്ചു്, അച്ഛനെ അറസ്ററുചെയ്തുകൊണ്ടുപോയി. മൂന്നുദിവസം അവർ അദ്ദേഹത്തെ അടിച്ചു, തൊഴിച്ചു, ചതച്ചു, മൂക്കിൽക്കൂടി വെള്ളം കുടിപ്പിച്ചു. അതൊരു ഭയങ്കരദണ്ഡനമായിരുന്നു—എന്തെന്നാൽ ഞാനും പിന്നീടു് അനുഭവിച്ചതാണു്. എന്നാൽ എൻെറ വയസ്സനച്ഛൻ ഞങ്ങളുടെ ഗറില്ലാ ഒളിസ്ഥലങ്ങളുടെ വിവരം വെളിപ്പെടുത്തിയില്ല. ശത്രുക്കൾ മടങ്ങിഎന്നു് അടയാളം കിട്ടിയപ്പോൾ ഞങ്ങൾ ഗ്രാമത്തിലേക്കു മടങ്ങിവന്നു. അച്ഛൻ കൊല്ലപ്പെട്ടു എന്നു് അറിയുന്നതു് അപ്പോഴാണു്. അച്ഛൻെറ മരണത്തിൽ എനിക്കു് അപാരമായ ഖേദമുണ്ടു്. അദ്ദേഹം ഒരു നല്ല അച്ഛനായിരുന്നു. പക്ഷേ, ഒടുങ്ങാത്ത പീഡനങ്ങൾ ഏററിട്ടും ഞങ്ങളെ ഒററുകൊടുക്കാൻ മുതിരാഞ്ഞതിൽ, ഒപ്പം ഞാൻ അഭിമാനിക്കുകയും ചെയ്യുന്നു. ആ കാട്ടാളന്മാരെ വിഴുങ്ങാനുള്ള വെറുപ്പിൻെറയും കാഠിന്യത്തിൻെറയും ഒരു ഊക്കൻ തിരമാല അപ്പോൾ എന്നിൽ ഉയർന്നുവന്നു. അച്ഛൻെറ കൊലയ്ക്കു പ്രതികാരം ചെയ്യുമെന്നു് എൻെറ രക്തംകൊണ്ടു ഞാൻ പ്രതിജ്ഞചെയ്തു. കുറേദിവസം കഴിഞ്ഞു് എനിക്കു് അവസരവും കിട്ടി."

ഓർമ്മകൾ പുതുക്കുന്നതിനുവേണ്ടി അയാൾ ഒരുകവിൾ ചായ കുടിച്ചു. ഒരു പുതിയ സിഗററു് ഞാൻ അയാൾക്കു നൽകി ആ മുഖത്തു് ഒരു പച്ചച്ചിരി പരന്നു.

"കേട്ടോ, ആയിടയ്ക്ക് ഞങ്ങളുടെ ഗ്രാമത്തിൽക്കൂടി കടന്നുപോയ കുറേ ജാപ്പനീസ് പട്ടാളക്കാർ വിശ്രമത്തിനും കുറച്ച് ആഹാരം കഴിക്കുന്നതിനുമായി അവിടെ തങ്ങി. റൊട്ടിക്കടയിൽനിന്നും വേണ്ടതടിച്ചിട്ട്—ഒന്നും കൊടുക്കാതെ—അടുത്തുള്ള ബാർബർഷാപ്പിൽ കയറി തലമുടിവെട്ടുന്നതിനും ഷേവ് ചെയ്യുന്നതിനും അവർ പ്ലാനിട്ടു.

"ഒരു പഴക്കച്ചവടക്കാരനായി ബാർബർഷാപ്പിൽ ഞാനും ചെന്നു. ഒരു ഡസനോളം കൈബോംബുകളും ഒരു കൈത്തോക്കുമായിരുന്നു പഴക്കൊട്ടയിൽ. അവർ അഞ്ചുപേരുണ്ടായിരുന്നു. ചിലരുടെ മുടി വെട്ടിക്കൊണ്ടിരിക്കുന്നു. ചിലരുടെമുഖത്ത് സോപ്പുതേച്ചിരിക്കുന്നു. പക്ഷേ ഞാൻ ചെയ്യാൻപോകുന്ന ഷേവിനെ അവർ പ്രതീക്ഷിച്ചുപോലും കാണുകയില്ല.

"പെട്ടെന്ന് വാതിൽ തള്ളിത്തുറന്ന് ഞാൻ കൈത്തോക്കു ചൂണ്ടി. അവർക്ക് തോക്കെടുക്കാൻനേരം കിട്ടിയില്ല. കഴുത്തിൽ ചുററിയിരുന്ന ടവ്വലുകൾ അഴിക്കുന്ന തിടുക്കത്തിൽ അവർ കുടുങ്ങിപ്പോയി. ചിലരുടെ കണ്ണിൽ സോപ്പുപോയി. ബാർബറുടെ സഹായത്തോടുകൂടി അവരിൽ മൂന്നുപേരെ ഞാൻ പിടിച്ചു. രണ്ടുപേർ രക്ഷപെട്ടു. പിടിച്ച മൂവരേയും ഞാൻ ഒരു കയറുകൊണ്ടു കെട്ടി ഗ്രാമത്തിലെ ജനകീയ കോടതിയിലെത്തിച്ചു. കോടതി അവരെ സൈനിക കേന്ദ്രാലയത്തിലേക്ക് തിരിച്ചു—എനിക്ക് അവരെ കൊന്നുകളയാമായിരുന്നു. എന്റെ അച്ഛനെ കൊന്നതു് അവരെപ്പോലെയുള്ളവരാണ്—തടവുകാരോട് പെരുമാറേണ്ടിയിരുന്നതു് അങ്ങനെയായിരുന്നു. ചെമ്പടയിലെ ഒരംഗമായ എനിക്ക് നിയമങ്ങൾ ലംഘിക്കാൻ കഴിഞ്ഞില്ല—എന്റെ അച്ഛന്റെ മരണത്തിനു പ്രതികാരം ചെയ്യുന്നതിനുവേണ്ടിയെങ്കിലും!"

"ജാപ്പാൻകാർ നിങ്ങളെ എപ്പോഴെങ്കിലും പിടികൂടിയിട്ടുണ്ടോ?" ഞാൻ ചോദിച്ചു.

"ഉവ്വു്—ഒരിക്കൽ മാത്രം. പക്ഷേ എന്നെ അവക്കു മനസ്സിലായില്ല. എങ്കിൽ ഞാനിന്നു് ഈ കഥപറയാൻ ഉണ്ടാകുമായിരുന്നില്ല. അതു് ഇങ്ങനെയായിരുന്നു: ഗറില്ലകാക്കും എട്ടാം പടയ്ക്കും ഭക്ഷ്യവിതരണം നടത്തുന്നതു് ഞങ്ങളുടെ ഗ്രാമവാസികളാണെന്നു് സംശയിച്ചു അവർ ആക്രമിക്കാൻ തയ്യാറായി. എന്നിട്ടു് ഞങ്ങളെ ശിക്ഷിക്കുന്നതിനു വേണ്ടി, നെല്ലുശേഖരിച്ചു വച്ചിട്ടുള്ള ഒരു വലിയ പത്തായത്തിനു തീയും കൊളുത്തി. ഒളിവിൽനിന്നു് വെളിയിൽവരാൻ അതു് എന്നെ നിർബ്ബന്ധിതനാക്കി. എല്ലാ മുന്നറിയിപ്പുകളെയും വിസ്മരിച്ചു് തീ കെടുത്താൻ ഞാൻ ഓടി......അങ്ങനെയാണു് അവർ പിടിച്ചതു്. എട്ടാം പടയിലെ ഒരംഗമെന്നു് അവർ എന്നെ സംശയിച്ചു. എന്നാൽ അവക്കു് തെളിവൊന്നും ഉണ്ടായിരുന്നില്ല—ഞങ്ങാം യൂണിഫോറം ധരിച്ചിരുന്നില്ല—എനിക്കെതിരായി തെളിവുകൊടുക്കാൻ ആരും മുമ്പോട്ടുവന്നുമില്ല. കുറേ ഒററുകാർ ഉണ്ടായിരുന്നതു്, വായ് തുറക്കാൻപോലും ധൈര്യപ്പെട്ടില്ല. അവർ എന്നെ അടിക്കയും തൊഴിക്കയും ചെയ്തു. മൂക്കിൽക്കൂടി വെള്ളംകയററിയാൽ എങ്ങനെയിരിക്കുമെന്നു് അപ്പോഠം എനിക്കു മനസ്സിലായി. തളന്നു് ബോധമററ എന്നെ അവർ ഒരു പാടത്തേക്കു് എറിഞ്ഞു. അവക്കു് അതോടെ മതിയായി. ഞാൻ മരിച്ചിരിക്കുമെന്നുവിചാരിച്ചു് അവർ സ്ഥലം വിട്ടു. എന്നാൽ, നിങ്ങാംക്കു് കാണാൻ കഴിയുന്നതുപോലെഞാനൊരു കരുത്തുള്ളമനുഷ്യൻതന്നെയാണു്. എന്നെ അത്ര എളുപ്പമൊന്നും കൊല്ലാൻ കഴിയുകയില്ല."

ഹ ാങ്ങ്ഷയോട്ടയുടെ കഥ ഒരു വ്യക്തിയുടെ കഥയല്ല. ജാപ്പുവിരുദ്ധ യുദ്ധകാലത്തെ ചെമ്പടയുടെ പ്രധാന കോട്ടയായ ഷാൻസിയിലെ കരുത്തേറിയ കർഷകരുടെ കഥയാണതു്. യുദ്ധകാലത്തു് തങ്ങളുടെ ഇടയിൽ കഴിഞ്ഞുകൂടിയിരുന്ന മാവോസേതുങ്ങിൽനിന്നും ചൂട്ടേയിൽനിന്നും പ്രചോദനവും പരിശീലനവും നേതൃത്വവും നേടിയ അവർ ചെമ്പടയിലെ മറേറതു വിഭാഗത്തെയും കാഠം അവരുടെ വിപ്ലവശക്തിയെ വികസിപ്പി

ച്ചു. അക്കണെക്കിന് 1945-ൽ ജാപ്പാൻകാർ കീഴടങ്ങുകയും ക്രമിന്താങ്ങ് ഉദ്യോഗസ്ഥന്മാർ പഴയ ഫ്യൂഡൽ വ്യവസ്ഥിതി വീണ്ടെടുക്കാൻ തിരിച്ചുവരുകയും ചെയ്തപ്പോൾ, ഒരു മാസത്തിനകം ഫ-ാങ്ങിനെപ്പോലുള്ള കർഷകർ ഉണർന്നെഴുന്നേററു, അവരെ തുരത്തിയോടിച്ചു, ജനകീയഗവമ്മെൻറു സ്ഥാപിച്ചു എന്നു കേൾക്കുമ്പോൾ അല്പംപോലും അത്ഭുതപ്പെടേണ്ടതില്ല. "നിങ്ങൾക്കറിയാം", കറച്ചൊരു മതിപ്പോടുകൂടി അയാൾ പറഞ്ഞു: "വിമോചിപ്പിക്കപ്പെടേണ്ടവരിൽ ഞങ്ങളായിരുന്നു ആദ്യത്തെ കൂട്ടർ."

അതാണ് ഫ-ാങ്ങ് ഷ-യാട്ടയുടെ കഥ. ഇനി എന്തു പറയുന്നു? ഇനി എന്തു പറയണം?

"എനിക്കു സന്തോഷവും സംതൃപ്തിയുമായി." എന്നുപറഞ്ഞപ്പോൾ അയാൾക്ക് അത്തുണ്ടായിരുന്നു: "സംഘടനാപരമായ പ്രവത്തനങ്ങളാണ് എനിക്കിപ്പോൾ. പ്രാദേശിക ഗവമ്മെൻറിലെ ഒരംഗം കൂടെയാണു ഞാൻ. എനിക്ക് സ്വന്തം നിലമുണ്ട്. എൻെറ ഭാര്യ വനിതാസംഘടനയുടെ അദ്ധ്യക്ഷയാണ്. ഒൻപതുവയസ്സുള്ള മകൾ പള്ളിക്കൂടത്തിൽ പോകുന്നു—ജനകീയഭരണത്തിൽ അവൾക്ക് പഠിക്കാനും വളരാനും ഒരവസരം കിട്ടി, ഇതെല്ലാം എനിക്ക് ഇല്ലായിരുന്നതാണ്. 1700 പേരുള്ള പ്രാദേശിക സൈന്യത്തിൻെറ നേതൃത്വംകൂടി ഞാനാണ് വഹിക്കുന്നതു്. നിത്യവും ഞങ്ങൾക്ക് പരിശീലനമുണ്ട്—നിങ്ങൾ അറിയാൻവേണ്ടിമാത്രം."

ഫ-ാങ്ങിൻെറ ഉരുക്കുപോലെ തവിട്ടുനിറമാന്ന നേത്രങ്ങളിൽ, അപ്പോൾ, ഉഗ്രമായൊരു പ്രതിജ്ഞ തങ്ങിനിന്നിരുന്നു—പിന്നെ ഒരു താക്കീതും! പുത്തൻചൈനയുടെ അരാതികൾക്ക് അതിഭയങ്കരമായൊരു ആപത്തിനെ ഏറെറടുത്തുകൊണ്ടു മാത്രം അവഗണിക്കാവുന്നൊരു താക്കീതു്! അചിരാമമായ ഗറില്ലാ പ്രവത്തനത്തിന് ഒരയവുവരുത്താൻ ആഗ്രഹമില്ലാത്തതുകൊണ്ട് ഈ മനുഷ്യൻ ശരീരത്തിൽ ബുള്ളററുമായി കഴിയുകയാണ്.

## —"ഞങ്ങളെല്ലാം ഒരുനാൾ പട്ടുടുക്കും!"

സോഷ്യലിസത്തിലേക്ക് അടിവച്ച് അടിവച്ച് അചഞ്ചലമായി മുന്നേറിക്കൊണ്ടിരിക്കുന്ന പുതിയ ചൈനയിൽ സ്ത്രീസൗന്ദര്യത്തെ വ്യാവസായികചൂഷണത്തിനുള്ള ഒരു ചരക്കായി ഗണിക്കുന്നില്ല. തന്നിമിത്തം അവിടെ സൗന്ദര്യമത്സരമോ സുന്ദരികളായ പെൺകുട്ടികളെയോ നാം കണ്ടെന്നു വരില്ല. എന്നാൽ ഒരു സൗന്ദര്യമത്സരമെങ്ങാൻ നടത്തുകയാണെങ്കിൽ ടീൻഷിനിലെ 19 വയസ്സുള്ള കാഒ ഹ്സിയോയയൺ ആയിരിക്കും മിസ് ചൈന ബിരുദം കരസ്ഥമാക്കുന്നത്. നാടുമുഴുവനുമുണ്ടായ ഞങ്ങളുടെ സഞ്ചാരത്തിനിടയിൽ ഞാൻ കണ്ട, എടുത്തുപറയത്തക്ക സൗന്ദര്യവതിയായൊരു പെൺകുട്ടിയാണവൾ. എന്നിരുന്നിട്ടും അവൾക്ക്, പുരാതനചൈനീസ് കവികൾ പാടിപുകഴ്ത്താറുള്ള രാജകുമാരിമാരുടേയോ ഗണികകളുടേയോ മിന്നിമിനുങ്ങുന്ന ലാവണ്യവിശേഷം ഉണ്ടായിരുന്നില്ല. നീണ്ട്, വിരിഞ്ഞ്, ചൊടിചൊടിപ്പുള്ള അവൾ ഒരമേരിക്കൻ കോളേജിലെ 'ക്യാമ്പസ് ക്വീ'നിനെപ്പോലെ തോന്നിച്ചു. റോസ്‌നിറമാണ്ട ആ കവിൾ ത്തടങ്ങൾ പൗഡറിൻെറയും ചായത്തിൻെറയും സഹായം കൂടാതെതന്നെ തിളങ്ങിക്കൊണ്ടിരുന്നു. ആ സൗന്ദര്യം പൂർണ്ണാരോഗ്യത്തിൻെറ ലക്ഷണമായിരുന്നു. അസാധാരണമാംവണ്ണം അഴകാന്ന അവളുടെ നോട്ടങ്ങൾക്ക് അത് ആകർഷകത്വം നൽകി.

ബുദ്ധിശക്തി, അവളുടെ ആൽമണ്ട് നേത്രങ്ങൾക്ക ആശ്ചര്യകരമായൊരു തിളക്കം പ്രദാനംചെയ്തിട്ടുണ്ടെങ്കിൽ, നർമ്മബോധം, അവളുടെ ചെഞ്ചോരിവായ് മലരിൽ ഒരു പൈതലിന്റെ മൃദുഹാസം വിരിയിപ്പിച്ചിട്ടുണ്ടെങ്കിൽ, വ്യക്തിപരമായ കഷ്ടപ്പാടിൽ നിന്നുമുണ്ടായ സഹാനുഭൂതി അവളുടെ മുഖത്തിന് ആകെയൊരു മാർദ്ദവവും കൊടുത്തിട്ടുണ്ട്.

എന്നാൽ വ്യവസായപ്രധാനമായ ടീൻഷിനിൽ, കാഒഹ്സിയോ യൺ ഒരു സൗന്ദര്യധാമം എന്ന പേരിലല്ല അറിയപ്പെടുന്നത്. ഒരു മാതൃകാതൊഴിലാളിമാത്രം. തൊഴിലാളിനായിക. മിന്നിത്തിളങ്ങുന്ന പട്ടുടയാടകൾ അവൾക്കുണ്ടായിരുന്നില്ല. ചെയർമാൻ മാഃവോ മുതൽ കീഴോട്ട് എല്ലാവരും ധരിക്കാറുള്ള പരുക്കൻ നീല സൺയററ്-സെൺ യൂണിഫാറത്തിലായിരുന്നു അവൾ. ഉണ്ടായിരുന്ന ഒരേഒരാഭരണം അഞ്ചു മെഡലുകൾമാത്രം. അവ ചെലവുകുറഞ്ഞ രീതിയിൽ വസ്ത്രനിർമ്മാണം നടത്താനുള്ള പദ്ധതിയിലേക്ക് അവൾനടത്തിയ സംഭാവനയുടെ ഫലമായി ലഭിച്ചവയായിരുന്നു. ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ള മററു ചില തൊഴിലാളിനായികകളുടെ കഥപോലെതന്നെയാണ് അവളുടേതും. പുതിയ ചൈനയിൽ സ്ത്രീകൾ നേടിയിട്ടുള്ള പുതിയ നിലയുടെ സംസാരിക്കുന്ന സാക്ഷിപത്രം. എന്നാൽ അവളുടേതായ ഈ കഥയ്ക്കു് അതിന്റേതായ ചില സ്വഭാവപ്രത്യേകതകളുണ്ട്. അതാണ് അതിനെ കേവലം പ്രതിരൂപാത്മകം എന്നതിനേക്കാൾ കൂടുതലായി പ്രത്യേകം പരിഗണനയ്ക്കു് അർഹയാക്കുന്നതും.

ഒരു പീടികക്കാരന്റെ കുടുംബത്തിലാണ് അവൾ ജനിച്ചതു്. ചെറുപ്പത്തിലേ പള്ളിക്കൂടത്തിൽ പോയെങ്കിലും മാതാപിതാക്കന്മാരുടെ ദാരിദ്ര്യംനിമിത്തം പഠിത്തം ഉപേക്ഷിക്കേണ്ടിവന്നു. ബാല്യകാലം, ദുരിതത്തിന്റെ ഒരു കാലഘട്ടമായാണ് അവൾ ഓർക്കുന്നതു്. അച്ഛന്റെ തൊഴിൽ തീരെ മോശമായിരുന്നു.

വീട്ടിൽ പട്ടിണിയും. പത്തുകൊല്ലംമുൻപു്, ഫാക്ടറികളിൽ തൊഴിലിനുപോകുന്ന പെൺകുട്ടികളുടെ ഭാവി ഇരുളാണ്ടതായിരുന്നു. വിവാഹച്ചന്തയിൽ അവക്കു് വില ഇടിഞ്ഞുപോയിരുന്നു. എന്നിരുന്നിട്ടും, ഒരു ജാപ്പനീസ് നെയ്ത്തുകമ്പനിയിൽ ചേരാതെ കാഒ ഹ്സിയോ യണു് മറ്റു നിവൃത്തിയുണ്ടായിരുന്നില്ല. ആദ്യം അവൾ ഒരു അപ്രന്റീസ് ആയിരുന്നു. പിന്നെ സമർത്ഥയായ ഒരു നെയ്ത്തുകാരിയായി. അക്കാലത്തു് അവൾ അച്ഛനമ്മമാരോടൊത്തു് വീട്ടിലാണു പാർത്തിരുന്നതു്. കാരണം, മാനേജ്മെന്റ് ഏർപ്പെടുത്തിയ ക്വാർട്ടേഴ്സിൽ പാർക്കുന്നതു് അപകടകരമായിരുന്നു. "നിങ്ങൾക്കറിയാം അതു്," അവൾ ശബ്ദം കൊണ്ടു് ആ 'അ'തിന്റെ അർത്ഥം വ്യക്തമാക്കി. "അക്കാലത്തു് സ്ത്രീതൊഴിലാളികൾക്കു് ഒരു സെൻറുപോലും വില കല്പിച്ചിരുന്നില്ല." അവൾക്കു കിട്ടിയിരുന്ന കൂലികൊണ്ടു് റൊട്ടിപോലും വാങ്ങാൻ കഴിഞ്ഞിരുന്നില്ല. "അതു് പരുപരുത്ത, വളരെ പരുപരുത്ത ഒരു ജീവിതമായിരുന്നു. കയ്യും കാലുമായി ഞങ്ങൾ ജീവിച്ചു." ആ ഓർമ്മകൾ സ്പന്ദിക്കാൻ തുടങ്ങിയപ്പോൾ ശബ്ദത്തിനു് ഒരിടർച്ച അനുഭവപ്പെട്ടു. "വാസ്തവത്തിൽ അതൊരു ജീവിതമേ അല്ലായിരുന്നു. പകൽമുഴുവൻ ഞാൻ മില്ലിൽ പണിയെടുത്തു—പതിനാലുമണിക്കൂർ നീണ്ട ഷിഫ്റ്റ്—എന്നിട്ടും വൈകുന്നേരം വീട്ടിലേക്കുപോകുന്നതു പകുതി ഒഴിഞ്ഞ വയറുമായാണു്. ജാപ്പാൻകാരുടെ കീഴിലെ ജീവിതനിലയായിരുന്നു അതു്. ക്യൂമിന്താങ്ങിന്റെ കീഴിലും അതിനു വ്യത്യാസമുണ്ടായിരുന്നില്ല."

ഒടുവിൽ അവളുടെ ശബ്ദത്തിൽനിന്നും ദുഃഖം മാഞ്ഞുപോയി. കണ്ണുകളിലേക്കു് ഒരു പ്രകാശം കയറിവന്നു. ദ്വിഭാഷിയിൽകൂടി അവളുടെ വാക്കുകൾ വെളിയിൽവന്നപ്പോൾ ആ ശബ്ദത്തിനു് ഒരുയിരുണ്ടായിരുന്നു: "പിന്നെ ചെമ്പടയും മോചനവും വന്നു. ഞങ്ങൾക്കെല്ലാവർക്കും ഒരു പുതിയ ജീവനം. ഞങ്ങൾ അടിമകളും സ്ഥാവരജംഗമവസ്തുക്കളും അല്ലാതായി, ആനന്ദിക്കാനും, പഠിക്കാനും, വളരാനുമുള്ള അവകാശത്തോ

ട്ടുകൂടി ഞങ്ങൾ പെട്ടെന്നു് മനുഷ്യജീവികളായി. ഞാൻ യുവജനസംഘടനയിൽ ചേർന്നു. ഞങ്ങളുടെ നാട്ടിന്റം, ജീവിതത്തിന്റം, തൊഴിലാളികളുടെയും സ്ത്രീകളുടെയും നിലയ്ക്കുംവന്ന മാററങ്ങളെക്കുറിച്ചു് ഞാൻ അവിടെനിന്നും പഠിച്ചു. ഫാക്ടറിയിലെ പരിവത്തനങ്ങളെയും എനിക്കു കാണാൻ കഴിഞ്ഞു—ഞങ്ങൾക്കു് കൂലി കൂട്ടിക്കിട്ടി, ഒഴിവുദിവസങ്ങൾ അനുവദിക്കപ്പെട്ടു, നല്ല ഭക്ഷണം നൽകപ്പെട്ടു, സാങ്കേതികവും രാഷ്ട്രീയവുമായ പഠനങ്ങൾക്കുവേണ്ട ക്ലാസുകൾ ഒരുക്കപ്പെട്ടു. പുതിയ വ്യവസ്ഥ എനിക്കു് എന്തോ ഒരു പുതിയ ജീവൻ നൽകിയതുപോലെ തോന്നി. പകരം പുതിയ വ്യവസ്ഥയ്ക്കു് ഞാനും എന്തെങ്കിലും നൽകിയേ തീരുവെന്നൊരു ബോധ്യം എനിക്കുമുണ്ടായി. ചെയർമാൻ മാവോ അപ്പോഴാണു് ഉല്പാദനവർദ്ധനവിനുവേണ്ടി തൊഴിലാളികളെ അഹ്വാനംചെയ്തതു്. ഫാക്റ്ററിയിലെ മററു പെൺകിടാങ്ങളോടും ആണുങ്ങളോടും സംസാരിച്ചു് ഞാനൊരു വക്കിംഗ്ഗ്രൂപ്പ് ഉണ്ടാക്കി. അതിന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റും ഞാൻ തന്നെയാണു്, കേട്ടോ. നിങ്ങൾ ചോദിക്കുമായിരിക്കും, എങ്ങനെ ആയി എന്നു്! ആവോ, എനിക്കറിഞ്ഞുകൂടാ.'' അവൾ സവിനയം അറിയിച്ചു: “ഒരു പക്ഷേ എന്നിൽകൂടുതൽ ഉത്സാഹത്തിമിർച്ചകണ്ടതുകൊണ്ടായിരിക്കാം, അല്ലെങ്കിൽ ഞാൻ മററുള്ളവരേക്കാൾകൂടുതൽ സംസാരിച്ചതുകൊണ്ടായിരിക്കാം.'' ഒരു കൊച്ചുകുട്ടിയുടെ പുഞ്ചിരി ആ ചുണ്ടുകളിൽ മൊട്ടിട്ടു.

അവൾക്കു് ആ കഥ പിന്നെയും തുടരണമെന്നുണ്ടായിരുന്നു. പക്ഷേ ആത്മപ്രശംസയിൽ അവസാനിക്കുമെന്നു ഭയന്നു് അവൾ അതിനു വിസമ്മതിച്ചു. അപ്പോഴാണു് ഫാക്റ്ററിമാനേജർ മുന്നോട്ടു വന്നതു്: “സഹകരണത്തിൽകൂടി ഉല്പാദനംവർദ്ധിപ്പിക്കാൻ മിസ് കാഒ ഹ്സിയോ യൺ ഒരു വക്കിംഗ്ഗ്രൂപ്പ് രൂപീകരിച്ചു. ഏതാനും ആഴ്ചകൾക്കുള്ളിൽ മററു ഗ്രൂപ്പുകൾക്കും അതൊരു മാതൃകയായിത്തീന്നു. ഏഴു പുതിയ മാർഗ്ഗങ്ങളാണു് അവൾ ഗ്രൂപ്പി

ൻെറ മുമ്പാകെ വച്ചതു്. ഉല്പാദനം അതോടെ വിവരണാതീതമാംവണ്ണം വർദ്ധിച്ചു. തുടന്നു് മററുള്ള ഫാക്ടറികളിലും ആ മാർഗ്ഗങ്ങൾ അംഗീകരിക്കപ്പെട്ടു. ടീൻഷിനിലെ വ്യവസായം മിസ് കാഭവിനോടു വളരെയധികം കടപ്പെട്ടിരിക്കുന്നു.''

വ്യക്തിപരമായ നേട്ടങ്ങളെക്കുറിച്ചു് പ്രസ്താവിക്കുന്നതിനു അവൾക്കു ഏറെ സങ്കോചമുണ്ടായെങ്കിലും, അവളുടെ വക്കിംഗ് ഗ്രൂപ്പിൻെറ പുതിയ മാർഗ്ഗങ്ങളെക്കുറിച്ചു് വിവരിക്കുന്നതിനു താല്പര്യമേ ഉണ്ടായുള്ളു. ഇവയാണു ആ മാർഗ്ഗങ്ങൾ:

1. പരസ്പരസഹായപദ്ധതി—ഒററയ്ക്കൊററയ്ക്കു് തൊഴിൽ ചെയ്യുന്നതിനുപകരം ഗ്രൂപ്പുകളായി ചേന്നു് തൊഴിൽ ചെയ്യുക. ഓരോ ഗ്രൂപ്പും കൂട്ടായും ഒററയ്ക്കും തൊഴിൽ വർദ്ധനവിനു ഉത്തരവാദിയായിരിക്കുക.

2. തറിയും കതിരും വെടിപ്പാക്കാൻ തൊഴിലാളികൾ ശ്രമേല്ക്കുകയും അവയുടെ കേടുപാടുകൾ പോക്കി സൂക്ഷിക്കുകയും ചെയ്യുക.

3. തൊഴിലാളികളുടെ സാങ്കേതികവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനു കൃത്യമായി ഗ്രൂപ്പ് സമ്മേളനങ്ങളും ചർച്ചകളും നടത്തുക.

4. മററു ഫാക്ടറികളിലെ മുന്നോട്ടപ്പരീക്ഷണങ്ങളെക്കുറിച്ചു് പഠിക്കാനും, തൊഴിലാളികളുടെ രാഷ്ട്രീയബോധം വളത്താനും പത്രപാരായണവും സ്റ്റഡിക്ലാസ്സുകളും ഏർപ്പെടുത്തുക.

5. ആരോഗ്യ—ശുചിത്വതത്വങ്ങളേയും കൃത്യനിഷ്ഠയേയും പ്രോത്സാഹിപ്പിക്കുക.

6. ഓരോ ഷിഫ്ററും നിശ്ചിതസമയത്തിനുള്ളിൽ അവസാനിപ്പിക്കാൻ തൊഴിലാളികൾ സന്നദ്ധത പ്രകടിപ്പിക്കുക.

7. എല്ലാ വക്കിംഗ് ഗ്രൂപ്പുകളുംകൂടി ഈ പുതിയ മാർഗ്ഗങ്ങളെ തുടർച്ചയായി പരീക്ഷിക്കുക, ആവത്തിക്കുക, അഭിവൃദ്ധിപ്പെടുത്തുക.

ഒരിക്കൽ ഈ ബുദ്ധിപൂർവ്വകമായ നിശ്ചയങ്ങൾ ഫലത്തിൽ വന്നു കഴിഞ്ഞാൽ, സാങ്കേതികവളർച്ചയ്ക്കുവേണ്ടി ഗ്രൂപ്പുചർച്ചകൾ ആരംഭിച്ചു കഴിഞ്ഞാൽ, പിന്നെ, പലതരം പുതുമകൾ നിർദ്ദേശിക്കപ്പെടുകയും അംഗീകരിക്കപ്പെടുകയുമായി. ഉദാഹരണത്തിനു്, നെയ്ത്തുസമയത്തു് നൂൽ പൊട്ടുന്നതിനെ നൂലിന്മേൽ വെള്ളം തളിച്ചുമാററിവന്നു. പിന്നെ ഒരേനിരപ്പിൽ വെള്ളം തളിക്കുന്നതിനുവേണ്ടി തളിക്കലിൽ പുതിയ വികസന മാർഗ്ഗങ്ങൾ കണ്ടുപിടിച്ചു. ഫാക്ടറിയിൽതന്നെ ആരോഗ്യപരമായ ഒരു മത്സരത്തിനു വഴിതെളിക്കാൻ ഓരോ ഗ്രൂപ്പിന്റേയും ഷിഫ്ററിന്റേയും ഉല്പാദനറിക്കാർഡുകൾ സൂക്ഷിക്കാൻ തീരുമാനിച്ചു.

സ്വന്തം ഗ്രൂപ്പിന്റെ നേട്ടങ്ങളെക്കുറിച്ചു സംസാരിച്ചപ്പോൾ കാള ഫ്സിയോയൺ പ്രസരിപ്പുകുട്ടി. അവളുടെ നിർദ്ദേശങ്ങൾ അംഗീകരിക്കപ്പെടുന്നതിനു മുൻപു് ഗ്രൂപ്പിന്റെ ശരാശരി ഉല്പാദനം 34. 5 വാരയായിരുന്നു. പുതിയ മാർഗ്ഗം അംഗീകരിച്ചു് ഏതാനും ദിവസം കഴിയുന്നതിനുമുൻപു് ദിനംപ്രതി തറി ഒന്നിനു് 45. 5 വാരയായി അതുയന്നു. പഴയരീതി അനുസരിച്ചു ഓരോ തറിയും നോക്കുന്നതിനു് ഓരോ പെൺകുട്ടി വീതം വേണ്ടിവന്നപ്പോൾ, പുതിയ പദ്ധതിയിൽ 16 പെൺകുട്ടികൾക്കു് സഹകരണാടിസ്ഥാനത്തിൽ 85 തറിയോളം നോക്കാൻ കഴിഞ്ഞു.

ഫാക്ടറിയിലെ സാങ്കേതിക പുരോഗതിയെക്കുറിച്ചു മാത്രം സംസാരിച്ചതുകൊണ്ടു് അവൾക്കു തൃപ്തിവന്നില്ല. ഗ്രൂപ്പു് അംഗങ്ങളുടെ രാഷ്ട്രീയ—സാംസ്കാരിക വളർച്ചയെക്കുറിച്ചുപോലും അവൾ വിവരിച്ചു. വളരെ ബുദ്ധിമുട്ടി പഠിച്ച അവൾ നൂറിൽ നൂറു മാർക്കും വാങ്ങിച്ചത്രെ. അവളുടെ ഗ്രൂപ്പിൽ 3 കമ്മ്യൂണിസ്ററുപാർട്ടി അംഗങ്ങളും 9 യുവജനസംഘടനാംഗങ്ങളും ഉണ്ടെന്നു് അഭിമാനപൂർവ്വം അറിയിച്ചു.

പതിന്നാലുപേർ അടങ്ങിയ അവളുടെ വക്കിംഗ്ഗ്രൂപ്പിൽ പെൺകുട്ടികൾ മാത്രമായിരുന്നോയെന്നു ഞാൻ ചോദിച്ചു.

"അല്ല, ഒരു പുരുഷൻകൂടി ഉണ്ടായിരുന്നു—ഒരു വയസ്സൻ. എൻെറ അച്ഛൻെറ പ്രായമുള്ള ഒരാൾ."

"ഒരു പെൺകുട്ടിയുടെ കീഴിൽ പണിയെടുക്കുന്നതിനു് അയാൾക്കു വിഷമമുണ്ടായിരുന്നില്ലേ?"

"ആദ്യമാദ്യം വിഷമമുണ്ടായിരുന്നു. പിന്നെ ക്രമേണ പുതിയ രീതിയുടെ ഗുണങ്ങൾ അയാൾക്കു മനസ്സിലായി. വയസ്സൻ എന്ന നിലയ്ക്കു് അയാൾ അർഹിക്കുന്ന ബഹുമതി ഞങ്ങൾ നല്കി. കേട്ടോ, ആദ്യമൊന്നും ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും അത്ര കാര്യമായി ചിന്തിച്ചിരുന്നില്ല. കുറേപേക്കു് വ്യക്തിപരമായ പരിഗണനകളായിരുന്നു. വേറെ കുറേപ്പേർ പുതിയ മാററങ്ങളെ പാടേ അവിശ്വസിച്ചു. എന്നാൽ ഒത്തൊരുമിച്ചു പണി ആരംഭിച്ചതോടെ, അംഗങ്ങൾക്കു് അവരുടെ വ്യക്തിത്വവും അവിശ്വാസവും നഷ്ടപ്പെട്ടു. നിരന്തരമുള്ള പഠനവും പരസ്പരമുള്ള ചർച്ചകളും അവരുടെ വീക്ഷണഗതിയെ പാടേ മാററി. ഒരുകൊല്ലംകൊണ്ടു് ഞങ്ങളുടെ ഗ്രൂപ്പ് ആദ്യം ഫാക്ടറിയിലേയും പിന്നീടു് നഗരത്തിലേയും മോഡൽ ഗ്രൂപ്പായി തെരഞ്ഞെടുക്കപ്പെട്ടു."

ഞാൻ അവളുടെ കുടുംബത്തെപ്പററി ചോദിച്ചു. പൊരുതുന്നൊരു മാർക്സിസ്റ്റ് തൊഴിലാളിക്കുവേണ്ട 'പുത്രീനിർവിശേഷമായ ഭക്തി' അവൾ വെളിപ്പെടുത്തി. ഫാക്ടറിയ്ക്കടുത്തുള്ള ഒരു കെട്ടിടത്തിലാണു് അവൾ പാർക്കുന്നതു്. കിട്ടുന്ന കൂലിയെല്ലാം അച്ഛനമ്മമാർക്കു് അയച്ചുകൊടുക്കുന്നു. "എത്രയായാലും അവർക്കു വയസ്സായില്ലേ. ഞാൻ മാത്രമാണു് അവർക്കു എന്തെങ്കിലും കൊടുക്കാനുള്ളതു്. പിന്നെ കൊച്ചനുജന്മാരും അനുജത്തികളുമുണ്ടു്."

"അപ്പോൾ നിങ്ങളുടെ കാര്യങ്ങളോ? സ്വന്തം ആവശ്യത്തിനുവേണ്ടി കുറച്ചു പണം വേണ്ടേ?"

"വേണം, പക്ഷേ എനിക്കധികം വേണ്ട." ആ വേഷധാരണരീതിയുടെ ലഘുത്വവും, കോസ്മെററിക്കിൻെറയും ആഭരണങ്ങളുടെയും അഭാവവും ആ പ്രസ്താവനയെ ശരിവച്ചു. "പിന്നെ

വേണ്ടിവന്നാൽ ഞാൻ അമ്മയോടു ചോദിക്കും. അമ്മ കുറച്ചു തരും.''

എന്നിരുന്നാലും 19 വയസ്സുള്ള ഈ ടീൻഷ്യൻ സൗന്ദര്യധാമം, ഫാക്ടറിയിലെ സായാഹ്നക്ലാസ്സുകളിലെ മൂന്നു വർഷത്തെ പഠനംമാത്രം കിട്ടിയിട്ടുള്ള ഈ കച്ചവടക്കാരന്റെ മകൾ, ഒരു വിഡ്ഢിയൊന്നുമല്ല. കഴിഞ്ഞവർഷം നൂറുക്കണക്കിനു മോഡൽ തൊഴിലാളികളുടെകൂടെ, ദേശീയദിനാഘോഷങ്ങളിൽ പങ്കുകൊള്ളാൻ ചെയർമാൻ മാവോയുടെ ക്ഷണപ്രകാരം പീക്കിംഗിൽ വന്നിട്ടുണ്ടായിരുന്നു.

ലോകയുവജനസമ്മേളനത്തിൽ സംബന്ധിക്കാൻ ബർളിനിലേക്കുപോയ ചൈനീസ് ഡെലിഗേഷനിലെ ഒരംഗവുമായിരുന്നു അവൾ.

"അവിടെ," പെട്ടെന്ന് അവളുടെ കണ്ണുകൾ തിളങ്ങുന്നതു ഞാൻ കണ്ടു, "വിവിധ രാജ്യങ്ങളിൽനിന്നും വന്ന ആൺകുട്ടികളേയും പെൺകുട്ടികളേയും ഞാൻ കണ്ടു—നിങ്ങളുടെ രാജ്യത്തുനിന്നും ഉണ്ടായിരുന്നു.''

"യുവജനസമ്മേളനത്തിൽനിന്നും പിരിഞ്ഞപ്പോൾ നിങ്ങളുടെ അഭിപ്രായമെന്തായിരുന്നു?''

അവൾ അധികം ആലോചിക്കാൻ പോയില്ല. "എല്ലാ രാജ്യങ്ങളിലേയും യുവാക്കൾ സമാധാനം ആവശ്യപ്പെടുന്നു. അവരെല്ലാം സമരത്തിനെതിരാണ്. അവർ ഒരുമിച്ചാൽ സമാധാനം നേടാൻ കഴിയും.''

ആ കൂടിക്കാഴ്ചയ്ക്കു് ഒരു വിരാമമിടാൻ സമയമായിക്കഴിഞ്ഞിരുന്നു. അവൾ വാച്ചിലേക്കു നോക്കുന്നതു ഞാൻ കണ്ടു—അതേ, ഈ ഫാക്ടറിത്തൊഴിലാളിക്ക് ഒരു നല്ല വാച്ച് ഉണ്ടായിരുന്നു—സ്റ്റഡിക്ലാസ്സിന്റെ സമയം അതിക്രമിച്ചു എന്ന് നേരെ പറയാനുള്ള വിഷമമായിരുന്നു അതു്.

എന്നാൽ എനിക്കു അവസാനമായി ഒരു ചോദ്യംകൂടി ഉണ്ടാ

യിരുന്നു—പരുത്ത പഞ്ഞിത്തുണികൊണ്ടുള്ള വൃത്തികെട്ട സൺയററ്-സെൻ യൂണിഫോറത്തിൽ സൗന്ദര്യം ഒളിച്ചുവച്ചിരുന്നൊരു കാതരാക്ഷിയായ ചൈനീസ് പെൺകുട്ടിയെ കണ്ടുമുട്ടുമ്പോൾ സാധാരണ നാവിന്റെ തുമ്പിൽ ഉദിക്കാറുള്ളൊരു ചോദ്യം.

"നിങ്ങൾക്കു പട്ടുകൊണ്ടൊരു പാവാട ധരിക്കാൻ ഇഷ്ടമില്ലേ, സെൻറു് പൃശാൻ, പൂ ചൂടാൻ?"

അവൾ അല്പനേരം ചിന്തയിലാണ്ടുകൊണ്ടു പറഞ്ഞു: "ഉവ്വ് എനിക്കു പട്ടുടുത്താൽ കൊള്ളാമെന്നുണ്ടു്—എന്തിനു് പട്ടുമാത്രം, കസവുകളും—ഞങ്ങളുടെ നാട്ട് അഴകേറിയ തുണിത്തരങ്ങൾക്കു കേൾവി കേട്ടതാണു്. പക്ഷേ, കുറച്ചുകാലംകൂടി കഴിഞ്ഞു്, ജനങ്ങളുടെ ജീവിതനിലവാരം ഉയന്നു കഴിയുമ്പോൾ മാത്രമേ, ഞാൻ പട്ടും കസവും ധരിക്കയുള്ളു. അന്നു് കുറേപേക്കു മാത്രമല്ല എല്ലാവക്കും പട്ടുടുക്കാൻ കഴിയും. അതുവരെ ഞങ്ങളെല്ലാം പണിയെടുക്കണം. മററെല്ലാവക്കും ഉടുക്കാൻ കഴിയുമ്പോൾമാത്രം ഉടുക്കണം."

അവൾ തീരെ പ്രായംകുറഞ്ഞൊരു പെൺകുട്ടിയായിരുന്നു. അവളുടെ നേരെ നോക്കി എനിക്കു അത്ഭുതപ്പെടാതിരിക്കാൻ കഴിഞ്ഞില്ല. അവളുടെ സുന്ദരാനനത്തിൽ ചന്തമേറിയൊരു മന്ദസ്മിതം വിരിഞ്ഞു. "വിഷമിക്കാനില്ല. ഞങ്ങൾ എല്ലാം ഒരുനാൾ പട്ടുടുക്കും!"

# —ചെകുത്താനെ പിടികൂടിയിരുന്ന ഒരു ബാലൻ

വെളിയിൽ, ഫാക്ടറിയുടെ ചിമ്മിണികളിൽനിന്നുമുയന്ന പുകച്ചുരുളുകൾ, വർഷകാലാന്തരീക്ഷത്തിൽ കറുത്ത രോമപ്പുതപ്പുകൾ വിരിച്ചിരുന്നു. മഞ്ചൂറിയായിലെ ഏററവും പ്രധാനപ്പെട്ട വ്യവസായകേന്ദ്രമായ മുക്ഡന്റെ പ്രാധാന്യത്തെ വിളിച്ചറിയിക്കുകയായിരുന്നു അവ. ഉരുക്ക് ഉരുക്കുന്ന ഫാക്ടറിക്കകത്തു ഡസൻകണക്കിന് ഓക്സി അസററലെൻ ദീപങ്ങളുടെ 'മിന്നല്'കളും ന്യൂമാററിക് ഡ്റില്ലുകളുടെ 'ഇടിമുഴക്കവു്'മുണ്ടായിരുന്നു. മുകളിൽ കപ്പികളിൽക്കൂടി പൊങ്ങി, പ്ലാൻറിൽനിന്നും പ്ലാൻറിലേക്ക് നീങ്ങിക്കൊണ്ടിരുന്ന ഇലക്ട്രോമാഗ്നററിക് ക്രെയിനുകൾ ഉരുക്കുവായും പൊളിച്ച്, താഴെ കുന്നുകൂട്ടിയിരിക്കുന്ന ഇരുമ്പിൻകൂട്ടങ്ങളിലേക്ക് ആർത്തിയോടെ ആഞ്ഞിറങ്ങുകയാണ്. പുറത്തു്, സൈബീരിയായിൽനിന്നുള്ള തണുപ്പൻകാററു വീശുന്നുണ്ടായിരുന്നുവെങ്കിലും, അകത്തു ചൂടായിരുന്നു. വളരെ വളരെ കടുത്ത ചൂട്. ചെറുതും വലുതുമായ അടുപ്പുകളിൽനിന്ന് നാക്കു നീട്ടിയിരുന്ന തീനാമ്പുകളുടെ ചൂട്. അരവരെ ഉരിഞ്ഞിട്ട കുപ്പായവുമായി, വിയർത്തൊലിച്ച്, തീ ആളിപ്പടർന്നുകൊണ്ടിരുന്ന അടുപ്പുകൾക്കെതിരെ നിഴൽച്ചിത്രങ്ങൾപോലെ നിന്നിരുന്ന തൊഴിലാളികളും ട്രോളിയും ക്രെയിനും ഉന്തിനീങ്ങി അങ്ങോട്ടുമിങ്ങോട്ടും

പാഞ്ഞുകൊണ്ടിരുന്ന പണിക്കാരും സങ്കല്പലോകത്തിലെ ഏതോ വികൃതരൂപങ്ങളെപ്പോലെ തോന്നിച്ചു.

ഈ ഫാക്ടറി, പുതിയചൈനയിലുള്ള മററു പലതിനേയും പോലെ, യന്ത്രവത്കൃതകൂട്ടുല്പാദനത്തിൻെറയും കുടിൽവ്യവസായത്തിൻെറയും ഒരു വിചിത്രമായ സംയോജനമായിരുന്നു. ആദ്യം ജാപ്പാൻകാരും അനന്തരം ക്രമിന്താങ്ങുപട്ടാളവും തച്ചുടച്ച ഇതു് ഞങ്ങൾ കാണുമ്പോൾ കേടുപാടുകൾ നീക്കുന്ന നിലയിലായിരുന്നു. തന്നിമിത്തം കൂട്ടിഘടിപ്പിച്ചു, ഭീമാകാരമായ യന്ത്രങ്ങൾ ഉപയോഗിച്ചു സാധനസാമഗ്രികൾ നിർമ്മിച്ചുകൊണ്ടിരുന്നപ്പോഴും, മററു പല നിർമ്മാണവേലകളും മനുഷ്യപ്രയത്നത്തെയും കഴിവിനേയും ആശ്രയിച്ചിരുന്നു. ഇവിടെ ക്രിയാത്മകമായ പ്രയത്നത്തിൽ മനുഷ്യനും യന്ത്രവും പരസ്പരാശ്രയത്തിലും സഹകരണബോധത്തിലുമാണു് കഴിഞ്ഞിരുന്നതു്.

തൊഴിലാളികൾക്കു പൊതുവെയുള്ള മുറികളുടെ ചുവരിന്മേലും, ഫാക്ടറികാൻറീനിലും പ്ലാൻറിലും എന്തിനു വലിയ 'ചുമർപത്രങ്ങ'ളിലും തിളങ്ങി കണ്ടിരുന്ന മുദ്രാവാക്യങ്ങൾ എത്രമാത്രം ചൈതന്യത്തോടുകൂടിയാണു ഫാക്ടറിപ്രവർത്തനം നടന്നിരുന്നതെന്നുള്ളതിൻെറ പ്രത്യക്ഷലക്ഷണങ്ങളായിരുന്നു: "മേത്തരം ഉല്പാദനത്തിലും വിനിമയപരിശീലനത്തിലും ഞങ്ങൾ ഉന്നം വയ്ക്കുന്നു." മറെറാന്നു്, "തൊഴിൽകഴിവും അച്ചടക്കബോധവും ശക്തിപ്പെടുത്തുക; സാങ്കേതികരീതി വളർത്തുക; സുരക്ഷിതത്വം ഉറപ്പുകൊടുക്കുക" എന്നൊരു മുദ്രാവാക്യമായിരുന്നു....(കഴിഞ്ഞ രണ്ടുവർഷമായി പുതിയ മാനേജ്മെൻറു കൈക്കൊണ്ടിട്ടുള്ള രക്ഷാനടപടികൾ നിമിത്തം, ജാപ്പനീസ്-ക്രമിന്താങ്ങു ഭരണകാലത്തു് ഉണ്ടായിരുന്നതുപോലെയുള്ള അപകടങ്ങൾ തീരെ കുറവായിരിക്കുന്നു എന്നാണു ഞങ്ങളോടു പറഞ്ഞതു്.) എന്നാൽ ഏററവും ആകർഷകമായൊരു മുദ്രാവാക്യം ഇതായിരുന്നു: നമ്മുടെ യുദ്ധഭൂമിയാണു് പ്ലാൻറു്—യന്ത്രങ്ങൾ ആയുധങ്ങളും."

ഇടത്തുവശത്തു പതിച്ചിരുന്ന ഒരു പരസ്യക്കടലാസിൽ, ഒന്നിനു താഴെ ഒന്നായി വരച്ചിരുന്ന ചിത്രങ്ങളിലൂടെ ഈ മുദ്രാവാക്യം മനസ്സിൽ തട്ടുംവണ്ണം വ്യക്തമാക്കിയിരുന്നു. ആദ്യം ഒരാൾ കാൽനടയായി പോയിക്കൊണ്ടിരിക്കയാണു്. പിന്നെ അയാൾതന്നെ സൈക്കിളിൽ സവാരിചെയ്യുന്നു, കാറിൽ സഞ്ചരിക്കുന്നു, വിമാനത്തിൽ പറക്കുന്നു. എതിർവശത്തു് ജനറൽ മക്കാർതറുടെ ചൈനയിൽ—ഏററവും വെറുക്കുന്നൊരു നാമം—ഒരു വികൃതചിത്രം. എനിക്കു് അതിൻെറ അർത്ഥം മനസ്സിലായില്ല. ആ പരസ്യക്കടലാസിൻെറ അടിയിൽ എഴുതിയിരുന്നതിൻെറ തർജ്ജമ ഇതാണു്: "മക്കാർതറെ കീഴടക്കാൻ നമുക്കു ബഹുദൂരം യാത്രചെയ്യേണ്ടതുണ്ടു്. നമ്മുടെ ഉല്പാദനവർദ്ധനവു് 20 ശതമാനത്തിൽ കുറവാണെങ്കിൽ ആ ലക്ഷ്യത്തിലേക്കുള്ള നമ്മുടെ യാത്ര കാൽനടയായിട്ടായിരിക്കും; അതു നാല്പതു ശതമാനമായി വർദ്ധിപ്പിച്ചാൽ സൈക്കിളിലായിരിക്കും; 60 ശതമാനമാക്കിയാൽ കാറിലായിരിക്കും; എന്നാൽ ഒരു വിമാനത്തിൻെറ വേഗമാണു് നമുക്കു് ആവശ്യമെങ്കിൽ നാം ഉല്പാദനം 100 ശതമാനമായി വർദ്ധിപ്പിക്കണം."

KOTTAYAM PUBLIC LIBRARY KOTTAYAM

അതു് ഒക്ടോബറിൻെറ മദ്ധ്യമായിരുന്നു. ആ വർഷം അവസാനിക്കുന്നതിനു് ഇനിയും പത്തു് ആഴ്ചകൾകൂടി ബാക്കിയായിരുന്നു. എന്നിരുന്നിട്ടും കഴിഞ്ഞവർഷത്തേക്കാൾ 80 ശതമാനം ഉല്പാദനവർദ്ധനവു് ഫാക്ടറി കുറിച്ചുകഴിഞ്ഞു.

ഈ ഫാക്ടറിയിൽവച്ചാണു് ഞാൻ ഒരു കുട്ടിയെ കണ്ടുമുട്ടിയതു്. (അവൻെറ പേരു കുറിച്ചെടുക്കാൻ മറന്നുപോയതുകൊണ്ടു്, അവൻ പേരില്ലാത്തവനായിരിക്കട്ടെ.) വീരചങ്ങല കിട്ടിയൊരു തൊഴിലാളിവീരനായിരുന്നില്ല അവൻ. ഈ ഒരു ഫാക്ടറിയുടെ മാത്രമല്ല, ഒരു കുരിശുയുദ്ധത്തിൽ എന്നകണക്കേ—അതേ, കുരിശുയുദ്ധംതന്നെയായിരുന്നു അതു്—പങ്കെടുത്തു് തങ്ങളുടെ വ്യാവസായികോല്പാദനം വർദ്ധിപ്പിക്കാൻ പരിശ്രമിക്കുന്ന പുതിയ

ചൈനയിലെ എല്ലാ തൊഴിലാളികളുടേയുംകൂടി ഉരുട്ടിയെടുത്ത ചൈതന്യവിശേഷത്തിൻെറ വീരനായിരുന്നു അവൻ.

ചെറിയ അടുപ്പുകളിൽ ഒന്നിൻെറ അടുത്തുകൂടി ഞാൻ നടന്നുകൊണ്ടിരുന്നപ്പോഴാണ് അവൻ—17 വയസ്സിൽകൂടുതൽ പ്രായമില്ല അവന്—അങ്ങോട്ട് ഓടിവരുന്നതു കണ്ടതു്. കയ്യിൽ ഒരു ഉരുക്കുകമ്പിയുമുണ്ട്. പഴന്തുണി ചുററിയിരുന്ന കൈകൾകൊണ്ട് ആ ഉരുക്കുകമ്പി അവൻ അടുപ്പിലേക്കു തള്ളി. (ആ മാതിരി കമ്പികളുടെ അററത്തു പിടിക്കാൻ മററു തൊഴിലാളികൾക്കു റബ്ബർ ഉറകളായിരുന്നു.) എന്നിട്ട് അതിൻെറ അററം ചുമന്നുവന്നതോടെ, വൈദ്യുതശക്തികൊണ്ടു പ്രവർത്തിക്കുന്ന ഒരു ചുററികയുടെ അടുത്തേയ്ക്കു് അതും എടുത്തുകൊണ്ട് അവൻ ഓടി. അടിച്ചു രൂപപ്പെടുത്താൻ. കമ്പിയുടെ ചൂടാറിയതോടെ അവൻ വീണ്ടും അടുപ്പിനടുത്തേയ്ക്കുതന്നെ പാഞ്ഞു. അങ്ങനെ ഏതാനും മിനിട്ടുകൾകൊണ്ട് ഒരാറുപ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും ആ കുട്ടി ഓടി. അതിനിടയിൽ ഒരു തവണയെങ്കിലും വേലയുടെ ചെലവിൽ എൻെറ നേരെ നോക്കാൻ അവൻ തുനിയുകയുണ്ടായില്ല. ആദ്യത്തെ കമ്പി അടിച്ചു രൂപപ്പെടുത്തിയതോടെ രണ്ടാമത്തെ കമ്പി എടുക്കുകയായി. പിന്നെ മൂന്നാമത്തേതു്......അങ്ങനെ, അങ്ങനെ. ഏതോ മത്തുപിടിച്ചൊരു തിടുക്കത്തിലെന്നപോലെ തോന്നിച്ചു, അവൻ—വാസ്തവത്തിൽ അതൊരു സാധാരണ തിടുക്കത്തെക്കാൾ കൂടുതലായിരുന്നു. ഒരു പക്ഷേ, ഏതോ ചെകുത്താൻ പിന്തുടന്നിട്ടെന്നതുപോലെയുണ്ടായ ആവേശം കയറിയൊരു സംഭ്രമം എന്ന് അതിനെവർണ്ണിക്കുകയായിരിക്കും കൂടുതൽ ശരി.

ഷിഫ്ററിൻെറ അവസാനത്തെ കുറിക്കുന്ന സൈറൺ മുഴങ്ങിയപ്പോൾ തൊഴിലാളികൾ ഓരോരുത്തരായി കൈകഴുകാനുള്ള മുറിയിലേക്കു തള്ളിക്കയറി. അപ്പോഴാണു കയ്യിൽ ചുററിയിരുന്ന പഴന്തുണിക്കഷണം അഴിക്കുന്ന അവനെ ഞാൻ കണ്ടതു്. കത്തിക്കരിഞ്ഞ പാടുകളായിരുന്നു ആ കൈകളിൽമുഴുവൻ.

ഞാൻ ദ്വിഭാഷിയോട്, അവനെവിളിച്ച് മററുള്ളവരെപ്പോലെ കൈകൾക്ക് എന്തുകൊണ്ട് ഉറ ഇടുന്നില്ലെന്ന് ചോദിക്കാൻ പറഞ്ഞു.

ഞങ്ങളെ അപ്പോൾ ആദ്യമായി കാണുന്ന ആ കുട്ടി, കുറച്ചു മുൻപുവരെ ഇല്ലാതിരുന്ന ലജ്ജാമധുരമായൊരു മന്ദസ്മിതത്തോടെ ഇങ്ങനെ പറഞ്ഞു: "ഒരു മിനിട്ട് താമസിച്ചാണ് ഇന്നത്തെ ഷിഫ്ററിനു കയറിയത്. വലിപ്പ് തുറന്ന് കയ്യുറ എടുത്തിടാൻ നേരം കിട്ടിയില്ല."

പക്ഷേ ഞാൻ വിടാൻ പോയില്ല. "അതിനെന്ത്? ഏറിയാൽ രണ്ടുമിനിററുനേരത്തെ താമസമല്ലേയുള്ളു. നിങ്ങൾക്ക് എന്തായിരുന്നു ഇത്ര തിടുക്കം? ഏതാണ്ട് ചെകുത്താൻ പിടികൂടിയതുപോലെ?"

എൻെറ വാക്കുകൾ തർജ്ജമചെയ്യപ്പെട്ടുകഴിഞ്ഞപ്പോൾ മറുപടിപറയാൻ അവൻ ഒന്നു പതുങ്ങിച്ചിരിച്ചു: "അല്ലെങ്കിൽ ഒരുപക്ഷേ ചെകുത്താനെ പിടികൂടിയിരുന്നത് ഞാനാണ്. അതുകൊണ്ടായിരുന്നു എനിക്ക് അത്ര തിടുക്കവും. നിങ്ങൾക്കു കാണാൻ പാടില്ലേ, അതാ ആ നില്ക്കുന്ന മനുഷ്യനെ കീഴടക്കാൻ ഞങ്ങൾക്കു വളരെയേറെ തിടുക്കപ്പെടേണ്ടതുണ്ടെന്ന്?"

അവൻ ചൂണ്ടിക്കാണിച്ചസ്ഥലത്തേക്ക് ഞാൻ നോക്കി—അവിടെ ട്രൂമാൻെറ ചിത്രത്തോടുകൂടിയ ഒരു പരസ്യക്കടലാസ്!

ഇപ്പോൾ ട്രൂമാൻെറ ആ ചിത്രം മാററി പകരം ഐസൻഹോവറുടെ മറെറാന്നു വച്ചുകാണണം. എന്നാൽ ആ പേരില്ലാത്ത കുട്ടി ഇപ്പോഴും അതേ ആവേശത്തോടുകൂടി പണിചെയ്യുകയായിരിക്കണം.

അമേരിക്കൻ പട്ടാളപ്രസിഡണ്ടിനു അർഹിക്കുന്നൊരു താക്കീത്!

# —പെട്ടെന്നെടുത്ത ചില പടങ്ങൾ

ഹോളിവുഡ്ഡിലെ ഏതൊരു സിനിമാതാരഃത്തേയുംകാൾ കൂടുതലായിചെയർമാൻ മാഃവോ സെ തുങ്ങിന് ആരാധകന്മാരുടെ കത്തുകൾകിട്ടുന്നുണ്ട്. നൂററാണ്ടുകളിലെ ജന്മിത്വം അവസാനിപ്പിച്ച് ഒരു പുത്തൻ ജീവിതം തങ്ങൾക്കു നൽകിയതിൽ സ്നേഹവും നന്ദിയും പ്രകടിപ്പിച്ചുകൊണ്ടു ചൈനയിലെ വിവിധഭാഗങ്ങളിലുള്ള ആയിരക്കണക്കിന് കർഷകത്തൊഴിലാളികൾ അയയ്ക്കുന്ന കത്തുകളാണിവ.

മുക്ഡനിലെ ഒരു മാതൃകാതൊഴിലാളിയായ ഷിയുഹായ് അയച്ച ഒരു കത്ത് ഇങ്ങനെയാണ്: "താങ്കളുടെ നേതൃത്വത്തിൻ കീഴിൽ ഞങ്ങളാകെ മാറിപ്പോയി. ഞാൻ തന്നെ ഒരു ഉദാഹരണമാണിതിന്. കഴിഞ്ഞ കാലങ്ങളിൽ, എത്രയോ കൊല്ലങ്ങളാണെഃന്നാ, മഞ്ഞിലും മഴയിലും വെയിലിലും ഞാൻ ഒരേ ഒരു പരുത്തിപ്പാൻറും കുപ്പായവുമിട്ടു നടന്നതു്! ഏററവും ചീത്തയായ "കാഃയോളിയാങ്ങ്" ആയിരുന്നു എൻെറ ഭക്ഷണം. അന്നത്തിൻെറ ആഹാരം സ്വപ്നംപോലും കാണുവാൻ കഴിഞ്ഞിരുന്നില്ല. ഇന്ന്, വിമോചനത്തിനുശേഷം, നാലു പുതിയ വസ്ത്രങ്ങളാണ് എനിക്കുള്ളതു്. കൂടക്കൂടെ ഞാനതു് അലക്കി ഉപയോഗിക്കുന്നു. ശീതകാലത്തേയ്ക്കു് എനിക്കൊരു ചൂടൻ രോമക്കുപ്പായമുണ്ടു്. ദിവസത്തിൽ മൂന്നുനേരവും അരി ഭക്ഷണമാണെനിക്കു്. പന്നിക്കു

ട്ടപോലെയുള്ള ഒരു ഇരുണ്ട മുറിയിലായിരുന്നു പണ്ട് ഞാൻ പാൎത്തിരുന്നതു്. ഇന്നു് വെള്ളതേച്ച ചുമരുകളുള്ള ഒരു ഇഷ്ടികപ്പുരയുണ്ട്. ചെയർമാൻ മാവോ, താങ്കൾ ചെയ്തുതന്നിട്ടുള്ള ഈ ഉപകാരം ഞങ്ങൾ ഒരിക്കലും മറക്കുകയില്ല."

*  *  *  *

ഒരു റബ്ബർഫാക്ടറിതൊഴിലാളിയും അഞ്ചുകുട്ടികളുടെ അമ്മയുമായ ചാങ്ങ്‌യുചങ്ങ് എഴുതിയിരിക്കുന്നതു് ഇങ്ങനെയാണു്: "ഞങ്ങളുടെ കാലക്ഷേപമാൎഗ്ഗം എത്രകണ്ടു് കൂടുതൽ വികസിക്കുന്നുവോ, അത്രകണ്ടു് കൂടുതൽ ഞങ്ങൾ നാടിനെ സ്നേഹിക്കുന്നു. വ്യക്തിയും സ്റ്റേറ്റുംതമ്മിലുള്ള ഏററവും അടുത്ത ബന്ധം ഞങ്ങൾ മനസ്സിലാക്കിക്കഴിഞ്ഞു. ഇപ്പോഴത്തെ ഗവമ്മെൻറു്, ഞങ്ങളുടെ, തൊഴിലാളികളുടേയും കർഷകരുടേയും ആയിരിക്കുന്നതുകൊണ്ടു്, ഗവമ്മെൻറിനുവേണ്ടി എന്തും ചെയ്യാൻ ഞങ്ങൾ തയാറാണു്."

*  *  *  *

മുക്‌ഡണിലെ എഞ്ചിൻനിൎമ്മാണഫാക്റ്ററിയിൽ തൊഴിലാളികളുടെ ഒരു സ്റ്റഡിക്ലാസ്സ് ഒരു സ്ത്രീതൊഴിലാളി നടത്തിക്കൊണ്ടിരിക്കുകയാണു്. അനൎഗ്ഗളമായ ആ സംസാരവും വിശിഷ്ടമായ ഭാവപ്രകടനങ്ങളും ശ്രദ്ധേയമായിരുന്നു.

അവരുടെ വിഷയം "മാക്സിംഗോൎക്കിയുടെ ജീവിത"മായിരുന്നു.

ജാപ്പാൻകാരുടേയും ക്വമിന്താങ്ങിൻേറയും ഭരണകാലത്തു് ചികോചിഹ് ആ എഞ്ചിൻനിൎമ്മാണഫാക്റ്ററിയിൽ പണിയെടുത്തുകൊണ്ടിരുന്ന അക്ഷരാഭ്യാസമില്ലാത്ത ഒരു പെണ്ണായിരുന്നു. അന്നു് അവൾക്കു കിട്ടിയിരുന്ന കൂലി, അവളുടെതന്നെ ആഹാരത്തിനു മതിയായിരുന്നില്ല. ഒരു പുസ്തകം സ്വന്തമാക്കി വയ്ക്കുകയോ കാണുകയോപോലും അവൾ ചെയ്തിരുന്നില്ല.

വിമോചനത്തിനുശേഷം അവർ സ്കൂളിൽപോയി, പഠിച്ചു, വായിച്ചു, എഴുതി. റഷ്യൻ ക്ലാസിക്കുകളുടെ ചൈനീസ് തർജ്ജമകൾ അവളെ ആകർഷിച്ചു. ഇപ്പോൾ അവർ തൊഴിലാളിസുഹൃത്തുക്കളോടു് "മാക്സിംഗോർക്കിയുടെ ജീവിത"ത്തെക്കുറിച്ചു പ്രസംഗിക്കുകയാണു്.

* * * *

"ഇൻഡ്യാക്കാരനായ സഹോദരാ, ഈ ധാന്യങ്ങൾ ഒന്നു നോക്കുക—ചുമ്മാ ഒന്നു നോക്കുക," മുക്ഡനു് അടുത്തുള്ള കാഓകാൻ ഗ്രാമത്തിലെ വിമൻസ് അസോസിയേഷൻെറ പ്രസിഡൻറു് എൻെറമുമ്പിൽ വന്നുനിന്നുകൊണ്ടു പറഞ്ഞു. ക്യാൻവാസ് ചെരുപ്പുകളും പുത്തൻ നീലവസ്ത്രവും ധരിച്ച 22 വയസ്സുള്ള ചാങ്ങ്ഷുയുവാൻ കൃശഗാത്രിയായൊരു കർഷകപ്പെൺകൊടിയാണു്. വിമോചനത്തിനുശേഷം മററുള്ള കർഷകരോടൊപ്പം അവർ കൃഷിചെയ്തെടുത്ത അസാമാന്യവലിപ്പത്തിലുള്ള ആ ധാന്യങ്ങൾ കാണിച്ചുതന്നപ്പോൾ ആ ശിരസ്സു് അഭിമാനംകൊണ്ടു് നിവരുന്നതുപോലെ തോന്നി. "ജന്മികൾക്കുവേണ്ടി ഞങ്ങൾ പണിചെയ്തിരുന്ന കാലത്തു് ഇമ്മാതിരി ധാന്യങ്ങൾ വിളയിക്കുവാൻ ഞങ്ങൾക്കു കഴിയുമായിരുന്നെന്നു് തോന്നുന്നുണ്ടോ? ഓ ഇല്ലാ, ഒരിക്കലുമില്ല!"

* * * *

58 വയസ്സുള്ള പല്ലില്ലാത്ത, ചുക്കിച്ചുളിഞ്ഞ, ഉച്ചരിക്കാൻ പ്രയാസമുള്ള പേരോടുകൂടിയ, ഒരു വൃദ്ധ വില്ലേജ് വിമൻസ് അസോസിയേഷൻെറ കമ്മററിയിലെ ഒരംഗമായിരുന്നു. ഞാൻ അവരോടു ചോദിച്ചു: "അമ്മൂമ്മേ, ഈ പുതിയ ജീവിതത്തെക്കുറിച്ചു് എന്താണഭിപ്രായം?"

ആ ചോദ്യം തർജ്ജമചെയ്യപ്പെട്ടുകഴിഞ്ഞപ്പോഴേയ്ക്കും, അവരുടെ വാക്കുകൾക്കുമുമ്പായി പുറത്തുചാടിയ പുഞ്ചിരി നല്ലൊരുത്തരം നൽകിക്കഴിഞ്ഞു:

"എന്റെ കുഞ്ഞുമോനെ, എനിക്ക് ഇതു വലിയ ഇഷ്ടമാണ്. ഞാൻ പറയാമല്ലോ. മുമ്പൊക്കെ വിശന്നുപൊരിഞ്ഞു വലഞ്ഞിട്ടുണ്ട്. മിക്കവാറും മരിച്ചമട്ട്. ഞങ്ങളെ നോക്കാൻ ആരും ഉണ്ടായിരുന്നില്ല. ഇപ്പോൾ ഞങ്ങൾക്ക നിലമുണ്ട്, വീടുണ്ട്, പുതിയ വസ്ത്രങ്ങളുണ്ട്."

"അമ്മൂമ്മേ, ഈ പുതിയ വിവാഹനിയമത്തെക്കുറിച്ചെന്തു പറയുന്നു? സ്വന്തം മരുമക്കൾ വളരെ പ്രായംചെന്ന് വിവാഹിതരാകുന്നതിലും, ഭർത്താക്കന്മാരെ സ്വന്തമായി തിരഞ്ഞെടുക്കുന്നതിലും അമ്മൂമ്മയ്ക്ക് എതിരുണ്ടോ?"

"ഈ പുതിയ വിവാഹനിയമം ഞാൻ ഏറെ ഇഷ്ടപ്പെടുന്നുണ്ട്. ഞങ്ങളുടെ പെൺമക്കളെ നേരത്തെ വിവാഹംചെയ്തുകൊടുക്കുന്നതിൽ, വാസ്തവത്തിൽ, യാതൊരു വിശുദ്ധിയും ഉണ്ടായിരുന്നില്ല. മുമ്പൊക്കെ ഞങ്ങൾ അങ്ങനെ ചെയ്തിരുന്നെങ്കിൽ അതു് പ്രാരാബ്ധംകൊണ്ടു മാത്രമാണ്.—അത്രയും കുറച്ചുനാൾ ചെലവിനു കൊടുത്താൽ മതിയല്ലോ. ഇന്ന്, ഒരു സ്ത്രീക്ക് അവളുടെ മകളെ, അവൾ ഭർത്താവിനെ സ്വയം കണ്ടുമുട്ടുന്നതുവരെ സംരക്ഷിക്കാം. പിന്നെ മറ്റൊന്ന്. പണ്ടൊക്കെ ഭർത്താക്കന്മാർ അവരുടെ ഭാര്യമാരെ കണ്ടമാനം തല്ലുമായിരുന്നു. ഇപ്പോഴോ? അങ്ങനെ ഒന്നും നടപ്പില്ല.—ആരെങ്കിലും അവന്റെ ഭാര്യയെ ഉപദ്രവിക്കുന്നതായി അറിഞ്ഞുഃ പഞ്ചായത്ത് ചെയർമാൻ [illegible] അവനെ ശിക്ഷിച്ചുകളയും."

* * * *

പീക്കിങ്ങിലെ എട്ടാം മുനിസിപ്പൽ ഡിവിഷനിലെ സ്കൂളുകൾ സന്ദർശിച്ച വേളയിൽ അവിടത്തെ കുട്ടികളോട് ഇഷ്ടമുള്ള ചോദ്യങ്ങൾ ചോദിച്ചുകൊള്ളുവാൻ പറയുകയുണ്ടായി. ഞങ്ങളുടെ ചോദ്യങ്ങൾക്കെല്ലാം കുട്ടികൾ,—അധികവും തൊഴിലാളികുടുംബങ്ങളിലെ കുട്ടികളായിരുന്നു അവർ—ശരിയായ ഉത്തരം നല്കി.

"ഷേക്സ്പിയർ ആരായിരുന്നു?"

KOTTAYAM PUBLIC LIBRARY
KOTTAYAM

“ഒരു മഹാനായ ഇംഗ്ലീഷ് നാടകകൃത്ത്.”

“ആരാണ് ഇലിയ എഹ്റൺബർഗ്ഗ്?”

“ഒരു മഹാനായ റഷ്യൻ സാഹിത്യകാരൻ.”

“ഐൻസ്റ്റീൻ ആരാണ്?”

“ജർമ്മനിയിൽനിന്നും ഹിററ്ലർ ഓടിച്ച ഒരു മഹാനായ ശാസ്ത്രജ്ഞൻ.”

“കൺഫ്യൂഷ്യസിനെകുറിച്ച് എന്തറിയാം?”

“പിടിവാദങ്ങളും ശൂന്യമായ തത്വസംഹിതയും.”

“ഇൻഡ്യയുടെ നേതാവാരാണ്?”

“നെഹ്റു.” [redacted].

“ചൈനയും ഇൻഡ്യയും എന്തുകൊണ്ടാണ് സുഹൃത്തുക്കളാകാൻ ആഗ്രഹിക്കുന്നത്?”

“എന്തുകൊണ്ടെന്നാൽ ചൈനയ്ക്കു സമാധാനം വേണം. ഇൻഡ്യയ്ക്കും സമാധാനം വേണം.”

* * * *

ഷാങ്കായിലെ ഭൂപരിഷ്ക്കരണപ്രദർശനത്തിൽവച്ചിരുന്ന നൂററിക്കണക്കിന് രേഖകളിൽ ഈ മൂന്നെണ്ണം നോക്കു:

1. സ്വന്തം മകളെ വില്ക്കാൻ ഒരു കർഷകൻ ഒപ്പുവച്ച ഒരു പത്രം: “ഈ പത്രത്തിൽ ഒപ്പിട്ടിരിക്കുന്ന വാൻ സൺ കാൻ എന്ന പേരുകാരനായ ഞാൻ, ജീവിക്കാൻ നിവൃത്തിയില്ലാതെ, സ്വന്തം മകളായ വാങ്ഫങ്ങിനെ ഏഴുതോലവെള്ളിക്ക്—തുക പററി ബോദ്ധ്യപ്പെട്ടിരിക്കുന്നു—ഷീൻ ജന്മിയുടെ കുടുംബത്തിന്നു വില്ക്കാൻ പൃസുചൗ (മദ്ധ്യസ്ഥൻ) വ്വിഃനോടും ലൃഷീൻവെ (വക്കീൽ) ന്നിഃനോടും ആവശ്യപ്പെടുന്നു. വില്പനയ്ക്കുശേഷം ഉടമസ്ഥന് പെണ്ണിനെക്കൊണ്ട് എന്തുവേലയും എടുപ്പിക്കാവുന്നതും, അവൾ അനുസരണക്കേടു കാണിക്കാൻ പാടില്ലാത്തതും അവളുടെ യാതൊരു ബന്ധുക്കൾക്കും ഈ പത്രം നിഷേധിക്കാൻ പാടി

ല്ലാത്തതും ആകുന്നു. എന്തെങ്കിലും കഷ്ടകാലം വന്നാൽ അതു് വിധിവിഹിതംമാത്രം. വില്പന 20 കൊല്ലത്തേക്കു് സാധുവായിരിക്കും. എന്റെ മകളെ വില്ക്കുന്നതിന്റെ തെളിവായി ഞാൻ ഈ പത്രത്തിൽ ഒപ്പുവയ്ക്കുന്നു."

2. "വഴങ്ങാത്ത"തിന്നും, "രക്ഷപ്പെടാൻ ശ്രമിച്ച"തിന്നും, "കമ്മ്യൂണിസ്റ്റുകളുമായി സംഘംചേന്ന"തിന്നും "കർഷകസംഘടനയിൽ അംഗമായ"തിന്നും മററുമായി 120 കർഷകരെ കൊന്നുകളഞ്ഞ വിവരം (അവരുടെ പേരോടുകൂടി) ക്രമിന്താങ്ങു് അധികൃതരെ അറിയിച്ചുകൊണ്ടുള്ള ഒരു ജന്മിയുടെ കത്തു്.

3. വിമോചനത്തിനുശേഷം, തനിക്കു ലഭിച്ച നിലത്തിന്റെ അതിർത്തികൾ അടയാളപ്പെടുത്തിക്കൊണ്ടു് ഒരു കർഷകൻ തൂക്കിയിട്ടിരുന്ന പട്ടിക: "ഇന്നുവരെ നിലമില്ലാതിരുന്ന ചേങ്ങ് ചിങ്ങ്യൂൺ എന്ന പേരുകാരനായ എനിക്കു് വെ ആഹ്മി ജന്മിയിൽനിന്നും 1·74 മൗ, നിലം കിട്ടിയിരിക്കുന്നു. ഈ വലിയ മാററം വരുത്തിയ ചെയർമാൻമാവോ നീണാൾ വാഴട്ടെ!"

★



KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. M910 Acc. No. 34583

This book should be returned on or before the date last stamped below.

If the book is not returned on due date
a fine of ₹1 per day will be charged

ന910 34583

പുരുഷൻ

ഞാൻ കണ്ട ചൈന.

KOTTAYAM PUBLIC LIBRARY

Call No ന910 Acc. No 34583

Author ചുറുരുഷൻ

Title ഞാൻ കണ്ട ചൈന.